KOTTAYAM PUBLIC LIBRARY

Call No M900 NAR-K Acc. No 61893

Author നാരായണൻകുട്ടി

Title കലിങ്കത്തുപരണി

BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

Secretary

1221

കലിങ്കത്തുപ്പരണി

കേരളസാഹിത്യ അക്കാദമിയുടെ ധനസഹായ
ത്തോടെ പ്രസിദ്ധപ്പെടുത്തുന്നത്

(Malayalam)

Kalingathupparani

By JAYAMKONDAR

Translated by

MELANGATHU NARAYANANKUTTY

First Published July 1972

PRINTED AT PRABHAT PRESS, COCHIN-11

Price Rs. 6·00

Copyright:
Melangathu Narayanankutty

Published by the Author

Distributors:

NATIONAL BOOK STALL

KOTTAYAM – TRIVANDRUM – ERNAKULAM – TRICHUR
PALGHAT – CANNANORE – QUILON – KOZHIKODE

കലിങ്കത്തുപ്പരണി

വിവർത്തകൻ

മേലങ്ങത്തു നാരായണൻകുട്ടി

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 6·00

മേലങ്ങത്തു നാരായണൻകുട്ടിയുടെ കൃതികൾ

വെളിച്ചത്തിലേക്കു്
മേലങ്ങൻകവിതകൾ
കലിങ്കത്തുപ്പരണി

S1563 D11/72-73 1-1000

പ്രസ്താവന

തത്തൽകാലങ്ങളിലെ വിശ്വാസാചാരങ്ങളും ജീവിതവൃത്തിയും ഉൾക്കൊള്ളുന്ന ഉത്തമ സാഹിത്യകൃതികളിൽ തദ്ദേശ ചരിത്രവും പ്രതിഫലിക്കുന്നുണ്ടാവും. സംഘകാലാനന്തര തമിഴകചരിത്രം, ദക്ഷിണേന്ത്യൻസാമ്രാജ്യവാഴ്ച്ചയുടെ എല്ലാ വൈഭവങ്ങളോടുംകൂടി ഈ പ്രാചീനകൃതിയിലും സ്വഭാവേന പ്രതിബിംബിച്ചു കാണാം.

പ്രധാനമായും ചരിത്രപഠിതാക്കൾക്ക്, ദക്ഷിണേന്ത്യൻ സംസ്കാരഗവേഷണവിഷയത്തിൽ കലിങ്കത്തുപ്പരണി ഉപകരിക്കാതിരിക്കയില്ല. പൂർവ്വകാലതമിഴകത്തെ മൂന്നു പ്രബല ഭരണമണ്ഡലങ്ങളായിരുന്നു ചേര–ചോഴ–പാണ്ഡ്യ വംശങ്ങൾ. സഹസ്രാബ്ദങ്ങളോളം നിലനിന്ന പ്രസ്തുത മൂന്നു കോയ്മകളിൽ, ചേരപാണ്ഡ്യങ്ങളുടെ അധഃപതനകാലവും, ചോഴത്തിൻെറ മുന്നേററക്കാലവുമായ ക്രി. പി. 10–12 ശതകങ്ങളിലെ ദക്ഷിണോത്തരഭാരത രാജ്യചരിത്രവുമായി ബന്ധിപ്പിക്കുന്ന ഒന്നത്രേ ഈ കൃതി. കേരള സർവ്വകലാശാല തമിഴ് വിഭാഗം എം. ഏ. ക്ലാസ്സിലെ പാഠ്യപുസ്തകങ്ങളിൽ കലിങ്കത്തുപ്പരണിയും പെടുന്നുവെന്ന് ഈയിടെ അറിയാൻ കഴിഞ്ഞു.

ഒരിരുപതു കൊല്ലം മുമ്പു മുതൽ വന്ദ്യഗുരുനാഥനായ കേസരി ഏ. ബാലകൃഷ്ണപിള്ളയുടെകൂടെ, അദ്ദേഹം അർത്ഥം പറഞ്ഞുതന്നും ചെന്തമിഴ് മൂലം നോക്കിയും ചില പാട്ടുകൾ തർജ്ജമചെയ്യാൻ ഇടവന്നു. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരവും സഹായസഹിതവും 'അകനാനൂറ്', 'നററിണൈ', 'പുറനാനൂറ്', 'കുറുന്തൊകൈ', 'ഐങ്കുറുനൂറ്' മുതലായി എട്ടുത്തൊകൈയിൽപ്പെട്ട സംഘകാവ്യസമാഹാരങ്ങളിലെ ചില ഒററപ്പാട്ടുകൾ മൂലത്തോടു സാമ്യമുള്ള പലേ ഭാഷാവൃത്തങ്ങളിലും

ശ്ലോകമായും മററം പരിഭാഷപ്പെടുത്തിയും വന്നു. ഐതിഹാസികമായ ചെന്തിണൈപ്പൂന്തമിഴിലെ അപൂർവ്വ കാവ്യരസികത്തത്തോടൊപ്പം അതിലെ വ്യാകരണനിയമങ്ങളും ലക്ഷണകൃതികളും ശ്രദ്ധയിൽ പെടുത്തുകയും അദ്ദേഹം ചെയ്തിരുന്നു. അങ്ങിനെ, സ്വതന്ത്രജീവിത സംസ്കാരസുന്ദരമായ സംഘസാഹിത്യപഞ്ചാമൃതത്തിൽ കൽക്കണ്ടവും, മുന്തിരിങ്ങയും, തേനുംപോലെ തമിഴകക്കോയ്മകളിലെ ചില ചരിത്രവിവരങ്ങളും മനസ്സിലായിത്തുടങ്ങിയപ്പോൾ, ചേര-ചോഴചരിത്രത്തിലെ രണ്ടു് ആധികാരിക ചരിത്രകൃതികളായ 'കളവഴി നാല്പതു്', 'കലിങ്കത്തുപ്പരണി' എന്നിവ തർജ്ജമചെയ്യിക്കുകയും, മധുരാ സ്ഥലപുരാണമായ 'ഹാലാസ്യമാഹാത്മ്യ' പഠനംവഴി അതിലൊളിഞ്ഞുകിടന്ന മധുരയിലെ മൂന്നു തമിഴ്സംഘങ്ങളുടെ ചരിത്രം വ്യക്തമാക്കിത്തരികയുമുണ്ടായി. പൂർണ്ണമായും കണ്ടെത്തിയിട്ടില്ലാത്ത 'തകടൂർ യാത്ര' സംസ്കൃതത്തിലെ 'മൂഷികവംശകാവ്യം' തുടങ്ങിയ ചരിത്രകാവ്യങ്ങളും ഉപരിപഠനാർഹങ്ങൾ തന്നെ.

പിന്നീടു് 150 നീണ്ട പ്രേമഗാനങ്ങളുടെ സമാഹാരമായ 'കലിത്തൊകൈ' മുഴവൻ ആദ്യം കുറെ പദ്യമായും മുഴവനും ഗദ്യത്തിലും തർജ്ജമ ചെയ്തുവച്ചു. പലപ്പോഴായി പലതിൽനിന്നും ശേഖരിച്ചതും 'അപൂർവ്വപദം', 'കാവ്യപദം' അടക്കം പതിനായിരത്തിൽപരം ചെന്തമിഴ് പദങ്ങളുടെ ഒരു നിഘണ്ടുവും എഴുതിയുണ്ടാക്കാൻ സാധിച്ചു. ഇപ്രകാരമുള്ള ചെന്തമിഴ് പഠനത്തിന്റെ ആധിക്യത്താൽ, അക്കാലത്തു് എറണാകുളം സർക്കാർ ഹൈസ്കൂൾ തമിഴ് മുൻഷിയായിരുന്ന ഒരു യുവരസികൻ-ശ്രീ. ടി. ഭൂതലിംഗംപിള്ളയും വലിയ സഹായിയായിരുന്നു. കേസരിയുടെ ചിലപ്പതികാര ഗവേഷണലേഖനം അദ്ദേഹത്തിന്റെ സമ്മതപ്രകാരം തമിഴിലാക്കി തമിഴ്പത്രത്തിൽ പ്രസിദ്ധീകരിക്കയും ചെയ്തിരുന്നു.

തൃക്കാക്കര ക്ഷേത്രസന്ദർശനത്തിനും ചരിത്രഗവേഷണത്തിനുമായി കേരള സാഹിത്യ അക്കാദമി ഉദ്യോഗസ്ഥനും തമിഴ്

പണ്ഡിതനുമായിരുന്ന ശ്രീ വി ആർ. പരമേശ്വരൻപിള്ള അവർകളും, അക്കാദമി കാര്യദർശിയായിരുന്ന ശ്രീമാൻ പി. കെ. ശിവശങ്കരപ്പിള്ളയുമൊരുമിച്ചു തൃക്കാക്കരയിൽ വന്നപ്പോഴം തമ്മിൽ കാണുവാനും പ്രകൃതപരിഭാഷ നോക്കുവാനും ഇടയായി. അക്കാദമിക്കു് സമർപ്പിക്കുവാൻ വി. ആറിന്റെ ഒത്താശയുമുണ്ടായി. കാവ്യമാകയാൽ പദ്യപരിഭാഷ സമർപ്പിക്കാമെന്നാ ണ്ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ 'ഇതരഭാഷകളിലെ പ്രാചീനകൃതികൾ ആദ്യം ഗദ്യത്തിൽത്തന്നെ വരണം. എങ്കിലേ സാധാരണക്കാർക്കു് മനസ്സിലാവുകയുള്ളൂ." എന്നു് ശിവശങ്കരപ്പിള്ളയും അഭിപ്രായപ്പെട്ടതനുസരിച്ചു് ഗദ്യപരിഭാഷതന്നെയാക്കി.

ഭാഷാഗവേഷകർക്കും, ഭാഷാവൃത്തഗവേഷകർക്കും സാഹിത്യരസികന്മാർക്കും ദേവീഭക്തർക്കും ഒരുപോലെ ആസ്വാദ്യമായിരിക്കും ഈ കൃതി എന്നു് വിശ്വസിക്കുന്നു. മൂലത്തിലെപ്പോലെ ആവതും നാടൻഭാഷയിലാണു് പരിഭാഷപ്പെടുത്തിയിട്ടുള്ളതും. മൂലത്തിലെ പല ചെന്തമിഴ് പദങ്ങളും നമ്മുടെ പച്ചമലയാളവാക്കുകളുടെ രൂപാന്തരം മാത്രമാണെന്നു കാണാം. ഇന്നത്തെ ഭാഷാവൃത്തങ്ങൾ പലതും പ്രാചീന തമിഴ്പ്പാട്ടുവൃത്തങ്ങളായിരുന്നുവെന്നും ശ്രദ്ധിച്ചാലറിയാം. വാസ്തവത്തിൽ പഴന്തമിഴ് സാഹിത്യം ഇന്നത്തെ തമിഴരുടെ മാത്രമല്ല നമ്മുടേയും തെലുങ്കരുടേയും കന്നടക്കാരുടേയും കൂട്ടുമുതലാകുന്നു. ഈ ചരിത്രസത്യം കണക്കിലെടുത്തും, ചെന്തമിഴ് സാഹിത്യത്തിൽ എൻെറ പരിമിതമായ കഴിവുവച്ചും ആവതും ആരാഞ്ഞു പകൎന്നെടുത്തു് കേരളീയ സംഘസാഹിത്യശാഖയെ സമ്പുഷ്ടമാക്കുക എന്നതാണു് ലക്ഷ്യവും.

ഇന്നും മലയാളപണ്ഡിതന്മാരിൽ അധികമാർക്കും അറിഞ്ഞുകൂടാത്ത, തമിഴ് പണ്ഡിതന്മാരിൽ ചെന്തമിഴറിയാവുന്നവർക്കുതന്നെ മുഴുവനറിയാൻ കഴിയാത്ത, സംഘസാഹിത്യ മഹാസാഗരതീരത്തു് ഒരററത്തു നിന്നു് തിരയെണ്ണാൻ ശ്രമിക്കുന്ന ഒരു പയ്യനത്രേ ഈയുള്ളോനും. ഓരോ കൃതികളിൽക്കൂടിയ

ല്ലാതെ തമിഴ് പണ്ഡിതന്മാരെ നേരിൽ പരിചയപ്പെടാനും സംഗതിവന്നിട്ടില്ല. കൂടുതൽ അറിവും തമിഴ് സ്നേഹവുമുള്ളവരുടെ വിമർശനവും നിർദ്ദേശവും പ്രോത്സാഹജനകങ്ങൾ തന്നെ. ജീവസന്ധാരണാർത്ഥമുള്ള ഒരു മുഴുവൻസമയ ജോലിക്കുപുറമെ ഇത്രയെങ്കിലും സാധിക്കുന്നതു് തേൻമൊഴിയായ തെൻമൊഴിയോടുള്ള തന്മയീപ്രണയം മാത്രമാണെന്നു പറയാം.

പ്രകൃതകൃതിയുടെ ഭാഷാന്തരവൃത്തിയിൽ പ്രധാനാവലംബം പേരാചിരിയർ (പ്രൊഫ:) എ. വി കന്നയ്യാനായിഡുവിൻെറ വ്യാഖ്യാനമാകുന്നു. പാഠാന്തരത്തിൽ കാരൈക്കുടി അ: മുത്തുശിവൻ എം എ. യുടെ പുസ്തകവും പരിശോധിച്ചിട്ടുണ്ടു്.

പ്രാചീന ലിഖിതവിദഗ്ധനും പുരാവസ്തന്വേഷകനും ബഹുഭാഷാപണ്ഡിതനുമായ ശ്രീ വി. ആർ. പരമേശ്വരൻപിള്ള അവർകൾ പഠനാർഹമായ ഒരു അവതാരിക സദയം എഴുതിത്തന്നതിനു് അദ്ദേഹത്തോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഈ പ്രസ്ഥാനത്തോടു് സാഹിത്യ അക്കാദമി സ്വീകരിച്ചുവരുന്ന അനുകൂലഭാവം സമാദരണീയം തന്നെ.

ഇത്രയും പഴയ തമിഴ് പാട്ടുകൾ അത്രയേറെ അച്ചുപിശാചുബാധയേല്ലാതെ പുസ്തകമാക്കിയെടുക്കുവാൻ സഹായിച്ച പ്രഭാത് പ്രസ്സുകാരെയും ഇത്തരുണത്തിൽ ഓർക്കാതിരിക്കാൻ കഴിയുന്നില്ല.

നന്ദനം
മഞ്ഞുമ്മേൽ;
1970 ഡിസംബർ

മേലങ്ങത്തു്

ഭാരതത്തിലെ മത ഐതിഹ്യങ്ങളും സ്ഥല പുരാണ ഐതിഹ്യങ്ങളും മററും പഠിക്കാതെയും ചരിത്രപരമായ ഭൂമിശാസ്ത്രത്തെ വിഗണിച്ചുമുള്ള ചരിത്രഗവേഷണം ശാസ്ത്രീയമല്ല. മത ഐതിഹ്യങ്ങളിലെ ചപ്പും ചവറുകളുടേയും അടിയിൽ ഒളിഞ്ഞുകിടക്കുന്ന ചരിത്രസത്യങ്ങളെ കണ്ടുപിടിക്കുവാൻ അവയുടെ ഇടയ്ക്കു് ഇറങ്ങി, അറപ്പുകൂടാതെ തോട്ടിവേല ചെയ്യുന്നതിനു് ഇന്നത്തെ 'ശാസ്ത്രീയ' ചരിത്രഗവേഷകർ തങ്ങളുടെ പ്രഭുമനസ്ഥിതിയും ഉദ്യോഗഗർവ്വും നിശ്ശേഷം പരിത്യജിക്കാതെയിരിക്കുന്നിടത്തോളം കാലം പ്രാചീന ചരിത്രഗവേഷണത്തിൽ സാരമായ പുരോഗതി ഉണ്ടാകുന്നതല്ല.

—കേസരി എ. ബാലകൃഷ്ണപിള്ള

ഉള്ളടക്കം

അധികാരം				പുറം
1.	കടവുൾവാഴ്ത്ത്	...	...	15
2.	കടൈതിറപ്പ്	...	...	23
3.	കാട്ട പാടിയത്	...	...	46
4.	കോയിൽ പാടിയത്		...	6
5.	തേവിയൈപ്പാടിയത്		...	67
6.	പേയ്കളൈപ്പാടിയത്		...	73
7.	ഇന്തിരചാലം	...	...	82
8.	ഇരാചപാരമ്പരിയം		...	93
9.	പേയ്മുറൈപ്പാട്ട്		...	116
10.	അവതാരം		...	112
11.	കാളിക്കു കൂളികൂറിയത്		...	117
12.	പോർ പാടിയത്		...	190
13.	കളംപാടിയത്		...	220

കലിംഗത്തുപ്പരണിയിലെ ചോഴവംശാവലി

കങ്കൈകൊണ്ടചോഴൻ (രാജരാജേന്ദ്രചോഴൻ)
1012–1146 എ. ഡി.

- അമ്മങ്കാദേവി
  - രാജരാജൻ (ഭർത്താവ്, ചാലൂക്യരാജാവ്)
    - മുതർകുലോത്തുംഗൻ (പുത്രൻ) 1046 എ. ഡി.
- വീരരാജേന്ദ്രൻ (പുത്രരിൽ ഒരുവൻ)
  - അതിരാജേന്ദ്രൻ (വീരരാജേന്ദ്രപുത്രരിൽ ഒരുവൻ)

അവതാരിക.

തമിഴിലെ തൊണ്ണൂററിയാറുവക പ്രബന്ധങ്ങളുടെ കൂട്ടത്തിൽ അർത്ഥഭംഗികൊണ്ടു് ഉയൎന്നുനില്ക്കുന്ന ഒന്നാണു് പരണി. പോർക്കളത്തിൽ ആയിരം ആനകളെ ജയിച്ച അതുല്യനായ വലിയൊരു വീരനെപ്പററി പാടുന്നതാണു് പരണിയെന്നു ലക്ഷണഗ്രന്ഥങ്ങളിൽ വിധിച്ചുകാണുന്നു. പരണികൃതികൾ എണ്ണത്തിൽ അധികമില്ല.

പരണി പ്രത്യേകമൊരു ശാഖയായി ഉരുത്തിരിഞ്ഞതു് പില്ക്കാലത്താണു്. അതിൻെറ പ്രത്യേകതകൾ തൊൽകാപ്പിയരുടെ കാലത്തുതന്നെ കാണപ്പെട്ടിരുന്നു. തൊൽകാപ്പിയം പുറത്തിണൈ ഇയലിൽ വാകൈത്തിണയുടെ തുറകളായി പറഞ്ഞിട്ടുള്ള കളംപാടുതൽ, കളവേൾവി, തേർമുൻ ആടുകുരവൈ, തേർപിൻ ആടുകുരവൈ, മാണാർച്ചുട്ടിയ – വാൺ – മങ്കലം (തൊൽ. പുറം 17) എന്നീതുറകളുടെ കൂട്ടവളർച്ചയാണു് അനന്തരകാലത്തു് പരണിസാഹിത്യമായിപ്പരിണമിച്ചതെന്നുപറയാം. ഈ പുറത്തിണൈത്തുറകളോടൊപ്പം ചരിത്രവസ്തുതകളും കെട്ടുകഥകളും കലൎന്നു പരണിസാഹിത്യമുണ്ടായി. പുറനാനൂറു്, പതിററുപ്പത്തു് മുതലായ 'പുറനൂൽ' കളിൽ ഇത്തരം വ്യക്തമായ സാഹിത്യഗതികാണാൻ സാധ്യമല്ല. എന്നിരുന്നാലും പരണിയുടെ ഛായ അവയിൽ ഇല്ലെന്നു പറകവയ്യാ. പരണിപാടുന്ന 'പൊരുനർ' എന്നൊരുവക പൊരുനർ(ഗായകർ)ഉണ്ടായിരുന്നു എന്നുള്ള കുറിപ്പും പരണി സാഹിത്യത്തിൻെറ പഴമയേറിയ സ്വാധീനശക്തിക്കു സാക്ഷ്യമായിട്ടുണ്ടു്.

സമരകാവ്യമായ പരണിക്കു് ആ പേരുവരാൻ പല കാരണങ്ങളും പറഞ്ഞുവരുന്നു. തിനപ്പുനത്തിൽ കാവൽനില്ക്കുന്നവർ ഒരു പരണിൽ ഇരുന്നുകൊണ്ടു്, തിനതിന്നാൻ വരുന്ന പറവകളെ തുരത്തുന്നതുപോലെ, പോർക്കളത്തിൽ ഒരു വീരൻ ആനപ്പുറത്തിരുന്നുകൊണ്ടു് ശത്രുക്കളെ തുരത്തുന്നതിനാൽ, അതിനെ വിവരിക്കുന്ന സാഹിത്യകൃതിക്കു് പരണിയെന്നു പേരുണ്ടായി എന്നൊരുകൂട്ടർ അഭിപ്രായപ്പെടുന്നു. തിനപ്പുനം കാക്കുന്നവർ പരണിലിരുന്നു പറവകളെ ഓടിക്കാൻ പാടുന്നതുപോലെ രാജാ

വിൻെറ വില്ല്, വേല്, വാൾ എന്നീ ആയുധങ്ങളാൽ നിർമ്മിക്കപ്പെട്ട പരണിൽ ഇരുന്നു പുലവർ ഇതു പാടുന്നതുകൊണ്ട് ഈ പേർ വരുന്നുവെന്നു മറെറാരുകൂട്ടർ. അണി, മണി മുതലായവ വെയ്ക്കുന്ന ചെപ്പ്, പരണിയെന്നു വിളിക്കപ്പെടുന്നതുപോലെ പലതരം ഭാവനകളും രസങ്ങളും ഉൾക്കൊള്ളുന്നതാകകൊണ്ട് ഇതിനെ പരണിയെന്നുവിളിക്കുന്നു എന്നു മൂന്നാമതൊരുതരക്കാർ. ഇതിനൊന്നും അത്ര യോജ്യത കാണുന്നില്ല; ഭരണിനക്ഷത്രവുമായി ബന്ധപ്പെട്ടതാണ് ഈ നാമമെന്നു വേറെ ചില വിദ്വാന്മാർ പറയുന്നു.

പോർക്കളത്തിൽ ഒരു രാജാവ് വിജയം നേടിയശേഷം ആ പോരിൽ മരിച്ചവരുടെ ശരീരാംശങ്ങൾകൊണ്ട് പിശാചുക്കൾ, "കൂഴ്" (ഒരുവക ഭക്ഷണപദാർത്ഥം) ഉണ്ടാക്കി അതു ഭരണിനാളിൽ കാളിയ്ക്കർപ്പിച്ചിട്ട് തങ്ങളും കഴിച്ചശേഷം, ജേതാവിനെ വാഴ്ത്തിപ്പാടുക പതിവായതുകൊണ്ട് പരണിനാമം വന്നുവെന്ന് ഒരു പണ്ഡിതൻ പറഞ്ഞിട്ടുള്ളതു് സ്വീകാര്യമായിത്തോന്നുന്നു.

"കാടുകെഴുചെൽവിക്കപ്പ-ണിനാളിൽ കൂഴും തുണങ്കൈയും കൊടുത്തുവഴിപടുവതോർവഴക്കു" എന്നാണ് പേരാശിരിയർ പറഞ്ഞിരിക്കുന്നതു്. കലിങ്കത്തുപ്പരണിയിൽ വരുന്ന "പണ്ടുമികുമോർ പരണിക്കൂഴ് പാരതത്തിൽ അറ ഒരാമോ?" എന്ന കുറിപ്പ് പരണികൃതികളിൽ വരുന്ന കളം പാടിയതു്, കൂഴടുതൽ, ഇടുതൽ മുതലായവകൊണ്ട് ഭരണിനാളിൽ "കൊററവൈ"യ്ക്കു പേയ്കൾകൂഴുണ്ടാക്കി അർപ്പിക്കുന്ന പതിവുണ്ടായിരുന്നു എന്നു വിചാരിക്കാം. അതായിരിക്കാം പരണിനാമത്തിനു ഹേതു. ഭരണി ആനപിറന്ന നാളാണത്രേ. കൊററവൈയ്ക്കും യമനും അവകാശപ്പെട്ടനാളുമാണ്. 'പരണിയിൽ പിറന്താൻ തരണിയാൾവാൻ' എന്നൊരു പഴമൊഴിയുമുണ്ടു് "പരണിയാൻ പാരവൻ" എന്നിങ്ങനെ ഇലക്കണവിളക്കം ഉരൈയിൽ ഉദ്ധരിച്ചുകാണുന്നു. ആ സ്ഥിതിക്ക് ഭരണിനാൾ, ഒരു മറവൻ അനേകം ആനകളെ കൊന്ന കാലനെ ആരാധിച്ച് കാളിയ്ക്കു കൂഴുണ്ടാക്കി അർപ്പിക്കുന്ന നല്ലനാൾ എന്നു് ഈനാളിൻെറ മേന്മയെപ്പററി പണ്ഡിതന്മാർ പറയുന്നതു യുക്തമാണ്

KOTTAYAM PUBLIC LIBRARY

പരണിസാഹിത്യത്തിന്റെ അങ്കുരങ്ങാം തൊൽകാപ്പിയരുടെ കാലത്തുണ്ടായിവളൎന്നു് ക്രി. പി. പതിനൊന്നാം നൂററാണ്ടിൽ പൂൎണ്ണരൂപംനേടി. പരണിഎന്ന സാഹിത്യശാഖ പ്രസിദ്ധമായിത്തീൎന്നതു് ജയം കൊണ്ടാർനിമിത്തമാണു്. അദ്ദേഹം ആവിഷ്കരിച്ച ഈ പ്രബന്ധരീതിയെ ഒട്ടക്കൂത്തർ, തത്വരായർ, ജ്യോതിപ്രകാശർ, വൈദ്യനാഥ ദേശികർ മുതലായ വിദ്വന്മണികാം പോഷിപ്പിച്ചു. എങ്കിലും, പരണിയെന്നു കോംക്കുന്നമാത്രയിൽ നമ്മുടെ സ്മൃതിപഥത്തിലെത്തുന്നതു് ജയംകൊണ്ടാരുടെ കലിംഗത്തുപ്പരണിയാണു്. അദ്ദേഹം ചോഴനാട്ടിൽ നന്നിലംതാലൂക്കിൽ ദീപം കുടിയെന്ന സ്ഥലത്തു പതിനൊന്നാം നൂററാണ്ടിൽ ജീവിച്ചിരുന്നു. ശൈവനായിരുന്നെങ്കിലും എല്ലാ മതങ്ങളോടും ആദരവുള്ളവനായിരുന്നു. ആ കവീന്ദ്രൻ ചോഴവംശരാജാക്കന്മാരുടെ കൂട്ടത്തിൽ പേരും പെരുമയും നേടിയ ഒന്നാംകുലോത്തുംഗ ചോഴൻെറയും അദ്ദേഹത്തിൻെറ സേനാനായകനായിരുന്ന അപ്രതിമയശസ്സ്നേടിയ കരുണാകരത്തൊണ്ടെമാൻെറയും അതുല്യമായ പരാക്രമങ്ങളെ പ്രശംസിച്ചുരചിച്ചിട്ടുള്ളതാണു് ഈകൃതി. കലിംഗയുദ്ധമാണു് ഈ പ്രബന്ധത്തിലെ കേന്ദ്രബിന്ദു. ഇതു വായിച്ചു് സന്തുഷ്ടനായ കുലോത്തുംഗചോഴൻ ഇതിലേ ഓരോ "താഴിശൈ"ക്കും ഓരോ സുവൎണ്ണ നാളികേരം വീതം കവിക്കു സമ്മാനിച്ചു പോലും. ഇതിനെത്തുടൎന്നു് തമിഴിൽ അനേകം പരണികാം ആവിർഭവിച്ചുവെങ്കിലും ഇന്നും ഇതിനുതന്നെയാണു് പ്രഥമസ്ഥാനം.

കേരളമുാംപ്പെട്ട ദക്ഷിണഭാരതം വളരെക്കാലം മൂവേന്തന്മാരുടെ — ചേര ചോഴ, പാണ്ഡ്യന്മാരുടെ—ഭരണത്തിനു വിധേയമായിരുന്നു. ഈ രാജാക്കന്മാരുടെ തുടർച്ചയായ ചരിത്രം രചിക്കാൻ വളരെക്കാലം ആരും മുന്നോട്ടുവന്നില്ല. ഇദംപ്രഥമമായി ചോഴരാജാക്കന്മാരുടെ സംഗ്രഹരൂപത്തിലുള്ള ഒരു ചരിത്രം (തമിഴിൽ) രചിച്ചതു് തിരുവിതാംകൂർ സംസ്ഥാനത്തു പുരാതന വസ്തു ഗവേഷകൻ ആയിരുന്ന പരേതനായ ടി. എ. ഗോപിനാഥറാവു ആയിരുന്നു. അദ്ദേഹത്തിനു ആ സംരംഭത്തിൽ അവലംബമായിരുന്നതു് ശിലാരേഖകളും "കലിംഗത്തുപ്പരണി" മുതലായ കൃതികളും ആയിരുന്നുവെന്നു് അതിൻെറ ഉപോദ്ഘാതത്തിൽ പറഞ്ഞിട്ടുണ്ടു്. ഗോപിനാഥറാവുവിൻെറ കാൽ

പ്പാട്ടുകളെ പിൻതുടർന്നു് പ്രൊഫസർ കെ. എ. നീലകണ്ഠ ശാസ്ത്രി വിസ്തൃതമായ ചോഴചരിത്രവും പാണ്ഡ്യചരിത്രവും റിട്ട: ഹൈക്കോടതി ജഡ്ജി കെ. ജി. ശേഷയ്യർ ചോഴചരിത്രവും രചിക്കുകയുണ്ടായി. ദക്ഷിണഭാരത ചരിത്രരചനയ്ക്കു ഇത്തരം കൃതികൾ നൽകുന്ന വിലയേറിയ സാഹായ്യം പ്രസ്തുതഗ്രന്ഥങ്ങൾ തെളിയിച്ചിട്ടുണ്ടു്.

വിജ്ഞാനസമ്പത്തു കൊണ്ടും കലാബോധംകൊണ്ടും ആയോധനപാടവം കൊണ്ടും അദ്വിതീയനായി വിളങ്ങിയിരുന്ന ചോഴസമ്രാട്ടാണു് ഒന്നാം കുലോത്തുംഗൻ, (1044-1120). ഭരണകലയിലും സമരകലയിലും ഒരുപോലെ പ്രശസ്തി സമ്പാദിച്ചിരുന്ന അദ്ദേഹം പണ്ഡിതജനപാരിജാതമായും പരിലസിച്ചു. കലിംഗരാജാവായ അനന്തപത്മനും കുലോത്തുംഗന്റെ വമ്പിച്ച സൈന്യവും തമ്മിൽ നടന്ന ചരിത്രപ്രസിദ്ധമായ യുദ്ധത്തിൽ, ചോഴസൈന്യം നേടിയ വിജയത്തെ വർണ്ണിക്കുന്നതാണു് കലിംഗത്തുപ്പരണി. ഈ സമരകാവ്യത്തിൽ അംഗിയായ രസം വീരമാണങ്കിലും ശൃംഗാരാദിരസങ്ങളേയും യഥായോഗ്യം പ്രകാശിപ്പിച്ചിട്ടുണ്ടു്. ഇതിനെ പതിമൂന്നു ഭാഗങ്ങളായി പിരിച്ചിരിക്കയാണു്. ഉമാപതി, വിഷ്ണു, ബ്രഹ്മാവു്, സരസ്വതി മുരുകൻ ആദിയായവരുടെ സ്തുതിയാണു് ഒന്നാംഭാഗത്തിൽ. അടുത്തവിഭാഗമായ കടൈതിറപ്പു് അത്യന്തം രസാവഹമായിരിക്കുന്നു. യുദ്ധത്തിനുപോയ രാജാവും സേനകളും വരാൻ താമസിച്ചതുകൊണ്ടു് അവരുടെ സഹധർമ്മിണിമാർ കുപിതരായി വാതിലടച്ചു കളഞ്ഞതിനാൽ. അതു കണ്ട ഒരു പണ്ഡിതൻ അവരെസമീപിച്ചു് ആ വീരന്മാരുടെ മഹത്വത്തെ ശ്ലാഘിച്ചു പാടുന്ന വിധത്തിലാണു് ഈ ഭാഗം രചിച്ചിരിക്കുന്നതു്. ഇതിൽ നിന്നായിരിക്കണം നമ്മുടെ വാതിൽ തുറപ്പാട്ടുകൾ ആവിർഭവിച്ചതെന്നു തോന്നുന്നു. "പാലൈനില" ദേവതയായ കാളിയുടെ മഹിമ കാട്ടുപാടിയതു്, കോയിൽ പാടിയതു്, തേവിയൈപ്പാടിയതു് എന്നീഭാഗങ്ങളിൽ വർണ്ണിതമായിരിക്കുന്നു. പിന്നീട്, "കൊററവൈ"ആയ കാളിയുടെ ചുററും നിൽക്കുന്ന പേയ്കളെപ്പററി പാടുന്നു. ഒരു പേയ്,താൻ പഠിച്ചിട്ടുള്ള ഇന്ദ്രജലം കാളീസന്നിധിയിൽ പ്രദർശിപ്പിക്കുന്നതാണു്. "ഇന്ദ്രജലം" എന്ന വിഭാഗം ചോഴരാജാക്കന്മാരുടെ വംശാവലി

വിവരിക്കുന്ന ഭാഗമാണ് .രാജപാരമ്പര്യം. പേയ്മുറൈപ്പാട്ട്, കുലോത്തുംഗജനനം, കാളിക്കുളിക്കുറിയതു്, പടയെഴുക്കം, പോർപാടിയതു്, കളം പാടിയതു് എന്നിവയാണ് പിന്നത്തെ വിഭാഗങ്ങൾ. യുദ്ധവർണ്ണനയോടുകൂടി ഈ സമര പ്രബന്ധം സമാപിക്കുന്നു.

പരണികൃതികളുടെ ഉള്ളടക്കത്തിൽ ഐകരൂപ്യം കാണുന്നില്ല. നായകപ്രശംസ പൊതുധർമ്മമാണ്. തങ്ങളെ ആദരിച്ചു പ്രോത്സാഹിപ്പിച്ച രാജാവിൻെറ നേക്കു് തങ്ങൾക്കുള്ള കൃതജ്ഞതാ പാരമ്യം നിമിത്തം ആ രാജാവിനെ നായകനാക്കി പരണിപാടുകയാണ് പതിവ്. എന്നാൽ, രാജാവിന്റെ നേക്കു് കാണിക്കുന്ന ഭക്തി ഈശ്വരൻെറ നേക്കും പ്രകടിതമായപ്പോൾ, ഈശ്വരനെ നായകനായും രാജാവിനെ ഉപനായകനായും വർണ്ണിച്ചുകൊണ്ടുള്ള പരണികൾ ആവിർഭവിച്ചു. കുറേക്കൂടി കഴിഞ്ഞപ്പോൾ തങ്ങളുടെ ജ്ഞാനാചാര്യന്മാരേയും ഈശ്വരതുല്യരാക്കി നായകസ്ഥാനത്തു പ്രതിഷ്ഠിച്ചു പരണികൾ എഴുതിത്തുടങ്ങി. അങ്ങനെ പരണിപ്രബന്ധങ്ങളുടെ ഉള്ളടക്കത്തിൽ കാലാന്തരത്തിൽ പല മാററങ്ങളും കടന്നുകൂടി.

ഈ പ്രബന്ധം വിഭിന്നരസങ്ങളുടെ ഉറവിടമാണെന്നു് മുമ്പു സൂചിപ്പിച്ചുവല്ലോ. ചരിത്രാന്വേഷികൾക്കും ഭാഷാശാസ്ത്ര പണ്ഡിതന്മാക്കും ഇതൊരമൂല്യനിധിയാണ്. കുലോത്തുംഗ ചോഴൻെറ കോട്ടാർ ആക്രമണം വിഴിഞ്ഞം ആക്രമണം, കാന്തളൂർ ശാല അധീനമാക്കിയതു് കൂപകരാജാവിനെ കീഴടക്കിയതു് മുതലായവയെപ്പററി ശിലാശാസനങ്ങളിൽ പറഞ്ഞിട്ടുള്ളതിനെ സ്ഥിരീകരിക്കുന്ന ഇതിലെ പ്രസ്താവനകൾ നോക്കുക

മുള്ളാറം കല്ലാറം തെന്നരോട
മുന്നൊരുനാൾ വാളപയൻ മുനിന്തപോരിൽ
വെള്ളാറം കോട്ടാറം പുകൈയാൽ മൂട
വെന്തവന മിന്തവൻ ഒക്കിലൊക്കും'(55-ാം വശം

'വേലൈകൊണ്ടു വിഴിഞ്ഞ മഴിത്തതും
ചാലൈ കൊണ്ടതും തണ്ടുകൊണ്ടേ അൻേറാ?)
(187-ാം വശം

ഇതിൽ ഉപയോഗിച്ചിട്ടുള്ള പല വൃത്തങ്ങളും മലയാളവൃത്തങ്ങളോടു സാദൃശ്യമുള്ളവയാണ്. മാണിക്കവാചകസ്വാമികളുടെ സുപ്രസിദ്ധഗാനമായ

'മുത്തിനെറിയറിയാത മൂക്കരൊടു മുയൽ വേനൈ
പ്പത്തിനെറിയറിവിത്തു പ്പഴവിനൈകൾ പാറുംവണ്ണം
ചിത്തമലമറുവിത്തു ച്ചിവമാക്കി എന്നൈയാണ്ട
അത്തനെ-നക്കരുളിയവാറാററിവാരച്ചോവേ'

എന്നു തുടങ്ങുന്ന 'അച്ചോപ്പതിക'ത്തിൻെറ രീതിയിലാണ് ഇതിലേ വിഷ്ണു, ബ്രഹ്മാ, സൂര്യസ്തുതികൾ. ശ്രുതിമധുരമായ ആ പദ്യങ്ങൾ പാടാനും പാടിക്കേൾക്കാനും ആരും ആഗ്രഹിക്കുന്നവയാണ്.

'ചെയ്യതിരുമേനി ഒരു പാതികരിതാക
ത്തെയ്‌വമുതൽ നായകനൈ ഏയ്ത ചിലൈമാരൻ
കൈയിൻ മലർപാത മലർമീതും അണുകാനം
കന്നിതൻ മലർക്കഴൽകൾ ചെന്നിമിലൈവൈപ്പാം'

എന്ന ഇതിലേ ഉമാസ്തുതി രാമായണം ഇരുപത്തിനാലു വൃത്തത്തിലേ

'വെണ്മതി കലാഭരണ നംബികഗണേശൻ
നിർമ്മല ഗുണാകമല വിഷ്ണുഭഗവാനും
നാന്മുഖനുമാദികവിമാതു ഗുരുഭൂതർ
നന്മകൾ വരുത്തുക നമുക്കു ഹരിരാമ'

എന്ന പദ്യത്തിലേ ഇന്ദുവദനാവൃത്തമാണ്. അതുപോലെ ഇതിലെ സപ്തമാതാസ്തുതി കുസുമമഞ്ജരീവൃത്തംതന്നെ. സഭാസ്തുതി അന്നനടയാണ് ഇരുപത്തിയഞ്ചാംവശത്തു 25-ാമതായി ചേർത്തിട്ടുള്ള പദ്യം കുഞ്ചൻനമ്പിയാരുടെ

'ഭടജനങ്ങടെ പടയിലുള്ളൊരു പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതംവരു'

എന്ന തുള്ളൽപ്പാട്ടിനെ അനുസ്മരിപ്പിക്കുന്നു. ഉദാഹരണങ്ങൾ അധികം ഉദ്ധരിക്കുന്നില്ല. പാനരീതിയിലുള്ള പദ്യങ്ങളും ഇതിലുണ്ട്.

സഹൃദയകുലതിലകവും ഭാഷാഭക്തനുമായിരുന്ന ഡോക്ടർ ചേലനാട്ട് അച്യുതമേനോൻെറ 'കേരളത്തിലെ കാളീസേവ' എന്ന വിശിഷ്ടഗ്രന്ഥം ഈ സന്ദർഭത്തിൽ സ്മൃതിപഥത്തിലെത്തുന്നു. നമ്മുടെ ദേവീപൂജയുടെ പൂർണ്ണമായ ചരിത്രം ഗവേഷണകുശലനായിരുന്ന ആ മഹാൻ അതിൽ വിവരിച്ചിട്ടുണ്ട്. കുംഭമാസത്തിലെ ഭരണിനാളിൽ ഇന്നും കൊടുങ്ങല്ലൂർ, ചെട്ടികുളങ്ങര മുതലായ പ്രസിദ്ധദേവീക്ഷേത്രങ്ങളിൽ പല ചടങ്ങുകളും നടന്നുവരുന്നുണ്ടല്ലോ. അസംഖ്യം ഭക്തന്മാരെ അവ ആകർഷിക്കുന്നുമുണ്ട്. തീയാട്ട്, കളമെഴുത്തും പാട്ടും മുതലായവയും തീരെ മാഞ്ഞുപോയിട്ടില്ല. ഇവയെല്ലാം കലിങ്കത്തുപ്പരണിയിൽ വർണ്ണിച്ചിട്ടുള്ള ആരാധനാസമ്പ്രദായത്തിൻെറ രൂപാന്തരങ്ങളാണെന്നു തോന്നുന്നു.

തമിഴ് സാഹിത്യത്തിലെ, സംഘകൃതികൾ ഉൾപ്പെടെ പല പ്രധാനഗ്രന്ഥങ്ങളും മലയാളത്തിൽ വിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ചരിത്രഗവേഷണത്തിനും ഭാഷാശാസ്ത്രഗവേഷണത്തിനും അപരിത്യാജ്യമാണതു്. കേരളസാഹിത്യ അക്കാദമി ഇക്കാര്യത്തിൽ ചെയ്തുവരുന്ന പ്രയത്നം സ്തുത്യർഹമാണ്. പതിററുപ്പത്തു്, പുറനാനൂറ് എന്നീ സംഘകൃതികളുടെ വിവർത്തനം അക്കാദമി മാതൃകായോഗ്യമായ വിധത്തിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന കലിങ്കത്തുപ്പരണി വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്താൻ ശ്രീ. മേലങ്ങത്തു നാരായണൻകുട്ടി മുന്നോട്ടുവന്നതു് സമാദരണീയമാണ്.

ഇന്ത്യാഗവർമ്മെണ്ടിൻെറ ധനസഹായത്തോടുകൂടി കേരളക്ഷേത്രങ്ങളെപ്പററി വിപുലമായതോതിൽ പഠനം നടത്തിയിരുന്നകാലത്തു് ഞാൻ പലമഹാക്ഷേത്രങ്ങളും സന്ദർശിക്കയുണ്ടായി. അക്കൂട്ടത്തിൽ മലമണ്ഡലത്തിലെ പുരാതന വൈഷ്ണവകേന്ദ്രങ്ങളിലൊന്നായ തൃക്കാക്കരക്ഷേത്രത്തിലും പോയിരുന്നു. ഇത്തരം കാര്യങ്ങളിൽ പ്രത്യേകം താല്പര്യമുള്ള ഭാഷാപ്രണയിതായ ശ്രീ. പി. കെ. ശിവശങ്കരപ്പിള്ളയും എന്നോടൊന്നിച്ചുണ്ടായിരുന്നു. അന്നു ഞങ്ങൾക്കു് ഈ സുഹൃത്തിൻെറയും കുടുംബത്തിൻെറയും സ്വഭാവമാധുര്യവും ഔദാര്യവും ആസ്വദിക്കാനിട

വന്നു. അപ്പോൾ കലിങ്കത്തുപ്പരണി വിവർത്തനത്തിൻെറ ഏതാനും ഭാഗങ്ങൾ ഞങ്ങളെ കാണിക്കുകയും ഞങ്ങൾ ആ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഞങ്ങൾ അന്നു നൽകിയ നിർദ്ദേശങ്ങളനുസരിച്ചു പൂർത്തിയാക്കിയതാണിതു്. പ്രസിദ്ധ കവിയായ മേലങ്ങത്തു അച്യുതമേനോൻ അവർകളുടെ അനുരൂപഭാഗിനേയനും കേസരി ബാലകൃഷ്ണപിള്ള അവർകളുടെ വത്സലശിഷ്യനും ആയ ഈ ഭാഷാസ്നേഹിയുടെ ഈ വിവർത്തനം ആദ്യന്തം നന്നായിട്ടുണ്ടു്. സംഘകൃതികളുടെ പദ്യവിവർത്തനങ്ങളേക്കാൾ ഇത്തരം ഗദ്യവിവർത്തനങ്ങളാണു് കൂടുതൽ പ്രയോജനകരമെന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. ഗ്രന്ഥാരംഭത്തിൽ ചേർത്തിട്ടുള്ള പ്രസ്താവനയും മുഖവുരയും ഓരോവശത്തു ചേർത്തിട്ടുള്ള വിശദീകരണങ്ങളും അവസാനഭാഗത്തു ചേർത്തിട്ടുള്ള അകാരാദിയും ഉപകാരപ്രദമാണു്. തമിഴ് പണ്ഡിതന്മാർക്കുപോലും അത്രസുഗമമല്ലാത്ത ഈ പ്രബന്ധത്തിനു് നല്ലൊരു വിവർത്തനം തയ്യാറാക്കാൻ കഴിഞ്ഞ ശ്രീ. നാരായണൻകുട്ടിയെ ഹൃദയംഗമമായി അഭിനന്ദിച്ചുകൊണ്ടും ഇതിനു സമസ്തവിജയങ്ങളും നേർന്നുകൊണ്ടും ഇതിനെ സഹൃദയസമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീലക്ഷ്മീഭവനം,
പൂജപ്പുര,
തിരുവനന്തപുരം_12
15-12-1970

വി. ആർ. പരമേശ്വരൻപിള്ള

മുഖവുര

ക്രി. പി. 1046-ൽ ചേരതലസ്ഥാനം ആക്രമിച്ച് തൃക്കണ്ണാമതിലകവും മററും ചുട്ടുപൊട്ടിച്ച രാജേന്ദ്രചോഴൻ അഥവാ കങ്കൈകൊണ്ടചോഴൻ, തന്റെ പുത്രിയായ അമ്മങ്കൈദേവിയെ ചാലൂക്യരാജാവായ രാജരാജന്നു വിവാഹം ചെയ്തു കൊടുത്തു. ഇവരുടെ പുത്രനായി ക്രി. പി. 1043-ൽ കഥാപുരുഷനായ മുതർകുലോത്തുംഗൻ അഥവാ കുലോത്തുംഗൻ ഒന്നാമൻ ജനിച്ചു.

രാജേന്ദ്രചോഴന്റെ പുത്രനും, കുലോത്തുംഗന്റെ മാതുലനുമാണ് വീരരാജേന്ദ്രൻ. അദ്ദേഹത്തിന്നു 'അതിരാജേന്ദ്രൻ' എന്നൊരു മകനുണ്ടായിരുന്നു. ഈ അതിരാജേന്ദ്രൻ വീരരാജേന്ദ്രന്റെ പട്ടമഹിഷിയുടെ പുത്രനല്ലായ്കയാൽ മുറപ്രകാരം മുതർകുലോത്തുംഗനെ ഇളമയായി വാഴിക്കയാണുണ്ടായതു്.

മുതർകുലോത്തുംഗന്റെ കന്നിപ്പോരു്

വീരരാജേന്ദ്രന്റെ ഇഷ്ടത്തോടെ രാജാവായി അഭിഷേകം ചെയ്യപ്പെട്ട ഈ കുലോത്തുംഗൻ ഒന്നാമൻ കൃഷ്ണാഗോദാവരീനദികാംക്കിടയിലുള്ള വേങ്കിനാട്ടും ഭരിച്ചിരുന്നു. ദിഗ്‌വിജയത്തിനാശിച്ചു് ഇദ്ദേഹം മദ്ധ്യപ്രദേശി [മത്തിയമാകാണം]ൽ ചക്കരക്കോട്ടയെ തലസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന 'താരാവർഷനെ' എതിർത്തു തോല്പിക്കുവാൻ പോയപ്പോാം തന്റെ ചിററപ്പനായ വിജയാദിത്യനേയാണ് വേങ്കിനാട്ടു് ഭരണം ഏല്പിച്ചതു്. താരാവർഷനെ തോല്പിച്ചു് വൈരാകരമെന്ന ദേശത്തെ തന്റെ അധീനത്തിലാക്കി തീവച്ചു നശിപ്പിച്ചു. ഇതായിരുന്നു മുതർകുലോത്തുംഗന്റെ കന്നിപ്പോർ. ഇതേപ്പററി 147, 254, 384, എന്നീ പദ്യങ്ങളിൽ പറയുന്നുണ്ടു്. ഈ ആദ്യയുദ്ധത്തിൽത്തന്നെ കുലോത്തുംഗൻ 'വിരുതരാജഭയങ്കരൻ' എന്ന ബിരുദവും ചെറുപ്പത്തിലേ നേടി.

കലിംഗയുദ്ധത്തിൻെറ കാരണം

കുലോത്തുംഗൻ ചിദമ്പരത്തുള്ള നടരാജപ്പെരുമാളെ തൊഴു തശേഷം കച്ചിമാ നഗരത്തിൽ എഴുന്നള്ളിയിരിക്കുകയായിരുന്നു. തന്നോടൊപ്പം ത്യാഗവല്ലിയും ഏഴിശൈ [സപ്തസ്വര] വല്ല ഭിയുമായ രണ്ടു ഭാര്യമാരും, സേനാനി കരുണാകരത്തൊണ്ടെമാ നും ഒരു പല്ലവരാജാവും ഉണ്ടായിരുന്നു. തത്സമയം "പലേ നാട്ടിലേയും അരചന്മാർ കപ്പം നൽകാൻ വന്നിരിക്കുന്നു. എന്നാൽ കലിംഗ രാജാവായ അനന്തപത്മൻ മാത്രം രണ്ടുവട്ടം കപ്പം നൽകാതെ മുടക്കിയിരിക്കുന്നു". എന്നു് തിരുമന്തിര ഓലയാൾ [നീട്ടുമന്ത്രി] വന്നു് തിരുമുമ്പിൽ ഉണർത്തിച്ചു. ഇതു കേട്ടു് കോപിച്ച കുലോത്തുംഗൻ കലിംഗനാട്ടു് ആക്രമിക്കുവാൻ ഉത്തരവായി. അതോടെ സേനാനായകനായ കരുണാകരത്തൊ ണ്ടെമാൻ "അങ്ങു് എഴുന്നള്ളേണ്ട, ഞാൻ പോയി ജയിച്ചു വരാം" എന്നുപറഞ്ഞു് നാലുവക (രഥഗജതുരഗപദാതി) സൈ ന്യങ്ങളോടുകൂടി പുറപ്പെടുകയും ചെയ്തു.

കലിംഗനാട്ടിൽ ചെന്നു് കൊള്ളിവയ്പും കൊള്ളയടി യും തുടങ്ങി. ജനങ്ങൾ ഭയപ്പെട്ടു് രാജാവു് അനന്തപത്മൻെറ യടുത്തു് സങ്കടം ബോധിപ്പിച്ചു. വിവരമറിഞ്ഞ അനന്ത പത്മൻ "എന്തു്? കുലോത്തുംഗൻെറ സൈന്യത്തിലും താണവ നോ ഞാൻ?" എന്നു ചോദിച്ചുവത്രെ. അപ്പോൾ അദ്ദേഹത്തി ൻെറ മന്ത്രിമാരിൽ ഒരുവനായ എങ്കരായൻ എണീററു് മുതർ കുലോത്തുംഗൻ പാണ്ഡ്യരെവരേയും വെന്നു്, നവിലൈ, വി ഴിഞ്ഞം, അളത്തി, എന്നീ ദേശങ്ങളേയും തൻെറ അധീനത്തി ലാക്കിക്കഴിഞ്ഞു. അദ്ദേഹത്തിൻെറ മഹാസേനാനി കരുണാക രൻ വിഷ്ണുവിൻെറ സുദർശനം,പോലുള്ളവനാണു്" എന്നറിയിച്ചു. അതു വകവയ്ക്കാതെ അനന്തപത്മൻ യുദ്ധത്തിനിറങ്ങി.

കുലോത്തുംഗ കുഡുംബം

കുലോത്തുംഗനു് ഭാര്യമാർ, മുൻപറഞ്ഞ രണ്ടുപേർ കൂടാതെ മാധുരാന്തിക എന്നൊരുത്തിയുംകൂടിയുണ്ടായിരുന്നു. കലിംഗയുദ്ധ

കാലത്തു് ഈ സ്ത്രീ മരിച്ചുപോയിരിക്കാമെന്നൂഹിക്കുന്നു. കാരണം, കലിംഗത്തുപ്പരണിയിൽ മററു രണ്ടു പത്നിമാരേ കാണുന്നുള്ളു. പുത്രൻ വിക്രമചോഴൻ.

ബിരുദങ്ങൾ

തന്റെ ഭരണകാലത്തു നടക്കുന്ന ചില പ്രധാനസംഭവങ്ങളേയും ചെയ്തികളെയും അടിസ്ഥാനമാക്കി ഓരോ ബിരുദങ്ങൾ സ്വീകരിക്കുക രാജാക്കന്മാരുടെ മുൻപതിവായിരുന്നു. മുതർകുലോത്തുംഗചോഴനു് വിജയധരൻ, ജയതുംഗൻ, ചുങ്കംതവിർന്തോൻ (നികുതി റദ്ദാക്കിയവൻ) രാജേന്ദ്രൻ, രാജനാരായണൻ, വിഷ്ണുവർദ്ധനൻ, കരികാലൻ iii, തിരുനീററുചോഴൻ, വിരുതരാജഭയങ്കരൻ, ഉലകുയ്യവന്താൻ, (ലോകനന്മയ്ക്കായി വന്നവൻ) അനപായചോഴൻ എന്നീ ബിരുദങ്ങളുമുണ്ടായിരുന്നു.

സേനാപതി

കരുണാകരത്തൊണ്ടൈമാൻ പല്ലവകുലജാതനാണു്. ആദ്യം ഒരു സാധാരണ ഉദ്യോഗത്തിലിരുന്നു്, സാമർത്ഥ്യത്താൽ ക്രമേണ യുദ്ധകാര്യമന്ത്രിയായിത്തീരുകയാണുണ്ടായതു്. വണ്ടൈ തൊണ്ടൈ എന്നീ രണ്ടുപ്രദേശങ്ങളിലെ സാമന്തനുമായിരുന്നു ഇദ്ദേഹം. കുലോത്തുംഗന്റെ പുത്രനായ വിക്രമചോഴന്റെ ഭരണകാലത്തും ഇദ്ദേഹം ജീവിച്ചിരുന്നു

ജയം കൊണ്ടാർ

പരണിയുടെ കർത്താവു്, ചോഴനാട്ടിലെ നന്നിലത്തിന്നടുത്തു് ദീപംകുടിയിൽ പിറന്നു. ആദ്യം ശ്രമണ (ജയിന) മതക്കാരനും പിന്നിട് ശൈവനുമായിമാറി. ആദ്യം കുലോത്തുംഗന്റെ സദസ്യരത്നങ്ങളിൽ ഒരാളും പിന്നിട്ടു് സചിവോത്തമനുമായിത്തീർന്നു. നല്ല കവിയും യുദ്ധവീരനുമായിരുന്നു.

കലിംഗത്തുപ്പരണി പാടാൻ കാരണം

കലിംഗയുദ്ധാനന്തരം ഒരു ദിവസം കുലോത്തുംഗനും ജയം കൊണ്ടാരും വിനോദം പറഞ്ഞിരിക്കുമ്പോൾ, കുലോ

ത്തുംഗൻ "ഹേ, ചെന്തമിഴ് പുലവരേ! കലിംഗനാട്ടിൽ ജയം കൊണ്ടതിനാൽ ഞാനും നിങ്ങളെപ്പോലെ ജയംകൊണ്ടനായി" എന്നു നേരംപോക്കായി പറഞ്ഞു. ഇതു കേട്ട കവിമന്ത്രി, "ജയം കൊണ്ടവനെപ്പററി ജയംകൊണ്ടാൻ പാടുന്നതു് നല്ലതല്ലേ"എന്നും പറഞ്ഞുവെന്നും അങ്ങനെ പരണിരചന ആരംഭിച്ചുവെന്നും ഒരുകഥയുണ്ടു്. "പരണിക്കോർ ജയംകൊണ്ടാർ" എന്നു് തമിഴിൽ ഒരു ചൊല്ലുണ്ടു്. പരണിയെഴുതി ജയിച്ച ഒരേഒരാൾ ജയംകൊണ്ടാൻ തന്നെയെന്നും, പരണികളിൽ ആദ്യത്തേതു് ഈ പരണിയെന്നും സാരം.

കലിംഗത്തു പരണിയുടെ മേന്മ

പരണികളിൽ ആദ്യമുണ്ടായതു് കലിംഗത്തുപരണി തന്നെ. "തക്കയാകപ്പരണി" (ദക്ഷയാഗം) "ഇരണായവതൈപ്പരണി" (ഹിരണ്യവധം) "അഞ്ഞവതൈപ്പരണി"കൾ ഇതിനുശേഷം രചിച്ചവയത്രെ. തക്കയാകപ്പരണിയുടെ കർത്താവു് ഒട്ടക്കൂത്തരാണു്. കലിംഗത്തുപ്പരണിയിൽ പലവിധഅലങ്കാരങ്ങൾ(അണികൾ) നവരസങ്ങൾ, മററു പുറംകാവ്യങ്ങളിൽ കാണാത്ത പുതിയ പുതിയ കൽപനങ്ങൾ എന്നിവ സുലഭമത്രെ. ഒട്ടക്കൂത്തർ ദക്ഷയാഗപ്പരണിയിൽ 776-ാം പാട്ടിൽ "തെൻ തമിൾ തൈവപ്പരണി" (തേൻ തമിഴിലെ ദിവ്യഗാനം) എന്നിതിനെ വാഴ്ത്തിയിട്ടുണ്ടു്. 'ചിലപ്പതികാര'ത്തിനു അടിയാക്കുനല്ലാർ (ആദിവ്യാഖ്യാതാവു്) എഴുതിയ ഭാഷ്യത്തിൽ കലിംഗത്തുപ്പരണിയിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്.

പരണിയുടെ ലക്ഷണം

പരണി എന്നതു് 96 പ്രബന്ധങ്ങളിൽ ഒന്നാകുന്നു. 1000 ആനകളെ ഒരു യുദ്ധത്തിൽ ജയിച്ച ഒരുവനെ സ്തുതിച്ചു പാടുന്നതത്രെ പരണി:-

'ആനൈയായിരം അമരിടൈവെൻറ
മാനവനിക്കുവകുപ്പതുപരണി

[ഇലക്കണവിളക്കം 838-ാം സൂത്രം]

പരണീ രചനയിൽ അനുഷ്ഠിക്കേണ്ട നിയമവും കാണ്ഡക്രമവുമുണ്ട്, മഹാകാവ്യരചനയിൽ സംസ്കൃതനിബന്ധനപോലെ.

'കടവുൾ വാഴ്ത്തു കടൈതിറപ്പ് ഉരൈത്തൽ,
കട്ടംപാലൈ കൂറൽ, കൊട്ടംകാളികോട്ടം
കടികണൈമുരൈത്തൽ, കാളികതിചൊലൽ
ആട്ടപേയ്കു അവൾ ചൊലൽ, അതനാൻ തലൈവൻ
വൺപുകൽ ഉരൈത്തൽ, എൺപുറത്തിണൈത്തും
വീട്ടൽ അട്ടകളം വേട്ടൽ തുകവെമേൽ
അളവടിമുതലാ അടിയിരണ്ടാകെ
ഉളമകിൾ പരണിഉരൈക്കപ്പെട്ടമേ
[ഇലക്കണവിളക്കം 836-ാം സൂത്രം]

കാവ്യനാമം

കലിങ്കപ്പോർക്കളത്തിൽ യുദ്ധാനന്തരം ശ്മശാന ഭൂതങ്ങൾ ഒന്നിച്ചുകൂടി പ്രേതാവശിഷ്ടങ്ങൾ കുഴമ്പാക്കി കൂഴ്കാച്ചി (പിടിയൻവച്ച്) ദേവിക്കു സമർപ്പിച്ച് ആരാധിച്ചതു് ഭരണി നക്ഷത്രത്തിലാകുന്നുവെന്നും, അതിനാൽ പരണിപ്പാട്ടെന്നു പേരുണ്ടായിയെന്നും; കൃഷിയിടത്തിൽ പരണ് കെട്ടി അതിലിരുന്ന് പക്ഷികളെ ഓടിക്കുംപോലെ യുദ്ധത്തിൽ ജയിച്ച നൃപന്റെ ആയുധങ്ങൾ കൂമ്പാരം കൂട്ടിയിട്ടു് അതിന്മേലിരുന്നു് വിജയവർണ്ണനം ചെയ്യുന്നതിനാത്രേ പരണിയെന്നു പറയുന്നതെന്നും അഭിപ്രായങ്ങളുണ്ട്.

കലിങ്കത്തുപ്പരണി

ഗദ്യപരിഭാഷ

1-ാം പടലം: കടവുൾ വാഴ്ത്തു്—ദൈവസ്തുതി

ഉമാപതിസ്തുതി:

മൂലം

1. പുയൽവണ്ണൻ പുനൽവാക്കപ്പൂമിശയോൻ
തൊഴിൽകാട്ടപ്പുവനവാഴ്ക്കൈച്ചെ്
ചെയൽവണ്ണംനിലൈനിറുത്ത മലൈമകളൈപ്
പുണർന്തനൈച്ചിന്തൈചെയ്വാം!
2. അരുമറൈയിൻ നെറികാട്ട അയൻ പയന്ത
നിലമകളൈ അണ്ടം കാക്കും
ഉരിമൈയിനിൻ കൈപ്പിടിത്ത ഉപയകുലോത്
തമന പയൻ വാഴ്കവെന്റേ.

ഭാഷ

ശ്രേഷ്ഠമായ വേദങ്ങളിൽ പറയുന്ന നീതിധർമ്മങ്ങളെ ലോകരെ അറിയിക്കുവാൻ മാത്രമല്ല, അവരെ രക്ഷിക്കാനുള്ള അവകാശവും തനിക്കാണെന്നു കാണിക്കാനുമായി ബ്രഹ്മസൃഷ്ടിയായ

കുറിപ്പു്: 1-ാം പാട്ടിൽ 'പുയൽവണ്ണൻ" എന്നതിനു കാർവണ്ണൻ എന്നും; "തൊഴിൽകാട്ട" എന്നതിനു ചടങ്കിയററ എന്നും പാഠങ്ങളുണ്ടു്. 2-ാം പാട്ടിൽ, അരുമറൈകൾനെറി എന്നും പാഠാന്തരം.

ഭൂദേവിയെ വരിച്ച, * ഇരുകുലങ്ങളിലും കീൎത്തികേട്ട മുതൎകുലോത്തുംഗൻ നീണാൾ വാഴട്ടെ;

ഭൂമിയിൽ ഗൃഹസ്ഥാശ്രമധൎമ്മ സ്ഥാപനാർത്ഥം മേഘവർണ്ണനായ വിഷ്ണുവിൻെറ ജലധാരയോടും † പുഷ്പാസനസ്ഥനായ നാന്മുഖൻെറ കാൎമ്മികത്വത്തോടുംകൂടി മലമകളെ വിവാഹംചെയ്തവനെ വാഴ്ത്തി സ്തുതിക്കാം.

തിരുമാൽ (വിഷ്ണു) സ്തുതി

മൂലം

3. ഒരു വയിററിൽ പിറവാതു പിറന്തരുളി
 ഉലകൊടുക്കം
 തിരുവയിററിറ ഒരു കുഴവിതിരുനാമം
 പരവുതുമേ

4. അന്നൊടുമാൽ ഉതരം പോൽ അരുളപയൻ
 തനിക്കവികൈ
 ഇന്നൊടുമാനില മനൈത്തും പൊതിന്തി
 നിതുവാഴ്കവെൻേറ.

ഭാഷ

കാരുണ്യ നിധിയായ ചോഴൻെറ അതുല്യമായ വെൺകൊററക്കുട മഹാവിഷ്ണുവിൻെറ ഉദരം പോലെ ബ്രഹ്മാണ്ഡം മുഴവൻ ഉള്ളിലടക്കി വിരാജിക്കുവാൻ, ഒരുവയററിലും പിറക്കാതവതരിച്ച് സൎവ്വപ്രപഞ്ചത്തേയും തൻെറ തിരുവയററിൽ അടക്കിയിരിക്കുന്ന ഒരു കൈപ്പിള്ളയായ കണ്ണൻെറ നാമത്തെ സ്തുതിക്കാം.

---

* അമ്മയുടെ സൂര്യകുലവും അച്ഛൻെറ ചന്ദ്രകുലവും സ്മരിച്ച്. ഇതിൻെറ ആവൎത്തനം 12-ാം പാട്ടിലും കാണാം.

† ഈ വിവാഹച്ചടങ്ങ് (നീർപകരൽ) തിരുവിളയാടൽ പുരാണത്തിൽ തിരുമണപ്പടലത്തിൽ 178-ാംപാട്ടിലും 185-ാം പാട്ടിലും കാണാം.

ബ്രഹ്മസ്തുതി:

മൂലം

5. ഉകംനാൻകും പൊരുൾനാൻകു
ഉപനിടതം ഒരു നാൻകും
മുകംനാൻകും പടൈത്തു മുടൈയ
മുതൽവനൈയാം പരവുതുമേ

6. നിലംനാൻകും തിശൈനാൻകും
നെടുംകടൽകൾ ഒരുനാൻകും
കുലംനാൻകും കാത്തളിക്കും
കുലതീപൻ വാഴ്ക എൻേറ.

ഭാഷ

നിലങ്ങൾ നാലും (കുറിഞ്ചി, മുല്ല, മരുതം, നെയ്തൽ) ദിക്കുകൾ നാലും പുകളുററ കടലുകൾ നാലും (കീഴ്കടൽ, മേൽക്കടൽ, വടകടൽ, തെൻകടൽ) വർണ്ണങ്ങൾ നാലും കാത്തു രക്ഷിക്കുന്ന കുലദീപം നീണാൾ വാഴവാൻ.

യുഗങ്ങൾ നാലും (കൃതത്രേതദ്വാപരകലി) അർത്ഥങ്ങൾ നാലും (ധർമ്മാർത്ഥകാമമോക്ഷം) വേദങ്ങൾ നാലും (ഋക്, യജുർ, സാമം, അഥർവ്വം) സൃഷ്ടിച്ച നാന്മുഖനായ ബ്രഹ്മാവിനെ സ്തുതിക്കാം.

സൂര്യസ്തുതി

മൂലം

7. പേരാഴി ഉലകനൈത്തും
പിറങ്ക വളർ ഇരുൾ നീങ്ക
ഓരാഴിതനൈനടത്തും ഒൺ
ചുടരൈപ്പരവുതുമേ!

8. പനിയാഴി ഉലകനൈത്തും
പരന്ത കലിഇരുൾ നീങ്കത്
തനിയാഴിതനൈനടത്തും
ചയതുങ്കൻ വാഴ്ക എൻ്റേ.

ഭാഷ

തണുത്ത കടൽ ചുററിയ ലോകത്തിൽ വ്യാപിച്ച ദാരിദ്ര്യാന്ധകാരത്തെ നീക്കാൻ ഭരണചക്രത്തെ വഹിച്ച ജയതുംഗൻ വാഴവാൻ; പെരുങ്കടൽ ചൂഴ്ന്ന പാരിൻെറ കൂരിരുട്ടിനെ ഒഴിവാക്കാൻ ഏകചക്രരഥത്തെ നയിക്കുന്ന തിളങ്ങുന്ന സൂര്യനെ സ്തുതിക്കാം.

ഗണപതിസ്തുതി

മൂലം

9. കാരണകാരിയങ്കളിൻ കട്ടുരപ്പോർ ഭയാകക്
കരുത്തെൻനും തനിത്തറിയിൽ കട്ടകട്ടുണ്ട
ആരണമാം നാർക്കൂടത്തൈണ്ണു നിർകും
വൈയങ്ക്കരത്തതൊരുകളിററുക്കൻപു ചെയ്വാം.

10. തനിത്തനിയേതിചൈ യാനൈതറികളാകപ്
ചയത്തമ്പം പലനാട്ടി ഒരുക്കുടത്തേ
അനൈത്തുലകുങ്കവിത്തതെനക്കവിത്തുനിർകും
അരുട്കവികൈ കലിപ്പകൈഞൻ വാഴ്ക എൻ്റേ

ഭാഷ

ദിഗ്ഗജങ്ങളെ തൂണുകളാക്കി പല ജയസ്തംഭങ്ങൾ നാട്ടി അണ്ഡകടാഹത്തെ മുഴുവൻ മൂടിക്കൊണ്ടിരിക്കും വിധം സർവ്വലോകങ്ങളേയും ചൂടിയ അനുഗ്രഹക്കുട ചാത്തിയവനും ദാരിദ്ര്യശത്രുവുമായ കുലോത്തുംഗൻ വാഴാൻ

---

9. ജയസ്തംഭം-മുൻകാലങ്ങളിലെ രാജാക്കന്മാർ ശത്രുവിനെ ജയിച്ച ശേഷം സ്മാരകമായിക്കെട്ടിയ കൽത്തൂണിൽ താൻ നേടിയ ജയത്തെ പരാമർശിച്ചുള്ള ഗാനങ്ങൾ കൊത്തിവെയ്ക്കുലത്രേ ജയസ്തംഭം നാട്ടൽ.

10. ഐരാവതം, പുണ്ഡരീകം, വാമനം, കുമുദം, അഞ്ജനം, പുഷ്പദന്തം, സാർവ്വഭൗമം, സുപ്രദീപം എന്നിങ്ങനെ എട്ടു ദിഗ്ഗജങ്ങൾ.

ചതുർവ്വേദപ്പന്തിയിൽ അമന്നു കാര്യകാരണബന്ധം വിട്ടവരും, ധ്യാനനിരതമായ ചിത്തസ്തംഭത്തിൽ സ്വയം ബദ്ധരമായ യോഗികളാൽ ബന്ധിക്കപ്പെട്ടവനും, അഞ്ചു കൈകളും ഗജമുഖവുമാന്നവനെ പ്രേമിക്കാം.

മുരുകസ്തുതി

മൂലം

11. പൊൻ ഇരണ്ടുവരൈ തോക്കും പൊരുവരിയ
നിറം പടൈത്ത പുയമും കണ്ണും
പൻനിരണ്ടു മാറിരണ്ടും പടൈത്തുടൈയാൻ
അടിത്തലങ്കൾ പണിതൽ ചെയ്വാം.

12. ഓരിരണ്ടു തിരുക്കുലമും നിലൈപെറവന്
തൊരു കുടൈക്കീഴ് കടലും തിക്കും
ഈരിരണ്ടു പടൈത്തുടൈയ ഇരവികുലോത്
തമനപയൻ വാഴ്ക എൻറേ.

ഭാഷ

കിടയററ രണ്ടുൽകൃഷ്ടകുലങ്ങളും ലോകത്തിൽ ശാശ്വതമാകും വണ്ണം പിറന്നു അതുല്യമായ തന്റെ വെൺകൊററക്കുടക്കീഴിൽ നാലു സമുദ്രങ്ങളെയും നാലു ദിക്കുകളേയും സ്വന്തമാക്കിവച്ചിരിക്കുന്ന സൂര്യകുലോത്തംസമായ ചോഴൻ വാഴുവാൻ

രണ്ടു മഹാമേരുക്കാം കീഴാകുംവിധം കിടയററു ഉയന്നു ശോഭിക്കുന്ന പന്തണ്ടു തോാകളും, പന്തണ്ടു നേത്രങ്ങളും ഉടയവന്റെ പാദങ്ങളെ താണുവണങ്ങാം.

ഭാരതിസ്തുതി:

മൂലം

13. പൂമാതും ചയമാതും പൊലിന്തുവാഴും
പുയത്തിരുപ്പ മികവുയരത്തിരുപ്പും എൻറു

---

13. പൂമാതും ചെയമാതും പൊരുന്തി എന്നു പാഠം.

നാമാത്തും കലൈമാത്തും എന്നാച്ചെന്നി
നാവകത്തുൾ ഇരുപ്പാളെനവിലുവാമേ

14. എൺമടങ്കു പുകഴ്മടന്തൈ നല്ലൻഎങ്കോൻ,
യാൻ അവൻ പാലിരുപ്പതു നൻെറൻപാൾപോല
മൺമടന്തൈതൻ ചീർത്തിവെള്ളൈ ചാർത്തി
മകിഴ്ന്തപെരിരാൻ വളവർപിരാൻവാഴ്കഎൻറേ

ഭാഷ

വികസ്വരയായ യശോമങ്കയാൽ പലവിധത്തിൽ പ്രകീർത്തിതനാണ് ഞങ്ങളുടെ നൃപൻ, ഞാനും അദ്ദേഹത്തോടു ചേൻറിരിക്കുന്നതാണ് നല്ലതു് എന്നു പറഞ്ഞു. കൂടിയിരിക്കുന്നവരെപ്പോലെ; ഭൂമിദേവി കുലോത്തുംഗൻെറ വീരയശസ്സായ വെള്ളവസ്ത്രം ധരിച്ചുവന്നു് രമിപ്പിക്കയാൽ ആനന്ദിക്കുന്നവനും ചോഴക്കരചനുമായ അവൻ വാഴവാൻ

ജയശ്രീയാൻ ശോഭിക്കുന്ന തോളുകൾ രണ്ടിലും ഐശ്വര്യദേവതയും വിജയദേവതയും കുടിയിരിക്കയാൽ, അവരിരുവരിലും മുന്തിയസ്ഥാനത്തു് ചോഴൻെറ നാവിൽ വാണരുളുന്ന വാണിയെന്നും കലാദേവിയെന്നും പറയുന്ന ഭാരതിയുടെ കീർത്തിയെ വാഴ്ത്തിപ്പാടാം.

ഉമാസ്തുതി

മൂലം

15. ചെയ്യതിരുമേനി ഒരുപാതി കരിതാകത്
തെയ്വമുതൽനായകനൈഎയ്ത ചിലൈമാരൻ
കൈയിൻമലർപാതമലർമീതും അണുകാനം
കന്നിതൻ മലക്ക്ഴൽകൾ ചെന്നിമിചൈററവപ്പാം

---

14. പുകൾമടന്തൈ എന്നതിനു് പുകൾ മടങ്കാ എന്നും
15. അണുകാനം—അണകാത എന്നും കന്നികമലക്ക്ഴൽകൾ എന്നും പാഠം.

16. കരുത്ത ചെഴിയൻകഴൽ ചിവപ്പവരെയേറക്
കാർമുകം വളൈത്തുതിയർകോമകൻമുടിക്കൺ
പൊരുത്ത മലർപാതമലർമീതണിയനൻകം
പൂഴിയർപിരാൻ അപയൻ വാഴ്ക ഇനിതെൻറ.

കോപംപൂണ്ട പാണ്ഡ്യനൃപൻ പാദങ്ങാം ചുവക്കും വിധം മലകാം കടന്ന് ഓടത്തക്കവണ്ണം വില്ല് വളച്ചവനും, ചോരശിരസ്സിൽ അണിഞ്ഞ പൂക്കാം നേടി ചോഴപാദത്തിൽ സമർപ്പിച്ച പാണ്ഡ്യനും നാഥനായവനുംആയ അഭയൻ (ചോഴൻ) നീണാാം വാഴാൻ

അരുണനുന്ദരമായ മെയ്യിൽ പകുതി കോപത്താൽ ഇരുളുമാറ് മഹേശ്വരനായ ശിവനെ എയ്ത്ത കരിമ്പുവില്ലൻറ കൈയ്യിലെ മലരുകാം, തൻറ പൂ ചേവടിയിൽ പതിക്കാനിടയാകാതെ നിലകൊണ്ട ഉമാദേവിയുടെ കാൽത്താരുകളെ ശിരസ്സിൽ ചേക്കാം

സപ്തമാതാസ്തുതി

മൂലം

17. മേതി, പുാം, അലകൈ, തോകൈ, ഏറുവണം,
വേഴം എൻറ കൊടി ഏഴടൈപ്
ചോതിമെൻ കൊടികാം ഏഴിൻ ഏഴിരു
തുണൈപ്പതം തൊഴ നിനൈത്തുമേ

18. കേഴൽ, മേഴി, കലൈ,യാളി, വീണൈ, ചിലൈ,
കെണ്ടൈ എൻറിനൈയപൽകൊടി,
താഴ, മേരുവിൽ ഉയത്തചെമ്പിയർത
നിപ്പുലിക്കൊടി തഴൈക്കവേ.

---

17. ചാമുണ്ഡിക്ക് എരുമ, അഭിരാമയ്ക്കു് അന്നം, വരാഹിക്ക ഭൂതം, കൌമാരിക്ക മയിൽ, മഹേശ്വരിക്ക് കാള, നാരായണിക്കു് ഗരുഡൻ, ഇന്ദ്രാണിക്കു് ആന എന്നിവ സപ്തമാതാക്കാംക്കു് കൊടിയടയാളങ്ങാം ആകുന്നു.

ഭാഷ

18 പന്നി, കലപ്പ, മാൻ, സിംഹം, വീണ, വില്ല്, കയൽ(കെണ്ട) മീൻ എന്നീ സപ്തപതാകകളും ഇടിയും വണ്ണം മഹാമേരുവിൽ ഉയർന്നുലാവുന്ന ചോഴമന്നൻെറ തുലയററ പുലി ക്കൊടി തഴച്ചുപൊങ്ങുവാൻ

എരുമ, അന്നപ്പറവ പിശാച്, മയിൽ, എരുതു്, ഗരുഢൻ ആന എന്നീ (പാണ്ഡ്യൻ ചോരൻ മുതലായവരുടെ) ചിഹ്നങ്ങ ളോടെ ഏഴുകൊടികളുള്ള ഏഴ് പെൺകൊടിമാരുടെ പതിന്നാലു പാദങ്ങളും ആശ്രയമാക്കി താണുവണങ്ങാം.

സഭാസ്തുതി

മൂലം

19. വിതി മറൈയവർ തൊഴിൽ വിളൈകവേ;
വിളൈതലിൻ മുകിൽമഴൈപൊഴികവേ!
നിതിതരുപ്പയിർ വളംനിറൈകവേ!
നിറൈതലിൻ ഉയിർനിലൈ പെറുകവേ!

20. തലംമുഴുതിനും മനുവളർകവേ!
ചയതരൻ ഉയർപുലിതഴൈകവേ
നിലവുമിഴ്കവിkെയും വളർകവേ!
നിതിപൊഴികവികൈയും വളർകവേ!

ഭാഷ

ശാസ്ത്രജ്ഞാനികളായ പുരോഹിതരുടെ തൊഴിൽ (യോഗം) അഭിവൃദ്ധിപ്പെടട്ടെ. യജ്ഞവൃദ്ധിയാൽ മേഘങ്ങൾ അമൃതു വർ ഷിക്കട്ടെ വർഷത്താൽ ഐശ്വര്യം പൂർണ്ണമാകുന്ന ധാന്യ വർഗ്ഗങ്ങൾ നിറയട്ടെ ധാന്യവർദ്ധനവിനാൽ പ്രാണിവർഗ്ഗം നീണാൾ പുലരട്ടെ

---

20. തല മുതൽ ഉള എന്നും, രണ്ടാം വരിയിൽ വളകവേ എന്നതിനു തഴൈകവേ എന്നും പാഠഭേദം.

ലോകത്തിലെ ആദിനിയമമായ മനുനീതി പുഷ്ടിപ്പെടട്ടെ. മുതർകുലോത്തുംഗചോഴൻെറ മററത്തായ പുലിക്കൊടി നെടുകാലം വാഴട്ടെ. ഒളിവീശുന്ന (അവൻെറ) വെൺകൊററക്കുടയും മേന്മപ്പെടട്ടെ. സമ്പത്തുനിറഞ്ഞ് ദാനാർത്ഥം താഴ്ന്ന കൈകളും മേല്ക്കുമേൽ പുലരട്ടെ.

കടവുൾവാഴ്ത്തു് സമാപ്തം.

രണ്ടാം പടലം: കടൈതിറപ്പു്

കതകു തുറക്കൽ—എന്നാൽ, യുദ്ധത്തിനു പോയ രാജാവും അദ്ദേഹത്തിൻെറ പടവീരന്മാരും നിശ്ചിതകാലത്തു് വന്നെത്തായ്കയാൽ, അവരുടെ കുടുംബിനിമാർ കോപിച്ചും വിഷാദിച്ചും ഭവനകവാടങ്ങൾ കൊട്ടിയടച്ചു കഴിതിട്ടു. ഇതു കണ്ട കവി, ആ നാരിമാരെ വിളിച്ചു് കെഞ്ചിപ്പറയുംപ്രകാരം രാജാവിൻേറയും സൈനികരുടേയും പരാക്രമങ്ങളെ വർണ്ണിച്ചു് പറയുന്നു. കതകു തുറക്കുവാനും, വിരഹിതസ്ത്രീജനങ്ങൾ ആനന്ദിക്കുവാനും വേണ്ടി, മധുരവചസ്സുകളാൽ യാചനപോലെ ഭാവനയും കല്പനയും കലർത്തി പാടുന്ന ഗാനങ്ങളത്രേ കതകുതുറപ്പാട്ടുകൾ. രാജഭടന്മാരുടെ വീരപ്രതാപങ്ങൾ, ശൃംഗാരപ്പിണക്കം (ഉടൽ), വഴക്കു മറന്നുകളയൽ (ഉണർതൽ) കൂടിച്ചേരൽ (പുണർതൽ) എന്നീ അകപ്പൊരുൾ ഭാവവിശേഷങ്ങൾ ഇതിൽ പ്രതിപാദിക്കുന്നു.

അടുത്ത അദ്ധ്യായങ്ങളിലെ വീരബീഭത്സരസങ്ങ(പുറം)ൾക്കു പ്രാരംഭമായിട്ടു് ആദിയിൽ കവി അകപ്പൊരുൾ ഭാവങ്ങളെ ഔചിത്യപൂർവ്വം അവതരിപ്പിക്കുകയാണു്.

മൂലം

21· ചൂതളവളവെനും ഇളമുലൈതു്
തുടിയളവളവെനുംനുണ്ണിടൈക്

---

21. നുണ്ണിടൈ–നുണകിടൈ എന്നും പാഠം

കാതളവളവെന്നം മതർവിഴികൾ
കടലമുതംനെയവർ തിറമിനോ!

ഭാഷ

പകിടക്കായോളമായ ഇളംമുലകളും, ഉടുക്കിൻ പിടിയോളമുള്ള കൊപ്പരക്കെട്ടും, കാതിനെ അളക്കുവാൻ നീണ്ട ചടുലമിഴികളുമുള്ള പാലാഴിയിലെ അമൃതുപോലുള്ള മങ്കക്കൊടികളേ! തുറക്കുവിൻ.

മൂലം

22. പുടൈപടഇളമുലൈ വളർതൊറും
പൊറൈ അറിവുടൈയരും നിലൈതളർ
ന്തിടൈപടുവതു പടഅരുളുവിർ!
ഇടുകതവുയർകടൈതിറമിനോ!

ഭാഷ

ഇളമുലകാം മാറിൽ വളരുംതോറും, ക്ഷമയും അറിവുമുള്ള യോഗികളെക്കൂടി നിലതെറ്റിച്ച്, ഇടുങ്ങിയ മദ്ധ്യത്താൽ കുണുങ്ങിതപ്പെടുത്തുന്ന സുന്ദരിമാരേ! അവരും സന്തോഷിക്കുമാറ് മുൻവാതിലിന്റെ തഴുതുരണേ! (നിങ്ങാം ഭർത്താക്കന്മാരോടു സന്ധിക്കുന്നതിൽ ആ മുനിമാരും സന്തുഷ്ടരാവുമെന്നു ഭാവം)

മൂലം

23. ചുരികുഴൽഅചൈവുറ അചൈവുറത്
തുയിലെഴുംമയിലെനമയിലെനപ്
പരിപുര ഒലിയെഴഒലിയെഴപ്
പനിമൊഴിയവർ! കടൈതിറമിനോ!

ഭാഷ

ഉറങ്ങിയെഴുന്നേററുവരുന്ന മയിലുകാം എന്നു് കാണികാം പറയുമാറ്, ചുരുാംകൂന്തൽ ചാഞ്ചാടുംപടിയും പാദസരങ്ങാം കിലുങ്ങുമാറും അടിവച്ചടിവച്ചു വന്നു് ഹേ, കുളിർവാണിമാരേ ആ കതകൊന്നു തുറക്കണേ!

KOTTAYAM PUBLIC LIBRARY KOTTAYAM 61893.

മൂലം

24. കൂടിയ ഇൻകനവതനിലേ
കൊടൈ നരത്തുംകനൊടണൈവുറാതു
ഊടിയ നെഞ്ചിനൊടൂടുവീർ
ഉമതു നെടുങ്കടൈ തിറമിനോ!

ഭാഷ

മധുരക്കിനാവിൽ നിങ്ങളോടു ചേൎന്ന ദാനശീലനും നരോത്തമനുമായ ചോഴനൃപനെ പുൽകാതെ പിൻമാറിയ നിങ്ങളുടെ മനസ്സിനോടു പിണങ്ങുന്നവരേ! നിങ്ങളുടെ നെടുകവാടം തുറന്നാലും. (രാജഭാൎയ്യമാരോടു്)

മൂലം

25. വിടുമിൻ എങ്കൾ തുകിൽ! വിടുമിൻഎൻറു മനി
വെകുളിംമൻകുതലൈതുകിലിനൈപ്
പിടിമിൻ എൻറ പൊരുൾ വിളയനിൻറരുൾ
ചെയ്
പെടൈനലീർ! കടൈകൾ തിറമിനോ!

ഭാഷ

ഈൎഷ്യനടിച്ചു് മധുരക്കൊഞ്ചലോടെ ഞങ്ങളുടെ ആടയെ വിടൂ, വിടൂ എന്നു പറഞ്ഞു്, അങ്ങിനെതന്നെ "വീണ്ടും പിടിക്കുക" എന്നു ധ്വനിക്കുംപടി, മാറാതെ വിലസി നിൽക്കുന്ന, കാന്തരിൽ കനിവൂരുന്ന അന്നപ്പിടമാരേ! വാതില്ലു തുറക്കുവിൻ.

26. എനതടങ്ക ഇനിവളവതും കൻഅരുൾ
എനമകിഴ്ന്തിരവുകനവിടൈത്
തനതടങ്കൾ മിചൈനകം നടന്തുകുറി
തടവുവീർ! കടൈകൾ തിറമിനോ!

---

25. വിളൈയനിൻറരുള - എന്നു് പാഠം

61893

ഭാഷ

ചോഴരിൽ മുന്തിയവന്റെ ആനുകൂല്യം മുഴുവനും ഇനി എനിക്കാണ് എന്നഭിമാനിച്ച് രാക്കിനാവിൽ തങ്ങളുടെ കൊങ്കകളിൽ സ്വയമേല്പിച്ച നഖക്ഷതങ്ങൾ തടവിനോക്കുന്നവരേ! വാതിൽ തുറന്നോളൂ!

മൂലം

27\. മുന്‌പവർ ഒത്തിലരായ്
മുറുവൽ കിളൈത്തലുമേ,
മുകിഴ്നകൈപെററം എന
മകിഴ്ന്നർ മണിത്തുവർവായ്
കനിപവളത്തരുകേ
വരുകലും മുത്തുതിരും
കയൽകൾ ഇരണ്ടുടൈയീർ
കടൈ തിറമിൻ തിറമിൻ!

ഭാഷ

ഭർത്താക്കന്മാരോടു പിണങ്ങി മാറിയിരിക്കാൻ ഞങ്ങളെപ്പോലെ ആരുമില്ലെന്നും, മന്ദഹസിച്ചിണങ്ങുന്നേരം മുല്ലമൊട്ടൊത്ത പല്ലുകൾ വിരിച്ച് മനോഹരമായി ചിരിക്കുവാനും ഞങ്ങളെപ്പോലെ ആരുമില്ലെന്നും നടിക്കുന്നവരും, കണവരുടെ ചെമ്മണിച്ചുണ്ടുകൾ തങ്ങളുടെ വാളവൊത്ത പവിഴവായോടു് ചേരുമ്പോൾ മുത്ത് (ആനന്ദാശ്രു) ഉതിർക്കുന്ന രണ്ടു മീനുകൾ (കണ്ണുകൾ) ഉള്ള സുന്ദരികളേ വാതിൽ തുറക്കുവിൻ, തുറക്കുവിൻ!

മൂലം

28\. ‘ഇത്തുയിൽ മെയ്ത്തുയിലേ’
എൻറു കുറിത്തിളൈഞോർ
‘ഇതു പുലവിക്കുമരുന്തെന
മനം വൈയ്ത്തടിയിൽ

28\. ഇളൈയോർ.

കൈത്തലം വൈത്തലുമേ
പൊയ്ത്തുയിൽക്രൂർനയനക്
കടൈത്തിറവാ മടവിർ!
കടൈത്തിറമിൻ തിറമിൻ!

ഭാഷ

"ഈ ഉറക്കം ശരിയായ ഉറക്കംതന്നെ" എന്നുറച്ച് തരുണരായ ഭത്താക്കന്മാർ നിങ്ങളുടെ കലഹനോപാററാൻ "ഇതാണം മരുന്നെ"ന്നു കരുതി നിങ്ങളുടെ പുടവയ്ക്കുള്ളിൽ കൈവെച്ചു തടവുമ്പോഠം പൊയ്യുറക്കം വിടാതെ കടാക്ഷിക്കുന്ന, കൺമൂനകളെ തുറക്കാത്ത മടവാരുകളേ! തുറക്കൂ, തുറക്കൂ!

മൂലം

29. ഇകൽ ഇഴന്തരചർതൊഴവരും പവനി
ഇരവുകന്തരുളുങ്കനവിനിൽ
പകൽ ഇഴന്ത നിറൈപെറ മുയൻറുമൊഴി
പതറുവീർ! കടൈകഠം തിറമിനോ!

ഭാഷ

ശത്രുരാജാക്കന്മാർ ഉശിരുകെട്ടു തന്നെ വണങ്ങിത്തൊഴമാറു തെരുവിലൂടെ വരുന്ന കുലോത്തുംഗൻെറ എഴുന്നള്ളത്തിനെ രാത്രി സ്വപ്നം കാണുമ്പോഠം, പകൽ തങ്ങഠക്കുണ്ടായിരുന്ന അടക്കംപാലിക്കാൻ ശ്രമിച്ച് വാക്കുഴഞ്ഞു് ഉറക്കപ്പിച്ചുപറയുന്ന സുന്ദരിമാരേ, വാതിൽ തുറക്കണേ.

മൂലം

30. മുത്തുവടഞ്ചേർ മുകിഴ് മുലൈമേൽ
മുയങ്കുങ്കൊഴുനർ മണിച്ചെവ്വായ്

---

30. ‚മണി' എന്നതിനു് വനൈ (ചായം തേച്ച) എന്നും പാഠം.

വൈത്ത പവളവടം പുനൈവീർ!
മണിപ്പൊർകപാടം തിറമിനോ!

ഭാഷ

മുത്തുമാലയണിഞ്ഞ പനങ്കായൊത്ത (താമരമൊട്ടെന്നും) കുചങ്ങളിൽ, പുണർന്ന കാമുകൻെറ കടിയേല്ക്കയാൽ അഴകുററ ചുവന്ന വടിവായ പവിഴമാലയും ധരിച്ചവരേ! സ്വർണ്ണമണിക്കവാടം തുറന്നാലും.

മൂലം

31. തൻകൊടൈ മാനതൻ മാർപുതോയ്
താതകി മാലൈയിൻമേൽ വിഴും
കൺകൊടുപോംവഴി തേടുവീർ!
കനകനെടുങ്കടൈ തിറമിനോ!

ഭാഷ

കരുണാശാലിയും ദാനശീലനുമായ മുതർകുലോത്തുംഗൻെറ തിരുമാർവിൽ ചാർത്തിയ അത്തിപ്പൂമാലയിന്മേൽ നോട്ടമിടുന്ന കണ്ണുകളാൽ, അദ്ദേഹം പോകുന്ന വഴിയെ നോക്കിനില്ക്കുന്നവരേ! നിങ്ങളുടെ പെരുംകനകവാതിൽ തുറക്കുവിൻ.

മൂലം

32. അഞ്ചിയേകയൽകെടക്കൂടലിൻ പൊരുതുചെൻ
റണികടൈക്കുഴൈപിലേവിഴവടത്തെറിതലാൽ
വഞ്ചിമാനതൻവിടുംപടൈയിനിർകൊടിയകൺ
മടനലീർ! ഇടുമണിക്കടൈ തിറന്തിടുമിനോ!

ഭാഷ

ശ്ലേഷാലങ്കാരം—1. പടയെപ്പററി: മീൻകൊടിയുള്ള പാണ്ടിയൻ ഭയന്നു തോറേറാടുമാറ് മധുരയിൽ ചെന്നു യുദ്ധംചെയ്തു് അവൻെറ സൈന്യം കുഴഞ്ഞു ചേറിൽ ചെന്നു വീഴുംവിധം

ഞെരുക്കിവിടുന്ന, വഞ്ചിപ്പൂമാലയണിഞ്ഞവൻ(ചോഴൻ) നയിച്ച സേനപോലെ കൊടിയ കണ്ണുകളുള്ള യുവതികളേ! താഴിട്ട വാതിൽ തുറന്നിടുവിൻ.

2. കണ്ണുകളെപ്പററി: കയൽമീനിനെ വെല്ലുന്ന നിങ്ങളുടെ കടക്കണ്ണുകൾ, കാമുകന്മാരൊത്തു ക്രീഡിയ്ക്കേ തമ്മിൽ പോരിട്ടു ഞെരുക്കി ചെല്ലുററ കാതിലകളിൽ ചെന്നു വീഴുമാറ് ഒളിവീശുന്നതിനാൽ, വഞ്ചിപ്പൂമാലയണിഞ്ഞ മുതർകുലോത്തുംഗൻ അയച്ച വേൽപടപോലെ, കൊടിയ കണ്ണുകളും താരുണ്യവുമുള്ള സുന്ദരിമാരേ! താഴിട്ട വാതിലുകൾ തുറന്നീടുവിൻ.

മൂലം

33. അവചമുററളംനെകത്തുയിൽനെകപ്പവളവായ്
അണിചിവപ്പറവിഴിക്കടൈ ചിവപ്പുറനിറൈക്
കവചമററിളനകൈക്കളിവരക്കളിവരും
കണവരൈപ്പുണരുവീർ! കടൈതിറന്തിടുമിനോ!

ഭാഷ

സംയോഗവേളയിൽ മനമിളകി, ആനന്ദപരവശരായി, ഉറക്കം വിട്ട് പവിഴവായിത(ചുണ്ട്)ളിൻെറ ചേലൊത്ത ചെന്നിറം നീങ്ങി, കടക്കണ്ണുകൾ ചുവന്ന്, ലജ്ജാമറ നീങ്ങി, ആഹ്ലാദച്ചിരിയിൽ രസിച്ച് സ്വന്ത ഭർത്താക്കന്മാരെ കെട്ടിപ്പുണരുന്നവരേ! കതവുകൾ തുറന്നിടുവിൻ.

മൂലം

34. കലവിക്കളിയിൻ മയക്കത്താർ
കലൈപോയകലക്കലൈമതിയിൻ
നിലവൈ തുകിലെൻറെൻറടുത്തുടപ്പീർ!
നീർ പൊർകപാടം തിറമിനോ!

---

33. തുയിൽ എന്നതു തുകിൽ എന്നു പാഠം.

ഭാഷ

പ്രേയാനൊത്തു രമിച്ചുണ്ടായ ആനന്ദമദക്കത്തിൽ അര യിൽനിന്നും ഉടയാട അഴിഞ്ഞുപോയതറിയാതെ, ശയ്യയിൽ പരന്ന വെണ്ണിലാവിനെ ആടയെന്നു കരുതി വാരിയുടുക്കാൻ ശ്രമിക്കുന്നവരേ! നെടിയ പൊൻകവാടം തുറക്കുവിൻ.

മൂലം

35. നിനവിനിൽചയതരൻ
പുണരവേ പെറിനും നീർ
നനവെന തെളിവുറാതത
നൈയും പഴൈയ അക്
കനവെനക്കുരുവീർ
തോഴി യാർ നകൈമുകം
കണ്ടപിൻതേറുവീർ;
കടൈ തിറന്തിടുമിനോ.

ഭാഷ

നിങ്ങളെ ഉണർന്നിരിക്കുമ്പോൾത്തന്നെ ചോഴൻ (ജയധരൻ) പുണ ർന്നിട്ടും അങ്ങിനെ ഉണ്ടായില്ലെന്നും ആ സംഗം മുൻസ്വപ്നമാ ണെന്നും പറയുമ്പോൾ ചേടിമാരുടെ ചിരിക്കുന്ന മുഖം കണ്ടിട്ട്, അതു് വാസ്തവം തന്നെയെന്നു് ബോദ്ധ്യപ്പെടുന്ന നാരിമാരേ, വാതിൽ തുറക്കുവിൻ.

മൂലം

36. മെയ്യേ കൊഴുനർ പിഴൈനലിയ
വേട്കൈനലിയ വിടിയളവും
പൊയ്യേ ഉറങ്കും മടനല്ലീർ!
പുനൈ പൊർകപാടം തിറമിനോ.

ഭാഷ

കാന്തന്മാരുടെ മുഷിച്ചിൽ നിങ്ങളെ വിഷാദിപ്പിച്ചാലും,

അങ്ങോട്ടുള്ള ആന്തരപ്രേമത്താൽ നിത്തരാം വ്യാകുലരുമാണു്. ആകയാൽ പുലരുംവരെ കള്ളനിദ്ര ചെയ്യുന്ന ഇളംപരുവമുള്ള സുന്ദരിമാരേ! പൊന്നണിവാതിൽ തുറപ്പിൻ!

മൂലം

37. പോക അമളി മയക്കത്തേ
പുലർന്തതറിയാദതെ കൊഴുനർ
ആകഅമളിമിചൈത്തുയിൽവീർ!
അമ്പൊർകപാടം തിറമിനോ.

ഭാഷ

ശയ്യയിൽ പ്രിയതമനോടൊത്തു് ആനന്ദമധു നുകന്നു് നേരം പുലന്നതേയറിയാതെ, കുണാവൻെറ വക്ഷസ്സായ കിടക്കയിൽ വാടി ഉറങ്ങുന്ന നതാംഗികളേ! അഴകിയ പൊൻവാതിൽ തുറക്കണേ!

മൂലം

38. ആളും കൊഴുനർ വരവുപാർത്ത്
തവർതം വരവു കാണാമൽ
താളും മനമും പുറമ്പാകച്
ചാത്തും കപാടം തിറമിനോ.

ഭാഷ

വാഴ്ത്തിപ്പുണരുന്ന ഭർത്താവിൻെറ ആഗമം കാത്തു കാത്തു്, അവസാനം മനസ്സും കാലും കുഴഞ്ഞു്, നിലവിട്ടു കൊട്ടിയടച്ച കവാടം തുറക്കുവിൻ.

മൂലം

39. ഉന്തിച്ചുഴിയിൽ മുളൈത്തെഴുന്ത
ഉരോമപ്പചുന്താം ഒൻറിൽ ഇരൺ

---

38. കൊഴുനൻ. അവർതം--അവൻതൻ പാഠം.

ടന്തിക്കമെലം കൊട്ടവരുവീർ
അമ്പൊർകപാടം തിറമിനോ.

ഭാഷ

പൊക്കിൾക്കുഴിയിൽ മുളച്ചുപൊന്തിയ രോമാളിത്തണ്ടിൽ തിരണ്ടുരുണ്ട രണ്ടന്തിത്താർമൊട്ടുകളുമേന്തി വരുന്നവരേ, ഭംഗിയുള്ള പൊൻവാതിൽ തുറക്കണേ!

മൂലം

40. മീനംപുകകൊടിമീനവർ വിഴിയമ്പുക ഓടിക്
കാനംപുകവേളംപുകമടവീർ കടൈതിറമീൻ

ഭാഷ

മത്സ്യക്കൊടിയുള്ള പാണ്ഡ്യർ അവരുടെ കണ്ണുകളിൽനിന്നും വെള്ളമൊഴുക്കിക്കൊണ്ട് തോറ്റോടി കാട്ടുപൂകുന്നതിനാൽ വേള†ത്തിൽ പാക്കുന്ന സ്ത്രീകളേ കതകു തുറക്കുക

മൂലം

41. അലൈനാട്ടിയ പുനൽനാട്ടടൈ
അപയർകിട്ടതിറൈയാം
മലൈനാടിയർ തുളുനാടിയർ
മനൈയിർ കടൈതിറമിൻ.

ഭാഷ

തിരതല്ലുന്ന നീർവളമുള്ള ചോഴനാട്ട് സ്വന്തമായ ചോഴന്, കപ്പമായിത്തീന്ന മലനാട്ടു മാനിനികളേ, തുളുനാട്ടു മാനിനികളേ വീടുകളുടെ കവാടങ്ങൾ തുറക്കുവിൻ.

---

† വേളം=അന്യനാടാക്രമിച്ചുമ്പോൾ കൈയിൽപ്പെടുന്ന നിരാശ്രയ സ്ത്രീകളെ ബലാൽ കൊണ്ടുവന്ന് ജയിച്ച മന്നവൻ തന്റെ കൊട്ടാരത്തിനടുത്തായി പാർപ്പിക്കുന്ന മാളിക.

മൂലം

42. വിലൈയിലാതവടം മുലൈയിലാട,വിഴി
കുഴൈയിലാട,വിഴൈ കണവർ തോൾ
മലൈയിലാടിവരും മയിൽകൾപോലവരും
മടനലീർ! കടൈകൾ തിറമിനോ.

ഭാഷ

അമൂല്യമായ രത്നമാല മുലമേൽ ഇഴഞ്ഞാടിയും, മിഴികൾ കാതണികളിൽ മുട്ടിയുരുമ്മിയും നിങ്ങളുടെ പ്രിയകണവരുടെ തോൾമലയെ തഴുകി അതിൽ കയറിയാടി മയിലുകൾപോലെ കുഴഞ്ഞുവരുന്ന മടവാരുകളേ, കതകു തുറക്കുവിൻ.

മൂലം

43. മഴലൈത്തിരുമൊഴിയിൽ
ചില വടുകും ചില തമിഴും
കുഴറിത്തരുകരുനാടിയർ!
കുറുകിക്കടൈ തിറമിൻ.

ഭാഷ

ഇമ്പമുള്ള കൊഞ്ചലോടെ ചില തെലുങ്കു വാക്കുകളേയും ചില തമിഴ് വാക്കുകളേയും കൂട്ടിക്കുഴച്ചു പറയുന്ന കന്നടക്കാരികളേ, വേഗം വാതിൽ തുറക്കുവിൻ.

മൂലം

44. തഴവും കൊഴുനർ പിഴൈനലിയത്
'തഴവേൽ' എന്നത്തഴുവിയ കൈ
വഴുവലുടനേ മയങ്കിടുവീർ
മണിപ്പൊർകപാടം തിറമിനോ.

---

43. പാഠം പലവടുകു.

ഭാഷ

തലോടുന്ന കാന്തൻെറ കുററം പറഞ്ഞു് "വേണ്ട, തഴുകേണ്ട" എന്നു പരിഭവിക്കുമ്പോഠം, ആ പുണന്ന കൈ മാററിയാൽ പെട്ടെന്നു് ആലസ്യപ്പെടുന്ന സുന്ദരികളേ, പൊൻമണിവാതിൽ തുറക്കുവിൻ!

മൂലം

45. വേകം വിളൈയവരും കൊഴുനർ
വിഴികഠം ചിവന്തപടി നോക്കിപ്
പോകം വിളൈയനമൈക ചെയ്‌വീർ
പുനൈപൊർകപാടം തിറമിനോ.

ഭാഷ

നിങ്ങളിൽ ആർത്തിപൂണ്ടു പാഞ്ഞുവരുന്ന പ്രിയൻെറ ചുവന്ന കണ്ണുകഠം കണ്ടയുടൻ, അവക്കു തൃപ്തിവരുമാറു് ചിരിച്ചണയുന്ന കാമിനികളേ, അലങ്കരിച്ച പൊൻവാതിൽ തുറക്കുവിൻ!

മൂലം

46. ചൊരുകുകൊന്തളകം ഒരുകൈമേൽ അലൈയ
ഒരുകൈക്കീഴ് അലൈചെ തുകിലൊടേ
തിരുഅനന്തലിനും മുകമലർന്തുവരു
തെരിവൈമീർ കടൈകഠം തിറമിനോ.

ഭാഷ

പൂക്കളണിഞ്ഞ പുരികുന്തൽ ഒരു കൈയാൽ താങ്ങിപ്പിടിച്ചും, മറുകയ്യാൽ മാറിലലയുന്ന പൂവാടയെ താങ്ങിയും, ഉറക്കത്തിലും സന്തോഷത്താൽ വികസിച്ച മുഖമുള്ള മാനിനിമാരേ, വാതിൽ തുറക്കു.

---

45. വിഴികഠം—പാഠം മേനി.

46. മുകമലർന്തുവരു—മകമലർന്തരുളും.

മൂലം

47. മുലൈമീതുകൊഴ്നർ കൈന്നകംമേവുകുറിയൈ
മുൻചെൽവമില്ലാതവർ പെററപൊരുൾപോൽ
കലൈനീവിയരേന്നം ഇല്ലായിടത്തേ
കണ്ണുററു നെഞ്ചം കളിപ്പീർകൾ തിറമിൻ

ഭാഷ

കൊങ്കകളിൽ വല്ലഭരുടെ കൈനഖങ്ങളേല്പിച്ച പാടുകളെ മുമ്പു സ്വത്തില്ലാത്തവന്ന് കിട്ടിയ നിധിപോലെ, ആരുമില്ലാത്തപ്പോൾ മാർക്കച്ചനീക്കി അതിൽത്തന്നെ ഉററുനോക്കി മനോല്ലാസം കൊള്ളുന്നവരേ! വാതിൽ തുറക്കുവിൻ.

മൂലം

48. കടലിൽവിടമെന അമുതെനമതനവേൾ
കരുതിവഴി പടുപടൈയൊടു കരുതുവാർ
ഉടലിനുയിരൈയും ഉണർവൈയും നടുവുപോയ്
ഉരുവും മതർവിഴി ഉടൈയവർ തിറമിനോ.

ഭാഷ

കടലിലെ വിഷംപോലെയും (കാകോളം), അമൃതം പോലെയും, മന്മഥൻെറ വിളികേട്ട മഹാസായകം പോലെയും കരുതിവരുന്ന നിങ്ങളുടെ ഭർത്താക്കന്മാരുടെ മെയ്യുയിരിനേയും, ഉണർവ്വിനേയും നടുവേ തുളച്ചുകേറുന്ന ദൃഢവീക്ഷണമുള്ള സ്ത്രീകളേ, തുറക്കുവിൻ!

മൂലം

49. മുവൽമാലൈയൊടു തരളമാലൈമുക
മലരിൻമീതും മുലൈമുകിഴിനും
ചിറുനിലാവുമതിൽമികനിലാവുമെന
വരുനലീർ! കടൈകൾ തിറമിനോ.

---

47. നിധിപോൽ.

ഭാഷ

മുഖത്താമരമലരിലെ മന്ദഹാസമാധുര്യം ഇളംനിലാവൊളിയേയും, മുലകളായ പനങ്കുരിക്കുകളിലെ മുത്തുമാലകളുടെ പ്രഭത്തിലുമേറെ നിലാവൊളിയേയും വെല്ലുമെന്നു് പറയുമാറു് വിഹരിക്കുന്ന സുന്ദരിമാരെ, കവാടങ്ങൾ തുറക്കിൻ.

മൂലം

50. മുരുകിൽ ചിവന്ത കഴുനീരും
മുതിരാഇളൈഞർ ആരുയിരും
തിരുകിച്ചെരുകും കുഴൽ മടവീർ!
ചെമ്പൊർകപാടം തിറമിനോ.

ഭാഷ

തേനൂറുന്ന ചെങ്കഴനീർ പൂക്കളേയും പ്രായപൂർത്തിയെത്താത്ത കുമാരന്മാരുടെ നല്ല ജീവനേയും മുറുക്കിത്തിരുകിയ കുന്തൽക്കെട്ടുള്ള വിലാസിനിമാരേ, തങ്കവാതിൽ തുറക്കുവിൻ.

മൂലം

51. മെയ്യിൽഅണൈത്തുരുകി-
പ്പൈയ്യ അകൻറവർതാം
മീൾവർ എനക്കരുതിക്കൂടൽ
വിളൈത്തറവേ
കൈയിൽ അണൈത്ത മണൽ
കൺപനിചോർ പുനലിൽ
കരൈയ വിഴന്തഴവീർ!
കടൈ തിറമിൻ തിറമിൻ.

ഭാഷ

നാടുവിടാൻ നേരത്തു് നിങ്ങളെ മാറോടണച്ചുള്ളുരുകി, പതുക്കെ നിങ്ങളെ വിട്ടകന്ന ഭർത്താക്കന്മാർ പറഞ്ഞ ദിവസം തന്നെ തിരിച്ചുവരുമെന്നോർത്തു് "മണലിൽ കൂടൽവിളൈത്തൽ"

വരച്ച്, കയ്യിൽ പുരണ്ട മണൽ കണ്ണീരിൽ കുതിന്ന് ഇററിററ വീഴുംവണ്ണം കരഞ്ഞവരേ! തുറക്കുവിൻ, വാതിൽ തുറക്കുവിൻ.

മൂലം

52. ചെരുവിളനീർപ്പടവെമ്മുലൈച്
ചെവ്വിളനീർ പട്ടചേയരിക്
കരുവിളനീർപ്പട ഊട്ടവീർ
കനകനെട്ടങ്കടൈ തിറമിനോ.

ഭാഷ

രതിക്രീഡയ്ക്കുത്സാഹം കൂട്ടുന്ന പോർമുലച്ചെങ്കരിക്കുകളുടെ മാർദ്ദവവും ചന്തവും കെട്ടമാറും, ചുവന്ന വരകളുള്ള കരിങ്കുവളപ്പൂങ്കണ്ണുകളിൽ നീർ വീഴുന്ന കണവരോടു പിണങ്ങാറുള്ളവരേ, കനകനെട്ടംവാതിൽ തുറക്കുവിൻ.

മൂലം

53. അളകപാരമ്മിഴൈ അഴൈയമേകലൈകൾ
അവിഴ ആപരണം ഇവൈയെലാം
ഇളകമാമുലൈകൾ ഇന്നൈയറാമൽ വരും
ഇയൽനലീർ! കടൈകൾ തിറമിനോ.

ഭാഷ

കുന്തളഭാരം അഴിഞ്ഞുലഞ്ഞാലും, ഇടുപ്പിലെ ഒഡ്യാണം (മേഖല) അഴഞ്ഞിടിഞ്ഞാലും, ഇവയോടൊപ്പം മററു മെയ്യല

51. കൂടൽവിളൈത്തൽ=വിരഹിണികൾ തറയിൽ വട്ടംവരച്ച് നെടുകേയുംകുറുകേയും കുറെ വരയിടുന്നു. ഇവയിലെ കള്ളികൾ എണ്ണുമ്പോൾ ഇരട്ടവന്നാൽ ഭർത്താവു മടങ്ങിവരുമെന്നും ഒററവന്നാൽ വരില്ലെന്നും വിശ്വാസം. ഇതത്രേ കൂടൽ വിളൈത്തൽ.

കൂടൽ=മേൽപറഞ്ഞ വിധം കണ്ണടച്ച് മണ്ണിൽ വട്ടം വരയ്ക്കുന്നതത്രേ കൂടൽ. ഈ വരകളുടെ അററങ്ങൾ മുട്ടിച്ചേർന്നാൽ മടങ്ങിവരുമെന്നും, ഇല്ലെങ്കിൽ വരില്ലെന്നും വിശ്വാസം.

കാരങ്ങൾ ഉലഞ്ഞാലും, ഒരു കോട്ടവുമേശാതെ ഇണക്കമുള്ള വലിയ കുചങ്ങളെ താങ്ങുന്ന സുശീലകളേ, വാതില്പുകൾ തുറന്നാലും!

മൂലം

54. മതുരമാന മൊഴി പതറ,വാൾവിഴിചി
വപ്പ,വായിതൾ വെളുപ്പവേ
അതരപാനംമതുപാനമാക അറി
വഴിയും മാതർ, കടൈ തിറമിനോ.

ഭാഷ

മധുരമായ ഒച്ച പതറിയും, വാൾത്തുമ്പൊത്ത കൺമുന ചുവന്നും ചൊട്ടി വിളർത്തും, കാന്താധരങ്ങൾ കുടിക്കുന്നതിനാൽ മധുപാനത്തിലെപ്പോലെ വെളിവു കെടുന്ന നതാംഗിമാരേ! വാതിൽ തുറക്കുവിൻ.

മൂലം

55. തങ്കകൺ വേൽചെയ്ത പുൺകളൈത്
തടമുലൈ വേതുകൊണ്ടൊററിയും
ചെങ്കനിവായ് മരുന്തൂട്ടവീർ!
ചെമ്പൊന്നെടുങ്കടൈ തിറമിനോ.

ഭാഷ

ചെന്നു തറയ്ക്കുന്ന കടക്കൺവേലുകളേല്പിച്ച വ്രണങ്ങളെ തടമുലച്ചൂടാലൊപ്പിയും കോവൽപ്പഴം പോലുള്ള വായിൽനിന്നു വന്ന അമൃതിനെ (മരുന്നു്) ഊട്ടുകയും ചെയ്യുന്നവരേ, തങ്കനെടുംകവാടം തുറക്കുവിൻ.

ഭാഷ

56. പൊരുങ്കൺവേൽഇളൈഞർ മാർപിൽ ഉഴട്ടരുവു
പുൺകൾതീര ഇരുകൊങ്കൈയിൽ

54. മതുപാനമാകി. 55. വേതുകൊണ്ടൊത്തി

കുരുങ്കൺവേതുപട ഒററിമെൻകൈകൊട്ടു
കട്ടമാതര്! കടൈ തിറമിനോ!

ഭാഷ

ഒന്നിനോടൊന്നെതിർക്കുന്ന കൺമുനവേലുകൾ യുവകാമുകന്മാരുടെ മാറിൽ തറഞ്ഞുണ്ടായ വ്രണങ്ങളെ കറുത്ത കസ്തൂകളുള്ള കുചാദ്രയങ്ങളാൽ ആവിപിടിച്ച്, ചന്തമേലുന്ന കൈകളാൽ തഴുകിക്കൊടുക്കുന്ന മനോഹരികളേ! വാതിൽ തുറക്കുവിൻ.

മൂലം

57. ഇടൈയിൻ നിലൈയരിതു! ഇറമിറംഎനവെഴാ
എമതുപുകലിടം ഇനിയിലൈ എനവിഴാ
അടൈയമതുകരം എഴുവതു വിഴുവതാം
അളകവനിതൈയർ! അണികടൈ തിറമിനോ.

ഭാഷ

ഇതുകളിടുങ്ങിയ ഈ അരക്കെട്ടിൽ രക്ഷയില്ല, "ഇതൊടിഞ്ഞു വീഴും ഒടിഞ്ഞുവീഴും" എന്നു മുരളുന്ന വണ്ടുകൾ മുകളിലേക്കു പറന്നും മേലുലച്ചും പിന്നേയും ഉയന്നും ഇങ്ങനെ കളിക്കുന്ന വണ്ടണിയെ ഏന്തുന്ന കൂന്തൽക്കെട്ടുള്ള വനിതകളേ, ഭംഗിപിടിപ്പിച്ച കതകു തുറക്കുവിൻ.

മൂലം

58. ഉപയതനംഅചൈയിൽഓടിയുംഇടൈ,നടൈയൈ
ഒഴിയും ഒഴിയുമെന ഒൺചിലംപു
അപയമപയമെന അലറനടൈപയിലും
അരിവൈമീർ! കടൈകൾ തിറമിനോ!

ഭാഷ

ഈ വന്മുലകൾ രണ്ടും ഇങ്ങിനെ ആടിത്തുളമ്പിയാൽ നിങ്ങളുടെ നടുവൊടിഞ്ഞുപോകും. നടക്കല്ലേ, നടക്കല്ലേ

57. മണികൾ,ടൈ

എന്നും, അഭയം അഭയം എന്നും അലറിപ്പറയുംപോലെ, മിന്നുന്ന ചിലമ്പുകൾ കലമ്പുമാറ് പതേ പതേ നടക്കുന്ന തരുണിമാരേ, വാതിലുകൾ തുറക്കു.

മൂലം

59. പൂവിരി മതുകരം നകരവും
പൊരുകയൽ ഇരുകരൈ പുരളവും
കാവിരി എനവരും മടനലിർ!
കനകനെടുങ്കടൈ തിറമിനോ!

ഭാഷ

ശ്ലേഷം–1. സ്ത്രീ:

വിടൎന്ന പുഷ്പങ്ങളിലെ മധു കൈകളാൽ നുകർന്നും, ഇടയുന്ന കയൽമീൻമിഴികൾ രണ്ടും പോളകളായ ഇരുകരകൾക്കിടയിൽ കിടന്നു പിടഞ്ഞും കാവേരിപോലെ ഇളകിവരുന്ന സുകുമാരിമാരേ! വലിയ കനകകവാടങ്ങൾ തുറന്നാലും.

2. കാവേരിനദി:

വിരിഞ്ഞ പൂക്കളിലെ തേൻ മധുപങ്ങൾ കുടിക്കുമാറും, ചാടിവീഴുന്ന കന്നൽമീനുകൾ രണ്ടു തീരങ്ങളിലും പിടയ്ക്കുമാറും കാവേരിനദിപോലെ വരുന്ന തരുണിമാരേ, കനകവാതിലുകൾ തുറന്നാലും!

മൂലം

60. കളപവണ്ടൽ ഇടുകലശകൊങ്കൈകളിൽ
മതയെഴുന്തു കനൽചൊരിയുമെൻ
അളകപന്തിമിശൈ അളികൾ പന്തരിടും
അരിവൈമീർ! കംടൈകൾ തിറമിനോ!

ഭാഷ

ചന്ദനച്ചാറു പൂശുന്ന കൊങ്കക്കുടങ്ങളിൽ ചന്ദ്രൻ പൊങ്ങിവന്നു് കനൽ ചൊരിഞ്ഞാലോ എന്നോൎത്തു്, നെടുംകുന്തലിൽ വണ്ടുകൾ പന്തൽവിരിക്കുന്ന സുന്ദരികളേ! വാതിൽ തുറന്നോളു.

മൂലം

61. വായിൻ ചിവപ്പൈ വിഴിവാങ്ക
മലക്കൺവെളുപ്പൈ വായ്‌വാവാങ്കത്
തോയക്കലവി അമുതളിപ്പീർ!
തുങ്കക്കവാടം തിറമിനോ.

ഭാഷ

അധരങ്ങളിലെ ചുവപ്പ് കണ്ണുകളും, താർമിഴികളിലെ വെണ്മ അധരങ്ങളും കവന്ന് അലകടലൊത്ത കാമകലാരസം പ്രേയാന്മാൎക്കു നൽകുന്ന നല്ലാർകളേ, ഉയൎന്ന വാതിലുകൾ തുറക്കുവിൻ.

മൂലം

62. കൂട്ടം ഇളംപിറൈയിൽ കുരുവെയർമുത്തുരുളക്
കൊങ്കൈവടംപുരളച്ചെങ്കഴുനീർ അളക്ക
കാട്ടുകുലൈന്തലൈയ കൈവളൈ പൂചലിടക്
കലവിവിടാ മടവീർ! കടൈ തിറമിൻ തിറമിൻ.

ഭാഷ

അററങ്ങൾ കൂൎത്ത തൈത്തിങ്കൾ തുനെററിയിൽനിന്നും വേപ്പുമുത്തുകൾ ഉരുണ്ടുവീണും, സ്തനങ്ങളിൽ മണിമാലകൾ ഇഴഞ്ഞാടിയും, ചെങ്കുവം (ചെങ്ങഴിനീർ) പൂവണി മുടിക്കാട്ട് ഊന്നലഞ്ഞും, കൈവളകൾ ഒലികൂട്ടിയും (സീൽക്കാരം) പരിരംഭണം വിടാതെ മന്മഥപ്പോരിൽ മോചനം നല്കാത്ത വനിതമാരേ, വാതിൽ തുറക്കു, വേഗം തുറക്കു.

മൂലം

63. കാഞ്ചിയിരുക്ക കലിങ്കം കുലൈന്ത
കലവി മടവീർ! കഴൽച്ചെന്നി

---

62. കോട്ടം ഇളംപിറൈ=കലവിവിടാമകളിർ.

കാഞ്ചിയിരുക്ക കലിങ്കം കുലൈന്ത
കളപ്പോർപാടത്തിറമിനോ.

ഭാഷ

അരയിലെ കാഞ്ചി(അരപ്പട്ട)യിരിക്കേത്തന്നെ ചേല (കലിങ്കം)യൂർന്നൂറി ക്രീഡിക്കുന്ന കലാകോവിദകളേ, വീരത്തളകളണിഞ്ഞ ചേവടിയുള്ള ചോഴൻ, കാഞ്ചീപുരത്തിൽ കലിംഗ നാട്ടു മുടിച്ച പോർക്കളത്തിൽ നടന്ന യുദ്ധത്തെ ഞാൻ പാടിത്തരാം, തുറന്നാലും. (യമകം)

മൂലം

64. ഇലങ്കൈ എറിന്ത കരുണാകരൻതൻ
ഇകൽവെഞ്ചിലൈയിൻ വലികേട്ട്പീർ
കലിങ്കമെറിന്ത കരുണാകരൻതൻ
കളപ്പോർ പാടതിറമിനോ.

ഭാഷ

ലങ്ക പിടിച്ച കാരുണ്യശാലിയുടെ വിൽക്കരുത്തിനെപ്പററി കേട്ടിട്ടുള്ള വീരാംഗനകളേ, കലിംഗം പിടിച്ചടക്കിയ കരുണാകരത്തൊണ്ടൈമാൻെറ യുദ്ധപരാക്രമത്തെ കീത്തിച്ച് ഞാൻ പാടാം, തുറക്കുവിൻ.

മൂലം

65. പേണം കൊഴുനർ പിഴൈകളെലാം
പിരിന്ത പൊഴുതു നിനൈന്തവരൈക്
കാണുമ്പൊഴുതു മറന്തിരുപ്പീർ!
കനപ്പൊർകപാടം തിറമിനോ.

ഭാഷ

പ്രിയതമന്മാരുടെ കുററങ്ങളെല്ലാം വിയോഗകാലത്ത് ഓത്ത് ദുഃഖിക്കുകയും അവരെ കാണുമ്പോഠം അവയെല്ലാം വിസ്മരിക്കുകയും ചെയ്യുന്നവരേ, കട്ടിവാതിൽ തുറന്നോളു.

മൂലം

66. വാചമാർ മുലൈകൾ മാർപിലാട, മത്തു
മാലൈ താഴ്കുഴലിൽ വണ്ടെഴുന്ന്
തുചലാട, വിഴിപൂചലാട, ഉറ
വാട്ടവീർ! കടൈകൾ തിറമിനോ.

ഭാഷ

വാസനക്കൂട്ടു പൂശിയ മാർവ്വിൽ സ്തനങ്ങൾ തേഞ്ഞിത്തുളുമ്പിയും തേനൊലിപ്പൂക്കളണിഞ്ഞ വാർകുഴലിൽ അളികൾ ഊയലാടിയും, കൺകടകൾ ഒന്നോടൊന്നു ഞെരുങ്ങിയും മന്മഥകേളിയിൽ ഉള്ളുറഞ്ഞുരുളുന്നവരേ, വാതിൽ തുറക്കുവിൻ.

മൂലം

67. നേയക്കലൈവി മയക്കത്തേ
നികഴ്ന്ത മൊഴിയൈക്കിളിയുരൈപ്പ
വായൈപ്പൊതൈക്കു മടനല്ലീർ!
മണിപ്പൊർകപാടം തിറമിനോ.

ഭാഷ

സ്നേഹാവേശപൂർവ്വമുള്ള മാരക്രീഡാമയക്കത്തിൽ നിങ്ങൾ മൊഴിഞ്ഞ വിടുവാക്കുകളെ തത്ത എടുത്തുപറയുമ്പോൾ, അവയുടെ വാപൊത്തിപ്പിടിക്കുന്ന തരുണികളേ, രത്നങ്ങൾ പതിച്ച പൊൻകവാടം തുറക്കുവിൻ.

മൂലം

68. പൊങ്കുമതിക്കേതിനം നടുങ്കിപ്
പുകുന്ത അരൈയൈ നിലവരൈയെൻ
കുമിരുക്ക പയപ്പട്ടവീർ!
അമ്പൊർകപാടം തിറമിനോ.

---

66. വണ്ടുചൂഴ്ന്നു, ഉറവാട്ടമാതർ.

ഭാഷ

ഓരോ ദിവസവും നിറച്ചന്ദ്രനെക്കണ്ടു് നട്ടങ്ങിച്ചെന്നു കയറിയ ശയ്യാഗൃഹത്തെ, കാരാഗൃഹമെന്നു തോന്നി അവിടെയും ഇരിക്കാൻ പേടിക്കുന്നവരേ, ചന്തത്തിൽ പൊന്നണിഞ്ഞ കവാടം തുറക്കണേ.

മൂലം

69. വരുവാർ കൊഴുനർ എനത്തിറന്തും
വാരാർകൊഴുനർ എന അടൈത്തും
തിരുകും കുട്ടമിവിടിയളവും
തേയുംകപാടം തിറമിനോ.

ഭാഷ

കാന്തൻ വരും എന്നാശിച്ചു് തുറന്നും, വരില്ലാ എന്നുവച്ചു് അടച്ചും വെളപ്പാൻകാലംവരെ പലവട്ടം അടച്ചും തുറന്നും ചുഴികുററി തേയുന്ന കവാടത്തെ തുറന്നാലും.

മൂലം

70. ഊട്ടുവീർ; കൊഴുനർതങ്കൾ പാൽമുനിവൊ
ഴിന്തു ക്രൂട്ടതലിൻ ഉങ്കളൈത്
തേട്ടവീർ; കടൈകൾ തിറമിനോ! ഇനിയ
തെരിവൈമീർ! കടൈകൾ തിറമിനോ.

ഭാഷ

ഭർത്താവിനോടു പിണങ്ങി മിണ്ടാതിരുന്നശേഷം, ആ പിണക്കം മാറി ഇണങ്ങിക്കഴിയുന്നേരം ആ പിണങ്ങിയ നിങ്ങളെ സ്വയം അന്വേഷിക്കുന്നവരേ, കുതകു തുറക്കുക. മധുരാംഗികളേ, കതകു തുറക്കുക.

മൂലം

61. പൺപടുകിളവിയൈ അമുതന
പ്പരവിയകൊഴുനനൈനെറിചെയ

KOTTAYAM PUBLIC LIBRARY KOTTAYAM.

ക്കൺകൊട്ടകൊലൈചെയ്യ അരുളുവീർ!
കനകനെടുംകടൈ തിറമിനോ.

ഭാഷ

രാഗാലാപം പോലുള്ള നിങ്ങളുടെ മധുരവചസ്സുകളെ അമൃതെന്നു പുകഴ്ത്തിപ്പറയുന്ന ഭർത്താവിനെ വാരിപ്പുൽകിപ്പിടിച്ചു കൺകടകളാൽ കൊട്ടുംകൊല ചെയ്യുന്ന പ്രമദകളേ, കനകകവാടം തുറക്കുവിൻ

മൂലം

72. പിഴൈനിനൈന്തുരുകി അണൈവുറാ മകിഴ്നർ
പിരിതൽ അഞ്ചിവിട്ട കൺകലുനീർ
മഴൈതതുമ്പവിരൽ തറൈയിലേ എഴുതും
മടനലീർ! കടൈകൾ തിറമിനോ!

ഭാഷ

തങ്ങളോടൊന്നിച്ചു വസിക്കാതെ, കാന്തൻ പിരിഞ്ഞുപോകുന്നതിനെപ്പററി വ്യസനിച്ചു് വേർപാടിലെ തെററിനെ ഓർത്തു മനം തളന്നു് കണ്ണീർമഴ ചൊരിഞ്ഞു് കാൽവിരലാൽ തറയിലെഴുതുന്ന സുന്ദരികളേ, വാതിലുകൾ തുറക്കുവിൻ.

മൂലം

73. നക്കാഞ്ചിക്കും വടമലൈക്കും
നടുവിൽ-വെളിക്കേ വേടനൈവിട്ടു
അക്കാനത്തേ ഉയിർ പറിപ്പീർ
അമ്പൊർകപാടം തിറമിനോ.

ഭാഷ

ശ്ലേഷം 1. സേനാനായകനായ കരുണാകരനെപ്പററി: നല്ല കാഞ്ചീപുരത്തിനും വടമല (വേങ്കടം) യ്ക്കും നടുവിൽ ഉള്ള ചോഴനാടിനും പുറത്തു് കലിങ്കനാട്ടിലെ ആ കാട്ടിനടുത്തു്, ശൂന്യമായ പോക്കളത്തിൽ വേട്ടക്കാരനെപ്പോലുള്ളവനെ (മന്ത്രി

കരുണാകരനെ) അയച്ച് ഉയിർ പറിക്കുന്നവരേ, ഭംഗിയുള്ള കവാടം തുറക്കുവിൻ.

2. മന്മഥനെപ്പററി: നല്ല കാഞ്ചിയെന്ന ജഘനാഭരണത്തിനും, മാല ചാർന്ന മലക്കൊങ്കകൾക്കിടയ്ക്കുമുള്ള നഗ്നമായ അരക്കെട്ടിന്റെ അഴകിനാലും വാസനിക്കുന്ന കുന്നെതിർക്കൊങ്കകളുടെ ചന്തത്താലും മന്മഥനെവിട്ടുയിർകവരുന്ന പെണ്ണുങ്ങളേ..

മൂലം

74. ചെക്കച്ചിവന്ത കഴനീരും
 ചെകത്തിലിളൈഞർ ആരുയിരും
 ഒക്കച്ചെരുകും കുഴൽമടവീർ
 ഉംപൊർകപാടം തിറമിനോ.

ഭാഷ

ചെഞ്ചുവപ്പാർന്ന ചെങ്ങഴിനീർപ്പൂക്കളേയും, ചെറുപ്പക്കാരായ കാമുകരുടെ പച്ചപ്രാണനേയും ഇഹത്തിൽ ഒന്നിച്ചു വച്ചുതിരുകുന്ന വാർമുടികെട്ടുള്ള മടവാരുകളേ, നിങ്ങളുടെ പൊന്നണിവാതിൽ തുറന്നാലും.

[വാതിൽ തുറപ്പു തീർന്നു.]

മൂന്നാം പടലം: കാടു പാടിയതു് – വനവർണ്ണനം

കാടു് എന്നാൽ പാലൈനിലം എന്നാണ് സങ്കല്പം. കാടിനു് ചുടുകാടു് എന്നും അർത്ഥം വരും. അതിനാൽ കാടു പാടിയതു്, എന്നാൽ (ഭദ്രകാളിയിരിക്കുന്ന) ചുടുകാടിനെക്കുറിച്ചുള്ള വർണ്ണനയാകുന്നു. വൃക്ഷങ്ങൾ, മൃഗങ്ങൾ, പറവകൾ എന്നിവയേയും പാലൈപ്പാട്ടുകൾക്ക ഇണങ്ങുംവിധം ഇതിൽ വർണ്ണിച്ചിരിക്കുന്നു. പാലനിലത്തിലെ കൊടും ചൂടിനേയും വരൾച്ചയേയും കഷ്ടജീവിതത്തേയും ഇതിൽ പ്രതിപാദിക്കുന്നു. പാലനിലദേവത വനദുർഗ്ഗ.

മൂലം

75. കളപ്പോർ വിളൈന്ത കലിങ്കത്തു
കലിങ്കർ നിണക്കൂഴ്കളപ്പേയിൻ
ഉളപ്പോർ ഇരണ്ടു നിറൈവിത്താൾ
ഉറൈയും കാടു പ ടുവാം.

ഭാഷ

യുദ്ധംനടന്ന കലിംഗനാട്ടിലെ പോർക്കളത്തിൽ മരിച്ച കലിംഗവീരരുടെ മാംസക്കുഴമ്പിനെ, വിശന്നു തളൎന്ന പിശാചുക്കളുടെ പള്ളനിറയെ നൽകിയവളായ കാളീദേവി വസിക്കുന്ന പാലനിലത്തെക്കുറിച്ചു പാടാം.

മൂലം

76. പൊരിന്തകാരൈ, കരിന്ത ചൂരൈ,
പുകൈന്ത വീരൈ, എരിന്ത വേയ്
ഉരിന്ത പാരൈ, എരിന്ത പാലൈ,
ഉലർന്ത ഓമൈ കലന്തവേ!

ഭാഷ

പൊരിഞ്ഞ കാരകളും, കരിഞ്ഞ ചൂരല്വകളും, പുകഞ്ഞെരിഞ്ഞ വീരമരങ്ങളും, തീപിടിച്ചെരിഞ്ഞ മുളകളും, പട്ടയുരിഞ്ഞ പാരമരങ്ങളും, ഉണങ്ങിയ ഓമകളും ആ പാലനിലത്തു കൂടിക്കലൎന്നുകാണാം.

മൂലം

77. ഉതിർന്ത വെള്ളിൽ, ഉണങ്കുനെല്ലി,
ഒടുങ്കുതുള്ളി, ഉലർന്ത വേൽ
പിതിർന്ത മുള്ളി, ചിതൈന്ത വള്ളി
പിളന്ത കള്ളി പരന്തവേ.

---

76. എരിന്തവേയ് പൊരിന്തവേൽ. (പാഠാന്തരം)

ഭാഷ

കനികളതിന്ന പ്ലാവുകളും, ഉണങ്ങിയ നെല്ലികളും, പിളുങ്ങിയ തുള്ളിച്ചെടികളും, ഉണങ്ങിയ വേലമരങ്ങളും, പിളന്ന മൂംചെടികളും ചതഞ്ഞ ലതകളും, പിളന്ന കള്ളിച്ചെടികളും അവിടെ ചിതറിക്കാണാം.

മൂലം

77. വററൽവാകൈ, വറന്ത കൂകൈ,
മടിന്ത തേറു, പൊടിന്ത വേൽ
മുററൽ ഈരൈ, മുളിന്ത വിണ്ടു,
മുനിന്ത പുൻക നിരൈന്തവേ.

ഭാഷ

ഉണങ്ങിവരണ്ട വാകമരങ്ങളും, മൊരിഞ്ഞ കൂകക്കൊടികളും ഉണങ്ങിയ തേററാമരങ്ങളും, ചതഞ്ഞ വേളക്കൊടികളും, വാടിയ ഇണ്ടക്കൊടികളും, മൂംചെടികളും, മുറിഞ്ഞ പൊങ്ങുതടികളും നിരക്കേ കാണാം.

മൂലം

78. തീയഅക്കൊടിയ കാനകത്തരൈ തി–
റന്തവായ് തൊറും നൈഴന്തുതൻ
ചായൈപുക്ക വഴിയാതെനപ്പരിതി
തൻ കരങ്ക്കൊട്ടുതിളൈക്കുമേ.

ഭാഷ

ചുട്ടുപഴുത്ത ആ കൊടുംവനത്തിൽ നിലം പിളന്ന പാട്ടുകളെല്ലാം സൂൎയ്യൻ തൻെറ ഭാൎയ്യയായ ഛായാദേവി ഒളിച്ചിരിക്കുന്ന സ്ഥലമേതെന്നു്, തൻെറ കരങ്ങാം കടത്തി തപ്പിയതുപോലെ തോന്നുന്നു.

മൂലം

80. ആട്ടകിൻറ ചിറൈ വെമ്പരുന്തിൻ നിഴൽ
അഞ്ചിയക്കാട്ടുവനത്തൈ വിട്ടു

ഓട്ടകിൻറ നിഴൽകൾ; നിർകും നിഴൽ
ഓരിടത്തും ഉള അല്ലവേ.

ഭാഷ

ലാവിപ്പറക്കുന്ന വെമ്പരുന്തിൻെറ ആടിനീങ്ങുന്ന നിഴൽ ആ വനത്തെ ഭയന്നു് ഓടുന്ന നിഴൽപോലെ തോന്നും. അവിടെ സ്ഥിരമായി നില്ക്കുന്ന നിഴൽ ഒരിടത്തും കാണാനൊക്കില്ല.

മൂലം

81\. ആതവം പരുകും എൻറു നിൻറ നിഴൽ
അങ്കുനിൻറു കുടിപോനത
പ്പാതവം പുനൽപെറാതുണങ്കുവന
പരുകും നമ്മൈ എന വെരുവിയേ.

ഭാഷ

തീവെയിൽ തിന്നുകളഞ്ഞെങ്കിലോ എന്നോർത്തു മരച്ചോട്ടിൽ പതുങ്ങിയ നിഴൽ നീർമയമില്ലാതുണങ്ങുന്ന വൃക്ഷം തങ്ങളെ തിന്നെങ്കിലോ എന്നു ഭയന്നു് അവിടന്നകന്നു നീങ്ങി.

79\. സൂര്യൻ ഛായാദേവിയെ അന്വേഷിച്ചുനടന്ന പുരാണപ്രസ്താവന.

സൂര്യൻെറ ഭാര്യയായ സംജ്ഞ ഉഷ്ണം സഹിയാതെ കണ്ണുപൊത്തിയപ്പോൾ സൂര്യൻ കോപിച്ചു് "നിൻെറ വയററിൽ സർവ്വപേരും ഭയപ്പെടുന്ന ഒരു പുത്രൻ ഉണ്ടാവട്ടെ" എന്നു് ശപിച്ചു. അങ്ങിനെ ജനിച്ചതാണ് യമൻ. യമനെ ഭയന്നു് സംജ്ഞ തൻെറ നിഴ (ഛായ) ലിനെ സൂര്യൻെറ സമീപത്താക്കി, ഒരു പെൺകുതിരയുടെ രൂപം പൂണ്ടു് ഉത്തരകുരുനാട്ടിൽ പോയി ജീവിച്ചു. സൂര്യൻ ഭാര്യയെ കാണാതെ ചുററിത്തിരിഞ്ഞു. അവസാനം പെൺകുതിരയായവൾ തൻെറ പത്നിയാണെന്നറിഞ്ഞു് ഒരാൺകുതിരയുടെ രൂപമെടുത്തു് അവളെ പ്രാപിച്ചു് ശാന്തപ്പെടുത്തി. അതിൽ അവൾക്കു ജനിച്ചവരത്രേ അശ്വിനീദേവകൾ.

മൂലം

82. ചെന്നൊരുപ്പിനൈ തകട്ടചെയ്തപാർ
ചെയ്തതൊക്കുമഖ്ച്ചെന്തരൈപ്പര
പ്പൻനെരുപ്പിനിൽ പുകൈതിരണ്ടതൊ
പ്പല്ലതൊപ്പുറാ അതനിടൈപ്പുറാ.

ഭാഷ

ചുവപ്പുനിറമായ പരപ്പേറിയ ആ സ്ഥലം തീത്തകിടാണെന്നു് കരുതി അവിടത്തെ പ്രാക്കൾ ആ തീയ്യിൽനിന്നുയരുന്ന ആവിപ്പുക കണ്ടു് പറന്നകന്നു.

മൂലം

83. തീയിൻവായിൽ നീർപെറിനും ഉൺപതോർ
ചിന്തൈ കൂരവായ് വെന്തുവന്തുചെ
ന്നായിൻവായിൽ നീർതന്നൈ നീരെനാ
നവ്വിനാവിനാൽ നക്കിവിക്കുമേ.

ഭാഷ

വായവെന്ത ഹരിണങ്ങൾ, ഏതെരിനീരും മോന്താനാശിച്ചു് (ചുന) മലത്തടാകത്തിനരികിൽ ചെല്ലുന്നു. അതിലെ ചൂട്ടവെള്ളത്തിൽ മോന്തമുക്കി നക്കിയ ചെന്നായിന്റെ നാവു പൊള്ളിയൊലിക്കുന്ന തേററായ(ഈള) തണ്ണീരെന്നു സന്തോഷിച്ചു് മാനുകൾ ആ കിറി നക്കി മയങ്ങുന്നു.

മൂലം

84. ഇന്നിലത്തുള്ളോർ ഏകലാവതർ
കെളിയതാനമോ? അരിയ വാനുള്ളോർ
അന്നിലത്തിന്മേൽ വെമ്മൈയൈകുറിത്
തല്ലവോ നിലത്തടിയിടാതതേ?

ഭാഷ

ഉയരെ ദേവലോകത്തുള്ള ദിവ്യന്മാർ, ഈ ഭൂമിയിൽ തങ്ങളുടെ പാത്രങ്ങാം വയ്ക്കാത്തതു് ഈ പാലനിലത്തിലെ ഉഷ്ണത്തെ ഭയന്നല്ലേ? ആ നിലയ്ക്കു് ഇഹലോകവാസികാംക്കു് അവിടെ എന്തുക എളുപ്പമാണോ?

മൂലം

85. ഇരുപൊഴുതും ഇരവിപചുംപുരവിവീചും
പിയങ്കാതതിയമ്പന്തേൺമിൻ
ഒരുപൊഴുതുന്തരിത്തൻറി ഉൗടുപോ
കരിതണങ്കിൻ കാടെൻറൻനേറ.

ഭാഷ

പകലവൻെറ പച്ചക്കതിരകാം പകലും രാത്രിയും ആകാശത്തു സഞ്ചരിക്കുന്നില്ല. അതെന്തെന്നു പറയാം, രാത്രിവേളയിൽ ഒന്നു തങ്ങി വിശ്രമിക്കാതെ (കാളീദേവിയുടെ) ഈ വനത്തിൻ മീതേ പോവാൻ സാദ്ധ്യമല്ലെന്നു് അറിഞ്ഞിട്ടല്ലേ?

മൂലം

86. കാടിതനൈ കടത്തുമെനക്കരുമുകിലും
വെൺമതിയും കടക്ക അപ്പാൽ
ഓടി ഇളൈത്തുടൽ വിയത്ത വിയർവൻേറ
ഉകുപുനലും പനിയും ഐയോ!

ഭാഷ

കാർമേഘവും വെൺതിങ്കളും ഈ പാലവനം കവിച്ചു പോകാമെന്നു നിനച്ചു് തിടുക്കത്തിൽ ഓടുമ്പോാം, അവ ഉരുകിയൊഴുകുന്ന ജീവനീരല്ലേ ഈ മഴയും മഞ്ഞും?

---

85. കേൺമിൻ–കേളിർ–പാാം.

86. ഐയോ–അമ്മാ

മൂലം

87\. വിമ്മുംകട് വിച്ചൈ വനത്തിൻ വെമ്മൈയിനൈ
ക്കുറിത്തൻേറ വിണ്ണോർ വിണ്ണിൻ
മൈമ്മുംകട് മുകിൽ തിരൈയിട്ട മുതവട്ട
ആലവട്ടം എടുപ്പതൈയോ.

ഭാഷ

അമരന്മാർ ആകാശത്തിൻേറ ഉച്ചിയിൽ കരിമേഘങ്ങളായ തിരശ്ശീലയിട്ടു്, ചന്ദ്രനായ (അമൃതവട്ടം) കളിരാലവട്ടത്തെ എടുത്തുപിടിച്ചിരിക്കുന്നതു എന്തിനു്? തീ പാറുന്ന ഈ പാലവനത്തിലെ ഉഷ്ണത്തെ താങ്ങാൻ വേണ്ടിയല്ലേ? അമ്പോ!

മൂലം

88\. നിലംപുടൈ പേർന്തോടാമേ
നെടുമോടി നിറുത്തിയ പേയ്
പുലമ്പൊടു നിൻറുയിർപ്പനപോൽ
പുകൈന്തുമരം കരിന്തുളവാൽ.

ഭാഷ

ഈ ഭൂമി നിലതെററി തകിടംമറിയാതിരിക്കാൻ വേണ്ടി കാളീദേവി തൻേറ പാലനിലത്തു കാവൽ നിത്തിയിരിക്കുന്ന ഭൂതങ്ങൾ ഒററക്കാലിൽനിന്നു നെടുവീർപ്പിടുന്നതുപോലെ, ഇവിടത്തെ വൃക്ഷങ്ങൾ കരിഞ്ഞു പുക പൊങ്ങുന്നു.

മൂലം

89\. വററിയ പേയ് വായ് ഉലർന്തു
വറൾ നാക്കൈ നീട്ടുവ പോൽ
മുററിയ നീൾമരപ്പൊതുമ്പിൽ
മുതുപാമ്പു പുറപ്പടുമേ.

87\. മൈമ്മുംകട്—അമ്മുംകട്

ഭാഷ

ശേഷിച്ച പിശാചുക്കളുടെ വററിയ വായിലെ വരണ്ട നാവുകഠം വെളിയിൽ നീട്ടുംപോലെ, മാമരങ്ങളുടെ പോതുകളിലിരുന്ന പെരുമ്പാമ്പുകഠം പുറത്തേയ്ക്കു തല നീട്ടുന്നു.

മൂലം

90. വിഴിചുഴലവരുപേയ്ത്തേർ
മിതന്തുവരും നീർ; അന്നീർ
ചുഴിചുഴല വരുവതെന
ച്ചൂറൈവളിചുഴന്തിടുമാൽ

ഭാഷ

നോക്കുന്നവരുടെ കണ്ണുകഠം കറങ്ങുമാറ് അവിടെ കാനൽ നീരലയടിക്കുന്ന ആ വെള്ളത്തിൽ ചുഴികഠം ചുററിവരുംപോലെ ചുഴലിക്കാററും.

മൂലം

91 ചിതൈന്തഉടൽചുടുചുടലൈപ്പൊടിയൈച്ചൂറൈ
ചീത്തടിപ്പച്ചിതറിയ അപ്പൊടിയാൽ ചെമ്മൈ
പുതൈന്തമണിപുംകൈപോത്തതഴലേപോലും;
പോലാവേൽ പൊടിമൂടുതണലേപോലും

ഭാഷ

ശവശരീരങ്ങഠം ചുട്ടെരിച്ച ചുടലച്ചാമ്പലിനെ ചുഴലിക്കാററ് ചററിപ്പറപ്പിച്ചു. ആ പൊടി ചിതറി, ചെന്നിറം മാഞ്ഞ രത്നങ്ങഠം, പുകക്കറ പിടിച്ച ചെരാതുകഠം പോലെ തോന്നിച്ചു, അഥവാ ചാരംമൂടിയ തീക്കനൽപോലെ.

മൂലം

92 മണ്ണോടിഅറവറന്തു തിറന്തങ്കാന്ത
വായ്വഴിയേവേയ്പൊഴിയുംമുത്തംഅവ്വേയ്

കണ്ണോടിച്ചൊരികിൻറ കണ്ണീർ അൻറേൽ:
കണ്ടിരങ്കിച്ചൊരികിൻെറ കണ്ണീർപോലും

ഭാഷ

ആ ഉഷ്ണഭൂമിയിൽ പറക്കുന്ന മണ്ണോടൊപ്പം, വരണ്ടു വിണ്ട മുളകളിൽനിന്നും ചിന്നിച്ചൊരിഞ്ഞു പാഞ്ഞുതുള്ളുന്ന മുത്തുകൾ ആ ചുടുകാടിൻെറ ബാഷ്പകണങ്ങൾപോലിരിക്കുന്നു, അല്ലെങ്കിൽ ആ നിലത്തിൻെറ വരൾച്ചയെക്കണ്ടു് മുളകൾ മനമുരുകിപ്പൊഴിക്കുന്ന കണ്ണീർത്തുള്ളികളുമാകാം.

മൂലം

93. വെടിത്തകഴൈവിഴൈതെറിപ്പുത്തരൈമേൽമുത്തം
വീഴ്ന്തന അത്തരൈപുഴങ്കിഅഴൻറുമെയ്മ്മേൽ
പൊടിത്ത വിയർപ്പുള്ളികളേ പോലും പോലും,
പോലാ വേൽകൊറ്പ്പുളങ്കൾ പോലും പോലും.

ഭാഷ

സൂര്യാതപത്താൽ മുട്ടപൊട്ടിയ മുളകളിൽനിന്നും തെറിത്തെറിച്ചു നിലത്തു വീഴുന്ന മുത്തുകൾ, ആ പാലനിലം ദുഃഖിച്ചു തളരുമ്പോൾ മേന്മേലുണ്ടായ വേർപ്പുതുള്ളികൾപോലിരിക്കുന്നു; അല്ലെങ്കിൽ തീപ്പൊളൻ പൊങ്ങിയപോലെയും.

മൂലം

പല്ക്കാൽതിൻതിരൈക്കരങ്കൾകരൈയിൻമേൽമേൽ
പായ്കടൽകൾന്തുക്കുവതും പടർവെങ്കാനിൽ
ചെൽകാററുവാരാമൽകാക്കഅൻറ?
തിചൈക്കരിയിൻ ചെവിക്കാററും അതർകേയൻേറ.

---

92 തിറന്ത–തുറന്ത

93. മെയ്മ്മേൽ–മേൻമേർ.

ഭാഷ

നിറകടൽ തിരകൈക്കെകാം പൊക്കി പല വട്ടം കരയിലേയ്ക്കു നീട്ടി നീട്ടി അടിച്ചുകൊണ്ടേയിരിക്കുന്നു. ഈ വേല ആവൎത്തിക്കുന്നതു് ഈ നിലത്തിലെ ഉഷ്ണക്കാററു് അങ്ങോട്ടടുക്കാതെ കാക്കുവാനല്ലേ? ദിഗ്ഗജങ്ങളുടെ ചെവി വിടൎത്തിയാട്ടുന്നതും ഇതിനെ തടയാനല്ലേ?

മൂലം

95. മുള്ളാറും കല്ലാറും തെന്നരോട
മുന്നൊരുനാൾ വാളപയൻ മുനിന്തപോരിൽ
വെള്ളാറും കോട്ടാറും പുകൈയാൽ മൂട
വെന്തവനമിന്തവനംഒക്കിലൊക്കം.

ഭാഷ

ചോഴൻ മുമ്പൊരിക്കൽ കോപിച്ചു് യുദ്ധം ചെയ്തു് പാ

---

95. കല്ലാറു് പമ്പയുടെ ഉത്ഭവസ്ഥാനമാകുന്നു വെള്ളാർ നദി സേലം ജില്ലയിലെ പച്ചമല-കൊല്ലിമല എന്നിവയിൽനിന്നുത്ഭവിച്ചു തെക്കനൊക്കോട്ടുവഴിഒഴുകി ബംഗാൾഉൾക്കടലിൽച്ചേരുന്നു. വെള്ളാറെന്ന ദേശവും ഈ നദീതീരത്തു സ്ഥിതിചെയ്യുന്നു.

കോട്ടാറെന്ന സ്ഥലം കന്യാകുമാരിക്കു് 14 മൈൽ വടക്കാകുന്നു. കോട്ടാർ എന്ന സ്ഥലപ്പേരും പ്രസ്തുത നദിക്കരയിൽ സ്ഥിതിചെയ്തയാലുണ്ടായി. മുതൽകുലോത്തുംഗചോഴൻ വടക്കൻ ദിക്കുകാം പിടിച്ചടക്കിയശേഷം തെക്കോട്ടും യുദ്ധം വ്യാപിപ്പിച്ചു. ഇതു് 1083 എ ഡി യിലായിരുന്നു. മുത്തുകാം ധാരാളം ലഭിക്കുന്ന മന്നാർ ഉൾക്കടൽ ഭാഗവും, പൊതിയിൽമല (അഗസ്ത്യകൂടം) ദേശവും കന്യാകുമാരിയും കോട്ടാറും തന്റെ കീഴിലാക്കി. ഈ യുദ്ധത്തിൽ ഒരു പാണ്ഡ്യരാജാവു മരണപ്പെട്ടു. വീണ്ടും പാണ്ഡ്യർ അവയെ വീണ്ടെടുക്കാൻ സേനകളെ കാവലിടുകയും ചെയ്തു. ഈ കാവൽപ്പടയെ "കോട്ടാററനിലൈ പടൈ" എന്നു പറയുന്നു.*

* ദി ഹിസ്റ്റോറിക്കൽ ഇൻസ്ക്രിപ്ഷ്യൻസ് ഓഫ് സൗത്തു് ഇൻഡ്യ.

ന്ധ്യരെ മുള്ളും കല്ലും നിറഞ്ഞ വഴികളിൽക്കൂടി ഓടിച്ചു. വെള്ളാറെന്ന സ്ഥലവും കോട്ടാറെന്ന സ്ഥലവും ചുട്ടെരിച്ചു പുകയിൽ മൂടി. അന്നാ ദിക്കിലെ കാടുകളിലെ ചൂടിനോടു് ഈ പാലനിലച്ചൂടിനെ വേണമെങ്കിൽ സാദൃശ്യപ്പെടുത്താം.

മൂലം

96. அன்னிகொண்டகுரங்கினங்கள்
அலைகடலடைக்கப்பாலை
மணல்ஒன்றுகாணாமல்
வரையெடுத்து மயங்கினவே.

ഭാഷ

പടയണിപോലെ നിരനിരന്ന വാനരന്മാർ അലകടലിനെ തടഞ്ഞുനിർത്താൻ (സേതുബന്ധനം) ഈ മണൽ കാണാതെ വെറുതെ മല ചുമന്നു കഷ്ടപ്പെട്ടു. (ഈ പാലനിലത്തിലെ ഒരു തരി മണൽ മതിയാകുമായിരുന്നു അതിന്റെ ചൂടുകൊണ്ടു് ആ പാരാവാരം മുഴുവൻ വററിവരളാൻ എന്നു് ഭാവം.)

[കാടു പാടിയതു് തീർന്നു.]

നാലാം പടലം: **കോയിൽ പാടിയതു്**

(ക്ഷേത്രവർണ്ണന)

ദുർഗ്ഗമവും ഭയാനകവുമായ പാലനിലത്തിലെ ചുടുകാട്ടിൽ സ്ഥിതിചെയ്യുന്ന ദുർഗ്ഗയുടെ കോവിലിനെയത്രേ ഇനി പ്രതിപാദിക്കുന്നതു്. യുദ്ധവീരന്മാർ ഈ ക്ഷേത്രനടയിൽ ചെന്നു് അവരുടെ അംഗങ്ങളെ അറുത്തിട്ടു് കുരുതി നൽകി ദേവിയെ ആരാധിക്കുന്നു.

മൂലം

97. ഓതിവന്തഅക്കൊടിയകാനക-
ത്തുറൈയണങ്കിനക്കുയൻവകുത്തഇപ്
പൂതലം പഴങ്കോയിൽ എന്നിനം
പുതിയകോയിൽഒൻററുവിളമ്പുവാം

ഭാഷ

ഇതുവരെ പറഞ്ഞുവന്ന ഭീകരമായ പാലനിലത്തിലെ ദേവതയായ ദുർഗ്ഗക്കു, ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ട ഈ ലോകമാകുന്ന പഴയ കോവിൽ കൂടാതെ, പുതിയതൊന്നുണ്ടു്. അതിനെ വിസ്തരിക്കാം.

മൂലം

98. വട്ടവെൺകുടൈച്ചെന്നിമാനതൻ
വാളിൻ വായിനാൽ മറലിവായിടൈപ്
പട്ടമന്നർതംപട്ടമങ്കൈയർ
പരുമണിക്കരുത്തിരുഇരുത്തിയേ

ഭാഷ

വട്ടം തെളിഞ്ഞ വെൺകൊററക്കുടയുള്ള ചോഴനൃപൻെറ വാളിൻ വായ്ത്തലയാൽ, കാലൻെറ വായിൽ പെട്ട രാജാക്കന്മാരുടെ പട്ടമഹിഷികളുടെ മിന്നിത്തിളങ്ങുന്ന രത്നങ്ങളെക്കൊണ്ടുള്ള അടിത്തറപാകി,

മൂലം

99. തുവർനിറക്കളിററതിയർ എവ്വലിൽ
ചുരികൈ പോർമുകത്തുരുവിനേർ എതിർത്
തവർനിണത്തൊടക്കുരുതിനീർകുഴൈത്
തവർ കരുന്തലൈ ചുവരടിക്കിയേ.

---

97. ഒൻററു-ഒണ്ടതു. 98. പന്നിമണി-പരുമണി.

ഭാഷ

തവിട്ടുനിറംപൂണ്ട ആനപ്പുടയുള്ള ചേരമന്നൻെറ കല്പനയാൽ വാളൂരി, നേരിട്ടു യുദ്ധക്കളത്തിലിറങ്ങിയ ചേരപ്പടവീരരുടെ മാംസക്കൊഴുപ്പാകുന്ന ചളിയിൽ ചോരയും ചേൎത്തു് കുമ്മായം കുഴച്ചുകൂട്ടി, ആ ശൂരന്മാരുടെ വൻശിരസ്സുകളാകുന്ന കരിങ്കല്ലു മതിലും കെട്ടി,

മൂലം

100. അറിഞ്ഞർതമ്പിരാൻ അപയർവാരണം
അരചർമണ്ഡലത്തരണറപ്പുറിതു്
തെറിതരും പെരുംകണൈമരങ്ങൾകൊൺ-
ടെഴുതു തൂണൊടുത്തിരമിയററിയേ.

ഭാഷ

പണ്ഡിതരാജനായ ചോഴൻെറ ഗജവീരന്മാർ പെരുംകൊമ്പുകളാൽ ശത്രുരാജ്യങ്ങളിലെ കോട്ടകൾഇടിച്ചു പറിച്ചെറിഞ്ഞ നെടിയ കണമരങ്ങൾ നാട്ടി, ഊക്കൻ തൂണുകളും ഉത്തരങ്ങളും ചേൎത്തു്;

മൂലം

101. കടിതഴിന്തു പോർമിതിലയിൽപട്ടം
കരിമരുപ്പിനൈ തിരട്ടുലാം എന്നും
പടിപരപ്പിയപ്പുരമയാനൈയിൻ
വഴവെലുമ്പിനിർ പാവടുക്കിയേ.

ഭാഷ

മിഥുലയുിൽ നടന്ന സമരത്തിൽ നശിച്ച ആനകളുടെ കൊമ്പുകളെ 'തിരണ്ടതുലാം' എന്നു പറയുമാറു് പരത്തിവച്ചു്, ആ ശത്തി ആനകളുടെ പക്കെല്ലുകളാൽ കഴക്കോലും നിരത്തി;

---

100. കണൈ കണയം. 101. പരുമ-പഴവ.

മൂലം

102. മീളിമാളകൈത്തപയൻ മുന്നൊർനാൾ
വിരുതരാചരൈ പൊരുതുകൊണ്ടപോർ
ആളി, വാരണം, കേഴൽ, ചീയമെൻ
റവൈനിരൈത്തു നാചികൈ ഇരുത്തിയേ.

ഭാഷ

ചോഴൻ മുമ്പൊരിക്കൽ മഹാഗജസൈന്യത്തോടെ ജയചിഹ്നങ്ങളുള്ള രാജാക്കന്മാരോടു പടവെട്ടുകയുണ്ടായി. അന്നു് അവരിൽനിന്നും പിടിച്ചടക്കിയ കാള, ആന, പന്നി, സിംഹം എന്നീ അടയാളങ്ങളോടു കൂടിയ കൊടിക്കൂറകളെ ചേർത്തുവച്ചു് മേൽക്കൂരയും മേഞ്ഞു്,

മൂലം

103. തുംഗപത്തിരൈച്ചെങ്കളത്തിടൈച്
ചോഴചേകരൻ വാൾ എറിന്തപോർ
വെങ്കടക്കളിററിൻ പടത്തിനാൽ
വെളിയടങ്കവേ മിചൈ കവിക്കവേ.

ഭാഷ

ചോഴരാജാക്കന്മാർക്ക കിരീടംപോലുള്ള മുതർകുരോത്തുംഗൻ

---

103. ഈ കുലോത്തുംഗചോഴൻെറ കാലത്തു് 6-ാം വിക്രമാദിത്യരാജാവാണു് കുന്തളരാജ്യം ഭരിച്ചിരുന്നതു്. അന്നു കുലോത്തുംഗൻ സൈന്യസമേതം അവിടെ ചെന്നു് വിക്രമാദിത്യസോദരനായ ജയസിംഹനെ വധിക്കുകയും, അവരുടെ പടയെ തുംഗഭദ്രാനദിക്കരയിലേക്കു് വിരട്ടിയോടിക്കുകയും, അവരുടെ തലസ്ഥാനമായ കല്യാണപുരം കൈവശപ്പെടുത്തുകയുംചെയ്തു. ഈ യുദ്ധത്തിൽ കുലോത്തുംഗനു് 'വിരുതരാജഭയങ്കരൻ' എന്ന ബിരുദം ലഭിച്ചു. ഇതു നടന്നതു് 1081 എ. ഡി. യിലത്രേ.

തുംഗപത്തിരി.

തുംഗഭദ്രാനദിക്കരയിലെ ചുവന്ന പോക്കളത്തിൽ നടത്തിയ വാരാംപ്പോരിൽ പിടിച്ചെടുത്ത വേങ്കട (മൈസൂർ) ത്തെ കൊമ്പന്മാരുടെ നെററിപ്പട്ടങ്ങളാൽ മുഖമച്ച് (മുഖപ്പ്) മറയ്ക്കുകയും,

മൂലം

104. കൊള്ളിവായ്പ്പേയ് കാക്കും
കോപുരമും നെട്ടമതിലും
വെള്ളിയാൽ ചമൈത്തതെന
വെള്ളെലുമ്പിനാൽ ചമൈത്തതെന

ഭാഷ

കൊള്ളിവായ് പിശാചു് (തീപ്പിശാചു്) കാവൽ നില്ക്കുന്ന ഗോപുരങ്ങളേയും, വലിയ മതിൽക്കെട്ടുകളേയും, വെള്ളികൊണ്ടു വാർത്തതുപോലെ വെള്ള എലുമ്പുകളാൽ കെട്ടിപ്പൊക്കി,

മൂലം

105. കാരിരുമ്പിൻ മകരതോരണമാകക്കരുമ്പേയ്കൾ
ഓരിരണ്ടുകാൽനാട്ടിഓരിരുമ്പൈ മിചൈവളത്തേ

ഭാഷ

കരിംഭൂതങ്ങൾ രണ്ടു് കാരിരുമ്പുതൂണുകൾ നാട്ടിയശേഷം, വേറൊന്നിനെ ആ തൂണുകളിന്മേൽ സ്രാവു, മത്സ്യം (മകരതോരണം) പോലുള്ള അലങ്കാരമായി വളച്ചും വച്ചു.

മൂലം

106. മയിർകഴുത്തും, കഴുത്തരിയ മലർന്തമുക
ത്താമരൈയും, മരുങ്കുചൂഴ്ന്ത
എയിർകഴുത്തും, നിണക്കൊടിയും, ഇളംകുഴവിപ്
പചുന്തലൈയും എങ്കും തൂക്കി

ഭാഷ

മയിൽത്തലകളും, കഴുത്തരിയുമ്പോൾ വികസിച്ചിരുന്ന

---

109. കരുമ്പേയ്-കതപ്പേയ്=ആഹ്ലാദിക്കുന്ന ഭൂതം.

മുഖത്തോടു (ചൂടിയ) കൂടിയ താമരപ്പൂക്കളും, പരത്തിയുണക്കിയ കൊഴുപ്പായ കൊടിശ്ശീലകളും, ചോരപ്പൈതങ്ങളുടെ ഇളംതലകളും, പുറമുള്ള പുറമതിലുകളിൽ എല്ലായിടത്തും തൂക്കിയിട്ടു.

മൂലം

107. പണിയാത വഴുതിയർതംപായ്കളിററിൻ
ചെവിച്ചുളകു പലവും തൂക്കി
മണിഉരുചലെനമതുരൈ മകരതോ—
രണം പറിത്തു മത്തുനാട്ടി.

ഭാഷ

കീഴടങ്ങാത്ത പാണ്ഡ്യമന്നരുടെ തോറേറാടുന്ന ആനകളുടെ ചെവികൾ പലതും അറുത്തു് തൊങ്ങൽതൂക്കി. മധുരയിലെ സ്രാവുംമീൻവടിവൊത്ത തോരണങ്ങളെടുത്തു്, രത്നങ്ങൾ പതിച്ച കൊടിപോലെ ആ കോവിലിൻമുമ്പിൽ മറിച്ചു തൂക്കി.

മൂലം

108. പരിവിരുത്തി, അലകിട്ടു, പചുങ്കുരുതി
നീർതെളിത്തു, നിണപ്പൂ ചിന്തി
എരിവിരുത്ത ഈമവിളക്കെമ്മരുങ്കും
ഏററിയതോർ ഇയൽപിററാലോ

ഭാഷ

ആ കോവിലിനുപുറം അടിച്ചുവാരി ചുടുചോര തളിച്ചു്, ചെങ്കൊഴുപ്പായ പൂക്കൾ തൂവി, ചുററിലും ആളിക്കത്തുന്ന പട്ടടയായ വിളക്കും വച്ചു്,

മൂലം

109. ചലിയാത നിയാൺമൈത്തറുകൺവീരർ
"തരുക വരം! വരത്തിനക്കത്തക്കതാകവ്

---

107. മത്തുനാട്ടി. 108. ചുങ്കുരുതി=ചെങ്കുരുതി.

പലിയാക ഉറുപ്പരിന്തുതരുതും," എൻറു
പരവും ഒലികടലൊലിപോൽ പരക്കുമാലോ.

ഭാഷ

മനം തളരാത്ത പരാക്രമശാലികളും നിർഭയരുമായ വീര ന്മാരുടെ "വരം തരിക, അതിനിതാ ഞങ്ങളുടെ അംഗങ്ങളെ ഛേദിച്ച് നിനക്ക് ബലി നൽകുന്നു." എന്ന പ്രാർത്ഥനാശബ്ദം കടലൊലിപോലെ മുഴങ്ങുന്നു.

മൂലം

110. പൊല്ലരിയ ഓമത്തീ വളർപ്പരാലോ
തൊഴുതിരുന്തു പഴവെല്പുമ്പതൊടരവാങ്കി
വല്ലെരിയിൻമിചൈ എരിയ വിട്ടവരാലോ
വഴികുരുതി നെയ്യാക വാർപ്പരാലോ

ഭാഷ

പുകഴ്ന്ന ഹോമാഗ്നിയെരിച്ച്, ദേവിയെ ധ്യാനിച്ചിരുന്നുകൊണ്ട്, സ്വന്തം പഴയെല്ലിനെ ഓരോന്നായി വലിച്ചൂരി ആ തീയ്യിൽവച്ച് വിറകുപോലെ കത്തിക്കുന്നു. വാർന്നൊഴുകുന്ന രക്തത്തെ നെയ്യായി അതിൽ അർപ്പിക്കയും ചെയ്യുന്നു.

മൂലം

111. അടിക്കഴുത്തിൻ നെടുഞ്ചിരത്തൈ അരിവരാലോ
അരിന്ത ചിരം അണങ്കിൻകൈക്കൊടുപ്പരാലോ
കൊടുത്ത ചിരം കൊററവൈയെപ്പരവുമാലോ
കുറൈയുടലങ്കുമ്പിട്ടു നിർക്കുമാലോ.

ഭാഷ

നെടിയ ശിരസ്സുകളെ അടിക്കഴുത്തിൽവച്ചറുക്കുന്നു. അരിഞ്ഞ ശിരസ്സ് ദേവിയുടെ കൈയിൽ അർപ്പിക്കയും ചെയ്യുന്നു.

---

110. മിചൈ എറിയ-വിറകാക.
111. അടിക്കഴുത്തിനുടൻ.

അഞ്ങിനെ അർപ്പിച്ച തലകൾ കാളീദേവിയെ സ്തുതിക്കുന്നു. കബന്ധങ്ങൾ കുമ്പിട്ടു തൊഴുതും നില്ക്കുന്നു.

മൂലം

112. നീണ്ട പലിപീടത്തിൽ അരിന്തുവൈത്ത
വെട്ടങ്കുഞ്ചിരത്തൈത്തൻ ഇനമെൻറെണ്ണി
* ആണ്ടലൈപ്പുൾ അരുകണൈന്തു പാർക്കുമാലോ
അണൈന്തലും അച്ചിരം അള്ളും ഉറുത്തുമാലോ

ഭാഷ

നീണ്ട ബലിപീഠത്തിൽ അരുത്തുവച്ച നെട്ടംകുടുമയുള്ള ആ തലകൾ, തന്റെ വർഗ്ഗക്കാരായിരിക്കുമെന്നു തെറ്റിദ്ധരിച്ച് ആണ്ടലപ്പക്ഷികൾ ചെന്നു നോക്കുന്നു. അരുത്തുവയ്ക്കപ്പെട്ട തലകൾ അപ്പോഴേയ്ക്കും അവയെ പേടിപ്പെടുത്തുന്നു.

മൂലം

113. 'കടനമൈന്തു കരുന്തലൈ അരിന്തപൊഴുതേ;
കടവതൊൻറുമിലൈ' എൻറു വിളൈയാട്ടുമുടലേ;
ഉടൽവിഴുന്തിടിനുകർന്തിടഉവന്തു ചില പേയ്
ഉറുപെറും പചിയുടൻറിട ഉടൻതിരിയുമേ.

ഭാഷ

"കരിന്തലയരിഞ്ഞതോടെ ബലിക്കടം തീർന്നു; ഇനി ഒന്നും ചെയ്യാനില്ലാ." എന്നു കബന്ധങ്ങൾ തുള്ളിക്കളിക്കും. ഉടലുകൾ നിലംപൊത്തുന്നതോടെ അവററയെ തിന്നാൻ താൽപ്പര്യമുള്ള ഭൂതങ്ങൾ അതിവിശപ്പോടെ ആ ഉടലുകൾക്കരികേ ചുററിക്കൂടും.

---

112. നെറികുഞ്ചി.

* ആണ്ടലപ്പറവ=ആൺതലയുടെ ആകൃതിയുള്ള ഒരു പാലനിലപ്പക്ഷി. തീവിഴുങ്ങിപ്പക്ഷി, ശവംതീനിപ്പക്ഷി എന്നും പറയും.

മൂലം

114. 'പകടിടന്തുകൊൾപചുങ്കുരുതിയിൻറുതലൈവീ
പലികൊൾ'എൻറകുരൽഎണ്ടിചൈപിളന്തു
മിചൈവാൻ
മുകടിടന്തുരും എറിനൊന മുഴങ്കളുടനേ
മൊകുമൊകെൻറൊലി മികുന്ത മരുകങ്കൾപലവേ.

ഭാഷ

"അമ്മേ, ഭഗവതീ! ഇതാ എരുമക്കിടാവിനെ പിളൎന്നെടുത്ത ചുടുരക്തം നീ ബലിയായി ഏൽക്കണേ" എന്നു എട്ടുദിക്കും പിളൎന്നു മേലേ ആകാശത്തിൻെറ മൂൎദ്ധാവും ഭേദിക്കുമാറുള്ള വീരന്മാരുടെ അലൎച്ചയോടൊപ്പം "മൊകു മൊകു" എന്നു ശബ്ദിക്കുന്ന നിരവധി തോൽപറകളും മുഴങ്ങി.

മൂലം

115. തമരുകങ്കൾ തരുകിൻറ ചതിയിൻകൺവരുവാർ
അമരിഇൻപുറം അനാതിവരുചാതകർകളേ.

ഭാഷ

ദേവിക്കിഷ്ടപ്പെട്ട അംഗരക്ഷാഭൃത്യന്മാർ (ചാതകർ) ഈ തോൽപറത്താളം കേട്ടു ദേവിയെ തൃക്കൺപാൎത്തു തൊഴും.

മൂലം

116. പടൈവലംകൊടുപചുന്തലൈ
ഇടംകൊടണൈവാർ
ഇടൈമൊഴിന്തിടൈനടങ്ക
വരു യോകിനികളേ

116. പാഠം—ഇടൈ ഒഴിന്തിടൈ=ആടയില്ലാതെ. ഈ യോഗിനിമാരെ 7, 9, 12 എന്നിങ്ങനെ ഓരോ ഗണങ്ങളായി തിരിച്ചിട്ടുണ്ടു്. മററുള്ള യോഗിനിമാരടക്കം 64 കോടി പെൺപട ദേവിക്കുണ്ടെന്നാണു് പുരാണം.

ഭാഷ

വലംകൈയിൽ വാളും, ഇടംകൈയിൽ കപാലവുമേന്തി യും, ഇടയ്ക്കിടെ സംസാരിച്ചും അരക്കെട്ടററ വീഴുംപോലുള്ള യോഗിനിമാരും (ദേവിയുടെ പരിവാരങ്ങൾ) അവിടെ, സന്നിധാനത്തിൽ വന്നുചേരും.

മൂലം

117. വീങ്കുതലൈ നെട്ടങ്കഴിയിൻ മിലൈതോറും
തിലൈതോറും വിഴിത്തുനിൻറു
തൂങ്കുതലൈ ചിരിപ്പന കണ്ടുറങ്കുതലൈ
മറന്തിരുക്കും ചുഴർകൺ ചൂർപേയ്.

ഭാഷ

തടിച്ചു നീണ്ട മുളകളുടെ തലപ്പുകളിൽ തൂങ്ങുന്ന യുവാക്കന്മാരുടെ ശിരസ്സുകൾ, നാലുഭാഗത്തേയ്ക്കും മിഴിച്ചു ചിരിക്കുന്നതു കണ്ടു് കറങ്ങുന്ന കണ്ണുകളുള്ള ചൂർപേയ് ഉറക്കംപോലും മറന്നിരിക്കുന്നു.

മൂലം

118. അരിന്ത തലൈ ഉടനമർന്തതേ ആട്ടുകഴൈ
അലൈ കുരുതി പുനലിൻമൂഴ്കി
ഇരുന്ത ഉടൽകൊളക്കാലൻ ഇട്ടുകിൻറ
നെട്ടുന്തൂണ്ടിൽ എന്നത്തോൻറും.

ഭാഷ

അറുത്തെടുത്തു തൂക്കിയ ശിരസ്സുകളെ താങ്ങി കാററിലാടുന്ന മുളകൾ കണ്ടാൽ, അലതല്ലുന്ന രക്തപ്പുഴയിൽ ആമഗ്നമായിക്കിടക്കുന്ന കബന്ധങ്ങളെ പിടിച്ചെടുക്കാൻ കാലൻ ഇരകൊളുത്തി ചൂണ്ടൽ ഇട്ടിരിക്കയാണെന്നേ തോന്നൂ.

---

117. പാഠം നെടുങ്കഴൈയിൻ.

മൂലം

119. കൊൽവായ് ഓരി മുഴവാക
ക്കൊള്ളിവായ്പ്പേയ് കുഴവിക്കു
നൽവായ്ച്ചെയ്യുതചൈ തേടി
നരിവായ് തചൈയെപ്പറിക്കുമാൽ.

ഭാഷ

കൊലവായുള്ള മുതുകുറുക്കന്റെ ഓരിയെ മിഴാവൊലിയെന്നു തീപ്പിശാചു കുഞ്ഞുങ്ങാംക്കു് പറഞ്ഞുകൊടുക്കുന്നു. ആ കുഞ്ഞുങ്ങാംക്കു് സ്വാദുള്ള ഇറച്ചിയ്ക്കു തേടിയലഞ്ഞു് നരികളുടെ വായിലെ മാംസത്തെ പറിച്ചുകൊടുക്കുകയും ചെയ്യുന്നു.

മൂലം

120. നിണമും തചൈയും പരുന്തിചിപ്പു
നെരുപ്പും പരുത്തിയും പൊൻറു
പിണമും പേയും ചുടുകാടും
പിണങ്കും നരിയും ഉടൈത്തരോ.

ഭാഷ

ചോരയും മാംസവും കൊത്തിവലിക്കുന്ന പരുന്തിനേയും, ചിതകളേയും, ചെമ്പരുത്തിച്ചെടികളേയും, ശവശരീരങ്ങളേയും പിശാചുക്കളേയും, ചുടുകാടിനേയും, കടിപിടിക്കുന്ന നരികളേയും ആ ദുർഗ്ഗാലയത്തിനു ചുററും കാണാം.

[കോവിൽ പാടിയതു തീൎന്നു.]

അഞ്ചാം പടലം: ദേവീവർണ്ണനം

121. ഉവൈ ഉവൈ ഉളവെൻറണ്ണി
ഉരൈപ്പതെൻ? ഉരൈക്കവന്ത
അവൈ അവൈ മകിഴ്ന്തമോടി
അവയവം വിളമ്പൽ ചെയ്വാം.

ഭാഷ

പരിസരവസ്തുക്കളുടെ വർണ്ണനകൊണ്ടു മാത്രമായില്ല. അവയെല്ലാം ദേവീവിഗ്രഹത്തിനു പുറമെയുള്ളവയല്ലൊ. എന്നാൽ ആ വസ്തുക്കളെ തന്നിൽതന്നെ ആവാഹിച്ച് ആനന്ദിക്കുന്ന ദേവിയുടെ അവയവലാവണ്യത്തെപ്പററി വർണ്ണിക്കാം.

മൂലം

ഒരുമലൈമത്തുവലിത്തുലവുകയിററിനും മ-
ററലകുപരിത്ത പണത്തുരകവടത്തിനും അ
പ്പുരുമണിമുത്തുനിരൈത്തുട്ടമണി തൈത്തയിണൈപ്
പരിപുരംവൈത്ത തളിർപ്പുതയുകളിത്തിനളേ.

ഭാഷ

മന്ദരപർവ്വതക്കടകോലിനെ ചുററിയ തിരികയററിനെ (വാസുകി)ക്കാളും, ഭൂമിയെ ചുമക്കുന്ന സഹസ്രഫണമുള്ള കയററിനെക്കാളും വലുതും, വൻമുത്തുകളെ വരിയായടുക്കി നക്ഷത്രങ്ങളാം പതിച്ചതുമായ രണ്ടു ചിലമ്പുകളണിഞ്ഞ തളിർച്ചുവടികളുള്ളവളും,

മൂലം

123. അരുമറൈയൊത്ത കുലത്തരുൾനെറിഒത്തകുണ-
ത്തപയൻ ഉതിത്ത കുലത്തുപയകുലത്തു മുതൽ

തിരുമതിയൊക്കുമെന, തിനകരനൊക്കുമെന,ത്
തികഴ്വതനത്തിനിടൈ തിലകവനപ്പിനളേ.

ഭാഷ

മഹത്തായ വേദങ്ങളെപ്പോലെ ശ്രേഷ്ഠമായ കുലത്തിൽ പിറന്നവനും, നീതിനിഷ്ഠയും കാരുണ്യവുമുള്ളവനുമായ ചോഴൻ, കുലങ്ങളിൽ മുന്തിയ ഇരുകുലങ്ങളി (ചന്ദ്ര–സൂര്യവംശങ്ങാം) ലും പിറന്നവനാണ്. ഇതിൽ ആദ്യത്തേയും അഴകേറിയതുമായ ചന്ദ്രനോടൊത്ത വദനത്തിൽ ഇളംകതിരവനൊത്ത സിന്ദൂരമണിഞ്ഞ പ്രഭാവമുള്ളവളും,

മൂലം

124. അരവൊടുതിക്കയം അപ്പൊഴുതുപരിത്തവിട–
ത്തടിയിടഉട്കുഴിവുററചെവുറം അപ്പൊഴുതിൽ
തരണിതരിത്തതെനപ്പരണിപരിത്തപുകഴ്ച്
ചയതരനൈപ്പരവിച്ചതികൊറം നടത്തിനളേ.

ഭാഷ

ആദിശേഷനും ദിഗ്ഗജങ്ങളും താങ്ങിക്കൊണ്ടിരുന്ന ഭൂമിയിൽ കാളീദേവി തൻെറ തൃപ്പാദം വച്ചപ്പോാം അതു കുഴിഞ്ഞുപോയി. അതു് ആടി ഇളകാൻതുടങ്ങിയപ്പോാം ജയധരൻ (ചോഴൻ) വന്നു് അതിനെ താങ്ങി രക്ഷിച്ചു. അപ്രകാരം ഈ പരണിപ്പാട്ടിനേയും താങ്ങിയ, പുകാംകൊണ്ട ചോഴനെ പുകഴ്ത്തി താളത്തോടെ നടനം ചെയ്യുന്നവളുമാണവാം.

മൂലം

125. തണിതവളപ്പിറൈയെചടൈ
മിചൈ വൈയ്ത്തവിടൈത്
തലൈവർ വനത്തിനിടൈത്ത
നിനകർതർകുനിനൈത്തു

123. തികഴ്വതനം=തിരുവതനം.

അണിതവളപ്പൊടിയിട്ടടൈയ
ഇലച്ചിനൈയിട്
ടമൃതമിരുത്തിയ ചെപ്പനൈ
യതനത്തിനളേ.

ഭാഷ

ലോകത്തിൻെറ ഉഷ്ണം ശമിപ്പിക്കുന്ന വെൺതിങ്കൾക്കീറിനെ തൻെറ ജടയിൽ ചൂടിയും, കാളയെ വാഹനമാക്കിയും, മെയ്യാകെ ഭസ്മം തേച്ചും, ചുടുകാട്ടിൽ ഏകാന്തമായിരിക്കുന്നവനു വേണ്ടി അമൃതം നിറച്ച ചെപ്പുകുടംപോലുള്ള കൊങ്കകളെ വഹിക്കുന്നവളും,

മൂലം

പരിവകലത്തഴവിപ്പുണർകലവിക്കുരുകി
പ്പടർച്ചടൈ മുക്കണർതൈ പരമർകൊടുത്തകളി-
റവുരിമിചൈ അക്കരിയിൻകുടരൊടുകട് ചെവിയിട്
ടൊരുപുരിയിട്ടിറുകപ്പുനൈയും ഉടുക്കൈയളേ,

ഭാഷ

പിരിഞ്ഞ ജടയും മൂന്നു കൺകളുമുള്ള പരമശിവൻെറ കാമപാരവശ്യം നീങ്ങുംവണ്ണം പുൽകി രമിച്ച് സുഖിപ്പിച്ചതിൽ, മനസ്സിളകി, ആ അമ്മയ്ക്കു് നല്കിയ ആനത്തോലാടയിൽ, ആനത്തോലോടു് പാമ്പിനേയും ചേർത്തൊരു പിരിയാക്കി മുറുക്കിയുടുത്തവളും,

---

126. കാളീദേവിയെ ആനത്തോൽ വസ്ത്രമുടുത്തു്, ആനത്തോലും പാമ്പും കൂട്ടിപ്പിരിച്ചു മുറുക്കിയ ഇടക്കച്ചയണിഞ്ഞവളായി "ആനൈത്തോൽ കോത്തു്" എന്നു് ചിലപ്പതികാര (12) ത്തിലും, "വെങ്കരി (മദയാന) ഉരിത്തു ഇടൈ പുനൈന്തവൾ" എന്നു് ഹരിശ്ചന്ദ്രപുരാണം വിവാഹപടലത്തിൽ 112-ാം പാട്ടിലും വർണ്ണിച്ചിരിക്കുന്നു.

മൂലം

127. കലൈവളർഉത്തമനൈ, കരിമുകിൽഒപ്പവനൈ,
കരതടക്കടവുൾ കനകനിറത്തവനൈ
ചിലൈവളൈവുററവുണത്തൊകൈചെകവിട്ടവ
തിറലവനൈത്തരുംഅത്തിരുപുരത്തിനളേ. [രിത്

ഭാഷ

സകലകലാവല്ലഭ (ബ്രഹ്മാവു്) നേയും, കാർമുകിൽനിറമൊത്ത (ഇന്ദ്രൻ) വനേയും, മദയാനനനടയും പൊൻനിറവുമുററവ (ഗണപതി) നേയും, കുലവില്ല് വളച്ചു് രാക്ഷസവർഗ്ഗം നശിക്കമാറു് അമ്പയച്ച പരാക്രമശാലി (മുരുകൻ) യേയും പ്രസവിച്ച തിരുയരുള്ളവളും, [127–ാം പാട്ടു് അടിക്കുറിപ്പു നോക്കുക.]

മൂലം

128. കവളമതക്കരടക്കരി ഉരിവൈക്കയിലൈ
ക്കളിവിരുപ്പുറമക്കനകമുലൈത്തരളത്
തവളവടത്തിടൈയിൽ പവളമൊടൊത്തെരിയത്
തഴൽഉമിഴ്ഉത്തരിയത്തനി ഉരകത്തിനളേ.

ഭാഷ

മദനീർ കാൽവഴിയൊലിച്ചാലും ഉരുള വിഴുങ്ങുന്ന ആനയുടെ തോലുടുത്തു്, ഗജപ്രഭാവനായി കൈലാസത്തിൽ വാഴുന്ന ശിവനു് ഇമ്പമായ കനകക്കൊങ്കകളിൽ വെൺമുത്തുമാലകൾ

---

127. "പൊരുംകുലിശപ്പടൈകമഞ്ചൂൽ മുകിലിനിടൈ വിളങ്കുമിന്നർ പൊലിവുകാട്ട" എന്നു് നൈഷധത്തിലെ ഇന്ദ്രകാണ്ഡം 10–ാം പാട്ടിലും, "വില്ലാൽ ഒളിർമേകമെന പൊലിവാന്" എന്നു് കമ്പരാമായണം ശരവങ്കർ പടലത്തിൽ 11–ാം പാട്ടിലും, ഇന്ദ്രനു് നീലവർണ്ണം കല്പിച്ചിരിക്കുന്നതു കാണാം. "കരിമുകിലൊപ്പവൻ" വിഷ്ണുവെന്നും പറയും.

ക്കിടയിൽ പവിഴമാലകളും തിളങ്ങുംവണ്ണവും, കത്തുന്ന കൊടും വിഷം ചീററുന്ന നാഗങ്ങളെ മേൽമുണ്ടായി ധരിച്ചവളും,

മൂലം

129. അരിയും മിടററലൈ
യിട്ടലൈകുരുതിക്കെതിർവൈ
ത്തറവുംമട്ടുത്ത ചിവപ്പ
തനൈ മുഴത്തിചൈയിൽ
കരികരടത്തൊളൈയിൽ
കലുഴിയിടൈക്കഴുവി
ക്കരുമൈ പടൈത്ത
ചുടർക്കരക മലർത്തിനളേ.

ഭാഷ

അറുത്ത കണ്ഠങ്ങളിൽനിന്നൊഴുകി തിരയിളകുന്ന രക്തത്തിൽ കൈമുക്കി മുഴവനും കോരിക്കുടിച്ചശേഷം ആ ചോരക്കൈ ദിഗ്ഗജങ്ങളുടെ മദനീർത്തുളയിൽനിന്നൊലിക്കുന്ന വെള്ളത്തിൽ കഴുകുകയാൽ ചെങ്ങി മിന്നുന്ന കൈത്താമരപ്പൂക്കളെള്ളവളും,

മൂലം

130. ചിമൈയവരൈക്കനക
ത്തിരൾഉരുകപ്പരവൈത്
തിരൈച്ചുവറിപ്പുകൈയ
ത്തിചൈ ചുട്ടുംഅപ്പൊഴുതത്
തിമൈയവരൈത്തകൈ
തർക്കിരുളും മിടററിറൈവർ
ഇനിയതരത്തമുത
ക്കനിയതരത്തിനളേ.

ഭാഷ

കൊടുമുടിയുള്ള മേരുമലയും മററു ഗിരികൂടങ്ങളും ഉരുകുന്നതും, അലകടലിലെ ജലം മുഴുവൻ പുകച്ചു വററിക്കുന്നതും, സമസ്ത ജീവജാലങ്ങളേയും ചുട്ടെരിക്കുന്നതുമായ കാകോള വിഷം വമിച്ചപ്പോഠം അതു വീണ്ടും വിഴുങ്ങുകയാൽ നീലകണ്ഠനായ ശിവനുവേണ്ടി അമൃതമധുരവും കോവൽപ്പഴം പോലെ ചുവന്നതുമായ അധരങ്ങളെ നൽകുന്നവളും,

മൂലം

131\. ഉരുകുതൽഉററുലകത്തുവംമൈഅററച്ചുഴൽവ
ററുലവുവിഴിക്കൈപട്ടടൽപകൈഅറെറാഴിയത
തിരുകുതലൈകിളവിച്ചിറുകുതലെപ്പവ്ള
ച്ചിറുമുറുവൽ തരളത്തിരുവതനത്തിനളേ.

ഭാഷ

വിശ്വമണ്ഡലം കറക്കിയുരുക്കുന്ന എതിരററ കടക്കൺകടാക്ഷമേല്ക്കയാൽ മനസ്സുരുകി കാമപരവശനായിത്തീന്ന ശിവനെ, സമാശ്വസിപ്പിക്കാൻ കൊഞ്ചി മൊഴിയുന്ന പവിഴച്ചൊടികളും, പുഞ്ചിരി പൊഴിയുന്ന മുത്തുപോലുള്ള ദന്തനിരയും ചേന്ന മുഖശ്രീയുള്ളവളുമായ,

മൂലം

132\. അണ്ടമുറുകുലകിരികഠം
അവഠം ഒരുകാൽ ഇരുകാതിൽ
കൊണ്ടണിയിൻ കുതമ്പൈ ആം;
കോത്തണിയിൽ മണിവടമാം.

131\. പാഠം; ഉരുകുത്തലൈ തൊടൈർക.
കിളവി–കുരവൈ.

ഭാഷ

ആ ദേവി തൻെറ കാതിൽ ഒന്നണിയാം എന്നാശിച്ചാൽ, ഇഹത്തിലെ കുലപർവ്വതങ്ങളെട്ടും അവാംക്ക കമ്മലാവും. അവയെ മാലയായി കോർത്തിടാം എന്നു വച്ചാലോ അവയെല്ലാം രത്നമാലയായും തീരും.

മൂലം

133. കൈമ്മലർമേൽ അമ്മനൈയാം,
കന്തുകമാം കഴങ്കുമാം,
അമ്മലൈകൾ; അവൾ വേണ്ടിൻ
ആകാത്തൊൻറുണ്ടോ?

ഭാഷ

ഇങ്ങനെയെല്ലാമുള്ള ദേവിയുടെ കൈത്താമരയിൽ അതേ കുലമലകൾ അമ്മാനക്കായ്കളും പന്തുമാവും. "കളർക്കായു" (ഏഴ് കല്ലുകൾകൊണ്ടുള്ള കളി—കളച്ചിക്കളി) മാകും. അവൾ ആശിച്ചാൽ ആകാത്തതെന്തെങ്കിലുമുണ്ടോ?

[ദേവീവർണ്ണന തീർന്നു.]

ആറാം പടലം: പേയ്കളെ പാടിയതു
(ഭൂതപ്രേതവർണ്ണനം)

[പിശാചുക്കളുടെ അംഗപ്രത്യംഗവർണ്ണനത്തിൽ ഇത്രയും മികച്ച കല്പനകൾ മറെറാരു ഗ്രന്ഥത്തിലും കാണില്ലെന്നത്രേ പണ്ഡിതമതം.]

---

132. (സപ്ത) കുലപവ്വതങ്ങളെ—മാല്യവാൻ, ഗന്ധമാദനം, നിശദകൂടം, ഹേമകൂടം, ഹിമകൂടം, നീലകൂടം, ശ്വേതകൂടം, ശൃംഗകൂടം എന്നിങ്ങനെ അഷ്ടകുലഗിരികളായും പ്രസ്താവമുണ്ട്. 133-ാം പദ്യത്തിൽ ഏഴാക്കിയും പറയുന്നു.

മൂലം

134. എവ്വണങ്കും അടിവണങ്ക
ഇപ്പെരുമൈ പടൈത്തുടൈയ
അവ്വണങ്കൈ അകലാത
അലകൈകളൈ ഇനിപ്പകർവോം.

ഭാഷ

ഈശ്വരിമാരെല്ലാം വന്ന് അടിവണങ്ങത്തക്ക മാഹാത്മ്യമുള്ള കാളീദേവിയെ വിട്ടുപിരിയാത്ത ഭൂതഗണങ്ങളുടെ പ്രകൃതത്തെപ്പററി ഇനി പറയാം.

മൂലം

135. പെരുനെടുമ്പചിപെയ്കലം ആവന;
പിറൈറനാളിൽ മുൻനാളിൽ മെലിവന;
കരുനെടുമ്പനങ്കാടു മുഴുമൈയും
കാലുങ്കൈയും ഉടൈയനപോൽവന.

ഭാഷ

ആ പിശാചുക്കൾ വിശപ്പുനിറച്ചു വച്ചിരിക്കുന്ന വലിയ പാത്രങ്ങൾക്കു തുല്യമത്രെ. അവ ഇന്നലത്തേക്കാൾ ഇന്നു വിശന്നു മെലിഞ്ഞു. കറുത്തുനീണ്ട പനങ്കാടുകൾ മുഴുവൻ അവയുടെ കൈകളും കാലുകളും പോലെ തോന്നിച്ചു.

മൂലം

136. വൻപിലത്തൊടുവാതുചെയ്വായിന
വായിനാൽ നിറൈയാത വയിററിന;
മുൻപിരുക്കിൻ മുകത്തിനും മേർചെല
മുമ്മുഴംപടും അമ്മുഴം താളിന.

ഭാഷ

വലിയ ഗുഹയോടു വാതുവെയ്ക്കാവുന്നതു വായുള്ളവയും,

---

134. അടിവരുട=തഴവുക.

അങ്ങിനത്തെ വായ്കൊണ്ടു തിന്നിട്ടും നിറയാത്ത വയറുള്ള വയും, താഴെ കുത്തിയിരുന്നാൽ മുഖത്തിനും മേലേ ചെല്ലുന്ന മൂന്നു മുഴമുള്ള മുഴങ്കാലുള്ളവയും;

മൂലം

137. വെററെല്ലൈ നരമ്പിൻ വലിത്തുമേൽ
വേന്തിലാവിറകേയ്ന്തഉടമ്പിന,
'പെററലംപെറുക്രുഴിലം; എങ്കളൈ-
ക്കൊൾവതോ പണി' എൻറു കുരൈപ്പന.

ഭാഷ

വെറും എല്ലുകളായ വിറകുകളെ ഞരമ്പുകളായ കയറിനാൽ വരിഞ്ഞുകെട്ടി, മേൽപ്പുറം കരിയാത്ത ചുള്ളിക്കെട്ടുപോലുള്ള ആ കോലങ്ങൾ 'പോക്കുളത്തിൽ ഞങ്ങൾക്കു തിന്നാനൊന്നുമായില്ല, വെറുതെ പണിയെടുപ്പിക്കുന്നതു നീതിയോ' എന്നുറക്കെക്കരയുന്നു.

മൂലം

138. ഉള്ളൊട്ടങ്കി ഇരണ്ടും ഒൻറാകവേ
ഒട്ടിഒട്ടവിടാത കൊടിററിന
കൊള്ളികൊണ്ടിരണ്ടേമുഴൈ ഉട്പുകിൻ
കുൻറുതോൻറുവപോലെ വിഴിപ്പന,

ഭാഷ

ഇരുവശവും ഉള്ളിലേക്കു കുഴിഞ്ഞൊട്ടി ഒന്നായി, ഒട്ടവിടാത്ത കവിളുകളും, തീക്കൊള്ളികളെടുത്തുവച്ച രണ്ടു കുണ്ടുകളിൽ രണ്ടു കുന്നുകൾപോലെ തുറിച്ചു നോക്കുന്ന മിഴികളും;

---

136. വേന്തിലാഇറപ്പേയ്ന്ത; കൊററലംപെറ

137. മുഴൈ-വിടൈ. കുൻറി

മൂലം

139. വററലാക ഉലർന്ത മുതുകുകൾ
മരക്കലത്തിൻ മറുപുറം ഒപ്പന;
ഒറൈറവാൻ തൊളൈപ്പുറെറനപ്പാമ്പുടൻ
ഉടുമ്പും ഉട്പുക്കുറങ്കിടും ഉന്തിയ,

ഭാഷ

ഉണങ്ങിച്ചുക്കിച്ച മുതുകുകൾ വഞ്ചിയുടെ പുറംപോലെയായി. ആ വലിയ ഒററത്തുള പുററാണെന്നു കരുതി പാമ്പുകളും ഉടുമ്പുകളും ഉള്ളിൽ കടന്നുറങ്ങുന്ന പൊക്കിളും;

മൂലം

140. പാന്തൾ നാൽവനപോലും ഉടൽമയിർ;
പാചിപട്ട പഴന്തൊളൈ മൂക്കിന;
ആന്തൈപാന്തി ഇരുപ്പത്തുരിഞ്ചിൽപുക്
കങ്കുമിങ്കും ഉലാവുചെവിയന,

ഭാഷ

ഉടൽരോമങ്ങൾ കരിനാഗങ്ങൾ പോലെ തൂങ്ങിയാടുന്നു. വാടച്ചീഞ്ഞ പായൽകാലുകളുള്ള നാസാദ്വാരങ്ങളും, (മൂക്കരോമം) മൂങ്ങകൾ കേറിപ്പതുങ്ങിയിരിക്കയാൽ അകത്തു കടന്നുകൂടാൻ പററാതെ ഇറിച്ചിലുകൾ അങ്ങുമിങ്ങും ലാവിപ്പറക്കുന്ന ചെവികളും;

മൂലം

141. കൊട്ടും മേഴിയും കോത്തനപല്ലിന;
കോമ്പിപാമ്പിടൈക്കോത്തണിതാലിയ;
തട്ടിവാനൈത്തകക്ർന്തലൈയിന;
താഴ്ന്തുമാർ പിടൈത്തട്ടും ഉതട്ടിന,

ഭാഷ

കൊത്തി (മൺവെട്ടിയുടെ അലക്)യും കലപ്പയും കോർത്തു വച്ചപോലുള്ള പല്ലുകളും, പാമ്പിൽ ഓന്തിനെ കോർത്തിട്ട താലിമാലയും, ആകാശം മുട്ടിത്തകക്കുന്ന മൂർദ്ധാവും, തൂങ്ങി നെഞ്ചിൽ തട്ടുന്ന ചുണ്ടുകളും:

മൂലം

142. അട്ടംഇട്ട നെടുങ്കഴൈ കാണിൽ, "എൻ
അന്നൈ! അന്നൈ!" എൻറാലും കുഴവിയ:
ഒട്ട ഒട്ടകങ്കാണിൽ "എൻപിള്ളൈയെ
ഒക്കം! ഒക്കം!" എൻറാക്കലൈകൊൾവന,

ഭാഷ

വലിയ മുളംകൂട്ടുകളെക്കാണുമ്പോൾ 'എൻറമ്മ അമ്മ' എന്നു വിളിക്കുന്ന പേയ്ക്കുഞ്ഞുങ്ങളും ഒട്ടകങ്ങളടുത്തുവരുന്നതു കണ്ടാൽ 'എൻെറ പിള്ളതന്നെ ഇതു'' എന്നോർത്ത് ഒക്കിലെടുക്കുന്നു;

മൂലം

143. പുയൽ അളിപ്പനമേലുമളിത്തിടും
പൊർകരത്തപയൻ പുലിപിൻചെലക്
കയൽഒളിത്ത കടുംചുരംപോലകൺട്
കാന്തുവെമ്പചിയിർ പുറന്തീണ്ടവും,

ഭാഷ

അത്ഥികൾക്ക്, മേഘങ്ങൾ ചൊരിയുന്നതിനേക്കാൾ അധികം പൊന്നു വഷിക്കുന്ന കൈകളുള്ള ചോഴൻെറ പുലിക്കൊടയോടു തോറേറാടിയ മീൻകൊടി (പാണ്ഡ്യൻ) ചെന്നൊളിച്ച ചുടുപാറത്തുരപ്പുപോലെ, ആളുന്ന വിശപ്പിനാൽ അവയുടെ പുറവും കരുവാളിച്ചു;

മൂലം

144. തുഞ്ചലുക്കണിത്തമൈന മുന്നമേ
ചൊന്ന ചൊന്ന തുറൈതൊറുംപേയെല്ലാം
അഞ്ചലിത്തൊരുകാലകലാമൽ അ
വണക്കിനക്കരുകാക ഇരുക്കവേ.

ഭാഷ

ഇങ്ങനെയുള്ള ഭൂതങ്ങൾ, മുൻപറഞ്ഞ സ്ഥലങ്ങളിലൊന്നും ഭക്ഷണം കിട്ടാതെ, ചാകാറായി എന്നു് ദേവിയോടു ചെന്നു് സങ്കടമുണർത്തിച്ചിട്ടു്; വിട്ടുമാറാതെ തൊഴുകൈയോടെ അരികത്തിരുന്നു.

മൂലം

145. ആളൈച്ചീറുങ്കളിററുപയൻ പൊരും
അക്കളത്തിൽ അരചർ ചിരഞ്ചൊരി
മൂളൈച്ചേററിൽ വഴുക്കി വിഴുന്തിട
മൊഴിപെയർന്തൊരുകാൽ മുടം ആനവും,

ഭാഷ

ആളെ വലിച്ചുകീറുന്ന ആനപ്പടയുള്ള ചോഴൻ പോരാടുന്ന കളത്തിൽവീണ രാജാക്കന്മാരുടെ ശിരസ്സിൽനിന്നു തെറിച്ച തലച്ചോറായ ചളിയിൽ, കാൽവഴുതി വീഴുകയാൽ മുട്ടിന്റെ ചിരട്ടതെററി ഒററക്കാൽ ഞൊണ്ടിയായ ഭൂതവും

മൂലം

146. അന്തനാൾ അക്കളത്തുട്ക്കുഴിന-
ക്കായ്ന്ത ണെൻപൽഅരിശിഉരൽപുക

146. പാഠം. കൊണ്ടെന—കോട്ടനീം (നീളനുലക്ക).

ചൊററാനവും – ചൊത്തനവും, ചൊട്ടാനവും (ഒടിഞ്ഞു ചതഞ്ഞു് ഒന്നിനുംകൊള്ളാത്ത.)

ഉന്തുപോതിനിൽപോതക്ക കൊറ്റമ്പൊനം
ഉലക്കൈപെട്ട വലക്കൈയൊററാനവും,

ഭാഷ

അന്നു് ആ യുദ്ധക്കളത്തിൽ പിടിയൻ (ക്ലൂഴ്, കുറക്കു്) കാച്ചുവാൻ തിരഞ്ഞെടുത്ത വെൺപല്ലുകളായ അരി, ഉരലിലിട്ടു് മാടിക്കുത്തുമ്പോൾ, ആനക്കൊമ്പുലക്കതെററിക്കൊണ്ടിട്ടു്, വലക്കൈ ചതഞ്ഞൊടിഞ്ഞവയും,

മൂലം

147. വിരുതരാചപയങ്കരൻ മുന്നൊർനാൾ
വെൻറ ചക്കരക്കോട്ടത്തിടൈക്കൊഴുങ്
കുരുതിയുങ്കുടരുങ്കലന്തട്ടവെങ്
ക്രൂഴ്തെറിഞ്ഞൊരു കൺകുരുടാനവും,

ഭാഷ

മുമ്പൊരിക്കൽ ജയചിഹ്നമുള്ള രാജാക്കന്മാരെ ഭയചകിതരാക്കിയ 'വിരുതരാജഭയങ്കര'ൻെറ (മുതർകുലോത്തുംഗൻെറ

---

147. ചക്കരക്കോട്ടം യുദ്ധത്തെപ്പററി: തൻെറ മാതുലനായ വീരരാജേന്ദ്രചോഴൻെറ വാത്സല്യാനുഗ്രഹത്താൽ രാജാവായിത്തീന്ന കഥാനായകൻ, കൃഷ്ണാ- ഗോദാവരീനദികൾക്കിടയ്ക്കുള്ള വേങ്കിനാടിനെ ഭരിച്ചുകൊണ്ടിരിക്കേ, ഇളയഛനായ വിജയാദിത്യനെ ഭരണകാൎയ്യമേല്പിച്ചു് ദിഗ്വിജയത്തിനു മുന്നേറി. മദ്ധ്യസംസ്ഥാനത്തെ ചക്കരക്കോട്ടത്തെ ഭരിച്ചിരുന്ന താരാവർഷനെ എതിൎത്തു തോല്പിക്കയും, വൈരാകരമെന്ന ദേശത്തേയും അധീനപ്പെടുത്തുകയും ചെയ്തു. പിന്നീടതെല്ലാം തീവച്ചു മുടിക്കയുമുണ്ടായി. ഇതാണു് മുതർകുലോത്തുംഗൻെറ പ്രഥമ യുദ്ധം. ഈ വിവരം 254, 384 എന്നീ പദ്യങ്ങളിൽ പ്രതിപാദിക്കുന്നുണ്ടു്.

രുദം) 'ചക്കരക്കോട്ടം' യുദ്ധക്കളത്തിൽ, ചോരക്കട്ടയും നെസ്സുടലും ചേൎത്തു് കൂഴ് കാച്ചുമ്പോൾ ചുടുകുരുകൾ തെറിച്ചുവീണു് ഒററക്കണ്ണന്മാരായവരും,

മൂലം

148. വണ്ടൽപായ് പൊന്നിനാടനൈ വാഴ്ത്തിമാ-
മതുരൈ വെങ്കളത്തേമതുരിക്ക അട്
ടുണ്ട കൂഴൊടു നാവും ചുരണ്ടു പുക്
കുൾ വിഴുന്തറ ഊമൈകൾ ആനവും,

ഭാഷ

വിളനിലങ്ങൾക്കു വളംനല്കുന്ന കാവേരിനാട്ടധിപനെ പുകൾപെററ മധുരയിലെ കൊടുംയുദ്ധക്കളത്തിൽവച്ചു് കീൎത്തിച്ചുകൊണ്ടു്, രുചിക്കു് പാകപ്പെടുത്തിക്കഴിച്ച പൊള്ളുന്ന കൂഴ് പററി നാക്കു വെന്തു് ചുരുണ്ടു് കീഴോട്ടിറങ്ങുകയാൽ ഊമയായിത്തീൎന്നവയും

മൂലം

149. ആനൈചായ അടുപരി ഒൻറുകൈ
ത്തൈമ്പടൈപ്പരുവത്തപയൻ പൊരും
ചേനൈവീരർ നിൻറാൎത്തിടും ആൎപ്പിനിൽ
തിമിരിവെങ്കളത്തിർ ചെവിടാനവും,

ഭാഷ

അയ്മ്പടത്താലി കെട്ടുന്ന പ്രായത്തിൽ തന്നെ, ആനയെ കൊല്ലുന്ന കുതിരപ്പുറത്തു കേറിയ ചോഴൻ (അഭയൻ) പോരാ

---

149. അയ്മ്പടത്താലി=പഴയ ആചാരപ്രകാരം കുഞ്ഞുങ്ങൾ പേടിക്കാതിരിക്കാൻ ശംഖ്, ചക്രം, വില്ല്, വാള്, ഗദ എന്നിവയുടെ രൂപം പൊന്നിൽ കെത്തി കഴുത്തിൽ കെട്ടുന്ന ഒരു ആഭരണം. (പ്രസ്തുത താലി ഊരുന്ന പ്രായത്തിനു മുമ്പുതന്നെ ഈ ചോഴൻ യുദ്ധത്തിനു പോയി എന്നു സാരം.)

ടിയ ആ തിമരിയിലെ യുദ്ധക്കളത്തിൽ, തന്റെ വീരസൈനി കർ നേക്കുനേർനിന്നട്ടഹാസം മുഴക്കുന്നതു കേട്ട ചെകിടന്മാരായവരും,

മൂലം

150. പണ്ടുതെന്നവർചായ അതൽമുൻ
പണിമൈ പൂതകണങ്കൾ അനൈത്തെയും
കൊണ്ടുവന്തപേയ് കൂടിയപോതിൽഅക്
കുമരിമാതർപെറക്കുറൾ ആനവും;

ഭാഷ

മുമ്പ് പാണ്ഡ്യർ പരാജിതരായപ്പോൾ, തോൽക്കുംമുമ്പ് അവരുടെ ദാസിമാരായ പെൺഭൂതങ്ങളെയെല്ലാം ആൺഭൂതങ്ങൾ പിടിച്ചു കൊണ്ടുപോന്നു. പിന്നീടവർ തമ്മിൽ നടന്ന വേഴ്ചയിൽ യുവതികളായ ആ പെൺഭൂതങ്ങൾ പെററിട്ട മുണ്ടരും,

മൂലം

151. പരക്കും ഓതക്കടാരം അഴിത്തനാൾ
പായ്ന്ത ചെമ്പുനൽആടിയും നീന്തിയും
കുരക്കുവാതം പിടിത്തവിതത്തിനിൽ
കുടിയടങ്കലും കൂൻമുതുകാനവും.

---

150. വാസ്തവത്തിൽ ഭൂതങ്ങളും പേയ്ക (പിശാച്) ളും തമ്മിൽ വ്യത്യാസമുണ്ട്. ഭൂതങ്ങളുടെ കാല്, കൈ, ഉടൽ ഇവ തടിച്ച് കുറുതായിരിക്കും. തിരുവിളൈയാടൽ പുരാണത്തിൽ കുണ്ഡോദരൻെറ വിവരണത്തിൽ (11, 16 പാട്ട്) "പരുഉറങ്കയ്യാൽ വായിതൻ പെരുവയററിടൈ വൈപ്പ്" എന്നു പറയുന്നുണ്ട്.

151. കടാരം=ബർമ്മയ്ക്കടുത്ത് ഒരു കടലോരദേശം. അവിടത്തെ ഭരണാധിപനായ സംഗ്രാമവിജയോത്തുംഗനെ തോല്പിച്ചു ഗംഗകൊണ്ടചോഴൻ (മുതർകുലോത്തുംഗൻെറ മുത്തച്ഛൻ) കടാരം കൈവശപ്പെടുത്തി.

ഭാഷ

തിരയടിക്കുന്ന കടൽക്കരയുള്ള കടാരദേശം ആക്രമിച്ചു പിടിച്ചപ്പോളൊഴുകിയ രക്തപ്പുഴയിൽ ആടിക്കളിച്ചു നീന്തിനീന്തി കോച്ചുവാതം പിടിച്ച ചില മുതുക്കന്മാരും,

മൂലം

152\. ചിങ്കളത്തൊട്ടതെൻ മതുരാപുരി
ചെററകൊററവൻ വെററികൊൾകാലൈയേ
വെങ്കളത്തിലട്ടമടൈ പേയ്കുലം
വേലൈപുക്കു വിരൽകൾ തിറന്തവും.

ഭാഷ

ചിങ്കണത്തേയും മധുരാനഗരത്തേയും പിടിച്ചടക്കാൻ ചോഴൻ പോരാടിക്കൊണ്ടിരുന്ന കളത്തിൽവച്ച് ഭക്ഷണം വേവിക്കുമ്പോൾ, അമ്പേൽക്കുമെന്നു ഭയന്ന് കടലിൽ ചാടി നീന്തി കൈപ്പത്തി മരവിച്ച ചില ഭൂതത്താന്മാരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

[പേയ്കളെ പാടിയതു തീൎന്നു.]

ഏഴാം പടലം: ഇന്തിരചാലം (മായാവിദ്യകൾ)

വനദുർഗ്ഗയുടെ കോപം ഭയന്ന്, പണ്ട് ഹിമാലയത്തിലേയ്ക്കൊളിച്ചോടിപ്പോയ ഒരു മുതുപിശാച് ദേവിയുടെ സന്നിധാനത്തിൽ മടങ്ങിവന്ന്, താൻ പഠിച്ച അത്ഭുതങ്ങളെ തിരുമുമ്പിൽ പ്രകടിപ്പിച്ച് പ്രീതിപ്പെടുത്തുന്ന ഒരു കളംപാട്ടത്രേ ഇതു

152\. ഈ ചിങ്കളം സിലോണല്ല, മൈസൂറിലെ ചികണമെന്ന ദേശമാണെന്നു ശ്രീ എൽ. ശ്രീനിവാസയ്യർ രചിച്ച 'മുതർകുലോത്തുംഗൻ' എന്ന കൃതിയിൽ 25-ാം പേജിൽ പറയുന്നു.

ജാലം. പിറകേ വരുന്ന അദ്ധ്യായങ്ങളിലെ ക്രൂരരംഗങ്ങളെ വ്യഞ്ജിപ്പിക്കുകയും, ആ മായാവിലാസങ്ങൾ ദേവിയുടെ പിച്ചുക്കളികളാണെങ്കിലും സാധാരണജനങ്ങൾ ഈ കൊട്ടക്കൊലകളിൽ പേടിച്ചു് പരിഭ്രാന്തരായി ദുർഗ്ഗാഭഗവതിയെ ശരണംപ്രാപിക്കുന്നതും, ഭക്തവത്സലയായ ആ ജഗന്മാതാവു് എല്ലാവരേയും അനുഗ്രഹിച്ചാശ്വസിപ്പിക്കുന്നതുമത്രെ ഇതിലെ പ്രതിപാദ്യം.

മൂലം

153. ഇവ്വണ്ണത്തിരുപുറമും തൊഴുതിരുപ്പ
എലുമ്പിൻമിചൈകുടർമെൻകച്ചിൻ
ചെവ്വണ്ണക്കുരുതിതോയ്ചിറവൂത
ന്താപക്കാൽ കട്ടിൽ ഇട്ടേ.

ഭാഷ

മേൽ ചൊന്ന വികലാംഗരായ ഭൂതഗണങ്ങൾ ദേവിയുടെ നടയിലിരുവഴിയായി തൊഴുതുനിന്നു. ദേവിയോ അസ്ഥിമാടത്തിന്മേൽ കുടൽക്കച്ചി വരിഞ്ഞു് ചോരനീർ വീഴ്ത്തി ചെറുഭൂതക്കാൽകൊണ്ടു കട്ടിൽ ചമച്ചു്, അതിൽ

മൂലം

154. പിണമെത്തൈ അഞ്ചടുക്കിപ്പേയ് അണൈയൈ
മുറിത്തിട്ടുത്തുയവെള്ളൈ
നിണമെത്തെവിരിത്തുയർന്ത നിലാത്തികഴും
പഞ്ചചയനത്തിൻ മേലേ.

ഭാഷ

അഞ്ചടുക്കായി പിണമെത്തയൊരുക്കി പിശാചുകളെ

---

153. ഭൂപക്കാൽ തൊട്ടിൽ – പാഠം.

154. പഞ്ചശയനം=അഞ്ചു തരം പഞ്ഞി നിറച്ച കിടക്ക. ഇലവിൻപഞ്ഞി, ചെമ്പഞ്ഞി, വെമ്പഞ്ഞി, രോമം, അന്നത്തൂവൽ എന്നിവ നിറച്ച മെത്ത.

മുറിച്ചു തലയണവച്ചു്, തൂവെള്ളക്കൊഴപ്പു വിരിച്ചതിനാൽ നിലാവൊളി തുവുന്ന ആ പഞ്ചശയനത്തിന്മേൽ

മൂലം

155. കെടാതപടി നെട്ടഞ്ചെഴിയർ കെടുംപൊഴുതിൽ
ഇട്ടം പിണ്ടിപാലം ഏന്തി
ഇടാകിനികൾ ഇരുമരുങ്കും ഈച്ചോപ്പി–
പ്പണിമാറ ഇരുന്തപോഴ്തിൻ

ഭാഷ

നശിപ്പിച്ചാലും നശിക്കാത്ത (കെടാത്ത) പാണ്ഡ്യർ നശിക്കുന്ന കാലത്തു്, അവർ പിടിച്ചിരുന്ന പിണ്ടിപാലം (രാജകീയ ആയുധം) തൻെറ കയ്യിലേന്തിക്കൊണ്ടും; ഇരുവശത്തും ഇഡാകിനി (പരിവാരം) കളാൽ ഈച്ചോപ്പി (വിശറി) കൊണ്ടു് വീശിച്ചും അവാം എഴുന്നള്ളിയിരിക്കുമ്പോൾ,

മൂലം

156. അടൽനാകഎലുമ്പെടുത്തു നരമ്പിർകട്ടി
അടിത്തടിയും പിടിത്തമരിൽ മടിന്തവീരർ
കുടർചൂടി, നിണച്ചട്ടൈയിട്ടു നിൻറ
കോയിൽനായകി നെട്ടമ്പേയ് കുമ്പിട്ടാങ്കെ

---

155. ഇഡാകിനി: ശ്മശാനത്തിലെ ശവം തിന്നുന്ന ചുടലപ്പിശാചു്.

ഈച്ചോപ്പി: കവരിമാനിൻെറ മുടി കെട്ടിയുണ്ടാക്കിയ ഈച്ചയെ വീശാനുള്ള ചാമരം.

പിണ്ടിപടലം: ധൂമകേതുവുദിക്കുമ്പോൾ ലോകനാശം സൂചിപ്പിക്കുന്ന എന്നപോലെ, ശത്രുവിനാശകാലത്തു് ദേവി കയ്യിലെടുക്കുന്ന അരിവാൾപോലൊരായുധം.

156. അടിക്കടിയും. കുടർമാലൈ ചൂടി.

ഭാഷ

യുദ്ധത്തിൽ മൃതിയടഞ്ഞ വീരന്മാരുടെ കുരുതിയാൽ നിണച്ചട്ടയണിഞ്ഞു്, അവരുടെ കുടൽമാല മേലകിറായും ചാർത്തി, പോരിൽ ചരിഞ്ഞ ഗജവീരന്മാരുടെ എല്ലുകൾ പറിച്ചെടുത്തു് അവയുടെ ഞരമ്പാൽത്തന്നെ കെട്ടിയെടുത്ത അടിത്തടിയും തൃക്കയ്യിൽ ധരിച്ചുകൊണ്ടു്; കോവിലിൽ വസിക്കുന്ന ഭദ്രകാളിയുടെ പെരുംഭൂതം തിരുമുമ്പിൽ കുമ്പിട്ടു തൊഴുതു നിന്നു.

മൂലം

ചുരകുരുവിൻ തൂതാകിയ മൻപാൽ ചെൽവോൻ
തുണിത്തുവൈത്തചിരംഅൻറുതിൻറപേയൈയെയ്ച്
ചിരമരിയ അതർകുറവായ് ഒളിത്തുപോന
ചിലപേയൈ തിരുവുള്ളത്തറിതിയൻേറ,

ഭാഷ

സുരഗുരു എന്ന ചോഴൻെറ ദൂതനായി യമൻെറ അടുത്തു പോയ ഒരു പിശാചു്, താൻ തിന്നാനടുത്തുവച്ച തല, തിരിച്ചുവന്നപ്പോൾ കട്ടുതിന്ന മറെറാരു പിശാചിൻെറ തലയറുത്ത നേരം; കള്ളപ്പിശാചിൻെറ തുണക്കാരാകയാൽ ഒളിച്ചുപോയ ചില പേയ്കളെ അമ്മേ, നിന്തിരുവുള്ളം അറിയുന്നുണ്ടാവും.

മൂലം

158. അപ്പേയിൻ ഒരു മുതുപേയ് വന്തുനിൻറിങ്ങ്
കടിയേനൈ വിണ്ണപ്പംചെയ്ക എൻറതു;
ഇപ്പേയ് ഇങ്കൊരുതീങ്കുചെയ്തതില്ലെ
എൻകൊലോ തിരുവുള്ളം? എന്നകേട്ടേ;

ഭാഷ

അന്നങ്ങനെ പോയവയിൽ ഒരു കിഴവൻ പേയ് എൻെറ അടുക്കൽ വന്നു്, അവിടത്തെ അടിമയായ എൻെറ പക്കൽ അവൻ വന്ന വിവരം ദേവിയെ അറിയിക്കു എന്നു പറഞ്ഞിരി

ക്കുന്നു. തിരിച്ചെത്തിയിരിക്കുന്ന ഈ പേയ് ഒരു തെററും ചെയ്തിട്ടില്ല. അവിടത്തെ തിരുവുള്ളം എന്താണാവോ? എന്നതിനെ ക്കേട്ട ദേവി,

മൂലം

159. 'അഴൈക്ക' എൻറല്ലും അഴൈക്കവെന്തണുകി
അഞ്ചിഅഞ്ചി, "ഉനതാണൈയിൻ
പിഴൈക്കവെന്തനം; പൊറുത്തെമക്കരുൾചെയ്
പെൺഅണങ്കെന" വണങ്കവേ,

ഭാഷ

"വിളിയ്ക്കുക!" എന്നു കല്പനയായതോടെ വിളിച്ചപ്പോഴ്, ആ പേയ് പേടിച്ചു പേടിച്ച് അടുത്തുവന്ന് "സർവ്വേശ്വരി! ഇത്രകാലം അവിടത്തെ കല്പനയെ ഭയന്നു കഴിഞ്ഞ അടിയൻ വന്നിരിക്കുന്നു. ഞങ്ങളുടെ അററകുററങ്ങളെ പൊറുത്ത് അനുഗ്രഹിക്കുമാറാകണേ!" എന്നു പ്രാർത്ഥിച്ചപ്പോഴ്,

മൂലം

160. അരുത്തിയിൽ പിഴൈനിനൈത്ത കൂളിയൈ
അറുത്ത വൻതലൈ അവൻ പെറപ്
പൊരുത്തിഅപ്പിഴൈപൊറുത്തനം; പിഴൈ
പൊറാതതില്ലൈ ഇനി എന്നവേ.

ഭാഷ

തല തിന്നാനാശിച്ച് തെററു ചെയ്ത കൂളിയുടെ കഴുത്തറുത്ത്, ആ വലിയ തല ദൂതുപോയവന് കൊട്ടക്കാറാക്കിയതോടെ ആ പിഴ പൊറുത്തുകഴിഞ്ഞു. ഇനി ക്ഷമിക്കത്തക്ക തെററൊന്നും ശേഷിക്കുന്നില്ല, എന്ന് ദേവി അരുളിച്ചെയ്തു.

മൂലം

161. "ഉയ്ന്തുപോയിനം ഉവന്തെമക്കരുള
ഒൻറൊടൊപ്പന ഒരായിരം

ഇന്തരചാലമുളകററുവന്തെനൻ;
ഇരുന്തുകാൺ" എന ഇറൈഞ്ചിയേ.

ഭാഷ

"അവിടത്തെ അനുഗ്രഹത്താൽ ഞങ്ങഠം പഠിച്ചു. ഒന്നായി തോന്നിക്കുന്ന ആയിരമായിരം ഇന്ദ്രജാലമുണ്ടു ദേവി. അവയെ അടിയൻ പഠിച്ചുവന്നിരിക്കുന്നു. എഴുന്നള്ളിയിരുന്നു തൃക്കൺപാർത്താലും." എന്നു അപേക്ഷിച്ചു.

മൂലം

162. 'എറനിൻഇരുതിരുക്കൺവൈയ്ത്തു അരുഠംചയ്
ഇക്കൈയിൽ ചില തുതിക്കൈ പാർ!
മാറിയിക്കൈയിൽ അഴൈക്ക മററവൈ
മതക്കരിത്തലൈകഠം ആന പാർ!

ഭാഷ

ഈതൊഴിലിൽ ആ ദിവ്യദൃഷ്ടികഠം സദയം പതിച്ചാലും. ഇതാ ഈ കൈയിൽ ചില തുമ്പിക്കൈകഠം കണ്ടോ? ഇവയെ ഈ കൈയിൽ വരുത്തിയപ്പോഠം രൂപം മാറി, മദയാനത്തലകളായിത്തീന്നതു കണ്ടുവോ!

മൂലം

163. ഇക്കരിത്തലൈയിൻവായിൽനിൻറു ഉതിര
നീർകുടിത്തുരും ഇടിത്തതെനക്
കൊക്കരിത്തല കൈച്ചുററമററിവൈ
കുറൈത്തലൈപ്പിണം മിതപ്പപാർ.

ഭാഷ

ഈ ആനത്തലകളുടെ വായിൽനിന്നൊഴുകുന്ന ചോരവെള്ളം കുടിച്ച പേയ്കഠം ഇടിവെട്ടുംപോലെ അട്ടഹസിച്ചാർക്ക

---

161. ഇരുന്തുകാൺ—ഇയംപിയേ (പാഠം)

മ്പോാം, ആ തലകാംക്ക പകരം ശിരസ്സില്ലാത്ത ആനക്കബന്ധങ്ങാം ഇതാ മറുകൈയിൽ വന്നിരിക്കുന്നതു നോക്കു!

മൂലം

164. അടക്കംഅൻറിതുകിടക്ക; എമ്മുടൈയ
അമ്മൈ, വാഴ്കഎന്നഎമ്മൈ പാർ!
കടക്കംഅൻറപയൻ വെൻറുവെൻറികൊാം
കളപ്പെരുംപരണി ഇൻറുപാർ.

ഭാഷ

ഇതുനില്ക്കട്ടെ, ഇതു മാത്രമല്ല വേല; ഞങ്ങളുടെ തായേ! ഞങ്ങാം നെടുനാാം വസിക്കാൻ നിൻകടക്കണ്ണുകളാൽ കടാക്ഷിക്കണേ! ജയംകൊണ്ടചോഴൻ "ഇതിലും ഞങ്ങാം ജയിക്കും" എന്നു പറഞ്ഞു വിജയംവരിച്ച യുദ്ധക്കളത്തിലെ പെരും ചെയ്തികളെല്ലാം ഇതാ കണ്ടോളൂ.

മൂലം

165. തുഞ്ചിവീഴ് തുരകരാശിപാർ! ഉടൽ തു-
നിന്തുവീഴ്കുറൈ തുടിപ്പപാർ!
അഞ്ചിഓട്ടമ്മതയാനൈ പാർ! ഉതിര
ആറും ഓടുവന നൂറു പാർ!

ഭാഷ

പോർക്കളത്തിൽ ചത്തുമറിയുന്ന കുതിരക്കൂട്ടത്തെ നോക്കൂ! കഴുത്തററു വീഴുന്ന വീരകബന്ധങ്ങാം കുറെ കിടന്നു പിടയ്ക്കും, കണ്ടോ! ഭയന്നു പായുന്ന മദയാനകളെ നോക്കൂ! അതാ നൂറുകണക്കിനൊഴുകുന്ന ചോരപ്പുഴകാം!

മൂലം

166. അററതോാംഇവൈവെഅലൈപ്പപാർ! ഉവൈ അ
റാതനീാംക്കുടർമിതപ്പപാർ!

KOTTAYAM PUBLIC LIBRARY KOTTAYAM.

ഇററതാം നരിഇഴപ്പ പാർ! അടിയി
ഴക്കും മൂളൈയിൽ വഴക്കൽ പാർ!

ഭാഷ

അററുവീണ തോളുകറം രക്തത്തിൽ നീന്തുന്നതു നോക്കു. മുറിയാത്ത നീണ്ട കുടൽ അതിൽ നെടുനീളത്തിൽ ഒഴുകുന്നതു കണ്ടോ മുറിഞ്ഞുവീണ കാലുകളെ കടിച്ചുവലിച്ചുകൊണ്ടുപോകുന്നതു നോക്കു. ഇഴുക്കുന്ന തലച്ചോററിൽ കാൽ വഴുക്കുന്നതു കണ്ടോ?

മൂലം

167. നിണങ്കറംപാർ! നിണമണം കനിന്തന
നിലങ്കറം പാർ! നിലമടങ്കലും
പിണങ്കറം പാർ! ഇവൈകിടക്ക, നമ്മുടൈയ
പേയ് അല്ലാത ചില പേയ്കറം പാർ!

ഭാഷ

കൊഴുപ്പിനെ നോക്കു! ചോരമണം കലർന്ന നിലങ്ങറം നോക്കു! കണ്ടോ, എവിടേയും ശവശരീരങ്ങറംതന്നെ! ഇതൊരു വശം, ഇനി നമ്മുടേതല്ലാത്ത ചില പുതിയ ഭൂതങ്ങളെ നോക്കു!

മൂലം

168. എൻറപോതിൽ ഇവൈമെയ്യെനാഉടൻ ഇ-
രുന്തപേയ് പതറി ഒൻറൻമേൽ
ഒൻറുകാൽമുറിയ മേൽവിഴുന്തടിചിൽ
ഉണ്ണാഎണ്ണി വെറുമണ്ണിൻ മേൽ.

ഭാഷ

എന്നിങ്ങനെ ഇന്ദ്രജാലപ്പിശാചു പറഞ്ഞപ്പോറം, ഇക്കാണുന്നതെല്ലാം വാസ്തവം എന്നും തങ്ങറംക്കു തീനായി എന്നും കരുതി അവിടെ കൂടിയിരുന്ന പിശാചുക്കറം; വെറും തറയിൽ ഒന്നിന്മേലൊന്നായി കാലുകറം മുറിഞ്ഞുപോംവണ്ണം ആ മണ്ണിൽ മേൽക്കുമേൽ,

മൂലം

169. വിഴുന്തുകൊഴുംകുരുതിപ്പുനൽ എൻറു
വെറുംകൈമുകന്തു മുകന്ന്
തെഴുന്തുവിഴുംതവൈ എൻറു നിലത്തൈ
ഇരുന്തു തുഴാവിട്ടമേ.

ഭാഷ

വീണ്ടും എഴുന്നേററും, കൊഴുത്ത ചോരയെന്നു വിചാരിച്ച് കൈകളാൽ കോരിക്കോരിക്കുടിച്ചും, നല്ല പച്ചമാംസം എന്നോർത്ത് ഇരുന്നിടത്തിരുന്ന് ഭൂമിയെ വാരിപ്പിടിക്കുകയും,

മൂലം

170. 'ചുററനിണത്തുകിൽ പെററനം!' എൻറു
ചുലാവുവെറുംകൈയവേ;
അററകുറൈത്തലൈ എൻറു വിചുമ്പൈ
അതുക്കും എയിററിനവേ.

ഭാഷ

ചിലതുങ്ങളും, 'പുതപ്പാൻ കൊഴുപ്പാട കിട്ടി'യെന്നു വിചാരിച്ച് വെറും ശൂന്യതയെ ദേഹത്തിൽ ചുററിക്കൊണ്ടിരുന്നു. ചിലവ, തലയില്ലാത്ത പിണമെന്നു കരുതി ശൂന്യതയെത്തന്നെ കടിച്ചുകാരി.

മൂലം

171. കയിററുറിപ്പെത്തൊർപേയ്വറിതേ ഉടൽ
കൌവിനതൊക്കവിരൈന്തു,
എയിററെ അതുക്കി നിലത്തിടൈ പേയ്കൾ
ഇരൈത്തനമേൽ വിഴവേ.

ഭാഷ

ഉറിക്കയർ പോലെ(ഞരമ്പുന്തിയ)ഒരു പേയ്,പിണത്തെ കമ്മിയതുപോലെ പല്ലുകളെ സ്വയം കടിച്ചപ്പോൾ ആർത്തി

പൂണ്ട മററുള്ളവ, ഭൂമിയിൽ ഒന്നിന്മേലൊന്നായി കമ്മി; അടുത്തടുത്തു വീണു.

മൂലം

172. മുറംപലപോല നകങ്കൾ മുറിന്തു
മുകം ചിതറാ, മുതുകും
തിറമ്പൽ ഇലാവിറൽ യോകിനിമാതർ
ചിരിത്തു വിലാഇറവേ.

ഭാഷ

പല മുറങ്ങൾപോലെ നഖങ്ങളുള്ള ആ കൂളികളുടെ(താഴെ വീണവയുടെ) നഖങ്ങൾകൊണ്ടു മുഖം മുറിഞ്ഞതുകണ്ടു്, പരാക്രമശാലിനികളായ യോഗിനിമാർ ചിരിച്ചു ചിരിച്ചു് പക്കെല്ലു് ഒടിച്ചു.

മൂലം

173. അക്കണംഅളും അണങ്കിനൈവന്തനൈ
ചെയ്തു 'കണങ്കളെലാം
ഇക്കണമാളും, ഇനിത്തവിർവിച്ചെ!'
എനകൈ വിതിർത്തല്വമേ.

ഭാഷ

ആ ഭൂതഗണങ്ങൾ അവർക്കേകാവലംബമായ അംബയെ വണങ്ങി "നമ്മുടെ പേയ്ക്കൂട്ടങ്ങളെല്ലാം ഇക്ഷണം നശിഞ്ഞുപോകും. അതിനാൽ ഈ വിദ്യാപ്രദർശനം ഉടൻ ഉപസംഹരിച്ചാലും." എന്നു് കൈവിറയലോടെ അഭ്യർത്ഥിച്ചു.

മൂലം

174. 'കൊററവർകോൻ വാളപയൻ, അറിയവാഴം
കുവലയത്തോർകളൈഅനൈത്തുംകുറത്തുങ്കേ
കററുവന്താർകററവൻ കാണുമാപോൽ
കടൈപോക്കകെണ്ടരുൾ എൻകൽവി എൻേറ.

ഭാഷ

അരചർക്കരചനും വാഗ്മീന്ദ്രനുമായ ചോഴൻ അംഗീകരിക്കുംപടി, യശസ്വികളായ മഹാന്മാർ സർവ്വധർമ്മതത്ത്വങ്ങളേയും പഠിപ്പിച്ചു, ആ പഠിച്ചവരുടെ തത്ത്വങ്ങളെ അവർ പരീക്ഷിക്കുംപ്രകാരം എന്റെ ഇന്ദ്രജാലവിദ്യകാം ദേവി തൃക്കൺ പാർത്താലും എന്നു്,

മൂലം

175. വണങ്കുതലുംകണങ്കൾ എലാം മായപ്പാവി!
മറിത്തൊന്മൈ മറുചൂടുചുടുവൈയാകിൽ
അണങ്കരചിൻ ആണൈ!' എന,അണങ്കുമിപ്പോതു
അവൈതവിർ, എങ്കിവൈകററായ്? എന്ന ആങ്കേ.

ഭാഷ

ആ കുളിമൂപ്പൻ ഇങ്ങനെ തൊഴുതു പറഞ്ഞപ്പോൾ സദസ്സിലെ പേയ്ക്കൂട്ടങ്ങൾ തടഞ്ഞു. ഈ മായപ്പാപി ഇനിയും ഞങ്ങളെ വിഡ്ഢികളാക്കി പററിക്കുമമ്മേ! ഭഗവതിമാൎക്കെല്ലാം രാജ്ഞിയായ നീയാണെ (സത്യമായും ഇനി വേണ്ട) എന്നു് അപേക്ഷിച്ചതോടെ "മതിയാക്കു" എന്നും, "നീ ഇതെല്ലാം എവിടെനിന്നു പഠിച്ചു?" എന്നും ചോദിച്ചപ്പോൾ,

മൂലം

"നിൻമുനിവും ചുരകുരുവിൻ മുനിവും അഞ്ചി
നിലൈഅരിതെൻറിമകിരിപുക്കിരുന്തേർകെളവൈ
തൻമുനിവും അവൻമുനിവും തവിർക എൻറു
ചാതന മന്തിരവിച്ചൈ പലവും തന്തേ.

ഭാഷ

അവിടത്തെ കോപത്തേയും, സുരഗുരുചോഴന്റെ കോപത്തേയും ഭയന്നു് ഇവിടെ നിൽക്കാൻ ധൈര്യമില്ലാതെ ഹിമാ

175-ാം പാട്ടിൽ മുതർകുലോത്തുംഗന്റെ രാജകീയ വിദേശസംഘത്തെ അനുസ്മരിക്കുന്നു.

ലസം പൂകിയ എറിക്കു്, അമ്മയായ നിന്റെ ദ്വേഷ്യവും, സുരഗുരുവിന്റെ ദ്വേഷ്യവും നീത്താനും, വിചാരിച്ച കാര്യങ്ങൾ സാധിക്കാനുമുള്ള മന്ത്രങ്ങളും പലവിധ വിദ്യകളും എന്നെ പഠിപ്പിച്ചു.

മൂലം

177. ഉന്നുടൈയപഴഅടിയാർ അടിയാൾതെയ്‌വ
ഉരുത്തിരയോകിനി എമ്പാൾ 'ഉനക്കു നന്മൈ
ഇന്നമുളകിടൈപ്പുന; ഇങ്കിരുക്ക!' എന്ന
യാനിരുന്തേൻ ചിലകാലമിരുന്തനാളിൽ.

ഭാഷ

നിന്തിരുവടിയുടെ പൂർവ്വഭക്തക്കു് നായകിയും ദിവ്യയുമായ രുദ്രയോഗിനിയമ്മ, "നിനക്കു നന്മനൽകുന്ന കുറെ മന്ത്രങ്ങൾ ഇനിയുമുണ്ടു്. നീ ഇവിടെത്തന്നെയിരിക്ക." എന്നെന്നോടു് പറഞ്ഞതു കേട്ടു്, ഞാൻ അവിടെ താമസിക്കുന്ന കാലത്തു്,

[ഇന്ദ്രജാലം സമാപിച്ചു.]

എട്ടാം പടലം: ഇരാചപാരമ്പരിയം (രാജപാരമ്പര്യം)

മുന്നദ്ധ്യായത്തിൽ പ്രസ്താവിച്ച മുതുപേയ് ഹിമാചലത്തിൽ വസിക്കുമ്പോൾ നാരദമുനി അവിടം സന്ദർശിച്ചിരുന്നു. മുമ്പേതന്നെ അവിടെ എത്തിയിരുന്ന കരികാലചോഴനോടു് "മുമ്പു് വിനായകൻ മേരുപർവ്വതത്തിന്മേൽ ഭാരതകഥ കൊത്തിയതുപോലെ, ഞാൻ പറയുന്ന പൂർവ്വചോഴചരിതത്തെ ഹിമാലയത്തിന്മേലും കൊത്തിസ്സുക." എന്ന നാരദവാക്യം കേട്ട കരി

177. ഉനക്കു—എനക്കു പാഠം.

കാലൻ, അതിന്മേൽ രേവപ്പെട്ടത്തിത്തുടങ്ങി. ഇതു പാടിപ്പവന്ന പ്രസ്തുത മുതുവേയ്, ആ ചരിത്രത്തെ ദേവിയുടെ മുമ്പാകെ പ്രസ്താവിക്കുന്നതത്രേ 'രാജപാരമ്പര്യം' എന്ന എട്ടാം അധികാരം.

ഈ രാജപാരമ്പര്യത്തെ മദ്രാസ് ഗവർമ്മേണ്ടിന്റെ പക്കലുള്ള കൈയെഴുത്തുപ്രതിയിൽ 'തിരുമുടി അടൈവു' എന്ന പേരിൽ വിവരിച്ചിരിക്കുന്നു. ഇതിൽ മഹാകവി ജയംകൊണ്ടാർ, മുതർകുലോത്തുംഗചോഴനെ വിഷ്ണുവിന്റെ അവതാരമായി വർണ്ണിച്ചിട്ടുണ്ട്.

മൂലം

178. ചെണ്ടുംകൊണ്ടു കരികാലനൊരുകാലിൻ ഇമയച്
ചിമയമാൽവരൈ തിരിത്തരുളിമീള അതനൈ
'പ്പണ്ടു നിൻറപടിനിർകഇതു' എൻറു മുതുകിൽ
പായ്പുലിക്കുറി പൊറിത്തതുമറിത്തപൊഴുതേ.

ഭാഷ

പല ശിഖരങ്ങളുള്ള ഹിമാലയഗിരിയെ കരികാലചോഴൻ രണ്ടാമൻ (600–700 എ. ഡി.) ഒരിക്കൽ തന്റെ ചെങ്കോലിനാൽ മറിച്ചിട്ടു. അതിനുശേഷം, ആ മല മുമ്പു നിന്നമാതിരി നില്ക്കട്ടെ എന്നു വിചാരിച്ച്, ചാടുന്ന പുലിയുടെ ചിഹ്നമുള്ള കൊടി ആയതിന്മേൽ കൊത്തിക്കുകയും ഗിരിയെ നേരെ നിറുത്തുകയും ചെയ്തപ്പോൾ,

മൂലം

കാലം മുമ്മൈയും ഉണർന്തരുളുനാരതൻ എനും
കടവുൾവേതമുനിവന്തു 'കടൽചൂഴ്പുവിയിൽനിൻ

---

178. ഒരുകാലിൻ–ഒരു നാളിൽ. പുലിക്കുറി–പുലിക്കൊടി. പാഠം.

ശിവപ്രസാദത്താൽ കരികാലൻ രണ്ടാമന് ലഭിച്ച ഒരായുധമത്രേ ചെണ്ട് (ചെങ്കോൽ).

പോലും മററർ ഉനരല്ലർ, ഏനത്തുചിപ്പുകലാ
പ്പുകൽവാതാൻറുളത്തുകേൾഅരച"എൻറപ്പുകൽവാൻ.

ഭാഷ

ത്രികാലജ്ഞാനിയും വേദവിത്തും ദിവ്യമുനിയുമായ നാരദൻ കരികാലൻെറ സമീപത്തു വന്നു് "ഹേ, രാജൻ! കടലുകൾ ചൂഴ്ന്ന ഈ ഭൂമിയിൽ അങ്ങയെപ്പോലെ മററൊരു രാജാവുമില്ല." എന്നു് ആശീർവദിച്ചു. ഇനിയും അങ്ങയോടു ചിലതു പറയുവാനുണ്ടു്. അതു കേൾക്കുക." എന്നും പറഞ്ഞു് വിവരിച്ചുതുടങ്ങി.

മൂലം

180. "പണ്ടു പാരതംഎന്നും കതൈപരാചരൻമകൻ
പകരവെങ്കരിമുകൻപരമരുപ്പൈ ഒരുകൈ
കൊണ്ടു മേരുചികരത്തൊരുപുറത്തിൽ എഴുതി
ക്കുവലയംപെറുതവപ്പയൻ ഉരൈപ്പഅരിതാൽ.

ഭാഷ

പാണ്ടു് പരാശരപുത്രൻ (വ്യാസൻ) ഭാരതപുരാണം പറഞ്ഞുകൊണ്ടിരുന്നപ്പോൾ സർവ്വർക്കും ഓമനയായ ഗജമുഖൻ

---

180. ഭാരതകാവ്യം വ്യാസോക്തി പ്രകാരം ഗണേശൻ എഴുതിയെന്നതിനു വേറെയും തെളിവുകളുണ്ടു്.

'വില്ലിപ്പുത്തൂർ(ആഴ്വാർ)ഭാരത'ത്തിൻെറ കാവ്യമുഖത്തിൽ "മുനിരാചൻ മാപാരതം" ചൊന്നനാൾ ഏടാകമാ–മേരുവെർപാകമും കൂർഎഴുത്താണിതൻകോടാകഎഴുതുംപിരാൻ" എന്നും, "ഭാരതവെൺപാ"വിൻെറ മുഖവുരയിൽ "പനിക്കോട്ടുമാൽവരൈ മേൽപാരതപ്പോർതീട്ടും–തനിക്കോട്ടുവാരണം" എന്നും. "പഴമലൈ അന്താതി" ഒന്നാംപാട്ടിൽ "പാരതംകോട്ടുനുതിയാൽ എഴുതിയ പണ്ണവനൈ" (ഭാരതത്തെ കൊമ്പിൻമുനയാലെഴുതിയ ഗാതാവേ!) എന്നും കാണുന്നുണ്ടു്.

തൻെറ വലിയ കൊമ്പു് വലംകൈയിലെടുത്തു് മേരുവിൻെറ ഉച്ചിയിലൊരുവശത്തു്, ആ കഥതന്നെ ആലേഖനം ചെയ്തുവയ്ക്കുകയാൽ ലോകത്തിന്നു സിദ്ധിച്ച നന്മകാം പറയാവതല്ല.

മൂലം

181. പാരതത്തിൻ ഉളവാകിയ
പവിത്തിരകതൈ എം
പരമൻനർ ചരിതൈ
മെയ്പ്പഴയ നാന്മറൈകളേ
നേർഅവക്കിണൈതനൈനാൻ
മൊഴിയ നീ എഴുതു; മുൻ
നെടിയകുൻറിൻ മിചൈയേ
ഇചൈവതാനകതൈ കേൾ.

ഭാഷ

മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്ന പവിത്രകഥകാം നമ്മുടെ മുഖ്യദൈവത്തിൻ (ശ്രീകൃഷ്ണൻെറ) കഥകളും, പൂർവ്വന്മാരകളിൽ പ്രസ്താവിക്കുന്ന തത്വങ്ങളുമാകുന്നു. അതിനു തുല്യമായ ഈ കഥയെ ഞാൻ പറയാം. അതു് ഈ ഉന്നതഗിരിയിന്മേൽ അതു കുറിച്ചിട്ടാലും!

മൂലം

182. അതൻമുതർ കൺവരും
ആതിമുതൽ മായൻ ഇവനേ
അപ്പിരമേയം എനും
മെയ്പ്പരിയമതാക ഉടനേ
പതമും ഇപ്പതം വകു
ക്കവെരുപാതം അതുവും
പാതമാന ചില പാർ
പുകഴവന്ത അവൈയും.

ഭാഷ

ആ പുരാണാരംഭത്തിലെ ആദിഭഗവാനായ കൃഷ്ണനത്രേ വിഷ്ണു. ഈ വിഷ്ണു അളവററ സത്യസ്വരൂപനാണ്. അവന്ന് സൃഷ്ടിക്കുള്ള മോഹമുദിച്ചപ്പോഠ ലോകങ്ങളേയും, ഏഴു സൃഷ്ടികളേയും, അവയിൽ ചിലതിൽ ലോകം കീർത്തിക്കുമാറുള്ള വൈശിഷ്ട്യങ്ങളേയും നിർമ്മിച്ചു.

മൂലം

183. അന്തമുട്പടമിരുക്കും അവ്വിരുക്കിൻ വഴിയേ
ആകിവന്ത അവ്വുരുക്കമും വരുക്കംമുഴുതും
വന്തഅട്ടകമും ഒട്ടരിയ ചങ്കിതൈകളും
വായ്മൈവേതിയർകഠതാം വിതിയനും
വകൈയുമേ.

ഭാഷ

വേദത്തിൻെറ ഭാഗങ്ങളടങ്ങിയ ഋക്കിനേയും ഋക്കുകഠ ചേൎന്ന വൎഗ്ഗങ്ങളേയും, വൎഗ്ഗങ്ങളടങ്ങിയ അഷ്ടകങ്ങളേയും അതിനോടു ബന്ധപ്പെട്ട അമൂല്യസംഹിതകളേയും, സദാ സത്യമോതുന്ന പുരോഹിതരുടെ യാഗവിധിയേയും പറഞ്ഞു്,

മൂലം

184. കമലയോനിമുതലാകവരും ഉങ്കഠ മരപിൽ
കാവൽമന്നവർകഠആകിവരുകിൻെറ മുറൈയാൽ
അമലവേതമിതു കാണും, ഇതിൽ ആരണനില
ത്തമലനേ അപയനാകിവരുകെൻറരുളിയേ.

ഭാഷ

കമലാസനൻ ആദികൎത്താവായിട്ടുള്ള നിങ്ങളുടെ കുലത്തിൽ പ്രജാരക്ഷണത്തിനു വരുന്ന രാജാക്കന്മാരുടെ ഈ ചരിത്രം ശുദ്ധവേദം തന്നെയാണ്. ഇതിൽ പ്രതിപാദിക്കുന്ന വിഷ്ണു, മുതർകുലോത്തുംഗചോഴനായി ഈ കുലത്തിൽ അവതരിക്കും എന്നു് (നാരദൻ കരികാലനോടു) പറഞ്ഞു.

മൂലം

185. അരണിവേൾവിയിൻ
അകപ്പെട്ടമകണ്ട ഉരുവായ്
അരവണൈത്തുയിലും
ആതിമുതലാക അപയൻ
തരണികാവൽ അളവും
ചെലമൊഴിന്തു മുനിവൻ
താൻ എഴന്തരുള
മാമുനി മൊഴിന്തപടിയേ.

ഭാഷ

തീക്കടകോൽ (അരണി) ഉരച്ച അഗ്നിയിൽ നടത്തുന്ന യാഗത്തിൽ അകപ്പെട്ട്, സർവ്വാന്തര്യാമിയായി പന്നഗശയനത്തിലുറങ്ങുന്ന വിഷ്ണു മുതൽ എല്ലാ ലോകരുടേയും രക്ഷാകർത്താവുമുള്ള ചോഴൻവരേയും ക്രമപ്രകാരം നാരദൻ വിവരിച്ചതിനെ അതേ പ്രകാരം എഴുതി.

മൂലം

186. ആതിമാൽഅമലനാപി കമലത്തയനതിത്തു
അയൻമരീചിയനും അണ്ണലൈഅളിത്തപരിചും
കാതൽക്രൂർതരുമരീചിമകനാകിവളരും
കാചിപൻ കതിരരുക്കനൈ അളിത്തപരിചും.

ഭാഷ

ആദിപുരുഷൻെറ പരിശുദ്ധ നാഭികമലത്തിൽനിന്നുദിച്ചവനിൽനിന്ന് മഹാനായ മരീചിയും, അദ്ദേഹത്തിൻെറ വത്സലപുത്രൻ കാശ്യപനും; അദ്ദേഹത്തിൽനിന്ന് അർക്കനും ലോകത്തിനു സമ്മാനമായി ലഭിച്ചതിനേയും,

---

185. മഹാവിഷ്ണു (പ്രദ്യുമ്നൻ) കൃത്രിമാഗ്നി കണ്ടുപിടിച്ചതിനെ സൂചിപ്പിക്കുന്നു.

മൂലം

187. അവ്വരുക്കൻമകനാകി മനുമേതിനിപുരന്തു
അരിയകാതലനൈ ആവിനതുകൻറുനികർഎൻറ
എവ്വരുക്കമും വിയപ്പമുറൈചെയ്ത കതൈയും
ഇക്കുവാകുഇവൻ മൈന്തൻ എനവന്തപരിചും.

ഭാഷ

അർക്കൻെറ പുത്രനായി മനു (വൈവസ്വതൻ) പിറന്നതും ജനതയെ രക്ഷിച്ചതും, തൻെറ വാത്സല്യപുത്രനെ പശുക്കുട്ടിയ്ക്കു സമമായിക്കരുതി ദേവരും മനുഷ്യരും ആശ്ചര്യപ്പെട്ടമാറ് നീതി നിർവ്വഹിച്ച കഥയേയും, ഇക്ഷ്വാകു മനുപുത്രനായി ജനിച്ചതിനേയും പറഞ്ഞു.

മൂലം

188. ഇക്കുവാകുവിൻമകൻ പുതൽവൻആനഉരവോൻ
ഇകലുവോൻ ഇകൽഉരംചെയ്തുപുരന്തരൻ
ചക്കആയിരംഉടൈക്കളിറുവാകനം എന
താനിരുന്തു പൊരുതാനവരൈ വെൻറ ചയമും.

ഭാഷ

ഇക്ഷ്വാകുവിൻെറ പുത്രനായ വികുക്ഷിയുടേയും, അയാളുടെ മകനും, മഹാപരാക്രമിയുമായ കുകുത്സ്ഥനെന്ന രാജാവ് പല വീരകൃത്യങ്ങളും കാണിച്ച. ആയിരം കണ്ണുള്ള ദേവേന്ദ്രൻെറ വെള്ളാനയെ വാഹനമാക്കിക്കൊണ്ടുതന്നെ എതിർത്തു രാക്ഷസരെ തോൽപിച്ച ജയത്തേയും,

---

187. ഒരു പശുക്കിടാവിനെ തൻെറ മകൻ അറിയാതെ തേരുകയററി കൊന്നപ്പോൾ, തള്ളപ്പശു ചെന്നു് കൊട്ടാരത്തിലെ മണിക്കയർ വലിച്ചടിച്ചതും രാജാവായ മനുനീതികണ്ടചോഴൻ തൻെറ പുത്രനേയും അതേപോലെ തേരുരുൾ കയററി വധിച്ചതുമായ ചോഴപൂർവ്വികകഥ.

മൂലം

189. ഒരുതുറൈ പുനൽ
ചിനപ്പുലിയും മാനുമുടനേ
ഉണ്ണവൈത്ത ഉരവോൻ
ഉലകിൽ വൈത്ത വരുളാം
പൊരുതുറൈത്തലൈ
പുകുന്തു മുചുകുന്ദൻ ഇമയോർ
പുരമടങ്കലും അരൺ
ചെയ്തു പുരന്ത പുകഴും.

ഭാഷ

ചിനപ്പുലി (കോപമുള്ള) യും മാനും ഒരേ കടവിൽ ഒന്നിച്ചുനിന്നു നീർകുടിക്കുമാറാക്കിയ ശക്തനായ ചോഴൻ ലോകജീവികളിൽ വാച്ചിരുന്ന സ്നേഹത്തേയും, മുചുകുന്ദൻ യുദ്ധംചെയ്യുന്ന കളത്തിൽ ചെന്നു് ഉമ്പർനാടു മുഴവൻ കാത്തുരക്ഷിച്ച ആ കീർത്തിയേയും,

മൂലം

190. കടൽകലക്ക എഴും ഇന്നമുതുതന്നൈ ഒരുവൻ
കടവുൾ വാനവർകൾഉണ്ണ അരുൾചെയ്തകതൈയും
ഉടൽകലക്കറഅരിന്തുതചൈയിട്ടും ഒരുവൻ
ഒരുതുലൈപ്പുറവൊടൊക്കനിറൈപുക്കപുകഴും.

---

189. മാന്ധാതാവിന്റെ ഭരണകാലത്തു് തമ്മിൽ വൈരികളായിരുന്ന മൃഗങ്ങൾപോലും പരസ്പരം സഹവർത്തിച്ചിരുന്ന ഐതിഹ്യത്തെ സൂചിപ്പിക്കുന്നു.

190. പുക്കഅവനും – പാഠം.

ഭാഷ

തിരുപ്പാൽക്കടൽ കടഞ്ഞപ്പോഴുണ്ടായ അമൃതത്തെ ദിവ്യ ദേവർ ഭുജിക്കുമാറ് നന്മചെയ്ത ഒരു ചോഴന്റെ* (പൃഥുലാക്ഷൻ) കഥനേയും, പ്രാവിന്റെ ദുഃഖം തീക്കുവാൻ തുലാസ്സിൽ തന്റെ മെയ്യരുത്തു് മാംസം വച്ചിട്ടും തൂക്കം ശരിയാവായ്കയാൽ ആ പ്രാവിനു തുല്യം തുലാസ്സിൻെറ മറേറ തട്ടിൽ കയറിനിന്ന മറെറാരു ചോഴൻെറ നിറകീൎത്തിയേയും (ശിബി),

മൂലം

191. ചുരാതിരാചൻ മുതലാകവരു ചോഴൻ മുനംനാൾ
ചോഴമണ്ടലം അമൈത്ത പിറകേഴ്ലകൈയും
രാചകേചരി പുരന്തു പരകേചരികളാം
ഇരുവർത്തണൈപുലിത്തണൈ എനനിന്റപുകഴും[1]

ഭാഷ

പണ്ടു ദേവേന്ദ്രൻ ആദിചോഴനായവതരിച്ചു് ചോഴമണ്ഡ

---

* പാലാഴിയിൽനിന്നു അമൃതു കടഞ്ഞെടുക്കാൻ ദേവപക്ഷത്തു ചേൻ സഹായിച്ച പൃഥുലാക്ഷൻ ഒരു ചോഴപൂൎവ്വികനായിരുന്നുവെന്നു് കമ്പരാമായണത്തിൽ, കുലമുറൈകിളത്തുപടലത്തിൽ 4-ാം പാട്ടിൽ "കുരൈകടലൈ നെടുവരൈയാർ കടൈന്തു അമുതുകൊടുത്താനും" എന്നു വൎണ്ണിച്ചിരിക്കുന്നു.

ശിബി ചക്രവൎത്തിയുടെ കഥ "വീരചോഴിയ"ത്തിൽ 168-ാം പാട്ടിലും, പുറനാനൂറിൽ 43-70 പാട്ടുകളിലും, ചിലപ്പതികാരം 27, 166, 168 എന്നീ പാട്ടുകളിലും, കമ്പരാമായണത്തിൻെറ തിരുവവതാരപടലത്തിൽ 65-ാം പാട്ടിലും, വിക്രമചോഴഉലയിൽ 21, 22 എന്നീ പാട്ടുകളിലും, കുലോത്തുംഗചോഴഉലയിൽ 33, 34 പാട്ടുകളിലും പ്രസ്താവിക്കുന്നു.

191. ചോഴന്മാരുടെ കൊടിക്കൂറയിൽ വ്യാഘ്രചിഹ്നം സ്ഥാപിച്ചവർ രാജകേസരിയും പരകേസരിയുമാകുന്നു.

1 ഇരുവും.

ലം സ്ഥാപിച്ച ശേഷം, രാജകേസരി, പരകേസരി എന്ന രണ്ടു പേരുടെ കല്പനയാൽ സപ്തദ്വീപുകളുററ പാരു് മുഴുവൻ കാത്തു രക്ഷിച്ചു്, തങ്ങളുടെ പുലിക്കൊടി നാട്ടി നടത്തിയ യശസ്സാന്നു ഭരണത്തെ സ്ഥാപിച്ച ചരിതത്തേയും,

192. മൂലം

കാലനിക്കു ഇതുവഴക്കെന ഉരൈത്ത അവനും
കാവിരിപ്പുനൽകൊണ്ണർന്ത അവനും പുവനിയിൽ
മേൽഅനൈത്തുയിരും ഇവ്വകിലലോകമുമെലാം
വെൻറികൊണ്ടവനും എന്റിവർകൾകൊണ്ടവിറലും.

സപ്തദ്വീപുകൾ: ഞാവൽ, ഇറലി, കുശൈ, ക്രൗഞ്ചം, പുഷ്കരം, തെങ്കു, കമുകു — ഈ പേരുകൾ ചൂഡാമണി നിഘണ്ടുവിൽ 12-16 വരെ പാട്ടുകളിൽ കാണാം.

192. കാലനോടെതിർത്തവൻ-കിള്ളിവളവൻ. കുലോത്തുംഗചോഴനുലയിൽ 11, 12 പാട്ടുകളിൽ "ഇരുങ്കൂറുക്കേറെവഴക്കുരൈത്തകിള്ളിവളവ"നെന്നും ഇന്ത്യൻ ആൻറികചറി വാല്യം XXII-ൽ 4-ാംനമ്പ്രായി ഉദ്ധരിക്കുന്ന ഒരു 8-ാം ശതകകൃതിയായ വിക്രമചോഴഉലയിൽ 13, 14 പാട്ടുകളിൽ

"കൂറലരിയ മനുക്കുണർന്തുകൂറുക്കു (കൂററിക്കു എന്നും പാഠം)
തേറവഴക്കുരൈത്ത ചെമ്പിയനും ......" എന്നും രണ്ടാം മുചുകുന്ദനായ ഈ കിള്ളിവളവനെപ്പററി പറഞ്ഞിരിക്കുന്നു.

കാവേരിചോഴൻ കാവേരിയാററിനെ കൊണ്ടുവന്നു എന്നാണു് തമിഴ്നാട്ടൈതിഹ്യം. എന്തിനെയെന്നാൽ, വിഷ്ണുഭക്തനായ കവേരനുണ്ടായ കാവേരിയെന്ന പുത്രിയെ അഗസ്ത്യനു് വിവാഹംചെയ്തു കൊടുത്തു. അദ്ദേഹം ആ കന്യകയെ ഒരു പുണ്യനദിയാക്കിയെന്നത്രേ കഥ. കാവേരനു് ചിത്രതൻവൻ എന്നും പേരുണ്ടു്. യമനെ ജയിച്ച മൃത്യുജിത്, അഥവാ രാജേന്ദ്രമൃത്യുജിത് എന്നീ ബിരുദങ്ങളുള്ള ഈ ചോഴൻെറ വാഴ്ചക്കാലത്തു് ചോഴമണ്ഡലത്തിലെങ്ങും അകാലമരണം സംഭവിച്ചില്ലത്രേ.

ഭാഷ

കാലനോട് കലഹിച്ച ചോഴനും, കാവേരിയാറിനെ കൊണ്ടുവന്ന ചോഴനും, ഈ ലോകത്തിലെ സർവ്വപ്രാണികൾക്കും മൃത്യുമുക്തി നൽകാൻ യമനെ വെന്നവനുമായ ചോഴനും ആയ ഇവർ നേടിയ ജയത്തേയും,

193. മൂലം

[1]പുലിഎനക്കൊടിയിൽഇന്തിരനൈ വൈത്തഅവനും
[2]പുണരികൾറിനിടൈ ഒൻറു പുകവിട്ടവനും
[3]വലിയിനിൽ കുരുതിഉൺകെന അളിത്തവനും
[4]വാതരാചനൈ വലിന്തുപണികൊണ്ടവനും.

ഭാഷ

തൻെറ കൊടിയിൽ ഇന്ദ്രനെ പുലിരൂപത്തിൽ പ്രതിഷ്ഠിച്ച ചോഴൻ, ഒരു കടലിൽ മറെറാരു കടൽ ഒതുക്കിയ ചോഴൻ, സ്വന്തരക്തത്തെ പരാർത്ഥം ദാനം ചെയ്ത ചോഴൻ, വായുദേവനെക്കൊണ്ടു ബലാല്ക്കാരേണ പണിയെടുപ്പിക്കാൻ കൽപ്പിച്ച ചോഴൻ—ഇവരുടെ എല്ലാവരുടേയും കഥയും.

മൂലം

194. തേങ്കുതുങ്കെയിൽ എറിന്തവനും തിരൾമണിച്
ചുടർവിമാനമതുവാൻ മിചൈ ഉയർത്തഅവനും,

---

193. 1) ചിത്രൻ, വ്യാഘ്രകേതു. 2) കിഴക്കുപടിഞ്ഞാറുള്ള കടലുകളുടെ മദ്ധ്യേ തുറമുഖം വെട്ടിയുണ്ടാക്കി കപ്പൽ പായിച്ച സമുദ്രജിത് എന്ന രാജാവു്. 3) പഞ്ചവൻ. ദാഹിച്ചുവന്ന പഞ്ചരാക്ഷസൎക്ക് തൻെറ ദേഹത്തിലെ അഞ്ചു രക്തനാഡികൾ മുറിച്ചു രക്തദാനം ചെയ്തവൻ, ദിലീപനുമാവാം. 4) കടലിൽ കാററില്ലായ്കയാൽ മരക്കലങ്ങൾ (പാക്കപ്പൽ) നീങ്ങാതെ വന്നപ്പോൾ വായുദേവനെ വിളിച്ചു അവയെ ചലിപ്പിക്കാൻ കൽപ്പന നൽകിയവൻ. പേരില്ലാ.

വരതരാചൻ-പാഠം.

താങ്കൾ പാരതം മുടിപ്പളവും നിൻറുതരുമൻ
തൻകടർപടൈ തനക്കുണവുതന്തഅവനും,

ഭാഷ

ശത്രുക്കൾക്ക ഭയങ്കരനായവൻേറയും, ആകാശത്തു തൂങ്ങു ന്ന മതിലുകളെ ഭേദിച്ചവൻേറയും ചരിത്രവും, വൃത്തവടിവൊത്ത രത്നങ്ങൾ പതിഞ്ഞുമിന്നുന്ന വിമാനത്തെ വാനത്തുയത്തിയ ആ ചോഴൻെറ ചരിതത്തേയും, ഭാരതയുദ്ധം തീരുംവരെ മനം തള രാതെ, ധർമ്മപുത്രൻെറ കടൽപോലുള്ള സേനകൾക്ക് സഹാ യം ചെയ്ത ചോഴൻെറ ചരിതത്തേയും,

---

ഇദ്ദേഹത്തിൻെറ കാലത്ത് ത്രിപുരന്മാക്കു തുല്യം ശക്തന്മാ രായ മൂന്നു രാക്ഷസന്മാർ അവരുടെ രക്ഷയ്ക്കും മററുള്ളവക്ക ഉപ ദ്രവത്തിനുമുതകുംവിധം ചലിക്കുന്ന മൂന്നു മഹാഭിത്തികൾ ആകാശത്തു സ്ഥാപിച്ചുവത്രേ. ഈ ചോഴൻ അവ തകത്തു. ഈ കഥ ചൂണ്ടി ഇദ്ദേഹത്തെപ്പററി - ചിലപ്പതികാരം 26-ാം ഗാഥയിൽ അമ്മാനൈ വരിയിൽ ഒന്നാം പാട്ടിൽ "തൂങ്കെയിൽ മൂൻെററിന്ത ചോഴൻ കാണമ്മാനൈ" എന്നും, പുറനാനൂററിൽ 36-ാംപാട്ടിൽ "തൂങ്കെയിൽഎറിന്ത നിനൃകണോർ" എന്നും, മണിമേഖലയിൽ 1-4ൽ "തൂങ്കെയിൽ എറിന്തതൊടിതോൾ ചെമ്പിയൻ" എന്നും, പഴമൊഴി നാനൂററിൽ 155-ൽ വീങ്ക തോൾ ചെമ്പിയൻ ചീററംവിറൻ പിചുമ്പിൽ തൂങ്കഎയിലും തൊലൈ ത്തലാൽ" എന്നും, ചിറുപാണാററുപ്പടൈയിൽ 81, 82 പാട്ടു കളിൽ "തൂങ്കെയിൽ എറിന്തതൊടിവിളങ്കുതടക്കൈ നാടാനല്ലി ചൈനറേർ ചെമ്പിയൻ എന്നും, വിക്രമചോഴഉല 17-ലും കുലോത്തുംഗചോഴഉല 26-ലും, രാജരാജനുല 26-ലും ഇദ്ദേഹ ത്തെപ്പററി പ്രസ്താവങ്ങളുണ്ട്.

2) വിമാനം പറത്തിയവൻ, ഉപരിചരൻ എന്ന രാജാവു് ഇന്ദ്രനോടു തേരു വാങ്ങിയ രാക്ഷസരോടു പടവെട്ടിയ കഥ.

3) ഭാരതയുദ്ധത്തിൽ സഹായിച്ച കാര്യം "വില്ലിപ്പുത്തൂർ ഭാരത"ത്തിലും പറയുന്നുണ്ടു്.

195.

മൂലം

തളവഴിക്കും ¹നകൈവേൽവിഴിപിലത്തിൻവഴിയേ
തനിനടന്തു, ²ഉരകർതങ്കൾ മണികൊണ്ടഅവനും,
കളവഴിക്കവിതൈപൊയ്കൈഉരൈചെയ്യഉതിയൻ
കാൽവഴിത്തളൈയൈ വെട്ടിഅരചിട്ടഅവനും

ഭാഷ

ഒരു ഗുഹയിലൂടെ തനിയേ കടന്നുചെന്നു്, മുല്ലമുകുളങ്ങളൊത്ത പല്ലുകളും, വേൽമുനയൊത്ത മിഴികളുമുള്ള നാഗരുടെ കണ്മണിപോലുള്ള നാഗകന്യകയെ വേളിചെയ്ത ആ ചോഴന്റെ

---

195. ഒരു ബിലദ്വാരത്തിലൂടെ ചെന്നു് നാഗകന്യകയെ വേട്ടുവെന്നതു്, നാഗപട്ടണത്തെ കേന്ദ്രസ്ഥാനമാക്കി ഭരണം നടത്തിയ കിള്ളിവളവനെക്കുറിച്ചുള്ള പ്രസ്താവനയാകുന്നു. 192-ാം പാട്ടിൽ ഒരു കിള്ളിവളവനെ പറഞ്ഞുപോയതിനാൽ ഇതു്, കിള്ളിവളവൻ രണ്ടാമനെപ്പററിയാകാം. ഇതു് ചോഴരുടെ പൊതു ബിരുദവുമാകുന്നു.

ശൂരവർഗ്ഗ എന്ന മറെറാരു ചോഴനൃപൻ, ത്രിച്ചിരാമ (തൃശ്ശനാപ്പള്ളിക്കടുത്തു്) മലയിലെ കാട്ടിൽ വേട്ടയാടുമ്പോൾ മലയടിവാരത്തിലെ പൊയ്കയിൽ ഏഴു നാഗകന്യകമാർ കുളിക്കുന്നുണ്ടായിന്നു. ഇൗയാൾ അവരുടെ വസ്ത്രങ്ങളപഹരിച്ചുവെങ്കിലും പിന്നീടതു് തിരികെ കൊടുക്കുകയും, അവരുടെ ഇംഗിതപ്രകാരം അവരോടൊപ്പം ഗുഹവഴി നാഗലോകത്തുചെന്നു ആദിശേഷൻെറ പുത്രി കാന്തിമതിയെ വിവാഹംചെയ്തുവെന്നും ഐതിഹ്യമുണ്ടു്.

പൊയ്യില്ലൊത്തുആഴ്വാരുടെ കളവഴിപ്പാട്ടിനെപ്പററി മൂവ്വരുല (രാജരാജൻ-വിക്രമചോഴൻ-കുലോത്തുംഗൻ) യിലും പ്രസ്താവിക്കുന്നുണ്ടു്. പ്രാചീന കേരളചരിത്രപ്രധാനമായ 'കളവഴി'യുടെ തർജ്ജമ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. ഇതേപ്പററി പരിഭാഷകൻെറ'മൂന്നു തമിഴ്സംഘങ്ങൾ' എന്ന കൃതി നോക്കുക.

195 1. തന്നൈയാംഇഴി. 2. തങ്കംപതി.

ചരിത്രത്തേയും, പൊയ്ഗയാർ എന്ന കവി 'കളവഴിനാല്പതെ'ന്ന പ്രശസ്ത കളംപാട്ടുണ്ടാക്കി പാടി വാഴ്ത്തുകയാൽ ചേരസാമന്തനായ കണൈക്കാൽ ഇരുമ്പൊറൈയുടെ കാലിൽ പൂട്ടിയ വിലങ്ങിനെ വെട്ടിയെറിഞ്ഞു്, അദ്ദേഹത്തെ മുൻപോലെ വേന്തനാക്കി വാഴിച്ച ചോഴൻെറ (കരികാലൻ II) ചരിതത്തേയും,

(ഇതുവരെ പറഞ്ഞുവന്നതു്, രണ്ടാം കരികാലൻെറ പൂർവ്വികരേപ്പററിയും; ഇനിയത്തെ നാലു പാട്ടുകളിൽ ഒരു കലിഅവതാരമായ അദ്ദേഹത്തേയും പ്രതിപാദിക്കുന്നു.)

മൂലം

196. എൻറു മററവർകൾ തങ്കൾ ചരിതങ്കൾ പലവും
എഴുതിമീള ഇതൻമേൽ വഴുതി ചേരൻമടിയ
തറാനിക്കളിർഅണൈന്തരുളി വീരമകൾതൻ
തനതടങ്കളൊട്ടതൻപുയം അണൈന്തപരിചും.

---

196. കരികാലൻെറ പിതാവു് ഇളംചേട് (യ്) ചെന്നിയും പ്രപിതാവ് പെരുനർകിള്ളിഒന്നാമനുമാകുന്നു. അച്ഛൻ മുമ്പേ മരിച്ചിരുന്നതിനാലും മുത്തച്ഛനും കരികാലനുംകൂടി കുട്ടകോനെടുംചേരലാതൻ ഒന്നാമനോടു (ചേരരാജാവ്, ഇതു് 150 ക്രി. പി. യിൽ എന്നു് പഴയ കണക്കു്. നവീന ഗണിതസിദ്ധാന്തപ്രകാരം ക്രി. പി 600–700 ആണ് കരികാലൻെറ കാലം) യുദ്ധംചെയ്തു മുത്തച്ഛൻ മരിക്കയാൽ കരികാലൻ രാജാവായി, 30 കൊല്ലം ഭരണംനടത്തി. ഇദ്ദേഹത്തിൻെറ പുത്രിയെ പെരുഞ്ചേരലാതൻ II നു വേളിചെയ്തു കൊടുത്തു. കുറേക്കാലത്തിനു ശേഷം ജാമാതാവും കൊടുഞ്ചെഴിയനെന്ന പാണ്ഡ്യരാജാവുംകൂടി കരികാലനോടു് വെണ്ണിയിൽ (കഴമലം) വച്ചു് എതിർത്തു പോററു. ഈ പെരുഞ്ചേരലാതൻ തോല്ക്കയാൽ വടക്കിരുന്നു് (വാളും പിടിച്ചു വടക്കോട്ടു തിരിഞ്ഞിരുന്നു് നിരാഹാരനായി സ്വയം മരിക്കൽ.) ജീവത്യാഗം ചെയ്തു. കരികാലൻെറ പുത്രൻ നെടുമുടിക്കിള്ളി പിന്നീടു് ചോഴാധിപനായി. അക്കാലത്തു് വടക്കിരുന്നു മരിച്ച പെരുഞ്ചേരലാതൻെറ പുത്രൻ ചേരൻചെങ്കുട്ടുവൻ ചേരരാജ്യത്തു് വാഴ്ചയേററു. ഇതു വഞ്ചിനാട്ടിൽ (കൊടുങ്ങല്ലൂർ) കണ്ണകീപ്രതിഷ്ഠ നടത്തിയ ചെങ്കുട്ടുവൻ രണ്ടാമനത്രേ.

ഭാഷ

എന്നിങ്ങനെ മുൻചോഴരാജാക്കന്മാരുടെ ചരിത്രങ്ങളും പല തും, ററിമാലയമേടിന്മേൽ കരികാലൻ കൊത്തിവച്ചു. അതിനു ശേഷം പാണ്ഡ്യരാജാവും ചേരരാജാവും അസ്തമിച്ചുപോകുമാറു തൻെറ പേർകേട്ട ആണാനപ്പുറത്തേറി യുദ്ധഭൂമിയിൽ ചെന്നു പോരാടി വീരപ്പെണ്ണിൻെറ തടിച്ച കൊങ്കകളെ തൻെറ വിരി മാറോടു ചേർത്ത വിധത്തേയും,

മൂലം

197. തൊഴുതു മന്നരെ കരൈശെ പൊന്നിയിൽ
തൊടരവന്തിലാമുകരിയെ പടത്
തെഴുതുകെൻറു കണ്ടിതു മികൈകകഎൻ
റിങ്ക അഴിക്കവേ അങ്കഴിന്തതും,

ഭാഷ

പല മന്നവന്മാരും വന്നു തൊഴതു കാവേരിക്കര കെട്ടുവാൻ സഹായിച്ചു. അവരോടൊപ്പം അതിനെത്താതിരുന്ന ത്രിലോചന രാജാവിൻെറ രൂപത്തെ വരയ്ക്കുക എന്നു കല്പിച്ച്, ആ പടത്തെ നോക്കി; ഇതിലെ ഒരു കണ്ണു അധികമാണെന്നു പറഞ്ഞു് അതു മായ്ച്ചുകളഞ്ഞതോടെ, ത്രിലോചനൻെറ നെററിക്കണ്ണ് പൊ ട്ടിയ കഥയേയും,

മൂലം

198. തണ്ണുനീർവരാൽ കുരുമിവെൻറതും,
തഴവുചെന്തമിഴ്പ്പരിചിൽവാണർ പൊൻ

---

197. ഇതു് പ്രതാപരുദ്രൻ എന്നൊരു രാജാവാണെന്നു് "ഇരുകേശവെൺപാവി"ൽ 55-ാം പാട്ടിൽ പറയുന്നുണ്ടു്. വര ഞ്ഞ പടത്തിലെ നെററിക്കണ്ണിനെ വേലുകൊണ്ടു കുത്തിപ്പൊട്ടി ച്ചതോടെ യഥാർത്ഥകണ്ണും പൊട്ടിയെന്നാണു് കഥ. കാവേരിക്കര കെട്ടിച്ചതു് യഥാർത്ഥത്തിൽ ഒന്നാം കരികാലനാകുന്നു.

പർത്തൊടാരു നൂറായിരം പെറപ്
പണ്ടു പട്ടിനപ്പാലൈ കൊണ്ടതും.

ഭാഷ

ബ്ബാലുകം (വരാല്) തത്തിക്കളിക്കുന്ന തടാകങ്ങളുള്ള കുരുമിനാടിനെ ജയിച്ചടക്കിയശേഷം, മധുരമായ ചെന്തമിഴ്ഗാനങ്ങൾ രചിക്കുന്ന കവിരാജൻ (ഉരുത്തിരൻ കണ്ണനാർ), 16 ലക്ഷം പൊൻനാണയങ്ങൾ നേടുംമുമ്പേ, പട്ടിനപ്പാലയെന്ന കാവ്യത്തെ തൻെറ യശഃസ്വത്താക്കിയതിനേയും,

മൂലം

199. ഒരുവർമുന്നൊർനാൾ ഒരുവർ പിന്നൊർനാൾ
ഉരൈകൈ മന്നരേ മതുരൈ മന്നരെൻറു
ഇരുവർതമ്മെയും കിഴികൾ ചുററുവിത്തു
എരിവിളൈക്കുവത്തു തിചൈ വിളൈത്തതും

---

198. മുടത്താമക്കണ്ണിയാർ എന്ന കവയിത്രി പാടിയ പെരുനാരാററുപ്പടൈയിലും, പട്ടിനപ്പാലയിലും പൊയ്കൈ ആഴ്വാരുടെ (സുപ്രസിദ്ധ ചേരമാൻപെരുമാൾ വീരകേരളചക്രവത്തിയെന്ന സമ്രാട്ട് ബിരുദം നേടി, അവസാനം രാജഷിത്വം വരിച്ച് ഇദ്ദേഹം വൈഷ്ണവരുടെ 12 തിരുഅവതാരങ്ങളിൽ മണികൌസ്തുഭത്തിൻെറ അവതാരമായി അംഗീകരിച്ച് ഭാരതം മുഴവൻ ആഴ്വാർ സ്ഥാനമേററു. ഈ മണികുട്ടവൻ അഥവാ കുലശേഖരൻ ഒന്നാമൻെറ, സുഹൃത്തായിരുന്ന സംഘമഹാകവി.) ഒരു സമാധാനപ്രസ്ഥാനകാവ്യമായ 'കളവഴി നാല്പതി'ലും നായകനായി വർണ്ണിച്ചിരിക്കുന്നതു് രണ്ടാം കരികാലചോഴനെയാകുന്നു. ഇതേപ്പററി പരിഭാഷകൻെറ 'കേരളവിക്രമാദിത്യനും വരരുചിയും' എന്ന ഗ്രന്ഥം നോക്കുക.

199. തന്നുപിഞ്ചലാ എന്നും, തനതുപിന്നർവന്നുകൈമന്നരേ എന്നും പാഠങ്ങൾ.

ഭാഷ

മുന്നൊരിക്കലും ഒരുത്തരുടെമുമ്പിലും പുറംകാട്ടിയോടാത്തവരായ ചേരവേന്തന്മാരേയും പാണ്ഡ്യരാജാക്കന്മാരേയും ജയിച്ചടക്കി, അവരെ (കീന്തു്) കീറത്തുണിയുടുപ്പിച്ചു്, എരിവിളക്കു് തലയിലേററിച്ചു നടത്തി വമ്പു നശിപ്പിച്ചതിനേയും,

മൂലം

200\. വേഴമെൻറു കൈത്താലി വിണ്ണിൻവായ്
വിളൈ അടങ്കവും അളൈയവെൻറതും
ഈഴമും തമിഴ്ക്കൂടലും ചിതൈത്ത്
തികൽ അടന്തതോർ ഇചൈ പരന്തതും

200\. ഈ പാട്ടിലെ ചോഴൻ പരാന്തകൻ I ആകുന്നു. ഇദ്ദേഹത്തിനു് വീരനാരായണൻ, സംഗ്രാമരാഘവൻ എന്നീ ബിരുദങ്ങളുമുണ്ടു്. കാലം 907–947 ക്രി.പി. അച്ഛൻ ആദിത്യൻ ഒന്നാമനും, മുത്തച്ഛൻ വിജയാലയനുമാകുന്നു. പരാന്തകൻ ഒന്നാമനു് രാജാദിത്യൻ, കണ്ഡരാദിത്യൻ, അരിഞ്ചയൻ, കോദണ്ഡരാമൻ എന്നിങ്ങിനെ 4 പുത്രന്മാർ.

ഇദ്ദേഹം രാഷ്ട്രകൂടരോടു പടവെട്ടുകയും, സിലോണും മധുരയും ആക്രമിച്ചു കീഴടക്കുകയുമുണ്ടായി. സിലോൺ മന്നരായ അഞ്ചാം കാശ്യപനോടും അഞ്ചാം തപ്പിലനോടും (ക്രി. പി. 916–917) ഉദയനോടും (ക്രി. പി. 941–ൽ) കലഹിച്ചു. അക്കാലത്തെ പാണ്ഡ്യചക്രവത്തി രാജസിംഹൻ മൂന്നാമൻ ആയിരുന്നു.

പരാന്തകചോഴനു ശേഷമുള്ളവർ: 1) കണ്ഡരാദിത്യചോഴൻ (ക്രി പി. 948–956) 2) പരാന്തകൻ രണ്ടാമൻ (956–970) 3) ഉത്തമചോഴൻ (970–985). ഒടുവിലത്തെ രണ്ടുപേർ ഗോശ്രീ (പെരുമ്പടപ്പു്) സ്ഥാപകൻ ആദിരാജപ്പെരുമാളായ കുലശേഖരൻ രണ്ടാമൻെറ സമകാലികരും സാഹിത്യസുഹൃത്തുക്കളുമായിരുന്നു. ഇദ്ദേഹമത്രേ മക്കത്തു പോയ പ്രസിദ്ധ ചേരമാൻ പെരുമാൾ. അശോകമൗര്യൻ പണിയിച്ച കൊടുങ്ങല്ലൂരിലെ ചൈത്യസ്തൂപം മുസ്ലിംപള്ളിക്കു ദാനം ചെയ്കയുമുണ്ടായി.

ഭാഷ

ആകാശം കുതിന്നപ്പോറം (വർഷക്കാലത്തു്) തൻെറ ഗജസൈന്യത്തോടെ ചെന്നു ശത്രുക്കളുടെ യുദ്ധാവേശംമുഴവൻ തകത്തു് ഒരു ചോഴൻ വിജയംനേടിയതിനേയും, സിലോണിനേയും തമിഴ്സംസ്ഥാനമായ മധുരയേയും തല്ലിത്തകത്തു് എതിരാളികളെ ജയിച്ചു് അനന്യകീത്തി എങ്ങും പരത്തിയ കഥയേയും;

മൂലം

201. ചതയനാറം വിഴാ ഉതിയർമണ്ടലം
തന്നിൽ വൈത്തവൻ തനിയൊർമാവിന്മേൽ
ഉതയപാനുവൊത്തു തകൈവെൻറകോൻ
ഒരുകൈവാരണം പല കവർന്തതും

ഭാഷ

ചേരമണ്ഡലത്തിൽ ചതയോത്സവം ഏർപ്പെടുത്തിയവൻ എതിരററ ഒരൊശത്തിയാനമേൽ ബാലസൂയ്യനെപ്പോലെ പ്രകാശിച്ചു്, ഉദകനഗരം ജയിച്ചു് അവിടത്തെ ആനപ്പടയെ പിടിച്ചുകൊണ്ടു് വന്നതിനേയും,

---

201. ഒന്നാം പരാന്തകൻെറ പുത്രി കുന്തവൈയെ കിഴക്കൻ ചാലൂക്യ ചക്രവത്തി വിമലാദിത്യൻ വിവാഹംചെയ്തു.

ഈ വേളിയെ 234-ാം പാട്ടിൽ പറയുന്നുണ്ടു്. തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം സ്ഥാപിച്ചതും, നമ്പിയാണ്ടാർ നമ്പിയുടെ (ചേരൻ) സഹായസഹിതം, തേവാരപ്പാട്ടുകറം "തിരുമുറ" കളായി സംഗ്രഹിച്ചതും കവിവത്സലനായ ഈ ചോഴനാണ്. ക്രി. പി. 985 മുതൽ 1012 വരെ രാജ്യംഭരിച്ചു. ഭാൎയ്യമാർ അഞ്ചുപേരുണ്ടായിരുന്നു. പുത്രരുണ്ടായില്ല.

ചേരനാട്ടിലെ (കോട്ടയം ജില്ല) തിരുനന്തിക്കര (തിരുനക്കര) ശിവാലയത്തിൽ ഇദ്ദേഹത്തിൻെറ ജന്മദിനമായ കുംഭമാസത്തിലെ ചതയനാറം ഉത്സവമാക്കി കല്പിച്ചു. ഇതിപ്പോഴും മാവേലിനാളായി ആചരിച്ചുവരുന്നതായറിയുന്നു.

ഈ പാട്ടിലെ ഉദകൈനഗരം പുറനാനൂറിലെ (2-ാം പാട്ടു്) കുരുനാടായ ഇന്നത്തെ ഉദയംപേരൂരാകുന്നു.

മൂലം

202. കളിറുകൈനീർ ഉണ്ണമണ്ണെയിൽ
കായ്ചിനത്തോടേ കലവു ചെമ്പിയൻ
കുളിറുതെൺതിരൈ കുരൈകടാരമും
കൊണ്ടു മണ്ടലം കുടൈയുൾവൈത്തതും,

ഭാഷ

കത്തിജ്വലിക്കുന്ന കോപത്തോടെ ഒരു ചോഴൻ മണ്ണൈ (മണലൂർ) എന്ന ദിക്കിലെ ഗംഗാജലം തൻെറ ആനകൾ കുടിക്കുമാറാക്കി. ഒലികൂട്ടുന്ന തെളിഞ്ഞ തിരകളുള്ള നദികളേയും ഇരമ്പുന്ന കടലുള്ള കടാരദേശത്തേയും അധീനപ്പെടുത്തി, സാമ്രാജ്യം മുഴവൻ തൻെറ കൊററക്കുടക്കീഴിലാക്കിയതിനേയും,

മൂലം

203. കമ്പിലിച്ചയത്തമ്പം നട്ടതും
കടിയരൺകൊൾ കൽയാണർ കട്ടറക്
കിമ്പുരിപ്പണൈകിരിയുകൈത്തവൻ
കിരികൾ എട്ടിനം പുലിപൊറിത്തതും.

---

202. ഇദ്ദേഹം രാജേന്ദ്രചോഴൻ I ആകുന്നു. 1012 മുതൽ 1043 വരെ ഭരിച്ചു. ഗംഗകൊണ്ടചോഴനെന്ന ബിരുദത്തിനു കാരണം, വടനാട്ടിലെ മഹിപാലൻെറ ശിരസ്സിൽ ഗംഗാനീർക്കുടം ചുമപ്പിച്ച് തൃശ്ശിനാപ്പിള്ളിയിൽ ഒരു കായലിൽ കൊണ്ടുപോയി ഒഴിപ്പിച്ചതാണ്. 1025-ൽ ചിദംബരത്ത് ഗംഗകൊണ്ടചോഴപുരം എന്നൊരു നഗരവും സ്ഥാപിച്ചു. ഇതിലെ കടാരമല്ല മണിമേഖലയിലേതു്.

203. രാജാധിരാജൻ I ഇദ്ദേഹം ചാലൂക്യ (കല്യാണപുര) രാജാക്കന്മാരെ ജയിച്ചു. പാണ്ഡ്യനൃപരായ മാനാഭരണൻ സുന്ദരപാണ്ഡ്യൻ II എന്നിവരെ കൊന്നു. ഇദ്ദേഹം വീരഗോളൻ എന്ന ചേരസാമന്തനെ കുഴിയിലിറക്കി തൻെറ ആനയെക്കൊണ്ടു ചവിട്ടിക്കൊല്ലിക്കുകയുമുണ്ടായിട്ടുണ്ടു്.

ഭാഷ

കൊമ്പുകളിൽ ചുററണിഞ്ഞ മലപോലുള്ള ആനമേലേറി യുദ്ധം ചെയ്ത ഒരു ചോഴൻ കമ്പിലിദേശത്തു് തൻെറ വെററിത്തൂൺ (ജയസ്തംഭം) നാട്ടിയതിനേയും, അഷ്ടഗിറികളെ കാവലാക്കിയ കല്യാണപുരത്തെ, വീരരുടെ ശക്തി കെട്ടുമാറു് എട്ടു മലകളിലും തൻെറ പുലിക്കൊടി കൊത്തിച്ചതിനേയും,

മൂലം

204. ഒരു കളിററിന്മേൽ വരുകളിറെററയൊതു്
 തുലകുയക്കൊളപ്പൊരുതുകൊപ്പൈയിൽ
 പൊരുകളത്തിലേ മുടികവിത്തവൻ
 പുവികവിപ്പതോർകുടൈ കവിത്തതും.

ഭാഷ

ഒരാനമേൽ കയറിവരുന്ന മറെറാരാനയെപ്പോലെ, പ്രജകളുടെ രക്ഷയ്ക്കായി കൊപ്പദേശത്തു പോർ നടത്തി, ആ പടകുടിരത്തിലെ തുണങ്കളത്തിൽ കിരീടമണിഞ്ഞവനായ ഒരു ചോഴൻ, ഉലകം മൂടുന്ന തൻെറ വെൺകൊററക്കുടയെ ഉയർത്തിപ്പിടിച്ചതിനേയും,

---

204. രാജേന്ദ്രദേവൻ മുമ്പുപറഞ്ഞ രാജാധിരാജൻെറ അനുജനാണു്. കൃഷ്ണാനദിക്കരയിലെ കൊപ്പദേശത്തു് പശ്ചിമചാലൂക്യരോടു പടവെട്ടുമ്പോഠ രാജാധിരാജൻ മൃതിപ്പെടുകയാൽ (ക്രി. പി 1052 മേയ് 28-ാംനു-) അവിടെവച്ചു ചോഴരാജാവായി കിരീടമണിഞ്ഞു. ചാലൂക്യരെ ജയിച്ചു് കൊല്ലാപുരത്തു വിജയസ്തംഭം നാട്ടി. പിന്നീടു് ആഹവമല്ലനോടു് പോരടിച്ചു. അദ്ദേഹത്തിൻെറ സേനാനായകന്മാരായ ജയസിംഹൻ, പുലികേശി, നന്ദിനുളമ്പൻ എന്നിവരെ വധിച്ചു. ഇതു് 1055-ലാണു്. ഇദ്ദേഹത്തിൻെറ മകഠ മധുരാന്തികയെ മുതർകുലോത്തുംഗനു വേളികഴിച്ചുകൊടുത്തു. 1063-വരെ രാജേന്ദ്രദേവചോഴൻ രാജ്യം ഭരിച്ചു,

മൂലം

205. പന്നവല്യക്കുമുതലായ വേതം നാങ്കിൽ
പണ്ടരെത്ത നെറിപുതുക്കിപ്പഴൈയർതങ്കൾ
മന്നവിനക്കുമുമ്മുടി നാന്മുടിയാൻ ചോഴൻ
മതിക്കുടൈക്കീഴ് അറംതളിപ്പ് വളർന്തവാറം.

ഭാഷ

എല്ലാ ഗ്രന്ഥങ്ങളിലും, മുമ്പേ നാലു വേദങ്ങളിലും പണ്ടു പറഞ്ഞ ധർമ്മമുറകളെ പുതുക്കിയെഴുതിയ മൻവേക്കാൾ മൂന്നാലു മടങ്ങു് പുകഴ്ന്ന ചോഴൻെറ; ചന്ദ്രനെപ്പോലുള്ള കുടക്കീഴിൽ ധർമ്മം തഴച്ചു വിളങ്ങിയതും.

---

205. രാജമഹേന്ദ്രൻ ശ്രീരംഗം ക്ഷേത്രത്തിനു ചുറാമതിൽ നിർമ്മിച്ചു. അതിനുപുറത്തുള്ള തെരുവിന് രാജമഹേന്ദ്രത്തെരുവെന്നു പേർ. ഇദ്ദേഹം രാജേന്ദ്രദേവനും വീരരാജേന്ദ്രനുമിടയ്ക്കു അല്പകാലം ഭരിച്ചു. ഭക്തനും വേദപണ്ഡിതനുമായിരുന്നു. ഈ ചോഴനൃപൻ. ഇദ്ദേഹത്തിൻെറ മതനിർമ്മാത്സര്യം ഐതിഹ്യപ്രസിദ്ധമാണ്.

206. കുന്തളർ ചാലൂക്യശാഖയാണ്. കൂടൽസംഗമം എന്നതു്, കൃഷ്ണയും തുംഗഭദ്രയും കൂടിച്ചേരുന്നിടമത്രേ. അവിടെവച്ച് പശ്ചിമ ചാലൂക്യരാജാവായ മുതൽസോമേശ്വര (ആഹവമല്ലൻ) നേയും അദ്ദേഹത്തിൻെറ മക്കളായ വിക്രമാദിത്യൻ ആറാമനേയും, ജയസിംഹൻ നാലാമനേയും ജയിച്ചു. ഇതു് 1064-ൽ ആകുന്നു. ഈ ആറാം വിക്രമാദിത്യൻ അഭയംപ്രാപിക്കയാൽ രട്ടപാടിയിലെ രാജാവാക്കുകയും, തൻെറ ഒരു മകളെ കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്തു. സംസ്കൃതത്തിലും തമിഴിലും കോവിദനായിരുന്ന ബുദ്ധമിത്രൻ രചിച്ച "വീരചോഴിയം" എന്ന ലക്ഷണഗ്രന്ഥത്തിലെ നായകൻ ഈ വീരരാജേന്ദ്രനാകുന്നു.

205. വളങ്കുടൈക്കീഠ അറങ്കളിക്ക—പാഠം.

മൂലം

206. കുന്തളരൈക്കൂടർ ചങ്കമത്തുവെൻറ
കോനപയൻ കുവലയം കാത്തളിത്തപിന്നെ
ഇന്തനിലക്കുലപ്പാവൈ ഇവൻ പാൽചേര
എന്നതപംചെയ്തിരുന്താൾ എന്നത്തോൻറി.

ഭാഷ

കൂടൽസംഗമത്തുവച്ച് കുന്തളവീരന്മാരെ ജയിച്ച രാജാവായ ചോഴൻ, ഈ ലോകത്തെ കാത്തരുളിയശേഷം, ഐശ്വര്യവതിയായ ഭൂമി ഈ കുലോത്തുംഗനോടു ചേരുവാൻ എത്രയോ തപസ്സ ചെയ്തുവെന്നു എല്ലാവരും പറയുമാറു പിറന്നു.

മൂലം

207. എവ്വളവുതിരിപുവനം ഉളവായ്ത്തോൻറും?
എവ്വളവുകുലമറൈകൾ ഉളവായ്നിർകും?
അവ്വളവും തികിരിവരൈ അളവും ചെങ്കോൽ
ആണൈ ചെല്ല അപയൻ കാത്തളിക്കുമാറും.

ഭാഷ

ത്രിഭുവനം എത്രമാത്രം വിസ്തൃതമാണോ അത്രയും, വേദങ്ങളുടെ വ്യാപ്തി എത്രത്തോളമുണ്ടോ അത്രയും കീർത്തികേട്ടു; ചക്രവാളമലവരേയും തൻെറ ചെങ്കോലിൻെറ കല്പന ചെലുത്തിയ ചോഴൻ, (കുലോത്തുംഗൻ) പ്രജകളെ കാത്തുരക്ഷിച്ച വണ്ണതിനേയും,

മൂലം

208. ഇപ്പുറത്തിമയമാൽവരൈയിൻമാർപിൻഅകലത്
തെഴുതിനാൽ എഴുത്തർക്കരിയ വേതമെഴുതി,
ഒപ്പുറത്തനത്തുതൊൽമരപും അമ്മരപിന്മേൽ
ഉരൈചെപൽ പുകഴും ഒൻറും ഒഴിയാതപരിചേ.

---

207. ത്രിഭുവനം-ചേരചോളപാണ്ഡ്യം—ഭൂമി, സ്വർഗ്ഗം, പാതാളം

ഭാഷ

തൻെറ പുരാതന വംശത്തേയും അതിലെ ബഹുമുഖവിരുതുള്ള മന്നന്മാരുടെ യശസ്സിനേയും, ക്ലേശകരമായ വേദത്തെ എന്നപോലെ ഹിമാലയത്തിൻെറ മാറിൽ, ദക്ഷിണപാർശ്വത്തിൽ ഒന്നൊഴിയാതെ കരികാലൻ എഴുതിത്തീർത്തു.

മൂലം

എഴുതി മാറുരൈപൈചെതവരവർകൾ ചെയ്പിഴൈ
പ്പൊമർപൊറുക്ക എനഇറ്റപ്പടി മുടിത്തഇതനൈെത്
തൊഴുതുകററനം എനത്തൊഴുതു ചൊല്ലുമളവിൽ
ചോഴവംചമിതുചൊന്ന അറിവെന്ന അഴകോ!

ഭാഷ

ഈ ചോഴചരിതത്തെ ഹിമവാനിൽ കൊത്തിയശേഷം കരികാലൻ ആ പൂർവ്വികരുടെ തെററുകളെയെല്ലാം തൻെറ കുലത്തിൽ പിറന്നവർ സഹിച്ചുകൊള്ളട്ടെ എന്നൊരു കുറിപ്പും കൊത്തിവച്ചു. ഈ ചോഴവംശചരിത്രം, രുദ്രയോഗിനിയെ വന്ദിച്ച് ഞാൻ പഠിച്ചെടുത്തുവെന്ന് മുതുപേയ് പറഞ്ഞമാത്രയിൽ, ഇപ്രകാരം ചോഴപരമ്പരയെ വിവരിച്ച പേയ്മൂപ്പൻെറ അറിവ് അപാരം അപാരം എന്ന് ദേവിയും ആശ്ചര്യപ്പെട്ടു.

മൂലം

210\. വൈയകമാം കുലമടന്തൈമന്നപയൻ
തന്നുടൈയമരപുകേട്ടേ
അയ്യനൈയാൻ പെററെടുത്ത അപ്പൊഴുതും
ഇപ്പൊഴുതൊത്തിരുന്തതില്ലൈ.

ഭാഷ

കീർത്തിപെററ ചോഴഭൂവിൻെറ കാന്തനായ അഭയരാജൻെറ പാരമ്പര്യചരിതം കേട്ട് സന്തോഷിച്ച ദേവി, ഈ

209\. പരിചെന്ന

അയ്യനെ ഞാൻ പെററപ്പോഠം എനിക്കിത്ര സന്തോഷം തോന്നിയില്ലാ എന്നു ചിന്തിച്ചു.

മൂലം

211. ഉലകൈയെലാം കവിക്കിൻറ[1] ഒരു കവികൈച്ച്
[2]ചയതുങ്കൻ മരപിൻ കീർത്തി
അലകൈഎലാം കററുയമ്മിൻ! അകിലംപുവ
നങ്കാപ്പാൻ അവനേ എന്ന.

ഭാഷ

ഭൂതപ്രേത പിശാചാദി പേയ്ക്കൂട്ടത്തെ കാത്തുരക്ഷിക്കുന്ന കാളീദേവി, ലോകമാകെ മൂടിയ ഒററവെൺകൊററക്കുടയുള്ള മുതർകുലോത്തുംഗൻെറ പാരമ്പര്യപ്പുകഴ്ച കേട്ടു്, ആ "മുതർകുലോത്തുംഗൻ ലോകങ്ങളെയെല്ലാം കാത്തുരക്ഷിക്കും." എന്നരുളിച്ചെയ്കയുണ്ടായി.

[രാജപാരമ്പര്യം സമാപിച്ചു.]

ഒമ്പതാം പടലം: പേയ്മുറൈപ്പാട്ട് (പ്രേതങ്ങളുടെ ആവലാതി)

[ദുർഗ്ഗാദേവീസന്നിധിയിൽ സംഘംസംഘമായെത്തിക്കൂടിയ പേക്കൂട്ടം "ഞങ്ങഠം പട്ടിണികിടന്നു വലഞ്ഞു ക്ഷമകെട്ടു. ഇനി ഞങ്ങളുടെ ദാരിദ്ര്യം മാററിക്കിട്ടേണം." എന്നാക്രോശിച്ചു നടയിൽ നിന്നു കലിതുള്ളി. അപ്പോഠം ഹിമാലയത്തിൽനിന്നു വന്ന മുതുപേയ്, കലിംഗദേശത്തു് തനിക്കനുഭവപ്പെട്ട ചില ദുശ്ശകുനങ്ങളെ അനുസ്മരിക്കുന്നു. ഇതെല്ലാം കേട്ടു ദേവി അവരോടു് കലിം

211. 1. കാക്കിൻെറ 2. ചയതരൻതൻ

ഗത്തു താമസിയാതെ യുദ്ധം പൊട്ടിപ്പുറപ്പെട്ടുമെന്നും, തത്സമയം നിങ്ങളുടെ വിശപ്പും കഷ്ടപ്പാടുകളും നിശ്ശേഷം മാറും എന്നും കല്പിക്കുന്നതു കേട്ടു് ആവലാതിക്കാർ സന്തോഷിക്കുന്നു.]

മൂലം

212\. ആരുടൈയ തിരുമുടിയാൻ അരുളുടൈയ
പെരുന്തേവി! അപയൻ കാക്കും
പേരുടൈയ പൂതമായ്പ്പിറവാമൽ
പേയ്കളായ്പ്പിറന്തുകെട്ടോം!

ഭാഷ

ഗംഗയെ ചൂടിയ ചന്തമേറിയ ജടയുള്ള ശിവന്റെ പ്രിയങ്കരിയായ ദേവി, മുതർകുലോത്തുംഗചോഴനാൽ സംരക്ഷിക്കപ്പെടുന്ന ഭാഗ്യമുള്ള ഭൂതങ്ങളായിപ്പിറക്കാതെ നശിഞ്ഞ പേയ്ക്കൂട്ടങ്ങളായി ഞങ്ങൾ പിറന്നുപോയി.

മൂലം

213\. ആർകാപ്പാർ എങ്കളൈ നീ അറിന്തരുളിക്
കാപ്പതലാൽ? അടൈയ പാഴാം.
ഊർകാക്ക മതിൽവേണ്ടാ; ഉയിർകാത്ത
ഉടമ്പിനൈ വിട്ടോടിപ്പോതും.

ഭാഷ

ഞങ്ങളുടെ വിശപ്പിനെ അറിഞ്ഞു് രക്ഷിച്ചനുഗ്രഹിക്കാൻ നീയല്ലാതെ ആരാണുള്ളതു്? മുഴവൻ മുടിഞ്ഞ ഒരു ദേശം കാക്കാൻ മതിൽ വേണ്ട, ഞങ്ങളുടെ ജീവനെ സൂക്ഷിക്കുന്ന ഈ ഉടൽവിട്ടു് അതു് പൊയ്ക്കളെയും

212\. ചടൈ മുടിയാൻ

213\. പാഴ്ത്ത.

214. ഓയ്കിൻേറം! ഓയ്വുക്കമിനിയാറേറം
ഒരുനാളേക്കൊരുനാൾ നാങ്കൾ
തേയ്കിൻറപടി തേയ്ന്തു മിടുക്കറേറം
ചെൻറാലും ഉയ്യമാട്ടോം.

ഭാഷ

നാൾക്കുനാൾ ഞങ്ങൾ വിശപ്പുമൂത്തു ചടച്ച് ഇല്ലാതായി. തളൎന്നവശരായി. ശക്തിയും നശിച്ചുകെട്ടു. ഹേ, ദേവി! ഇനി നീ കോപിച്ചാലും ഞങ്ങൾക്കേൽക്കില്ല.

മൂലം

215. വേക്കൈകെ വിറകാനേം, മെലിയാനിൻേറം,
മെലിന്ത ഉടൽ തടിപ്പതക്കു[1] വിരങ്കും[2] കാണേം
ചാകൈക്കിത്തനൈയായൈ പോതും; പാഴിൽ
ചാക്കാട്ടും അരിതാകത്തന്തുവൈത്തായ്.

ഭാഷ

വിശപ്പായ തീ കത്തിക്കാനുള്ള വിറകുപോലായി ഞങ്ങൾ, തളൎന്ന് ഇത്ര മെലിഞ്ഞുപോയ ദേഹം തടിച്ചു കൊഴുക്കാൻ ഒരു വഴിയും കാണാനില്ല. ജീവൻ കളയാൻ ഈ തീററക്കൊതി തന്നെ മതി, ഞങ്ങളെ വെറുതേ ഇങ്ങനെ പടച്ചിട്ടിട്ട് ചാകാൻ വിട്ടിരിക്കുന്നല്ലോ.

മൂലം

216. ചാവത്താൽ പെരുതുമോചതുമുകന്താൻ[3]
കീഴ്നാങ്കൾ മേനാൾ ചെയ്ത
പാവത്താൽ എംവയററിൽ പചിയൈവൈത്താൻ
പാവിയേം പചിക്കൊൻറില്ലേം.

---

215. 1. ഈപ്പതക്ക് 2. വിറകും.

216. 3. ചതുമുകനാർ. വൈത്താർ. പശിക്കുല്ലേൻ.

ഭാഷ

മുജ്ജന്മപാപത്തിനാലാവാം ഈ എളിയ ഞങ്ങളിൽ നാന്മുഖൻ ഇത്രയും വിശപ്പു നിക്ഷേപിച്ചതു് ഈ പഷ്ണിതീക്കാൻ ഒരു വഴിയുമില്ലാതായി. ശാപദോഷത്താൽ ഇനിയും എന്തെല്ലാം വരാനിരിക്കുന്നുവോ.

മൂലം

217. പതടികളായ്ക്കാററടിപ്പ നിലൈനില്ലാമൽ
പറക്കിൻേറം പചിക്കലൈന്തു പാതിനാക്കും
ഉതട്ടുകളിൽ പാതിയും തിൻ്റോരുവായ് ആനേം!
ഉനക്കടിമൈ അടിയേമൈ ഓടപ്പാരായ്

ഭാഷ

കാററിൽ ഉറച്ചുനില്ക്കാനാവാതെ പതിരുപോലെ ഞങ്ങൾ പാറി ഉലരുന്നു. വിശപ്പു സഹിക്കാതെ പാതിനാവും പാതിച്ചുണ്ടും കടിച്ചുതിന്നു്, ഞങ്ങൾ ഓട്ടവായരായി. നിനക്കു് വീട്ടുപണി ചെയ്യുന്ന അടിയാരായ ഈ ഞങ്ങൾ നിന്നെ വിട്ടു ഓടിക്കളയുന്നതും നീ നോക്കിയിരിക്കയാണോ

മൂലം

218. അകളങ്കൻ നമക്കിരങ്കാൻ; അരചർ ഇടുന്
തിറൈക്കരുൾവാൻ; അവൻതൻ യാനൈ
നികളംചൂണ്ടന; അടിയേംനെട്ടുംപചിയാൽ
അറ ഉലന്തുനെററായരേറം!

ഭാഷ

മുതർകുലോത്തുംഗൻ ഞങ്ങളോടൊരു കാരുണ്യവുമില്ലാതെ മററുരാജാക്കന്മാർ നൽകുന്ന കപ്പം മാത്രം കാംക്ഷിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ആനകൾ വിലങ്ങിൽ കിടക്കുകയാണ്. നിൻെറ ദാസരായ ഞങ്ങളോ വിശപ്പിനാൽ വാടി, ഉണങ്ങി പേടടിച്ചു.

---

217. പതട്ടു

മൂലം

219. മൂക്കരുകേ വഴനാറിമൂടൈനാറി
ഉതടുകളും തുടിപ്പവായൈ-
ഈക്കളുവും കുറിയാൽ ഉയർന്തിരുക്കിൻേറം;
അൻറാകിൽ ഇൻറേചാതും

ഭാഷ

മൂക്കിനരികേ ചലംകെട്ടി മാംസം ചീഞ്ഞ നാററം വീശുകയാൽ, ചുണ്ടുകൾ വിറയ്ക്കുമാറ് ഞങ്ങളുടെ വായിൽ ഈച്ചകൾ ആക്കുന്നു. ഈ നല്ല ശകുനത്താൽ ഞങ്ങൾ ജീവിക്കുന്നു. അല്ലെങ്കിൽ പണ്ടേ ചത്തേനെ.

മൂലം

220. എൻറുപലക്കൂളികൾ
ഇരൈത്തുരൈചെയ്പോത്തു
അൻറിമയവെർപി
നിടൈനിൻറുവരും അപ്പേയ്

ഭാഷ

എന്നിങ്ങനെ ആ കൂളികളിൽ പലതും ആർത്തുവിളിച്ചു പറഞ്ഞപ്പോൾ ഹിമാലയത്തിൽനിന്നു വന്ന ആ മുതുപേയ്,

മൂലം

221. കൈതൊഴുതിറൈഞ്ചി,
അടിയേൻ വടകലിങ്കത്
തെയ്തിയവിടത്തുള
നിമിത്തം ഇവൈ കേൺമോ

ഭാഷ

കൈകൂപ്പി ശിരസ്സു നമിച്ചുകൊണ്ടു് "അടിയൻ ഉത്തര

കലിംഗനാട്ടിൽ പോയിരുന്നപ്പോൾ അവിടെ കാണാനിടയായ ചില ശകുനങ്ങളെ കേൾക്കുവിൻ."

മൂലം

222. മതക്കരിമരുപ്പിറമതം പുലരുമ^ലോ;
മടപ്പിടിമരുപ്പെഴമതം പൊഴിയുമാലോ,
കതിർച്ചുടർവിളക്കൊളികളത്തെരിയുമാലോ;
കാലമുകിൽ ചെങ്കുരുതി കാലവരുമാലോ

ഭാഷ

മദമൊലിക്കുന്ന ആനകളുടെ കൊമ്പുകൾ മുറിഞ്ഞു. മദനീർവററി. യൗവനയുക്തകളായ പിടികൾക്ക് കൊമ്പുമുളച്ച് മദനീരൊഴുകി. കതിർപ്രകാശമുള്ള വിളക്കുകൾ തെളിമ കുറഞ്ഞു പൊലിഞ്ഞു. കാലങ്ങളിൽ പെയ്യുന്ന മേഘങ്ങൾ ചെങ്കുരുതി പെയ്തു.

മൂലം

223. വാർമുരചിരുന്തു വറിതേ അതിരുമാലോ;
വന്തിരവിൽ ഇന്തിരവിൽ വാനിൽ ഇടുമാലോ;
[1]ഓർമനയിൽ ഊമൻഎഴ ഓരി അഴുമലോ:
ഓമയെരി ഈമയെരിപോൽ എരിയുമാലോ;

ഭാഷ

പെരുമ്പറ ഇരുന്നിടത്തിരുന്നു തനിയേ മുഴങ്ങി. രാത്രികാലത്തു് വാനിൽ മഴവില്ലു കാണായി. ഗ്രാമക്കുടികളിൽ പേരാന്ത (കാലങ്കോഴി) കൾ വന്നുകൂടി. നരികൾ ഓരിയിട്ടു, യാഗാഗ്നി പട്ടടത്തീപോലെ എരിഞ്ഞു നാറി.

224. മൂലം

പൂവിരിയും[1] മാലൈകൾ പുലാൽകമഴുമാലോ;
പൊൻചെയ്‌മണിമാലൈ ഒളിപോയ് ഒഴിയുമാലോ,

---

224. 1. പൂവിയലുമാലകൾ.

ഓവിയമെലാം ഉടൽവിയപ്പ്‌ വരുമാലോ;
ഊറുപുനൽ വെങ്കുരുതിനാറവരുമാലോ–

ഭാഷ

വിരിഞ്ഞ പൂമാലകാം മാംസഗന്ധം പാത്തി. രത്നം പതിച്ച പൊൻമാലകളുടെ ശോഭ കെട്ടു. ചിത്രങ്ങളെല്ലാം ഉടൽ വിയത്തുകാണായി. ഊറുവെള്ളം രക്തംപോലെ ഒഴുകി.

മൂലം

225. എനഉരൈ മുടിത്തതന്നൈ
എൻകൊൽവിളൈവെന്റേ
വിനാവുരൈ തനക്കെതിർ
വിളമ്പിനൾ അണങ്കേ

ഭാഷ

എന്നു താൻ പറയാനുള്ളതു പറഞ്ഞു. ഇവയാൽ എന്താണിനി സംഭവിക്കാൻപോകുന്നതു് എന്നു മുതുപേയ് ചോദിച്ചതിനു് ദേവി ഇപ്രകാരം അരുളിച്ചെയ്തു.

മൂലം

226. ഉങ്കൾകുറിയും വടകലിങ്കത്
തുള്ളകുറിയും ഉമക്കഴകേ!
നങ്കൾകണിതപ്പേയ്ക്കുരൈ
നനവും കനവും ചൊല്ലുവാം

ഭാഷ

നിങ്ങളുടെ അടയാളങ്ങളും, വടകലിങ്കത്തു കണ്ട നിമിത്തങ്ങളും, നിങ്ങൾക്ക നന്മയ്ക്കുള്ളവയത്രേ. നമ്മുടെ ജ്യോതിഷപ്പേയ്കാം ചിന്തിച്ചു പറഞ്ഞ കാര്യങ്ങളേയും, കിനാവിൽ കണ്ടതിനേയും ഞാൻ പറയാം.

മൂലം

"നിരുപർഅഞ്ഞിവെൻറ അകളങ്കൻ മതയാനൈനികളങ്കളൊട്ട നിർപനങ്അതർ
കൊരുപരണി ഉണ്ടെനഉരൈത്തന, ഉരൈപ്പടി
ഉമക്കിതു കിടൈക്കും" എനവേ

ഭാഷ

"ശത്രുരാജാക്കന്മാരുടെ പടയണിയെ ജയിച്ച മൂതർകുലോത്തുംഗൻെറ മദയാനകൾ, കാലിൽ തളയണിഞ്ഞു യുദ്ധസന്നദ്ധമായി നില്ക്കുന്നു. അതിനാൽ, ഒരു പരണിപ്പോർ നിങ്ങൾക്ക കിട്ടുമെന്നു് നമ്മുടെ ജ്യോതിഷപ്പേയ്കൾ പറയുന്നു. ആ ഗണിതപ്രകാരം പരണിപ്പോർ നിങ്ങൾക്ക ലഭിക്കു"മെന്നു ദേവികല്പിച്ചു.

മൂലം

228. "തടിത്തനം എനത്തലൈ തടിത്തനം" എനപ്പല
തനിപ്പനൈ കുനിപ്പഎനവേ
നടിത്തന, നടിപ്പ വലിയററനകൊടിറൈറയും
നനൈത്തന ഉതട്ടിനുടനേ

ഭാഷ

"ഉടൽ തടിച്ചുവെന്നും തല ചീർത്തുവെന്നും" നിനച്ചു്, ഒററക്കുനില്ക്കുന്ന പനകൾപോലെ പേയ്കൾ ചാഞ്ചാടിക്കളിച്ചു. അവസാനം ആടാൻ ശേഷിയില്ലാതെ തങ്ങളുടെ ചുണ്ടും ഉൾക്കവിളും സ്വന്തം ഉമിനീരാൽ നനച്ചു.

മൂലം

229. "വിലക്കുക വിലക്കുക വിളൈത്തന" എനകളി
വിളൈത്തന തുളൈത്തന; വിലാ
അലക്കുക അലക്കുക അടിക്കടിചിരിത്തന;
അയത്തന പചിത്തപചിയേ

ഭാഷ

"വിശപ്പിന്റെ പീഡകളെ നിശ്ശേഷം തീർക്കുക"തന്നെ, എന്നു് തമ്മിൽ തമ്മിൽ പറഞ്ഞു് അവ സന്തോഷിച്ചു. മെലിഞ്ഞ പകെല്ലുകൾ ഒടിയുമാറു് തുടരേ ചിരിച്ചു; വിശപ്പും മറന്നു.

മൂലം

230. ആടിഇരൈത്തെഴ കണങ്കൾ,
അണങ്കേ! ഇക്കലിങ്കക്കൂഴ്
കൂടിഇരൈത്തു[1]ണ്ടഴിഎം
കൂടാരപ്പോതുമോ?

ഭാഷ

ആർത്തിരച്ചു കൂത്താടിയ പേയ്ക്കൂട്ടങ്ങൾ, ഹേ, ദേവി! കലിംഗയുദ്ധത്തിൽ കിട്ടുന്ന കൂഴ് (മാംസക്കൊഴുപ്പ്) ഞങ്ങളെല്ലാരുമൊത്തു് ആർത്തുവിളിച്ചു ഭക്ഷിക്കാൻ, വിശപ്പാൽ എരിയുന്ന ഈ വയറുനിറയെത്തിന്നാൻ ഉണ്ടാകുമോ?

മൂലം

231. പോതും പോതാതെനവേ
പുടൈപ്പടലമിടവേണ്ടാ
ഓതംചൂഴ് ഇലങ്കൈപ്പോർക്
കൊട്ടിരട്ടി കലിങ്കപ്പോർ!

ഭാഷ

മതിയാവുമോ മതിയാവില്ലേ എന്നു് ഇവിടെ ഇരുന്നു തിരക്കേണ്ടാ. കടൽ ചുററിയ ലങ്കയിൽ നടന്ന യുദ്ധത്തേക്കാൾ കലിങ്കത്തു നടക്കുന്ന യുദ്ധം ഒന്നിസ്സിരട്ടിയായിരിക്കും.

[പേയ്മുറൈപ്പാട്ടു സമാപ്തം]

---

230. 1. ഉണ്ടോഴിഎം.

പത്താം പടലം: **അവതാരം**

ദേവന്മാരുടേയും അതിമാനുഷരുടേയും ജനനത്തേയാണ് 'അവതാരം' എന്നു വ്യവഹരിക്കുന്നത്. ഭാരത വേദേതിഹാസങ്ങളിലും, വിശേഷിച്ച് പുരാണങ്ങളിൽ കൂടുതലായും അടുക്കായും ആ വാദത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നതു കാണാം. വേദങ്ങളിലെ ഉപദേവൻ മനുഷ്യനാകുന്നു. പ്രവാചകന്മാരുടേയും, മതഗുരുക്കളുടേയും യോഗവിദ്യയാൽ സിദ്ധിപ്രാപിക്കുന്ന മഹാപുരുഷന്മാരുടേയും ജനനത്തെയും അവതാരമായി ഗണിച്ചുവരുന്നു. ജൈന ഐതിഹ്യങ്ങളിലും അവതാരപ്രസ്താവമുണ്ട്. ബൗദ്ധ ജാതകകഥകളിലുമുണ്ട് അവതാരവാദം. എന്നാൽ, ജാതകകഥയിലെ അവതാരവാദം വ്യക്തമായും ഒരാശയവാദമായി നിലകൊള്ളുന്നു. സംഘകാലതമിഴകത്തെ മതപഠനം ഈ വസ്തുത വ്യക്തമാക്കും. ചെന്തമിഴ് മഹാകാവ്യങ്ങളിലൊന്നായ 'മണിമേഖല'യിൽ അവതാരവാദത്തേയും വ്യക്തിത്വത്തേയും ആധികാരികമായി കൈകാര്യം ചെയ്തിരിക്കുന്നതു കാണാം.

ഋഗ്വേദത്തിൽ അഷ്ടാദശസ്മൃതികാരരിൽ പ്രധാനിയായ വിഷ്ണുവിൻെറ വാമനാവതാരത്തെക്കുറിച്ചും, തൈത്തരീയസംഹിതയിൽ വരാഹാവതാരത്തെക്കുറിച്ചും, ശതപഥബ്രാഹ്മണത്തിൽ മത്സ്യാവതാരത്തെക്കുറിച്ചും പ്രസ്താവങ്ങളുണ്ട്. പാതാളപുരാണത്തിലെ വിഷ്ണുവിൻെറ അവതാരഭാവം യമധർമ്മൻേറതത്രേ. കുടിച്ചു കുമ്പവീർപ്പിച്ച് കൊഴുത്ത ദൃഢബാഹുക്കളിൽ കുറവടി (ദണ്ഡ്)യും കയറും പിടിച്ച്, മദ്യലഹരിയിൽ ചോരച്ച വട്ടക്കണ്ണുകളും മിഴിച്ചിരിക്കുന്ന ഒരു ബീഭത്സരൂപമാണ് ഇവിടെ വിഷ്ണുവിൻേറതു്.

ഒരു മതസാഹിത്യകൃതിയായ 'പരണിപ്പാട്ടി'ൽ കഥാനായകനായ മുതർകുലോത്തുംഗൻെറ ജനനം, വളർച്ച, ഉപനയനം, വിദ്യാഭ്യാസം, കിരീടധാരണം, ഭരണപാടവം എന്നിവയെ മഹാവിഷ്ണുവിൻെറ ജീവിതഭാഗവതത്തോടുപമിച്ചിരിക്കുന്നു.

ജയംകൊണ്ടാരുടെ നിരർഗ്ഗളമായ കവിതാവിലാസവും, വാസനാസമ്പന്നതയും, ശബ്ദമാധുരിയും സർവാംഗസുന്ദരംതന്നെ.

മൂലം

232. അൻറിലങ്കൈപൊരുതഴിത്തഅവനേ അ-
പ്പാരതപ്പോർ മുടിത്തപ്പിന്നൈ
വെൻറിലങ്കുകതിരാഴി വിചയതരൻ
എന്ന ഉതിത്താൻ വിളമ്പക്കേൺമിൻ

ഭാഷ

മുമ്പൊരിക്കൽ ലങ്കയെ പൊരുതടക്കിയ ആ വിഷ്ണു തന്നെ ഭാരതയുദ്ധത്തേയും നിറവേററി. പന്നീട്ടു് ശത്രുജയം കഴിച്ചു് മിന്നിത്തിളങ്ങുന്ന ചക്രായുധമുള്ള അവൻ, വിജയധരനെന്ന മുതർകുലോത്തുംഗനായി പിറന്നു. അവൻെറ ചരിതം ഞാൻ പറയാം, കേൾക്കു.

മൂലം

233. തേവരലാം കുറൈയിരപ്പത്തേവകിതൻ
തിരുവയിററിൽവച്ചു തേവർക
മൂവുലകും തൊഴനെടുമാൽ മുന്നൊരുനാൾ
അവതാരം ചെയ്തപിന്നൈ·

ഭാഷ

മുമ്പൊരിക്കൽ ദേവന്മാർ തങ്ങളുടെ കഷ്ടപ്പാടുകൾ പറഞ്ഞു കേൾപ്പിക്കയാൽ, വിഭുവായ മഹാവിഷ്ണു മൂവുലകരും തന്നെ വണങ്ങുമാറു് ദേവകിയുടെ പരിശുദ്ധമായ ഉദരത്തിൽ വസുദേവപുത്രനായി ജനിച്ചശേഷം—

മൂലം

234. ഇരുൾമുഴുതും അകററും വിതുകുലത്തോൻ തേവി
ഇകൽവിളങ്കുത പനകുലത്തിരാചരാചൻ
അരുൾതിരുവിൻ തിരുവയിററിൽ വന്തുതോൻറി
ആലിലൈയിൽ അവതരിത്താനവനേ മീള

ഭാഷ

ആലിലയിൽ അവതരിച്ചവനായ ആ കണ്ണനെ, വീണ്ടും എല്ലാ ഇരുളും നീക്കുന്ന ചന്ദ്രകുലനൃപനായ രാജരാജൻെറ ഭാര്യയും, ജയത്താൽ പ്രകാശിക്കുന്നവനും സൂര്യവംശജനും അരചക്രചന്ദ്രമായ ഗംഗകൊണ്ടചോഴൻെറ അനുഗ്രഹീതപുത്രിയുമായ ശ്രീയൊത്ത അമ്മങ്കാദേവിയുടെ ഉദരത്തിൽ പിറന്നു്,

(മേല്പറഞ്ഞ മൂന്നു പാട്ടിൽ കുലോത്തുംഗനെ വിഷ്ണുവിൻെറ അവതാരമായി വർണ്ണിക്കുന്നു.)

മൂലം

235. വന്തരുളി അവതാരം ചെയ്തലുമേ
[1]മണ്ണുലകം മറൈകൾ നാൻകും
അന്തരം നീങ്കിനവ്എന അന്തരത്തു-
ന്തുമിമുഴങ്കി[2] അതിർന്തതാങ്കേ

ഭാഷ

ഭൂമിയിൽ വന്നു പിറന്നയുടൻ ലോകരും മൂന്നു നാലു വേദങ്ങളും ദോഷമകന്നവയായി എന്നു ദേവലോകത്തു് ദുന്ദുഭിമുഴങ്ങി.

മൂലം

236. അലർമഴൈ പോൽമഴൈ പൊഴിയ അതുകണ്ടു
കങ്കൈകൊണ്ട ചോഴൻതേവി
കുലമകൻ തൻകുലമകനൈ കോകനത
മലർക്കയ്യാൽ എടുത്തുകൊണ്ടേ.

---

235. 1. മൺമുഴുതും, 2. എഴുന്നതാങ്കേ, 3. വേദങ്ങളുടെ ദോഷം. അവ ആരും ശ്രദ്ധിക്കാതിരുന്ന നില ദുന്ദുഭി–ധുമിധുമി–എന്നൊലിക്കുന്നതു്.

236. കോകനദം കോകം + നദം
കോകം=ചക്രവാകപ്പറവ. അതു ഇരുന്നു കളിക്കുന്ന പൂ, താമരപ്പൂ.

ഭാഷ

പൂമഴപോലെ മഴപൊഴിയുന്നതു കണ്ടു്, ഗംഗകൊണ്ടചോഴൻെറ പട്ടമഹിഷി, തൻെറ കുലമകളുടെ പുത്രനായ മുതർകുലോത്തുംഗനെ താമരമലർക്കയ്യാൽ താങ്ങിയെടുത്തുകൊണ്ടു്,

മൂലം

237. അവനിപർകു[1]പ്പുരന്തരനാം അടൈയാളം
അവയവത്തിൻ [2]ങ്ങടൈവേനോക്കി,
ഇവൻ എളക്കുമകനാകി ഇരവികുലം
[3]പാലിക്കത്തകുവൻ എൻേറ.

ഭാഷ

രാജാക്കന്മാർക്കു ഇന്ദ്രനെപ്പോലെ മൂന്തിയ രാജാവായിത്തീരുമെന്ന അംഗലക്ഷണങ്ങളെ നോക്കി, ഈ കുട്ടി ഞങ്ങൾക്കു മകനായി സൂര്യകുലത്തെ ഉയർത്താൻ തക്കവനാണെന്നു്,

മൂലം

238. തിങ്കളിൻ ഇളക്കുഴവിചെമ്മൽ ഇവൻഎൻറും
ചെയ്യപരിതിക്കുഴവി ഐയ്യൻ ഇവൻഎൻറും
തങ്കളിൽ മാകിഴ്ത്തിരുകുലത്തരചർ താമും
തനിത്തനി ഉപപ്പതൊർ തവപ്പയനും ഒന്നേ.

ഭാഷ

സൽഗുണശാലിയായ ഈ ബാലൻ ചന്ദ്രകുലത്തിൽ പിറന്ന ഇളംകൊടിയെന്നും പറഞ്ഞു്, ഇരുകുലനൃപന്മാരും ഒററയ്ക്കൊററയ്ക്കും സഹകരിച്ചും സന്തോഷിച്ചതിൽനിന്നുണ്ടായ സൗഭാഗ്യം പോലെ,

---

237. പുത്തിരനാം. 2. അടയനോക്കി. 3. പാരിക്ക. ഗംഗകൊണ്ടചോഴൻ സൂര്യകുലക്കാരനാകയാലും തൻെറ മകൾക്കു പുത്രന്മാരില്ലായ്കയാലും മകളുടെ മകനെ ഇപ്രകാരം ചൊല്ലി ഓമനിച്ചുവെന്നു്.

മൂലം

ചിനപ്പുലി വളർപ്പതൊർ ചിറുപ്പുലിയുമൊത്തേ
തിചൈക്കളിറനൈപ്പതോർ തനിക്കളിറുമൊത്തേ
അനൈത്തറമുമൊക്ക അടിവൈക്കടിവൈത്തേ
അറത്തോടു [1]മറത്തുറൈ നടക്കനടൈകറേറ.

ഭാഷ

കോപമുള്ള പുലി വളൎത്തുന്ന ഒരു പുലിക്കുട്ടിയെപ്പോലെയും ദിഗ്ഗജങ്ങൾ അണച്ചുവളൎത്തുന്ന ഒരു കൊമ്പനാനക്കുട്ടിയെപ്പോലെയും, ധൎമ്മങ്ങളെല്ലാം തന്നോടൊപ്പം പിച്ചവക്കുമാറു് തന്റെ കുറഞ്ഞിക്കാൽകളെടുത്തുവച്ചും, ധൎമ്മങ്ങളും വീരച്ചേല്യകളും തന്നോടൊപ്പം നട പഠിക്കുമാറും.

മൂലം

240. പണ്ടു വചുതേവൻ മകനാകിനിലമാതിൻ
[2]പടർകളൈയും മായനിവൻഎന്റു തെളിവെയ്ത്ത
തണ്ടു,തനു,വാൾ, പണിലം നേമി,എനംനാമത്
തൻപടൈകൾആനതിരുഐമ്പടൈതരിത്തേ.

ഭാഷ

മുമ്പു് വസുദേവപുത്രനായിപ്പിറന്നു് ഭൂമിദേവിയുടെ കഷ്ടതകളെ നീക്കിയ കണ്ണൻ ഈ മൂൎത്തികുലോത്തുംഗനാണെന്നു് എവരും നിശ്ചയിക്കുമാറു് തടിയും, വില്ലും, വാളും, ശംഖും, ചക്രവും എന്നീ [3]പേരുകളുള്ള തൻെറ ആയുധങ്ങളെ തൻെറ ചന്തമുററ കൈപ്പടത്താലിയിലണിഞ്ഞു്.

മൂലം

241. തായർതരും പാൽമുലൈ ചുരക്കവരും നാളേ
താനമുലകത്തവർതമക്കരുൾ ചുരന്തേ

---

1. മനത്തുറൈ. 2. പരങ്കടിയും. 3. തഡിയർ, വില്ലവർ, വാളപയർ, ചേയ് തുടങ്ങിയ ചോഴചക്രവൎത്തിമാരുടെ അധീശസ്ഥാനപ്പേരും കുലബിരുദങ്ങളും.

തുയ[1] മനുവും ചുരുതിയും പൊരുൾവിളങ്കച്
ചൊർകൾതെരിയത്തനതുചൊർകൾതെരിവിത്തേ

ഭാഷ

അമ്മമാർ നൽകുന്ന മുലപ്പാൽ യഥേഷ്ടം നുകൎന്നു വളൎന്ന ആ പ്രായത്തിൽ തന്നെ മുതർകുലോത്തുംഗൻ, ഭൂതകാരുണ്യം ചുരക്കുമാറ് പരിശുദ്ധമായ മനുധർമ്മശാസ്ത്രത്തിലും, വേദങ്ങളിലുമുള്ള ചൊല്ലുകളുടെ അത്ഥം ധ്വനിക്കുംവിധം, തൻെറ കൊഞ്ചവാക്കുകളാൽ അവയെ മററുള്ളവരിൽ ഉണൎത്തിയും,

മൂലം

242. തിരുമാർപിൽ മലർമടന്തൈ തിരുക്കഴുത്തിൽ.
മങ്കലനാൺ എന്ന മുന്നൂൽ
പെരുമാർപിൻചിറന്തൊളിരപ്പിറപ്പിരണ്ടാ;
വതു പിറന്തു ചിറന്ത പിന്നർ.

ഭാഷ

മഹാവിഷ്ണുവിൻെറ തിരുമാറിലുള്ള ചെന്താമരമലരിൽ വസിക്കുന്നമഹാലക്ഷ്മിയുടെ ഓമൽക്കഴുത്തിലെ താലിച്ചരടുപോലെ തൻെറ വിരിമാറിൽ മുപ്പിരിനൂൽ (പൂണനൂൽ) മിന്നുമാറ് രണ്ടാം പിറപ്പു പിറന്നു് (ദ്വിജത്വം) മേന്മ നേടിയശേഷം.

മൂലം

243. പോതങ്കൊൾമാൺ ഉരുവായ്പ്പുവിയിരന്ത
അഞ്ഞാൻറു പുകൻറു ചെൻറ
വേതങ്കൾ നാങ്കിനൈയും വേതിയർപാൽ
കേട്ടരുളി മീണ്ടു കറേറ.

ഭാഷ

ജ്ഞാനം തികഞ്ഞ ബ്രഹ്മചാരി സ്വരൂപനായി മൂന്നടി

1. തുയമറൈ.

നിലം യാചിച്ചുനേടിയ ആ കാലത്തു്, ചൊല്ലിവച്ച ചതുർവേദങ്ങളെ വേദവിത്തുക്കളിൽനിന്നും പാഠിച്ചും, പന്നീട്, സ്വന്തമായി ഗ്രഹിച്ചും.

മൂലം

244. 'നിറവാഴ്‌വൈപ്പെറൽ നമക്കും അണിതതെ'ൻറു
നിലപ്പാവൈകളിപ്പവിത്തു
ഉറൈവാളൈപ്പുയത്തിരുത്തി ഉടൈവാളൈത്
തിരുഅരയിൽ ഒളിരവൈത്തേ.

ഭാഷ

തനിയ്ക്കൊരു സമ്പൂർണ്ണജീവിതം ലഭ്യമാകാറായി എന്നു് ഭൂദേവി സന്തോഷിക്കുമാറു്, വിന്ധ്യാചലത്തിലരുളുന്ന വീരദുർഗ്ഗയെ തൻെറ തോളിൽ വച്ചു്; ഉടവാളിനെ അഴകൊത്ത അരക്കെട്ടിൽ മിന്നുംമട്ടണിഞ്ഞു്,

മൂലം

245. 'ഈരിരുമരുപ്പുടൈയവാരണം ഉകൈത്തേ
ഇന്തിരനെതിർന്തവരൈവെൻറുവരുമേ;യാൻ
ഓരിരുമരുപ്പുടൈയ വാരണം ഉകൈത്തേ
ഒന്നലരൈ വെൽവൻ,എന അന്നുഉപയിൻേറ.

ഭാഷ

ദേവേന്ദ്രൻ തന്നെ എതിക്കുന്നവരെ നാല്ക്കൊമ്പനാനയെക്കൊണ്ടു ജയിച്ചുവരുംപോലെ, ഞാൻ രണ്ടു കൊമ്പുള്ള ഒരാനയെക്കൊണ്ടുതന്നെ എൻെറ ശത്രുക്കളെ ജയിക്കും; എന്നു പറയുംപോലെ സമർത്ഥമായി ആനസ്സവാരി പഠിച്ചും.

മൂലം

246. ഇറൈറവ[1]രൈയും ചെലവു
അരുക്കൻ [2]ഒരുനാൾ പോൽ
ഏഴ്പരിഉകൈത്തിരുൾ
അകററി വരുമേ,യാൻ

ഒററൈവയമാൻ നടവി
ഇത്തരൈ വളാകത്തു
ഉററഇരുഠംതീർപ്പൻ
എനമററതു പയിൻേറ.

ഭാഷ

ആകാശസഞ്ചാരിയായ സൂര്യൻ ഇന്നുവ ര ഒരേ മുറയിൽ ഏഴു കുതിരകളെത്തെളിച്ചു് ഭൂമിയിലെ ഇരുഠം നീക്കിവരുന്നതുപോലെ, ജയമാന്ന ഒററക്കുതിരയാൽ ഭൂമുഖത്തെ [3]കലിയിരുഠം മാററുമെന്നു് പറയുംമ്പോലെ അതും സമത്ഥമായി പഠിച്ചു.

മൂലം

247. ചക്കരമുതർപടൈ ഒരൈന്തും മുതൽനാളെ
തന്നുടൈയ ആനയതനാൽ അവൈനമുക്കുത്
തിക്കുവിചയത്തിൽവരുമെന്റവൈ പയിററിച്
ചെങ്കൈമലർനൊന്തില ചുമന്തിലതനക്കേ.

ഭാഷ

ചക്രായുധം തുടങ്ങിയ അഞ്ചായുധങ്ങളും ആരംഭത്തിലേ തനിക്കധീനമാകയാൽ, ആ പഞ്ചായുധങ്ങളും ദിഗ്വിജയവേളയിൽ സ്വയം വന്നു സഹായിക്കുമെന്നുറച്ചു്, അവയുടെ പ്രയോഗത്താൽ ചുവന്ന കൈത്തലമായ താമരമലർ വേദനിച്ചില്ലാ, അവ ഭാരവും ആയില്ലാ.

മൂലം

248. ഉരചെയ്പലകൽവികളിൽ
ഉരിമൈ പലചൊല്ലുവതെൻ
ഉപമൈ ഉരൈ
ചെയ്യിൻ ഉലകത്തു

---

246. 1. ഇറൈയളവും 2. തേർമേൽ
3. ചോഴസാമ്രാജ്യത്തിലെ മൂന്നാം കലി അവതാരം.

അരചർ ഉളരല്ലർ
എന അവൈ പുകഴ്
മൽകുകലൈ അവൈ
അവൈകൾ വല്ലപിറകേ.

ഭാഷ

പല ഉൽകൃഷ്ട കൃതികളിൽ പറഞ്ഞവയേയും, പഠിപ്പിലുള്ള വൈദഗ്ദ്ധ്യത്തേയും, വർണ്ണിക്കേണ്ടതില്ല. വിദ്യയിൽ അവനൊപ്പം ഇഹത്തിൽ ഒരു രാജാവുമില്ലാ എന്നെല്ലാംവരും പുകഴ്ത്തുമാറ് കലാവിദ്യകളിൽ വല്ലഭനായശേഷം,

മൂലം

249. ഇചൈയുടൻ എടുത്ത
കൊടി അപയനവനിക്കിവനൈ
ഇളഅരചിൽ
വൈത്ത പിറകേ
തിചൈ അരചരുക്കുരിയ
തിരുവിന്നൈ മുകപ്പതൊരു
തിരുവുളം
അടുത്തരുളിയേ.

ഭാഷ

പല നൃപരേയും ജയിച്ച കേളിയാൽ ഉയർത്തിപ്പിടിച്ച കൊടിയുള്ള വീരരാജേന്ദ്രചോഴൻ, രാജ്യം ഭരിക്കാൻ ഈ മുതർകുലോത്തുംഗനെ യുവരാജാവാക്കിയപ്പോൾത്തന്നെ അയൽ നാട്ടുരാജാക്കന്മാരുടെ പ്രഭാവത്തെ പിടിച്ചുപററുവാൻ തിരുവുള്ളത്തിൽ മോഹം തോന്നി.

മൂലം

വളവർതൊർപതത്തിനിടൈ മതകരിമുകത്തിനിടൈ
വളൈ ഉകിർമടുത്തു വിളൈയാടു

ഇളഅരിയെനപ്പൈകെഞർ എതിർമുനകളൈക്കിഴിയ
എറിപടൈ പിടിത്തരുളിയേ.

ഭാഷ

ദിനംപ്രതി വളൎന്നുവരുന്ന യൗവനത്തിൽ, മദയാനകളുടെ മസ്തകത്തിൽ വളഞ്ഞ നഖങ്ങളെ താഴ്ത്തി അവയോടു കളിച്ചാടുന്ന സിംഹക്കുട്ടിയെപ്പോലെ, തന്നെ എതിൎക്കുന്ന രാജാക്കന്മാരുടെ സമരമുഖങ്ങളെ തകൎക്കാൻ ശത്രുക്കളിൽ പ്രയോഗിക്കുന്ന ആയുധങ്ങളും ധരിച്ചുകൊണ്ടു്.

(അടുത്ത പാട്ടുകൾ കുലോത്തുംഗന്റെ ദിഗ്വിജയ വൎണ്ണനകളാകുന്നു.)

മൂലം

251. കുടതിശൈ പുകക്കടവുകരകതരത്തിരവി
കുരുകലും ഒളിക്കും ഇരുൾപോൽ
വടതിശൈ മുകത്തരചർവരുകതം ഉകത്തനതു
കുരകതം ഉകൈത്തരുളിയേ.

ഭാഷ

പശ്ചിമദേശത്തേക്കു് കുതിച്ചു നീങ്ങുമാറു് കുതിരകളെ പൂട്ടിയ തേരുള്ള സൂൎയ്യൻ കിഴക്കുദിക്കിൽ ചേൎന്നതോടെ, അവൻ അകററുന്ന ഇരുൾപോലെ, വടക്കുദിക്കിലുള്ള രാജാക്കന്മാരുടെ വീൎയ്യം കെടുമാറു് തന്റെ കുതിരപ്പടയെ നയിച്ചു്

മൂലം

252. പുരമെരിമടുത്തപൊഴുതതുമിതുമെനത്തികിരി
പുകൈ എരികുവിപ്പവയിരാ-
കരമെരിമടുത്തരചർകര മെതിർകുവിപ്പതൊരു
കടവരൈ തനൈക്കടവിയേ.

ഭാഷ

ശത്രുഭൂപാലരുടെ പുരങ്ങളെ മുതൽകുലോത്തുംഗൻ ചുട്ടു

പൊടിച്ച കാലത്തു്, വൈരാകരമെന്ന ദേശവും തീവയ്ക്കയാൽ വൃത്താകൃതിയിൽ തീയും പുകയും ഒന്നിച്ചുപൊങ്ങി. തദ്ദേശാധിപതികൾ കൈകൂപ്പി തൊഴമാറു് അസദൃശമായി മദം പൊഴിയുന്ന ആനയേയും നയിച്ചു്,

മൂലം

253. കുളംഉതിരമെത്തിയതൊർകുരൈകടൽകടുപ്പ
കുരുകലർകൾവിട്ട കുതിരൈരെതു് [എതിർ
തളംഉതിര വെട്ടിയൊരുചെരുമുതിരഒട്ടിനർകൾ
തലൈ മലൈ കുവിത്തരുളിയേ.

ഭാഷ

കുളത്തിലെ വെള്ളം കിളമ്പുംവിധം, അലച്ചിരമ്പിക്കയെന്ന കടൽപോലെ, ശത്രുനൃപന്മാർ തന്റിക്കെതിരെ വിട്ട കുതിരപ്പടയെ വെട്ടി വീഴ്ത്തിക്കൊണ്ടു് യുദ്ധം തിമക്കുകയും; ശപഥം ചെയ്തുവന്ന വീരരുടെ തലകളെ അറിഞ്ഞു മലപോലെ കൂട്ടുകയും ചെയ്തു.

മൂലം

254. മനുക്കോട്ടം തവിത്ത പിരാൻ
വളവർപിരാൻ തിരുപ്പുരുവതു്
തനുക്കോട്ടനമൻ കോട്ടം
പട്ടതു ചക്കരക്കോട്ടം.

ഭാഷ

മനുനീതിയിൽ സമൂലപരിവർത്തനം വരുത്തിയ നായകനും ചോഴനൃപനുമായ മുതർകുലോത്തുംഗൻ, തന്റെ അഴകൊത്ത പുരികമായ് വില്ലിനെ വളച്ചപ്പോഴേക്കും ചക്കരക്കോട്ടത്തുള്ള വീരന്മാർ കാലപുരി പൂകി.

---

253. തളംമുറിയ. 254. അഴിത്ത.

255. ചരികളും തൊറും തങ്കൾ ചയമകൾ
തന്നൈ മന്നപയൻ കൈപ്പിടിത്തലും
പരികളും കളിറും തനരാചിയും
പാരിപോകം കൊടുത്തനർ പാത്തിവർ

ഭാഷ

പോക്കളങ്ങളിൽനിന്നു പുറംതിരിഞ്ഞോടുന്ന അന്താത്തു രാജാക്കന്മാരുടെ വിജയലക്ഷ്മി തനിക്കു കരഗതയായി. അവരുടെ കുതിരകൾ, ആനകൾ, ധനങ്ങൾ എല്ലാംതന്നെ തനിക്കു സ്ത്രീധനമായും ഭവിച്ചു.

മൂലം

256. പൊരുതരാതിപർ കൺകൾ ചിവന്തില,
പോരിലോടിയ കാൽകൾ ചിവന്തന,
വിരുതരാചപയങ്കരൻ ചെങ്കൈയിൽ
വേൽ ചിവന്തതു; കീത്തി വെളുത്തതേ.

ഭാഷ

പോരാടിയ ധരാധിപരുടെ കണ്ണുകൾ ചുവന്നില്ല, എന്നാൽ യുദ്ധത്തിൽ തോറേറാടിയ അവരുടെ പാദങ്ങൾ ചുവന്നു. വെററിമുദ്രയണിഞ്ഞ അരചർക്കു ഭീകരനായ ചോഴൻെറ ചുവന്ന കയ്യിലെ വേൽ ചുവന്നു. അവൻെറ കീത്തിയോ ധവളാഭവുമായി.

മൂലം

257. മാവുകൈത്തൊരുതനി അപയനിപ്പടി
വടതിചൈ മേർചെല മന്നർമന്നവൻ
തേവരുക്കരചൈനവിചുമ്പിൻമേൽ ചെലത്
തെൻതിചൈക്കുപ്പുകുന്തമൈ ചെപ്പുവാം.

---

255. പാരിപെർകം.

256. പൊരുനരാതിപർ.

ഭാഷ

അതുല്യനായ ചോഴൻ ഇപ്രകാരം തൻെറ അശ്വസേനയു മായി ഉത്തരദിക്കിലേയ്ക്കു പോരിനു ചെല്ലുന്നതും നോക്കി അരചക്രചനായ വീരരാജേന്ദ്രൻ (മുത്തച്ഛൻ) ദേവസേനാനി യായി വാനിൽ നില്ക്കുമ്പോൾ, ചോഴനാട്ടിലുണ്ടായ നന്മകളെ പറയാം. (യുവരാജാവിൻെറ ഈ പടപ്പുറപ്പാടിനിടയ്ക്കു് വീര രാജേന്ദ്രൻ ദിവംഗതനായി എന്നു ധ്വനി.)

മൂലം

258. മറൈയവർ വേൾവികുൻറി, മനുനെറി
അനൈത്തും മാറി, തുറൈകൾ ഓരാറും-
മാറി, ചുരുതിയും മുഴക്കം ഓയ്ന്തേ

ഭാഷ

വേദിയരുടെ യാഗകർമ്മങ്ങൾ കുറഞ്ഞു. മനുനീതി മുഴുവ നേ മാറി. അതുല്യമായ ആറു ശാസ്ത്രങ്ങളുടെ മുറയും മാറി. വേദശ്രുതികളും കെട്ടു.

മൂലം

259. ചാതികൾ ഒന്റോടൊൻറു തലൈ
തടുമാറിയാരും, ഓതിയ നെറിയിൽ
നില്ലാതു, ഒഴുക്കമും മറന്തുപോയേ;

ഭാഷ

ജാതികൾ തമ്മിൽ കലന്നു. ആരും ശാസ്ത്രോക്തമായി നട ക്കാതായി. സന്മാർഗ്ഗത്തെ മറന്നേപോയി.

മൂലം

260. 'ഒരുവരൈ ഒരുവർ' കൈമ്മിക്കുമ്പേർതം
കോയിൽ ചോമ്പി, അരിവൈയർകർപ്പു-
ചോമ്പി, അരൺകളും അഴിയ ആങ്കേ;

ഭാഷ

അവിടെയുള്ളവർ തമ്മിൽ തമ്മിൽ യാചിച്ചുനടന്നു. ദേവാലയങ്ങൾ ജീർണ്ണിച്ചു. സ്ത്രീജനങ്ങളുടെ ചാരിത്രം നശിച്ചു. ആത്മപാലനക്രമം ആകെ തെററി

മൂലം

261. കലിയിരുൾ പരന്തകാലൈ,ക്കലിയിരുൾ
കരക്കത്തോൻറും; ഒലികടൽ അരുക്കനെന്ന
ഉലകുയ്യവന്തു തോൻററി;

ഭാഷ

കൂരിരുൾ പരന്നപ്പോൾ ആ ഇരുട്ടിനെ തകക്കുവാനായി ഇരമ്പുന്ന കടലിൽനിന്നു മദിച്ചുപൊങ്ങുന്ന സൂര്യനെപ്പോലെ, ലോകരക്ഷയ്ക്കായി മുതർകുലോത്തുംഗൻ എത്തി.

[ഇവിടെ കവി കുലോത്തുംഗൻ യുദ്ധരംഗത്തുനിന്നു തിരിച്ചെത്തിയതു് ധ്വനിപ്പിക്കുന്നു.]

മൂലം

262. കാപ്പെല്ലാമുടൈയതാനേ പടൈപ്പതും,
കടനാക്കൊണ്ടു, കോപ്പെല്ലാം കലൈനോർ
തമ്മെക്കൂറിയിലേ നിറുത്തിവൈത്തേ,

ഭാഷ

രക്ഷാകർമ്മങ്ങളെല്ലാം തൻെറ അവകാശമാക്കിയ ഈ ചോഴനൃപൻ, അഴിഞ്ഞുകെട്ട സന്മാർഗ്ഗ ജീവിതത്തെ വീണ്ടും സ്ഥാപിയ്ക്കലും തൻെറ കടമയായി കരുതുകയും, യാതനയനുഭവിക്കുന്നവരെ നല്ല മാർഗ്ഗങ്ങളിൽ നയിക്കയും ചെയ്തു.

മൂലം

263. വിരിപുനൽ വേലൈ നാൻകും വേതങ്കൾ
നാൻകും ആർപ്പതു്, തിരിപുവനങ്കൾ
വാഴ്ത്തത്തിരുവപിടേകം ചെയ്തേ.

ഭാഷ

നീർപരന്ന കടൽ നാലും വേദം നാലും മുഴങ്ങുമാറും, മൂന്നുലകും വാഴ്ത്തുമാറും അവൻ അഭിഷിക്തനായി

മൂലം

264. അറൈകഴൽ അരചർ അപ്പൊഴുതടിമിലൈ
അറുകെടുത്തിട മറൈയവർ മടിയെടുത്തനർ
മനുനെറി തലൈയെടുക്കവേ.

ഭാഷ

അന്നേരം, കിലുങ്ങുന്ന വീരത്തളകളണിഞ്ഞ രാജാക്കന്മാർ, അവൻെറ പാദങ്ങളിൽ ദർഭപ്പുല്ലിനെ അർപ്പിക്കുമ്പോൾ, മനുനീതി തലയുയത്തുമാറ് പുരോഹിതർ കിരീടം ചൂടിച്ചു.

മൂലം

265. നിരൈമണി പലകുയിററിയ നെടുമുടി
മിലൈ വിതിപ്പടി, ചൊരിപുനലിടൈ
മുളൈത്തനതുറൈകളിൻ അറമനൈത്തുമേ.

ഭാഷ

പല വരിയായി രത്നങ്ങൾ കോത്തു പതിച്ച വലിയ കിരീടത്തിന്മേൽ, വേദിയർ ചൊരിഞ്ഞ മംഗലനീരിൽ ധർമ്മനീതികൾ മുളയെടുത്തു.

മൂലം

266. പൊതുവറയുലകുകൈക്കൊട്ട പുലിവളർ
കൊടിയെടുത്തലും, അതുമുതൽകൊടി
യെടുത്തന അമരർതം വിഴവെടുക്കവേ.

---

264. അറുകം പുല്ലാടൽ=മലരും നെല്ലും ചേർത്തിടൽ.

ഭാഷ

രാജ്യത്തു് മററുള്ളവർക്കുണ്ടായിരുന്ന അവകാശങ്ങൾ അകററി താൻ കൈയടക്കുകയും, മേന്മയുള്ള തൻെറ പുലിക്കൊടി നാട്ടുകയും ചെയ്തു മുതൽ; ദേവന്മാർക്കായി പല വാദ്യങ്ങൾ മുഴങ്ങുകയും ആഘോഷങ്ങൾക്കുള്ള കൊടികളുയർത്തുകയും ചെയ്തു.

മൂലം

267. കുവിക്കൈകൊടരചർ ചുററിയ കുരൈ
കഴൽഅപയൻ മുത്തണി, കവിക്കൈയിൽ നില
വെറിത്തു കലിയെനും ഇരുൾ ഇരുൾഒളിത്തതേ.

ഭാഷ

കൂപ്പിവണങ്ങുന്ന കൈകളോടെ രാജാക്കന്മാരാൽ പൂഴപ്പെട്ട, ഒലികൂട്ടുന്ന വീരത്തണ്ടണിഞ്ഞ ചോഴൻെറ, മുത്തുമാലകളാൽ അലങ്കരിക്കപ്പെട്ട വെൺകൊററക്കുയുടെ പ്രഭ പരന്നതു്; കുടികളുടെ ദുഃഖാന്ധകാരം മാറുവാനായിരുന്നു.

മൂലം

268. അരൻഉറൈയുംപടി മലൈകൾ അടൈയ
വിളങ്കിന അനൈയോൻ, ഒരു തനിവെൺകുടൈ
ഉലകിൽ ഒളികൊൾ നലന്തരുനിഴലിൽ

ഭാഷ

സാമ്യമററ പ്രകാശം പരത്തിയ കുലോത്തുംഗൻെറ വെൺകൊററക്കുട പ്രജകൾക്കു് നന്മനല്കി. അതിൻെറ നിഴലേററ മലകളെല്ലാം ശിവൻെറ വാസസ്ഥലം പോലെയായി. (വെള്ളിമല.)

മൂലം

269. അരിതുയിലുംപടി കടൽകൾ അടൈയ
വിളങ്കിന കവിനിൻ, ഒരുകരുവെങ്കലി
കഴവി ഉലവു പെരുമ്പുകഴ് നിലവിൽ.

ഭാഷ

നാടിന്റെ കെട്ടം ദുഃഖങ്ങളായ ഇരുശം നീക്കി വിളങ്ങുന്ന പെരുംപുകളായ നിലാവൊളിനാൽ, കടലുകശം കലിതൃപ്തിയായ വിഷ്ണു നിദ്രചെയ്യുമ്പോലെ അഴകേന്തി.

മൂലം

270. നിഴലിലടൈന്തെന തിചൈകശം; നെറിയിൽ
അടൈഎന മറൈകശം, കഴലിൽ അടൈന്തെനർ
ഉതിയർ; കടലിൽ അടൈന്തെനർ ചെഴിയർ

ഭാഷ

ദിക്കുകശം നിഴലിൽ ചേൻ്റു. വേദങ്ങളും നീതിയുടെവഴിക്കു ചേൻ്റു. ചേരനൃപർ അവന്റെ പാദങ്ങളിൽ (തളകളിൽ) ചേൻ്റു. പാണ്ടിയർ കടലിൽ ചേൻ്റു. (കടൽദ്വീപുകളിൽ അഭയം തേടി.)

മൂലം

271. കരുണൈയോടുന്തനതു പയകരം ഉതവും
പൊരുശംമഴൈയിൻ, അരണിയംമന്തിരഅനല്കശം
അവൈഉതവും പെരുമഴൈയേ.

ഭാഷ

ചോഴന്റെ ഇരുകരങ്ങളും കരുണയോടെ നല്കുന്ന ദ്രവ്യമാരിപോലെ, കാടുകളിൽ യാഗാഗ്നിപ്പുക പെരുമഴയെ ചൊരിയിക്കുന്നു.

മൂലം

272. പരിചിൽ ചുമന്തനർ കവിഞർ; പകടു
ചുമന്തെനതിറൈകശം; അരചർ ചുമന്തനർ
യിറൈകശം; അവനി ചുമന്തന പുയമും

ഭാഷ

കവികൾ രാജസമ്മാനങ്ങൾ ചുമക്കുന്നു. കപ്പം കിട്ടിയ ധനം കാളകൾ ചുമന്നു. രാജാക്കന്മാർ ഭരണത്തെ ചുമന്നു. അവൻെറ ഭുജങ്ങൾ പൗരഭാരത്തേയും,

മൂലം

273. വിരിത്തവാൾ ഉകിർവിഴിത്തഴർപുലിയൈ
മീതുവൈക്കയിമയത്തിനൈത്
തിരിത്തകോലിൽ വളൈവുണ്ടു; നീതിപുരി
ചെയ്യുകോലിൽ വളൈവില്ലൈയേ.

ഭാഷ

വിരിഞ്ഞുമിന്നുന്ന നഖങ്ങളും തീക്കട്ട മിഴികളുമുള്ള പുലിരൂപത്തെ മുകളിൽ പതിച്ചു† ഹിമാലയത്തെ മറിച്ച ചെങ്കോലിനു വളവുണ്ടായിരുന്നു. നീതി ചെയ്യുന്ന ഇദ്ദേഹത്തിന്റേതിനു വളവില്ല,

മൂലം

274. കതങ്കളിൽ പൊരുതു ഇറൈഞ്ചിടാ അരചർ
കാൽകളിൽ തളൈയും നൂൽകളിൻ
പതങ്കളിൽ തളൈയും അൻറിവേറൊരു
പതങ്കളിൽ തംളൈകളില്ലൈയേ.

ഭാഷ

കിതയ്ക്കുന്ന കോപത്തോടെ യുദ്ധം ചെയ്തു, അവനെ വണങ്ങാത്ത നൃപന്മാരുടെ പാദങ്ങളിൽ പൂട്ടിയിരിക്കുന്ന വിലങ്ങുകളും, കാവ്യപാദങ്ങളിലുള്ള തള(സന്ധി)കളുമല്ലാതെ മറ്റെങ്ങും

272. പാഠം: ഇറൈകൾ–കഴൽകൾ.

273. നീതിപുനൈ.

† പൂർവ്വികനായ കരികാലചോഴൻ ii നെ അനുസ്മരിക്കുന്നു. ഇദ്ദേഹവും ചോഴചരിത്രത്തിലെ കലി(കരി)അവതാരമായിരുന്നു.

തടകളില്ലാ. [യുദ്ധപട്ടവും, കാവ്യകാരനും, സ്വാതന്ത്ര്യസംരക്ഷകനും എന്ന ഭാവം]

മൂലം

275. മെൻകലാപ മടവാർകാം ചീറടി
മിചൈ ചിലമ്പൊലി വിളൈപ്പതോർ
ഇൻകലാം വിളൈവതൻറി എങ്കുമോർ
ഇകർകലാം വിളൈവതില്ലൈയേ.

ഭാഷ

വാർമയിൽ പോലുള്ള പെൺകൊടികളുടെ കൊച്ചു കാലടികളിലണിഞ്ഞിട്ടുള്ള മികച്ച ചിലങ്കകളുടെ നാടെങ്ങും മുഴങ്ങുന്ന മധുരശബ്ദങ്ങളല്ലാതെ, മററു ശത്രുതയുടെ കലമ്പൽ ഒരിടത്തുമുണ്ടായില്ല.

മൂലം

276. വരുചെറുഒന്റിൻ മൈയിനാൽ മർപോരും
ചൊർപുലവോർ വാതപ്പോരും
ഇരുചിറൈ വാരണപ്പോരും ഇകൽമതവാ-
രണപ്പോരും ഇനൈയ കണ്ടേ.

ഭാഷ

യുദ്ധമൊന്നുമില്ലായ്കയാൽ, മല്ലന്മാരുടെ ദ്വന്ദ്വയുദ്ധവും, വിദ്വാന്മാരുടെ വിവാദങ്ങളും, ചേരികളിലെ കോഴിപ്പോരും, ശക്തിയാന്ന മദയാനപ്പോരുകളും മററും വിനോദങ്ങളായി പ്രദശിപ്പിക്കപ്പെട്ടു.

മൂലം

277. കലൈയിനൊടുങ്ങ് കലൈവാണർ കവിയിനൊടും
ഇചൈയിനൊടും കാതൽമാതർ
മുലൈയിനൊടും മനുനീതി മുറൈയിനൊടും
മറൈയിനൊടും പൊഴുതു പോക്കി

ഭാഷ

കലകളോടും കവികളുടെ കാവ്യങ്ങളോടും, ശാസ്ത്രീയസംഗീതത്തോടും പ്രിയ മങ്കമാരുടെ കൊങ്കകളോടും, മനുധർമ്മങ്ങളോടും, വേദങ്ങളോടും കൈമാറിപ്പെരുമാറിക്കൊണ്ടു് ചോഴൻ സമയം പോക്കി.

മൂലം

278. കാലാൽ തണ്ടലൈ ഉഴക്കും കാവിരിയിൻ
കരൈമരുങ്കു വേട്ടൈയാടിപ്
പാലാററങ്കരൈമരുങ്കു പരിവേട്ടൈ
ആട്ടതർ കുറ്പ്പയണമെന്റേ.

ഭാഷ

കൈത്തോടുകൾ വഴി ചോലകൾ നിറയുന്ന കാവേരിക്കരയിലൂടെ വേട്ടയാടിക്കൊണ്ടു് പാലാററിൻകരസ്സമീപിൽക്കൂടി കുതിരപ്പുറത്തു് ശിക്കാറിനുപോവാം എന്നരുളിച്ചെയ്തു.

മൂലം

279. മുരചറൈകെൻറരുളതലും മുഴുതുലകും
ഒരുനകരുൾ പുകുന്തതൊപ്പത്
തിരൈച്ചെങ്കടൽ ഒലിയടങ്ക തിചൈ നാൻകാർ
പടൈ നാൻകും തിരണ്ട ആങ്കേ.

ഭാഷ

പറയടിക്കുക എന്നു കല്പിച്ചതോടെ ലോകരെല്ലാം ഒരു നഗരിയിൽ കൂടിയപോലായി. അലകൾ വീശിയലറുന്ന കടലൊച്ച സ്തംഭിക്കുമാറു് നാലു ദിക്കുകളിൽനിന്നും ചതുർവ്വിധ സേനകളും ചിട്ടയായെത്തി ഒന്നിച്ചുകൂടി.

---

279. ചെയ്കടൽ. തിരൈനൊങ്കിൽ.

മൂലം

280. അഴകിന്മേലഴകുപെറ അണിഅനൈത്തും
അണിന്തരുളി കണിതന്തലിൽ
പഴകിനാർ തെരിന്തുരൈത്ത പഴുതറുനാൾ
പഴുതററ പൊഴുതത്താങ്കേ.

ഭാഷ

അഴകിന്മേൽ അഴകു പെററു വിളങ്ങുംപോലെ ആഭരണങ്ങളെല്ലാമണിഞ്ഞു്, ജ്യോതിഷപടുക്കൾ ഗണിച്ചു പറഞ്ഞ കുററമററ നല്ല നാളിലെ ശുഭമുഹൂർത്തത്തിൽ,

മൂലം

281. അനകതാനതരുമങ്കൾ മറൈമന്നർ പെറവേ
അപയതാനമപയംപുകുതും മന്നർ പെറവേ
കനകതാനം മുറൈനിൻറു കവിവാണർ പെറവേ
കരടതാനം മതവാരണമും അൻറുപെറവേ.

ഭാഷ

തത്വജ്ഞാനികൾ പാപമില്ലാത്ത ദാനങ്ങൾ കൈയേല്ക്കുകയും, മററു സർവ്വരും ധർമ്മങ്ങൾ പാലിക്കുകയും, അഭയംപ്രാപിച്ച അരചക്കു് അഭയദാനം നല്കുകയും, കാവ്യകാരന്മാർ തങ്ങളുടെ സ്ഥാനമുറയിലിരുന്നു് കനകദാനം കൈക്കൊള്ളുകയും, മദയാനകൾ മസ്തകത്തിൽനിന്നു് മദനീർ ദാനം ചൊരിയുകയും,

മൂലം

282. മററവെങ്കടകളിററിൽ ഉതയകിരിയിന്മേൽ
മതികവിത്തിട ഉതിത്തിടും അരുക്കൻ എനവേ,
കൊററവെൺകുടൈകവിപ്പമിചൈകൊണ്ടുകവ
കുലമതിപ്പുടൈകവിത്തനിലവൊത്തുവരവേ. [രികു്

ഭാഷ

പൂർണ്ണചന്ദ്രൻ സ്വയം ചായുമ്പോൾ, ഉദയഗിരിയിൽ ഉയന്നുവരുന്ന ബാലസൂര്യനെപ്പോലെ, മദമൊഴുകുന്ന വലിയ ശൊമ്പനാനയിന്മേൽ കയറി, വെററിയേററ വെൺകൊററക്കുട ചൂടി, ചന്ദ്രൻെറ പക്കങ്ങളിൽ ഉലഞ്ഞാടുന്ന വെൺചാമരങ്ങൾ പോലെ നിലാവൊളിയൊത്തും, (ഉദയഗിരി മദംപൊട്ടിയ ആനയായും, ഇളംസൂര്യൻ ചോഴനായും, ചന്ദ്രൻ വെൺകൊററക്കുടയായും, നിലാവൊളി വെൺചാമരമായും കൽപനം.)

മൂലം

283. ഒരുവലംപുരിതഴങ്കൊലിമുഴങ്കിയെഴവേ,
ഉടൻ മുഴങ്കുപണിലംപല മുഴങ്കിയെഴവേ
പരുവംവന്തു പല കൊണ്ടൽകൾ മുഴങ്കുമെനവേ
പലവിതങ്കളൊട്ടു പല്ലിയം മുഴങ്കിയെഴവേ.

ഭാഷ

അപൂർവ്വമായ വലംപിരിശ്ശംഖുകൾ ഒന്നിച്ചു മുഴങ്ങിയതോടെ, ഒലികൂട്ടുന്ന മററു ശംഖുകളും (പണിലം) മുഴങ്ങി. വർഷകാലത്തു് കാർകൊണ്ടലുകൾ മുഴങ്ങുംപോലെ പല പല വാദ്യങ്ങൾ (പല്ലിയം-കൊമ്പു, കുഴൽ തുടങ്ങിയ നീണ്ട വാദ്യങ്ങൾ.) പലവക ശബ്ദങ്ങൾ മുഴക്കി.

മൂലം

284. മന്നർചീർചയം മികുന്തിടൈവിടാത ഒലിയും
മറൈവലാളർ മറൈനാൻമൈയിൻവഴാതഒലിയും
ഇന്നമാകടൽ മുഴങ്കി എഴുകിൻറ ഒലിയെൻറു
ഇമ്പരുമ്പർ അറിയാത പരിചെങ്കും മികവേ.

ഭാഷ

അന്നാളിൽ, സാമന്തന്മാരുടെ ഇടവിടാതെയുള്ള ജയജയഘോഷത്തിൻെറ മുഴക്കവും, പുരോഹിതന്മാർ മുഴക്കുന്ന തെററററ

വേദോച്ചാരണവും കേട്ട്, പെരുങ്കടലുകളിൽ മുഴങ്ങുന്ന ശബ്ദമാണോ എന്നു് ലൗകികരും വിണ്ണോരും തിരിച്ചറിയാത്തവണ്ണം എങ്ങും മുഖരിതമായി.

മൂലം

285. വാഴികുലചേകരൻ വകുത്തഇചൈയിൻ
മതുരവാരിയെനൽത്തുകുംഇചൈമാതർ ഇതെനാ
എഴ്പാരുലകൊടേഴിചൈവളർക്ക ഉരിയാൾ
യാനൈമീതു പിരിയാതുടൻ ഇരുന്തുവരവേ.

ഭാഷ

ചോഴകുലശേഖരൻ വാഴട്ടെ എന്നും, അദ്ദേഹം രചിച്ച രാഗങ്ങളെ മധുരപ്പാനപോലെ പാടാനുള്ളതെന്നുംപറഞ്ഞു് രാഗവല്ലഭയും, ഭൂമിയിലെ ഏഴ് ദ്വീപുകാരുടെ സപ്തസ്വരങ്ങളേയും വിസ്തരിക്കാൻ വിദഗ്ദ്ധയായ ഏഴിചൈവല്ലഭിയും അദ്ദേഹത്തെ വിട്ടുപിരിയാതെ ആനപ്പുറത്തു കയറി ഒന്നിച്ചിരുന്നു.

മൂലം

286. പൊന്നിൻമാലൈ
മലർമാലൈ പണിമാറിയുടനേ
പുവനികാവലർകൾ
തേവിയർകൾചൂഴ്പിടിവരച്
ചെന്നിയാനൈയുടൻ
ആണൈയെനടത്തുംഉരിമൈത്
തിയാകവല്ലി നിറൈച്ചെൽവി
യുടൻ മൽകിവരവേ,

---

285. പാഠം: ഏഴ്പാരുലകിൻ ഏഴിശൈകൾ ചൂഴവരുവാൻ.

286. ചൂഴ്പുടൈ. നൽകിവരവേ.

ഭാഷ

ഭൂമിയെ രക്ഷിക്കുന്ന രാജാക്കന്മാരുടെ ഭാര്യമാർ പൊന്മാലകളേയും പൂമാലകളേയും ശരിക്കിട്ടുവിശ്ലാൻ പിടിയാനകളുടെ പുറം നിരക്കുന്നതും, കുലോത്തുംഗൻെറ കല്പനയോട്ടു തൻെറ കല്പനയും ചെലുത്തുന്ന പദവിയുള്ള സൗഭാഗ്യവതിയായ ത്യാഗവല്ലി (പട്ടമഹിഷി) അദ്ദേഹമൊന്നിച്ചു നടക്കുന്നതും,

മൂലം

287. പിടിയിന്മേൽ വരുപിടിക്കുലമനേകം എനവേ,
പെയ്‌വളൈക്കൈ മടമാതർ പിടിമീതിൻവരവേ
മുടിയിന്മേൽ മുടിനിരൈത്തു വരുകിൻറതെനവേ
മുറൈചെയ്‌മന്നവർകൾപൊർകുടൈകവിത്തു
വരവേ.

ഭാഷ

പിടിയാനകളിൽ കയറിവരുന്ന പിടിയാനക്കൂട്ടം പോലെ വളയണിഞ്ഞ കൈകളുള്ള തരുണിമാരായ രാജപത്നിമാർ പിടിയാനകളിൽ കയറി വരുന്നു. കിരീടങ്ങളുടെമേൽ കിരീടങ്ങൾ വരിവരിയായി വരുംപോലെ നീതിനടത്തുന്ന രാജാക്കന്മാർ പൊൻകുടകളും പിടിച്ചു വരുന്നു.

മൂലം

288. യാനൈമീതുവരും യാനൈയും അനേകമെനവേ
ആട്ടുകളിററിൻ മിചൈകൊണ്ടരചനേകം വരവേ
ചേനൈമീതും ഒരു ചേനൈവരുകിൻറതെനവേ
തെളിപടൈക്കലം നിലാവൊളി പടൈത്തുവരവേ.

ഭാഷ

കൊമ്പന്മാരുടെ മേൽ കയറിവരുന്ന കൊമ്പന്മാർ പോലെ, ശത്രുക്കളെ നിഗ്രഹിക്കുന്ന ആണാനകളിന്മേൽ പല രാജാക്ക

---

287. വിരിത്തുവരവേ.

ന്മാർ വരുന്നു. സേനയ്ക്കുമേൽ മററൊരു സേനപോലെ ഒളിചിന്നുന്ന ആയുധങ്ങൾ ചന്ദ്രപ്രഭ വിരിച്ചു വരുന്നു.

മൂലം

289. മുകിലിന്മേൽമുകിൽ മുഴങ്കിവരുവിൻറതെനവേ
മൂരിയാനൈകളിന്മേൽ മുരചതിർന്തുവരവേ
തുകിലിനേൽവരുതുകിർ കുലമും ഒക്കുമെനവേ.
തോകൈനീൾകൊടികൾമേൽമുകിൽതൊടങ്കി
വരവേ.

ഭാഷ

മേഘങ്ങളിന്മേൽ മേഘങ്ങൾ മുഴങ്ങി വരുമ്പോലെ ഒശത്തിയാനകളിന്മേൽ മുരശുകൾ(പെരുമ്പറ) മുഴങ്ങി നീങ്ങി. കൊടിക്കൂറയിന്മേൽ കൊടിക്കൂറകൾ പോലെ തുണികളിന്മേൽ വരഞ്ഞ നീണ്ട കൊടികളിൽ മേഘങ്ങൾ ഉരുമ്മി നീങ്ങി.

മൂലം

290. തേരിന്മീതു വരും തേർകളുമനേകമെനവേ
ചെമ്പൊൻമേകലൈ നിതംബംനിരൈ
തേരിൽ വരവേ
പാരിൻമീതുമൊരുപാർ ഉളതുപോലും എനവേ
പടലതുളിയും എഴന്തിടൈയിൽമൂടി വരവേ

ഭാഷ

തേരിൽക്കയറി വരുന്ന തേരുകൾ പോലെ, തങ്കമേഖലകളണിഞ്ഞ നിതംബങ്ങൾ വരിവരിയായി തേരിൽ വരുന്നു. ഈ ഭൂമിമേൽ മററൊരു ഭൂമിയെന്നു തോന്നുംവിധം, പൊടിക്കൂട്ടം പൊങ്ങി നടുവാനിടം മൂടി.

മൂലം

291. യാനൈമേൽ ഇളംപിടിയിന്മേൽ നിരൈതെ്
തിടൈയറാത പൊൻഇലകതങ്കളച്

ചേനൈമാകടർകപയർ ഇമ്മൈച്
ചേതുപന്തനം ചെയ്തതൊക്കവേ.

ഭാഷ

ആണാനകളിന്മേലും ഇളംപെണ്ണാനകളിന്മേലും കയറി, വരിയായി തുടരേവരുന്ന അലകടൽക്കൊപ്പമായ സൈന്യങ്ങൾ, ചോഴൻെറ ഈ അവതാരത്തിലും പെരുകടലിൽ ചിറകെട്ടിയതിനൊപ്പമായി.

മൂലം

992. നീലമാമണിച്ചിവികൈ വെള്ളമും
നിത്തിലക്കുലക്കവികൈ വെള്ളമും
കാലിനാൽ വരും യമുനൈ വെള്ളമും
കങ്കൈവെള്ളമും കാൺമിൻ എന്നവേ.

ഭാഷ

ഒന്നാന്തരം നീലരത്നങ്ങൾ പതിച്ച പല്ലക്കുകൾ നടന്നുവരുന്ന യമുനാനദിയേയും, നല്ലതരം പൊൻമുത്തുക്കുടകൾ പതിച്ച വെൺകുടക്കൂട്ടം ഗംഗാനദിയേയും പോലിരിക്കുന്നതു നോക്കുക.

മൂലം

293. കെണ്ടൈ, മാചുണം, ഉവണം, വാരണം,
കേഴൽ, ആളി, മാമേഴി, കോഴി, വിൽ
കൊണ്ട ആയിരം കൊടിനുടങ്കവേ
കുമുറു വെമ്പുലിക്കൊടി കുലാവവേ.

ഭാഷ

കന്നൽമീനും, നാഗവും, ഗരുഡനും, ആനയും, പന്നിയും, സിംഹവും, പെരുങ്കലപ്പയും, കോഴിയും, വില്ലും അടയാളങ്ങൾ പതിച്ച പല കൊടികൾ പൊങ്ങിപ്പറക്കുമ്പോൾ, ഏററവും മീതേ ചീറുന്ന കൊടുമ്പുലിക്കൊടി വിളങ്ങുമാറും,

---

293 കൊടിഇലങ്കവേ

മൂലം

തൊടൈകൊൾ കന്തരം, പുടൈകൊൾകൊങ്കൈകൺ
ചോതിവാൾമുകം കോതൈയോതി, മെൻ
നടൈകൾ, മെൽച്ചൊലെൻറ ടൈയൊപ്പിലാ
നകൈമണിക്കൊടിത്തൊകൈ വരക്കവേ.

ഭാഷ

മിനുത്ത തുടകളും, കഴുത്തുകളും, പോർമുലകളും, കണ്ണുകളും, പ്രകാശമുള്ള മുഖങ്ങളും മലർമാലയണിക്കുന്തലുകളും, മന്ദനടയും, മധുരമൊഴികളും എന്നിങ്ങനെ ഏതിലും സാമ്യമററ പുഞ്ചിരിയുമുള്ള അഴകാന്ന പൂങ്കൊടിയ്യൊത്ത പെൺമണികൾ കൂട്ടമായി നിക്കേ വരുമാറും,

മൂലം

295. എങ്കുമുളമെൻ കതലി, എങ്കുമുളതൺ കമുകം
എങ്കുളമുപൊങ്കമിളനീർ
എങ്കുമുളപൈങ്കുമിഴ്കൾ എങ്കുമുളചെങ്കുമുത,—
മെങ്കുമുള ചെങ്കൺകയൽകളേ.

ഭാഷ

മൃദുവായ കദളി(ഊരു)ത്തടകൾ എല്ലായിടത്തുമുണ്ട്. കുളിർ കമുക്(കണ്ഠം) എങ്ങുമുണ്ട്, ഇളനീർ ചുരക്കുന്ന കരിക്ക്(കുചം) എങ്ങുമുണ്ട്, എള്ളിൻകുസുമം(നാസിക) എങ്ങുമുണ്ട്, ചെങ്കുമുദം (ചുണ്ട്) എങ്ങുമുണ്ട്, ചന്തമേറിയ കെണ്ടമീൻ(മിഴി) എങ്ങുമുണ്ട്.

മൂലം

296. ആറലൈ തരങ്കമുള അന്നനടൈ താമുമുള,
ആലൈകമഴ്പാകുമുളവായ്

---

295. ചെങ്കമലം.

വേരുമൊരു പൊന്നിവളനാട്ടു ചെയതുങ്കൻമുൻ
വിതിത്തതുവുമൊക്കുമെനവേ.

ഭാഷ

ആദികുലോത്തുംഗൻെറ മുന്നിൽ, നദികളിലിളകുന്ന അലകൾ പോലെ നാരിമാരുടെ ഉദരമടക്കുകളുണ്ടു്, അന്നനടയൊത്ത നടയുമുണ്ടു്, കരിമ്പാട്ടുന്നിടത്തെ മന്നം വീശുന്ന ചക്കരപ്പാവുപോലെ മധുരമൊഴികളും ഉള്ളതിനാൽ, കാവേരി വളക്കുറുള്ള മറെറാരു ചോഴത്തേയും ഇദ്ദേഹം സൃഷ്ടിച്ചതുപോലിരിക്കുന്നു.

മൂലം

വേഴനിരൈയെൻറു മലൈഎങ്കുമ്മിടൈകിൻറു അയിൽ
വെൻറി അപയൻ തന്നരുളാൽ
വാഴഅപയം പുകുതു ചേരനൊട്ടക്കുടിമലൈ
നാടടൈയവന്ത തെനവേ.

ഭാഷ

എല്ലായിടത്തും ജയം നേടിയ ഗജവീരന്മാർ വരിവരിയായി മലകൾപോലെ ഞെരുങ്ങി നില്ക്കുന്നുണ്ടു്. ഇതു കണ്ടാൽ, വേലായുധമേന്തി ജയമാന്ന ചോഴൻെറ കാരുണ്യത്താൽ വാഴ്ച പുലത്താൻ അഭയം തേടിവന്ന ചേരനൊന്നിച്ചു് മലനാടു മുഴവൻ വന്നതുപോലെ തോന്നും.

മൂലം

298. അക്കിരികുലങ്കൾ വിട്ടമങ്കലിയിൻ നൺതിവലൈ
അച്ചെഴിയർ അഞ്ചിവിട്ടം അ-
ത്തിക്കിലുള നിത്തിലമ്മുകന്തു കെട്ടവീചിയൊരു
തെൻറൽ വരുകിൻറതെനവേ.

ഭാഷ

മലപോലുള്ള ആനകൾ തുമ്പിക്കൈയിൽനിന്നു ചൊരിയു

ന്ന നീന്തുള്ളികാം, കുലോത്തുംഗനെ ഭയന്നോടിയ പാണ്ടിയന്മാരുടെ തെക്കൻദിക്കിലെ മുത്തുകളെ തെന്നൽ വാരിയെടുത്തു വീശുന്നപോലിരിക്കുന്നു.

മൂലം

തെൻതിചൈയിനിന്റു വടതിക്കിൽമുകംവയ്ത്തരുളി
മുക്കണ്ണുടൈ വെള്ളിമലയോർ
മന്റിൽനടമാടിഅരുൾകൊണ്ടുവിടൈകൊണ്ടതികൈ
മാനകരുൾവിട്ടരുളിയേ.

ഭാഷ

(ചോഴൻ) തെക്കുനിന്നു വടക്കോട്ടു നീങ്ങി മുഖക്കണ്ണുള്ള വെള്ളിമലയോൻെറ പൊന്നമ്പല(ചിദംബരം)ത്തിൽ നടനം ചെയ്തു് നടരാജൻെറ ആശിസ്സു വാങ്ങി തിരുവാതികൈ എന്ന സുഖവാസ നഗരത്തിൽ തൻെറ സേനകളോടെ താമസിച്ചു. (കാവേരി കടന്നു് വടക്കോട്ടു പാലാറിനു പോയതു്.)

മൂലം

300. വിട്ടഅതികൈപ്പതിനിയിൻറു പയണം പയണം
വിട്ടുവിളൈയാടി അപയൻ
വട്ടമതിയൊത്ത കുടൈമന്നർ തൊഴനണ്ണിനൻവ-
ളങ്കെഴുവു കച്ചിനകരേ.

ഭാഷ

തിരുവാതികയിൽനിന്നു് വീണ്ടും യാത്ര തുടന്നു. ഇടയ്ക്കിടെ തങ്ങിയും വിനോദിച്ചും വട്ടമതിയൊത്ത കൊററക്കുടയുള്ള രാജാക്കന്മാർ തന്നെ എതിരേററു വണങ്ങുമാറു് വളക്കൂറുള്ള കാഞ്ചീപുരം പൂകി.

മൂലം

എന്നുമിതനൻമൊഴി എടുത്തിറൈവിചൊല്ലുവതൻ
മുന്നമികൽ കണ്ടതൊരുപേയ്

തന്നുടൈയകാൽതനതുപിൻപട മനത്തുവകൈ
തള്ളിവര ഓടിവരവേ.

ഭാഷ

എന്നിങ്ങനെ, സർവ്വപ്രിയനായ കുലോത്തുംഗൻെറ ചരിത്രത്തെ കാളീദേവി എടുത്തു പറഞ്ഞു തീക്കും മുമ്പേ, കലിംഗനാട്ടിൽ നടക്കുന്ന സംഭവ(യുദ്ധം)ത്തെക്കണ്ട ഒരു പേയ്, തള്ളിക്കുതിക്കുന്ന സന്തോഷത്തോടെ തൻെറ ഉപ്പൂററി മുതുകത്തടിക്കുമാറ് ദേവീസന്നിധിയിൽ പാഞ്ഞെത്തി.

മൂലം

302. കലിങ്കർ കുരുതി കുരുതി!
കലിങ്കം അടൈയഅടൈയ!
മെലിന്ത ഉടൽകൾതടിമിൻ!
മെലിന്തഉടൽകൾതടിമിൻ!

ഭാഷ

കലിംഗവീരരുടെ രക്തം! രക്തം! കലിംഗത്തെത്തുക, എത്തുക. മെലിഞ്ഞ മെയ് തടിപ്പിക്കുക, തടിപ്പിക്കുക.

മൂലം

303. ഉണങ്കൽവയിറുകുളിരഉവന്തുപരുക [1]പരുക
കണങ്കൾഎഴുകഎഴുക് കണങ്കൾഎഴുകഎഴുക.

ഭാഷ

ഉണങ്ങിക്കാഞ്ഞ വയറുകൾ കുതിർന്നുചീക്കുമാറ് സന്തോഷത്തോടെ കുടിക്കുക, കുടിക്കുക. പേയ്ക്കൂട്ടങ്ങളേ! എണീക്കിൻ, എണീക്കിൻ! പേയ്കളേ, എണീക്കുവിൻ!

മൂലം

304. എൻചെയപ്പാവികൾ ഇങ്കിരുപ്പതങ്കിതർകു മുന്നേ
വൻചിറൈക്കഴുകുംപാറുംവയിറുകൾ പീറിപ്പോന.

---

303. 1. പരുകവരുക. 304. ഇരുപ്പടുമുന്നേ.

ഭാഷ

പാപം ചെയ്ത ചെകുത്താന്മാരേ, എന്തിനുവേണ്ടി ഇവിടെ ഇരിക്കുന്നു? വലിയ ചിറകുകളുള്ള കഴുകുകളും പരുന്തുകളും അതാ, അവിടെ കലിംഗവീരരുടെ വയറു കീറിക്കൊണ്ടു പറക്കുന്നു.

മൂലം

305. വയിറുകളെന്നിൽപോതാ;
വായ്കളോപോതാ, പണ്ടെ
എയിറുകളെന്നിൽപോതാ;
എന്നിനുംഇൗണ്ടപ്പോതും.

ഭാഷ

നമ്മുടെ വയറും പോരാ വായും പോരാ തേഞ്ഞ പല്ലുകളും പോരാ, എന്നാലും വേഗം അങ്ങോട്ടു ചെല്ലാം.

മൂലം

ചിരമലൈ വിഴുങ്കച്ചെന്നീർ തിരൈകടൽപരുകലാക
പിരമനൈവേണ്ടിപ്പിന്നുംപെരുമ്പചിപെറവുംവേണ്ടും

ഭാഷ

തലക്കുന്നുവാരം (മല) വിഴുങ്ങുവാനും, വയറായ ചോരത്തിരക്കടൽ കുടിക്കാനും ബ്രഹ്മനെ തൊഴുതു് ഇനിയും അധികമായ വിശപ്പു് നമുക്ക നേടണം.

മൂലം

307. എൻറ ഓചൈ തഞ്ചെവിക്ക
ഇചൈത്തലും തചൈപ്പിണം
തിൻറപോൽപരുത്തുമെയ്
ചിരിത്തു മേൽവിഴുന്തുമേ.

---

305. വായ്കളും.

ഭാഷ

ഈ വാർത്ത തങ്ങളുടെ കാതിൽപ്പെട്ടതോടെ മാംസപ്പിണ്ഡങ്ങളെ തിന്നതുപോലായി ഉടൽ തടിച്ചു ചിരിച്ചാഹ്ലാദിച്ച്, അവ ഒന്നിന്മേലൊന്നായി വീണു. (അടുത്ത നാലു പാട്ട് പിശാചുക്കളുടെ ആഹ്ലാദം വർണ്ണിക്കുന്നു.)

മൂലം

ഓകൈചൊന്നപേയിൻ വായൈയോടിമുത്തമുണ്ണുമേ,
ചാകൈചൊന്നപേയ്കളൈത്തകക്കെപർകൾഎന്നുമേ.

ഭാഷ

അതിവേഗം ഓടിവന്ന് ഈ സന്തോഷവാർത്ത അറിയിച്ച പേയുടെ വായിൽ ചെന്ന് ഉമ്മവച്ചു. മുമ്പു ചാകാൻ പറഞ്ഞ പേയുടെ പല്ലുകൾ തച്ചുടയ്ക്കുവിൻ എന്നു വിളിച്ചുകൂവി.

മൂലം

309. പിള്ളൈവിഴവീഴവും പെരുന്തുണങ്കൈകൊട്ടുമേ,
വള്ളൈപാടിയാടിഓടിവാ! എനഅഴൈക്കുമേ.

ഭാഷ

കുഞ്ഞുങ്ങൾ താഴെ വീഴുമാറ് അവ കൈകൊട്ടി തുണങ്കക്കൂത്താടിത്തുടങ്ങി. പിന്നെ വള്ളപ്പാട്ടും പാടി ആടി ഓടി വായോ എന്നു വിളിയായി.

മൂലം

എനവുരൈതേവി വാഴി! വാഴി! എന്റു വാഴ്ത്തിയേ
കനാവുരൈത്തപേയിനൈ കഴുത്തിനിൽകൊടാടുമേ.

ഭാഷ

കുലോത്തുംഗചരിത്രത്തെപ്പറഞ്ഞ ദേവി, നീ വാഴ്ക, വാഴ്ക എന്നു വാഴ്ത്തി. മുമ്പു താൻ കണ്ട കിനാവു പറഞ്ഞ ജ്യോതിഷ

---

308. മുത്തമിട്ടുമേ. 310. മനാവുടത്ത.

പ്പിശാചിൻെറ കഴുത്തിൽ കെട്ടിത്തൂങ്ങി ആ പിശാചുക്കാം ആടിത്തുള്ളി.

മൂലം

311. ആടിവരുപേയ്കളിൽ അലംതലൈതവിർത്തു
പറന്തലൈ അറിന്തതനിനിൻറു
ഓടിവരുപേയൈ ഇകൽഉള്ളപടിചൊൽകെന
ഉരൈത്തനൾ ഉരൈത്തരുളവേ.

ഭാഷ

കൂത്താടിവരുന്ന പേയ്കളുടെ മയക്കത്തെ മാററി, കൊല നടക്കുന്ന പോർക്കളത്തിലെ വിശേഷങ്ങൾ അറിഞ്ഞുകൊണ്ടു് അവിടന്നോടിവന്ന പേയിനോടു് നടന്നതു നടന്ന പോലെ പറയുക എന്നു് ദേവി അരുളിച്ചെയ്തപ്പോൾ, അതു കേട്ടയുടൻ,

[അവതാരം സമാപ്തം.]

പതിനൊന്നാം പടലം: കാളിക്കു കൂളികൂറിയതു്
(കാളിയോടു കൂളി പറഞ്ഞതു്)

[മുതർകുലോത്തുംഗൻ വേട്ടകഴിഞ്ഞു് കാഞ്ചീപുരത്തു വിശ്രമിക്കുമ്പോൾ, പല രാജാക്കന്മാരും കപ്പവുമായി വന്നു് മേൽകോയ്മ സ്വീകരിച്ചു. എന്നാൽ, കലിംഗരാജാവു മാത്രം കപ്പം നല്ലാനെത്തിയില്ല. അതിനാൽ, കുലോത്തുംഗൻ കോപിച്ചു് കലിംഗനൃപനെ പിടിച്ചുകെട്ടിക്കൊണ്ടുവരുവാൻ തൻെറ സേനാനിയായ കരുണാകരത്തൊണ്ടമാനോടു കല്പിച്ചു. ഉടനെ അദ്ദേഹം നാലുവക സേനകളോടെ പല കാടുകളും ആറുകളും കടന്നുചെന്നു് കലിംഗത്തിനു് തീവച്ചു കവർച്ച തുടങ്ങി. മന്ത്രിമാരുടെ വാക്കുകളനുസരിക്കാതെ കലിംഗനൃപൻ യുദ്ധത്തിനു പുറപ്പെട്ട വിവരം കൂളി (പേയ്) കാളീദേവിയെ അറിയക്കുന്നു.]

മൂലം

312. മാവായിരമും പടക്കലിങ്കർ
മടിന്തകളപ്പോർ ഉരൈപ്പോർക്ക്
നാവായിരമും കേട്പോർക്ക്
നാളായിരമും വേണ്ടുമാൽ.

ഭാഷ

ആയിരക്കണക്കു് ആനകളും കലിംഗപ്പടയാളികളും മരിച്ചുവീണ യുദ്ധക്കളത്തിൽ നടന്ന സമരത്തെ വിസ്തരിച്ചു പറയാനാഗ്രഹിക്കുന്നവക്കു്, ആയിരം നാക്കുകളും, അതു കേൾക്കുന്നവക്കു് ആയിരം ദിവസങ്ങളും വേണം.

മൂലം

313. ഒരുവക്കൊരുവായ്കൊണ്ടുരൈക്ക
ഒണ്ണാതേനും, ഉണ്ടാകും
ചെരുവൈച്ചെറിയേൻ വിണ്ണപ്പം
ചെയ്യച്ചിറിതു കേട്ടരുളേ!

ഭാഷ

ഒരു വായാൽ പറഞ്ഞു തീക്കാൻ ആരാലും സാദ്ധ്യമല്ലെങ്കിലും, ആ നടക്കുന്ന യുദ്ധത്തെ ചെറിയവനായ ഞാൻ കുറച്ചു വിനയപൂർവ്വം പറയുന്നതു് ദേവി ഇരുന്നു കേട്ടാലും!

മൂലം

314. പാരെലാമുടൈയാൻ അപയൻകൊടൈപ്
പങ്കയക്കരം ഒപ്പെനപ്പണ്ടോർനാൾ

---

314. പണ്ടൊരിക്കൽ കാഞ്ചീപുരത്തുവച്ചു് ശിവനെ ഭർത്താവായി ലഭിക്കാൻ ശ്രീപാർവ്വതി തപം തുടങ്ങി. ഇതിൽ സന്തുഷ്ടനായ ശിവൻ അവിടെയുള്ള സാധനങ്ങളെല്ലാം പൊന്മയമാക്കാൻ പൊന്മഴ പെയ്യിച്ചുവെന്നു് കാഞ്ചീപുരാണം.

കാരെലാമെഴുന്തു ഏഴരൈനാഴികൈകക്
കാഞ്ചനംപൊഴി കാഞ്ചിയ്തൻകണേ.

ഭാഷ

വിദൂരനാടുകളും സ്വന്തമാക്കിയ മുതർകുലോത്തുംഗൻെറ ദാനം ചെയ്യുന്ന താമരമലർക്കൈകൾക്കു സാമ്യമെന്നോണം, മുമ്പൊരിക്കൽ മേഘങ്ങളെല്ലാമൊന്നിച്ച് ഏഴരനാഴിക നേരം പൊൻമാരി പൊഴിഞ്ഞ കാഞ്ചീപുരത്തിൽ,

മൂലം

315. അമ്പൊൻമേരുവതു കൊലിതുകൊലെൻറു
ആയിരംകതിർ വെയ്യവൻഐയുറം
ചെമ്പൊൻമാളികൈത്തെൻകുടതിക്കിനിൽ
ചെയ്തചിത്തിരമണ്ടപം തന്നിലേ.

ഭാഷ

സഹസ്രകിരണനായ സൂര്യൻ, മനോഹരമായ പൊന്മല അതാണോ ഇതാണോ എന്നു സന്ദേഹിക്കുമാറ്, തങ്കത്താൽ തീർത്ത അരമനയിൽ തെക്കുപടിഞ്ഞാറായിനിർമ്മിച്ച ചിത്രമണ്ഡപത്തിൽ

മൂലം

316. മൊയ്ത്തിലങ്കിയ താരകൈവാനിൻനീറം
മുകട്ടെഴുന്ത മുഴുമതിയ്യൊപ്പെന
നെയ്ത്തിലങ്കിയ നിത്തിലപന്തരിൻ
നിൻറുവെൺകുടൈ ഒൻറുനിഴററവേ.

ഭാഷ

ഇടതിങ്ങി മിന്നുന്ന നക്ഷത്രങ്ങളുള്ള വിശാലവാനിലുദിച്ച

---

316. വാനം–പന്തൽ, താരകമുത്ത്, മുഴുമതി–വെങ്കുട
പാഠം: മുഴുമതിപ്പത്തിയിൻ.

മുഴതിങ്കാംപോലെ, മസൃണമായ മുത്തുരത്നപ്പന്തലിൽ വെൺകൊററക്കട പൊങ്ങി നിഴൽ തരുംപോലെ,

മൂലം

317. മേർകവിത്ത മതിക്കുടയിൻപുടൈ
വീചുകിൻറ വെൺചാമരൈ തൻതിരുപ്
പാർക്കടൽത്തിരൈ ഓരിരണ്ടു ആങ്കിരു
പാലുംവന്തു പണിചെയ്യുപോലവേ.

ഭാഷ

മേലേ മൂടിയിരിക്കുന്ന തിങ്കളൊത്ത വെൺകൊററക്കുടയുടെ ഇരുവശങ്ങളിലും വീശുന്ന വെൺചാമരങ്ങാം, തന്റെ പാൽക്കടലിന്റെ രണ്ടു തിരകാം പോലെ ആ മണ്ഡപത്തിന്റെ രണ്ടു വശത്തും വന്നു് തേങ്ങി സേവചെയ്യുന്നതുപോലെ തോന്നി.

മൂലം

318. അങ്കൺഞാലമനൈത്തും പുയത്തിൽവൈത്തു
ആടകക്കിരിയിൽ പുവിവൈത്തവൻ
ചിങ്കാചനത്തേറി ഇരുപ്പുതോർ
ചിങ്കഏറെനചെവ്വിച്ചിറക്കവേ.

ഭാഷ

വിശാലമോഹനമായ ഈ ലോകം മുഴുവൻ തന്റെ തോളിൽ താങ്ങി, മഹാമേരുവിന്മേൽ കയറി പുലിക്കൊടി കൊത്തിച്ച ഇദ്ദേഹം സിംഹാസനത്തിൽ കയറിയിരുന്നപ്പോാം, പുരുഷസിംഹം തന്നെയെന്നു തോന്നി.

മൂലം

319. പണിപ്പുണത്തുറൈപാക്കോരുനായകൻ
പൽകലൈത്തുറൈനാവിരുന്തവൻ

മണിപ്പണിപ്പുയത്തേ ചിങ്കവാകനി
വന്തുചെന്തിരുമാതൊടിരുക്കവേ.

ഭാഷ

ആദിശേഷൻെറ ശിരസ്സിയമന്നിരിക്കുന്ന ഭൂമിയ്ക്കു്, സാമ്യമററ നായകനും പല കലാവിഭവങ്ങളും നാവിലുള്ളവനുമായ മുതർകുലോത്തുംഗൻെറ രത്നാഭരണങ്ങളണിഞ്ഞ തോൾകളിൽ, സിംഹവാഹിനിയായ ദുർഗ്ഗ (വീരമാതു്) ചെന്തിരുമാ (ലക്ഷ്മി) തോട്ടു കൂടിവന്നു കുടിയിരിക്കുന്നതുപോലെയും;

മൂലം

320. തരുമടങ്കമുകന്തുതനംപൊഴി
തൻപുയം പിരിയാച്ചയപ്പാവൈയും
തിരുമടന്തൈയുംപോൽ പെരുംപുണ്ണിയും
ചെയ്തതേവിയർ ചേവിത്തിരുക്കവേ.

ഭാഷ

കല്പകവൃക്ഷം നാണിച്ചു തല കുനിയുമാറു്, ധനം വാരിക്കൊടുക്കുന്ന കൈകളുള്ള തൻെറ തോളുകളെ വിട്ടുമാറാത്ത വീരമാതും ലക്ഷ്മിയുംപോലെ, ഭാഗ്യവതികളായ ധർമ്മപത്നിമാർ (വലത്തു് ത്യാഗവല്ലിയും, ഇടത്തു് ഏഴിശൈവല്ലഭിയും) അദ്ദേഹത്തെ സേവിച്ചു് അരികിലും,

മൂലം

321. നാടകാതിനിരുത്ത മനൈത്തിനും
നാൽവകൈപ്പെരുംപണ്ണിനും എണ്ണിയ
ആടൽപാടലരമ്പൈയർ ഒക്കമവ്
*വണക്കിമാരുമനേകരിരുക്കവേ.

ഭാഷ

നൃത്തനാടകാദി ദൃശ്യകലകളെല്ലാററിലും നാലുവക പാട്ടി

---

* പാടിനി, പാട്ടി, പാണത്തി, യാഴ്ചി, പല്ലിയത്തി, കൂത്തച്ചി തുടങ്ങിയ സദസ്യകലാകാരികൾ.

ലും, താനാശിക്കുന്ന ആടൽപാടലുകളെ നിർമ്മിക്കുന്ന ദേവീകാം ക്കൊത്ത സുന്ദരി കവയിത്രിമാർ പലരും സമീപമിരിയ്ക്കേ,

മൂലം

322. ചൂതർ, മാകതർ, ആതിയമാന്തരും
തൂയ്യമങ്കലപ്പാടകർ താമുംനിൻ
പാകമാതരരായർ കട്കെലാം
പൈമ്പൊൻ മൌലി എനപ്പുകഠംപാടവേ.

ഭാഷ

നിന്നു വാഴ്ത്തുന്നവരും (ചൂതർ) ഇരുന്നു വാഴ്ത്തുന്നവരു (മാക തർ) മായ പ്രജകളും, ശുദ്ധമായ മംഗലഗാനം പാടുന്നവരും, രാജാക്കന്മാർക്കെല്ലാം ഈ തൃപ്പാദങ്ങളും ഈ തങ്കക്കിരീടവും മാത്രം ആധാരം എന്നു പുകഴ്പാടുകയും,

മൂലം

323. വീണൈ, യാഴ്കുഴൽ തണ്ണുമൈ, വല്ലവർ
വേറവേറിവൈ ന്തുരവീതം പടക്
കാണലാം വകൈകണ്ടനം നീയിനിക്
കാണ്ടൽ വേണ്ടും എനകഴൽപോററവേ,

ഭാഷ

വീണ, കൈവീണ (യാഠം), കുഴൽ, മദ്ദളം എന്നിവയിൽ വിദഗ്ദ്ധന്മാർ ഞങ്ങളുടെ ഈ തൊഴിൽ വെവ്വേറെ കേഠക്കണമെ ന്നാശിച്ച് ഞങ്ങഠം അതിനൊരുങ്ങുന്നു. ഇനി അങ്ങിതു കേട്ടാ ലും എന്നു പറഞ്ഞു് പാദങ്ങഠം വണങ്ങുകയും,

---

322. കഴൽപോററവേ–കാൽത്തളയെ വർണ്ണിക്കൽ.

323. തമിഴിൽ വീണകഠം അഞ്ചുതരവും യാഴ് (കൈവീ ണ) നാലുതരവുമുണ്ട്: 1. വേദവീണ 2. ബ്രഹ്മവീണ 3. രുദ്ര വീണ 4. ഗാന്ധർവ്വവീണ 5. മഹതി (സരസ്വതി) വീണ.

മൂലം

324. താളമും ചെലവും പിഴൈയാവകൈ
താൻവകുത്തന തന്നൊതിർപാടിയേ
കാളമും കളിറും പെറും പാണർതം
കൽവിയിൻ പിഴൈകണ്ടനൽ കേട്കവേ.

ഭാഷ

താൻ ചിട്ടപ്പെടുത്തിയ താളമുറയും രാഗവും, തൻെറ സന്നിധാനത്തിൽ പിശകുകൂടാതെ ഗായകന്മാർ ആലപിച്ചു. കൊമ്പുവാദ്യങ്ങളേയും (എക്കാളം) ആനകളേയും സമ്മാനംവാങ്ങിയ പാട്ടുകാരുടെ (പാണർ) വിദ്യയിൽ കണ്ട കുററത്തെ അവരോടു പറയുകയും,

മൂലം

325. വെങ്കളിററിലിഴിന്തപിൻ വന്തടി
വീഴ്ന്തമന്നവർ വെന്തിടുമുൻ ഇട്ട
തങ്കൾപൊർകുടൈ ചാമരം ഏന്തിവൈ
താങ്കൾ തങ്കരത്താൽ പണിമാറവേ.

ഭാഷ

കൊടിയ ആനകളിൽനിന്നിറങ്ങി ആ ചിത്രമണ്ഡപത്തിൽ വന്നു് ചോഴപാദങ്ങളിൽ വീണു തൊഴുത രാജാക്കന്മാർ, മുൻ യുദ്ധത്തിൽ പുറംകാട്ടിയോടുംമുമ്പു്, ഇട്ടിട്ടുപോയ പൊൻകുടകളും ചാമരങ്ങളും തങ്ങളുടെ കൈകളാൽ എടുത്തു നിവത്തി ചോഴനെ ചൂടിക്കുകയും,

മൂലം

326. തെന്നരാതി നരാതിപരാനവർ
തേവിമാർകൾതൻ ചേടിയരാകവേ
മന്നരാതിപൻ വാനവരാതിപൻ
വന്തിരുന്തനനെന്നായിരുക്കവേ,

326. ഒക്കെയിരുക്കവേ.

ഭാഷ

പാണ്ടിയർ മുതലായ രാജാക്കന്മാരുടെ രാജ്ഞിമാരാൽ പരിസേവിതനായി, ദേവനായകനായ ഇന്ദ്രനെപ്പോലെ ചോഴൻ സഭയിൽ എഴുന്നള്ളിയിരുന്നു.

മൂലം

327. മണ്ടലീകരും മാനിലവേന്തരും
വന്തുണങ്കുകടൈത്തലൈ വണ്ടൈവൻ
തൊണ്ടൈമാൻ മുതൽ മന്തിരപ്പാരകർ
ചൂഴ്ന്തുതൻ കഴൽചൂടി ഇരുക്കവേ,

ഭാഷ

സാമന്തരും മന്നവന്മാരും കുലോത്തുംഗനെ മുഖം കാണിക്കാൻ വന്നു് ഗോപുരദ്വാരത്തിൽ കാത്തിരുന്നു. വണ്ടനഗര നാഥനായ കരുണാകരത്തൊണ്ടമാൻ മുതലായ ചിന്താശക്തിയുള്ള മന്ത്രിമാരും, ആ പാദങ്ങളെ ശിരസ്സിലണിഞ്ഞുകൊണ്ടു അദ്ദേഹത്തിന്റെ ചുററുമിരിക്കുകയും;

മൂലം

328. മുറൈയിടത്തിരുമന്തിരവോലൈയാൻ
മുൻവണങ്കി 'മുഴുവതും വേന്തർതം
തിറൈയിടപ്പുറം നിന്തനർ' എൻറലും
ചെയ്കൈനോക്കിവന്തെയ്തിയിരുക്കവേ,

ഭാഷ

പട്ടോലക്കാരൻ രാജാവിന്റെമുമ്പിൽ വന്നു തൊഴുതു് ഓരോ നൃപന്മാർ അവരുടെ മുഴുവൻകപ്പവുമടയ്ക്കുവാൻ വന്നു കാത്തുനില്ക്കുന്നുവെന്നറിയിക്കയും; കാത്തിരുന്നവർ മുമ്പാകെ ഹാജരാവുകയും;

---

327. കുംഭകോണം താലൂക്കിന്റെ തെക്കുകിഴക്കായി തിരുച്ചേറ്റൂം തിരുനറയൂരിനും ഇടയ്ക്കു സ്ഥിതിചെയ്യുന്ന വണ്ടാഴഞ്ചേരിയത്രേ വണ്ടനാടു്.

മൂലം

329. തെന്നവർ[1], വില്ലവർ[2], കൃപകർ[3], ചാപകർ[4]
ചേതിപർ, താതവരേ
കന്നടർ, പല്ലവർ, കൈതവർ[5] കാടവർ[6],
കാരിവർ[7], കോചലരെ.

330. കങ്കർ[8], കരാളർ[9], കവിന്തർ, തുമിന്തർ
കടമ്പർ, തുളുമ്പർകളേ
വങ്കർ, ഇലാടർ, മരാടർ, വിരാടർ
മയിന്തർ ചയിന്തർകളേ.

331. ചിങ്കളർ, വങ്കളർ, ചേകുണർ, ചേവണർ
ചീയണർ, വൈയണരേ
കൊങ്കണർ, കൊങ്കർ, കുലിങ്കർ, അവന്തിയർ
കച്ചരർ, കച്ചിയരേ.

332. വത്തവർ, മത്തിരർ, മാളുവർ, മാകതർ
മച്ചർ, മിലേച്ചർകളേ
*കുത്തിരർ, പിടത്തർ, കുടക്കർ, കുക്കർ
കുരുക്കർ, തുരുക്കർ കുളേ.

[338-ാം പാട്ടിൽ കടകരേയും പറയുന്നു. അങ്ങിനെ 49 സാമന്തർ.]

മൂലം

333. എന്നകരങ്കുളും നാട്ടമെമക്കരുൾ
ചെയ്യനൈ എമ്മെയിടച്

329. 1. പാണ്ടിയർ. 2. ചേരർ. 3. പല്ലവശാഖ. 4. ചേരസാമന്തൻ. 5. ഒരു പാണ്ഡ്യശാഖ. 6. പല്ലവശാഖ. 7. കാരിയർ. 8. മൈസൂർഗംഗൻ. 9. കടാരൻ

* കുത്തൻ കുണത്തർ തുരുക്കർ കുരുക്കർ വിയത്തർകളേ-പാഠം.

ചൊന്നതനങ്കൾ കൊണർന്തനം എൻറടി
ചൂടുകരങ്കളൊടേ.

ഭാഷ

പിടിച്ചടക്കിയ എല്ലാ നഗരങ്ങളേയും നാടുകളേയും കാരുണ്യപൂർവ്വം തിരികേ തന്നരുളി, ഞങ്ങളെത്തന്നെ ഭരണമേല്പിച്ച അങ്ങയ്ക്കു കപ്പദ്രവ്യത്തെ കൊണ്ടുവന്നിട്ടുണ്ടു് എന്നുപറഞ്ഞു് ഇവരെല്ലാം കൂപ്പുകയ്യോടെ കാല്ക്കൽ നിന്നു.

മൂലം

334. ആരംഇവൈ; ഇവൈപോർകലം;
ആനൈഇവൈ; ഇവൈ ഒട്ടകം;
ആടൽഅയമിവൈ; മററിവൈ
ആതിമുടിയൊടു പെട്ടകം;
ഈരമുടൈയനനിത്തിലം
ഏററനവമണികട്ടിയ
ഏകവടം ഇവൈ; മററിവൈ
യാതും വിലൈയിൽ പതക്കമേ.

ഭാഷ

ഇതാ, ഇവ മുത്തുമാലകൾ, ഇവ പൊന്നാഭരണങ്ങൾ, ഇവ ആനകൾ, ഇവ ഒട്ടകം, ഇവ വലിയ കുതിരകൾ, ഇവ കിരീടങ്ങളും പൊന്നും ഉള്ള പെട്ടികൾ, ഇവ കുളിർ മുത്തുമാലകൾ, ഇവ മുന്തിയതരം നവരത്നങ്ങൾ പതിച്ച ഏക വടപ്പണ്ടം, ഇവയെല്ലാം അമൂല്യമായ പതക്കങ്ങളാണു്,

മൂലം

335. ഇവൈയും ഇവൈയുംമണിത്തിരൾ;
ഇനൈയ ഇവൈകനകക്കുവൈ;

ഇരുളുംവെയിലും ഏറിത്തിട
ഇലകുമണിമകരക്കുഴൈ
ഉവൈയും ഉവവൈയും ഇലക്കണെ
മുടൈയപിടി; ഇവൈയുംപകട്ട;
ഉയർംചെയ് കൊടിയിവൈ;
മററിവൈ ഉരിമൈ അരിവയർ പട്ടമേ.

ഭാഷ

ഇവയെല്ലാം രത്നകുമ്പാരമാണ്, ഇവ കനകക്കുമ്പാരങ്ങൾ, ഇരുളും വെളിച്ചവും (സൂര്യ—ചന്ദ്രകാന്തക്കല്ലുകൾ) ഒന്നിച്ചു വീശുമാറ് മിന്നുന്ന രത്നങ്ങൾ പതിച്ച മകരകുണ്ഡലങ്ങളും, ഇവയൊക്കെ ലക്ഷണമൊത്ത പിടിയാനകളാണ്, ഇവ ഉയന്തരം കൊമ്പന്മാർ, ഇവ ഉയർത്തിപ്പിടിക്കുന്ന കൊടികളാണ്, ഇവ പട്ടമഹിഷിമാർ അണിയുന്ന ലലാടാഭരണങ്ങളാണ്.

336. മൂലം

ഏറിയരുളവട്ടക്കുമിൻതുരുകളിറുംഇവററെതിർ
ഏന്നൈയരചരൊരുത്തരോരാനൈഇട്ടവരെനിൽപുവി
മാറിഅരുളഅവർക്കിടൈയാമുംഇചൈവംഎനപ്പല
മാനഅരചർതനിത്തനിവാഴ്വുകരുതിയുടൈപ്പരേ.

ഭാഷ

ഈ നൂറാനകളും സവാരിക്കുതകുന്നവയാണ്. മററു രാജാക്കന്മാരിൽ ഏതൊരാളും ഇവയ്ക്കൊത്ത ഒന്നിനെ നൽകുമെങ്കിൽ, സ്വന്തം ഭരണത്തെ വിററും അവക്ക് പകരം കൊടുക്കാൻ

---

335. 1. മകരകുണ്ഡലത്തിൽ മരതകവും മാണിക്കവും പതിക്കും. മരതകം രാത്രിയും മാണിക്കം പകലും ശോഭിക്കുന്നു.

പാഠം: പുട്പകം—പകട്ട എന്നാൽ കാളയുമാവാം—ഇവടെ ആന.

ഞങ്ങടാം തയ്യാറാണെന്നു് പെരുമയുള്ള പല രാജാക്കന്മാരും പ്രത്യേകം പ്രത്യേകം തങ്ങളുടെ നല്ല ജീവിതത്തെ കാംക്ഷിച്ചു് പ്രസ്താവിച്ചു.

മൂലം

337. അരചർ! അഞ്ചൽ! എന അടിയിരണ്ടുമവർ
മുടിയിൻവൈത്തരുളി അരചർ മററു
ഉരൈചെയ്യും തിറൈകൾ ഒഴിയനിൻറവരും
ഒളർകൊൽഎൻറരുളുപൊഴുതിലെ.

ഭാഷ

നൃപന്മാരാരും ഭയപ്പെടേണ്ട എന്നരുളി, തൻെറ തൃപ്പാദങ്ങൾ രണ്ടും അവരുടെ മൂർദ്ധാവിൽവച്ചു്, ഓരോരുത്തരും കൊടുക്കേണ്ട കപ്പത്തെ കൊടുക്കാത്തവർ ആരെങ്കിലുമുണ്ടോ എന്നും കല്പിച്ചു ചോദിച്ചപ്പോൾ,

മൂലം

338. കടകർ തന്തിറൈ കൊണ്ടൈയവന്തരചർ
കഴൽവണങ്കിനർകൾ; ഇവരുടൻ
വടകലിങ്കർ പതിയവനിരണ്ടുവിചൈ
വരുകിലൻ തിറൈ കൊടെനല്ലമേ.

ഭാഷ

കടകനാട്ടരചനും മററരചരും തങ്ങളുടെ കപ്പവുമായി വന്നു തൃപ്പാദം വണങ്ങി; എന്നാൽ, ഉത്തരകലിംഗരാജൻ ഇതോടെ രണ്ടു തവണയായി കപ്പം മുടക്കുന്നു.

മൂലം

339. ഉററുവതെൻ കൊലെനനിലൈകുലൈന്തരചർ
ഉയിർനടുങ്ക ഒളിർപവളവായ്

338. കടവർ

മുരുവൽകൊണ്ടുപൊരുൾ അറികിലം! ചിറിതും
മുനിവുകൊണ്ടതിലൈ വതനമേ.

ഭാഷ

സഭാമണ്ഡലത്തിലെ നൃപന്മാർ, നടക്കാൻ പോകുന്നതെന്താണാവോ എന്നു ഭയന്നു് ജീവൻ നടുങ്ങിയിരിക്കുമ്പോൾ, മൂതർകുലോത്തുംഗൻെറ മുഖം അല്പവും കോപംകൊണ്ടില്ല. എന്നാൽ ശോഭയുള്ള പവിഴച്ചൊടി പുഞ്ചിരിപൂണ്ടതു് എന്തിനാണാവോ?

മൂലം

340. എളിയനെൻറിടിനും വലിയകുൻറരണം
ഇടിയനംപടൈഞർകടിതു ചെൻറു
അളിയലമ്പു മതമലൈകൾകൊണ്ടണൈമിൻ
അവനൈയും കൊണർമിൻ! എനലുമേ,

ഭാഷ

ശക്തിഹീനനാണെങ്കിലും അവൻെറ (കലിംഗൻെറ) മലപോലുള്ള കോട്ടകൾ സുശക്തങ്ങളാണു്. നമ്മുടെ പടവീരന്മാർ ചെന്നു് അവ ഇടിച്ചു നിരത്തട്ടെ! വണ്ടുകൾ ആർത്തിരമ്പുന്ന മദം പൊഴിയുന്ന മലയൊത്ത ഗജങ്ങളെ കൈക്കലാക്കി വരിൻ! ആ കലിംഗനേയും പിടിച്ചു കൊണ്ടുവരിക, എന്നു കല്പിച്ചപ്പോൾ;

മൂലം

341. "ഇറൈമൊഴിന്തളവിൽ എഴുകലിംഗമവൈ
എറിവൻ!" എൻറു കഴൽ തൊഴുതനൻ
മറൈമൊഴിന്തപടി മരപിൻവന്തകല
തിലകൻ വണ്ടൈനക്കർ അരചനേ.

---

339. ഉടൽകുലൈന്തു.

ഭാഷ

അരുളപ്പാടു കേട്ടയുടൻ പ്രമാണഗ്രന്ഥങ്ങളിൽ കീർത്തികേട്ട വംശത്തിൽ പിറന്നവനും, കുലതിലകവും വണ്ടനാട്ടു രാജാവുമായ കരുണാകരത്തൊണ്ടെമാൻ "ഏഴു വിഭാഗങ്ങളുള്ള കലിംഗത്തെ ഞാൻ മുടിക്കും" എന്നു പറഞ്ഞു ചോഴപാദങ്ങളിൽ നമിച്ചു.

മൂലം

342. അടൈയ അണിചെപ്പുകൈതുകൈപ്പുൻ! എന്റു
ആചെക്കൊണ്ടടൽ തൊണ്ടെമാൻ
വിടൈ എനക്കെനപുലിയുയർത്തവൻ
വിടൈകൊടുക്ക അപ്പൊഴുതിലേ.

ഭാഷ

വീര്യവാനായ തൊണ്ടമാൻ ആ വടക്കൻ ശത്രുവിനെ സമൂലം മുടിക്കുവാൻ അനുവാദം തരിക എന്നു പറഞ്ഞതു കേട്ടു, പുലിക്കൊടി പൊക്കിപ്പിടിച്ചുകൊണ്ടു കുലോത്തുംഗൻ ഉത്തരവു നല്കിയ ആ സമയം;

മൂലം

343. "കടൽകലക്കൽ കൊൽമലൈ ഇടിത്തൽകൊൽ
കടുവിടപ്പൊറിപണപണിപ്
പിടരൊടിത്തൽകൊൽപടൈനിനൈപ്പെനപ്
പിരളയത്തിനിൽ തിരളവേ.

ഭാഷ

ഈ സേനാവ്യൂഹങ്ങളുടെ ഉദ്ദേശമെന്തു്? കടലുകളെ കലക്കാനോ, മലകളെ പൊടിയാക്കാനോ, കൊടുംവിഷവും പുള്ളി

---

342. തുമിപ്പുൻ=ഇടിക്കുക, കടയുക.

343. കടൽകലക്കവോ മലൈയിടിക്കവോ—പാഠം.

കളും പത്തിയുമുള്ള ആദിശേഷൻെറ കഴുത്തു് ഞെരിക്കാനോ, എന്നു കാണികഠം പകയ്ക്കുമാറു്, പ്രളയത്തിരകഠംപോലെ അവ ഒത്തുചേൎന്നു.

[ഇനി 357-ാം പാട്ടുവരെ പടയൊരുക്കം.]

മൂലം

344. വളൈകലിപ്പവും മുരചൊലിപ്പവും
മരമിരട്ടവും വയിരമാതു്
തൊളൈളൈയിചൈപ്പവും തിചൈയിപച്ചെവിതു്
തൊളൈയടൈത്തലൈ തൊടരവേ.

ഭാഷ

ശംഖൊലിയും പെരുമ്പറമുഴക്കവും ചാമരം വീശലും വട്ടത്തുളകളുള്ള കൊമ്പുവിളികളും, ദിഗ്ഗജങ്ങളുടെ കൎണ്ണങ്ങഠം അടയ്ക്കാൻ തുടങ്ങി.

മൂലം

345. കുടൈനിരൈത്തലിൻ തഴൈനെരുക്കലിൻ
കൊടിവിരുത്തലിൻ കുളിർ ചതുക്കമൊതു്
തിടൈനിരൈത്തലിൻ പകൽ കരപ്പവുയ്തു്
തിരുനിലപ്പരപ്പിരുഠം പരക്കവേ.

ഭാഷ

വിശാലമായ ആ ദിക്കിൽ വിടൎന്ന കുടകഠം വരിയായി നിൽക്കയാലും, ആലവട്ടങ്ങഠം ഞെരുങ്ങി നില്ക്കയാലും കൊടിക്കൂറകഠം എങ്ങും പാറുകയാലും, കോരിത്തരിച്ച നാല്പുവലയെപ്പോലെ എങ്ങും നിരനിരയായി സേനകഠം നിൽക്കയാലും, സൂൎയ്യപ്രകാശം മൂടി മറയുമാറു് ആ പട ഇരുളുണ്ടാക്കുകയും,

മൂലം

346. അലകിൽ കൺതഴൻ കനൽ വിരിത്തലാൽ
അരിയ പൊർപണിക്കല [1]നെറിത്തലാൽ
ഇലകുകൈപ്പടൈ കനൽ വിരിത്തലാൽ
ഇരുൾകരക്കവേ ഒലിപരക്കവേ.

ഭാഷ

അധൃഷ്യരായ വീരയോദ്ധാക്കളുടെ കണ്ണുകൾ തീപറത്തുകയാലും, മിഴിവൊത്ത ചിത്രപ്പണികൾ ചെയ്ത പൊൻപണ്ടങ്ങൾ ഒളിവീശുകയാലും, പടക്കോപ്പുകൾ തീപ്പൊരി ചിതറുകയാലും ഇരുൾനീങ്ങി വെളിച്ചം പരന്നു.

മൂലം

347. അകിലവെർ പുമിന്റാനൈയാനവോ!
അടൈയമാരുതം പുരവിയാനവോ!
മുകിലനൈത്തു മത്തേർകളാനവോ!
മുരിവേലൈ പോർ വീരരാനവോ!

ഭാഷ

ഇതാ, ഇപ്പോൾ ഇഹത്തിലെ മലകളെല്ലാം ആനകളായോ! കാററു മുഴവൻ കുതിരകളായോ! മേഘങ്ങളെല്ലാം തേരുകളായോ! പെരുന്തിരക്കടൽ പോർവീരരായോ!

മൂലം

348. പാർചിറുത്തലിൻപടൈ പെരുത്തതോ!
പടൈപെരുത്തലിൻ പാർചിറുത്തതോ!
നേർചെറുത്തവക്കരിതുനിർപിടം!
നെടുവിചുമ്പലാൽ ഇടയുമില്ലെയേ!

പാഠം: 1 ഇമൈത്തലാൽ.

ഭാഷ

ഈ ഭൂമി ചെറുതാകയാൽ സേന വലുതായോ! സേന വലുതാകയാൽ ഭൂമി ചെറുതായോ! നേരിട്ടെതിർക്കുന്ന വീരർക്കു നിൽക്കാൻ ഇടമില്ലാതായോ? ഇനി വലിയ ആകാശമല്ലാതെ നിൽക്കാൻ സ്ഥലമില്ലല്ലോ!

മൂലം

349. എനവെട്ടത്തുരൈത്തു അതിചയിത്തുൻറു
ഇനൈയമണ്ണുളോർ അനൈയവിണ്ണുളോർ
മനനടുക്കു[1] പുറം മറൈത്തവാൻ
മാതിരങ്കളൈച്ചാതുരങ്കമേ.

ഭാഷ

ഈ ലോകത്തുള്ളവരും വാനവരും ഈ കാഴ്ചയെ ആശ്ചര്യപൂർവ്വം എടുത്തു പറഞ്ഞു് മനം നടുങ്ങി നിന്നു. എല്ലാ ദിക്കിലുമുള്ള ചതുരംഗസേനകളും ധൃതികൂട്ടി.

മൂലം

350. കടൽകളൈച്ചൊരിമലൈയുളയെനഞരു
കടതടത്തിടൈപൊഴിമതമുടൈയന
[2]കനൽവിളൈപ്പനമുകിലുള എനവിഴി
കനൽചിനത്തന കരിയൊടുപരികളിൻ
ഉടൽപിളപ്പനപിറൈ ചിലവുളഎന
ഉയർമരുപ്പിന ഉലകുകൾകുലൈതര
ഉരുമിടിപ്പന വടവനൽഉളവെന
ഒലിമുകിർ കടകരികളും മിടൈയവേ.

ഭാഷ

കടലുകളിൽ നീർ ചൊരിയുന്ന മലകൾ പലതുണ്ടു് എന്നു

349. 1 പുറൈ. 2 കനൽവിഴപ്പന. 3 ഒലിമുഴക്കിന.

തോന്നിക്കുംവിധം വിരിഞ്ഞ കവിറം രണ്ടിലും മദമുള്ളവയും, തീയുണ്ടാക്കുന്ന മേഘങ്ങളുമുണ്ടു് എന്നു തോന്നുംവിധം കോപിച്ചെ തിക്കുന്ന കണ്ണുകളിൽനിന്നു തീപ്പൊരി ചിതറുന്നവയും ആയ മത്തേഭകായങ്ങളും; കുതിരമെയ്യുകളും, പിളന്നേറിയുന്ന ഇരട്ട ചന്ദ്രക്കലയെന്നു തോന്നുംവിധമുള്ള കൊമ്പുകളും, ലോകപ്രാണ ങ്ങറം നടുങ്ങുംവിധം ചീറിക്കത്തുന്ന തീയുണ്ടെന്നു തോന്നും വിധം ഉഗ്രമുഴക്കത്തോടെ ഗജ്ജിക്കുന്ന മേഘങ്ങറംപോലുള്ള ഗജസൈന്യം ഇടഞ്ഞെരുങ്ങിച്ചെല്ലുമാറം,

മൂലം

351. മുനൈകറം ഒട്ടിനർ മുടിയിനൈ ഇടറുവ
മുടിയിൻ മുത്തിനൈവിളൈ പുകഴെനനില
മുതുകിൽ വിത്തുവനിലമുറുതുകളറ
മുകിൽ മിതിപ്പനമുകിൽവിട തുളിയൊട
കനൈകടററിരൈനിരൈയെനവിരൈവൊട
കടൽ ഇടത്തിനൈ വലമിടം വരുവന
കടൽ ഇടത്തിറം ഇടിയെന അടിയിട
കവനമിക്കന കതഴ് പരികടുകവേ.

ഭാഷ

പ്രതിജ്ഞചെയ്തു യുദ്ധത്തിനിറങ്ങുന്ന മന്നവരുടെ ശീർഷ ങ്ങളെ കുളമ്പിൻകീഴിലിട്ടു ഞെരിക്കുന്നവയും, അവരുടെ മകുട മുത്തുകളെ തങ്ങളുടെ കീത്തി വിതയ്ക്കുംപോലെ നിലത്തു ചിത റുന്നവയും ഭൂമിയിലെ പൊടി നീങ്ങുമാറു് മേലോട്ടു ചാടി മേ ഘങ്ങളെ ചവിട്ടുന്നവയും ആ മേഘങ്ങളുതിക്കുന്ന നീത്തുള്ളിക ളേററിരമ്പുന്ന കടലലകളുടെ നിരകറംപോലെ നീങ്ങുന്നവയും കടൽ ചൂഴ്ന്ന ലോകത്തെ ഇടംവലം ചുററി വരുംപോലെയും കടലിലമരുന്ന ഇടിവെട്ടുപോലെയും കാലടിവയ്പിൽ തിട്ടക്ക വും മിടുക്കുമുള്ളവയും ആയ കുതിരകറം വേഗത്തിൽ മുന്നേറി.

മൂലം

352. ഇരുനിലത്തിടർ ഉടൈപെട മുരുളന
ഇരുപുടൈച്ചിറകുടൈയനമുനൈ പെറിൻ
എതിർപറപ്പന ഇട്ടനകമൊട്ടകടിതു
ഇവുളിമൂർപടിൻ ഇതുപരിപവമെനം
ഒരുനിനൈപ്പിനൈയുടൈയനവിനൈയന
ഉയർചെയ് മൊട്ടൊട്ടു[1]മലരെനനിറുവിയ
ഒഴിതരച്ചെരുളുറുപുനലുമിഴ്വന
ഉലകളപ്പന ഇരതമും മരുവിയേ.

ഭാഷ

വിസ്തൃത ഭൂഭാഗത്തിലെ മലകളെ പൊടിയാക്കുന്ന ചക്രങ്ങളുള്ളവയും, യുദ്ധത്തിൽ എതിൎത്തു പറക്കുവാൻ ഇരുവശത്തും ചിറകുള്ളവയും, പൂട്ടിയ നുകത്തടിയോടെ കുതിരകൾ പായുന്നതു് പോരായ്മയാണെന്ന വാശിയുള്ളവയും, ഭംഗിയിൽ മൊട്ടും മലരും പിടിപ്പിച്ച അംഗങ്ങളും മററു ചിത്രപ്പണികളും ചെയ്തവയും, ശത്രുക്കൾ ഭയന്നോടുമാറു് വെള്ളം ചീററുന്നവയും ലോകത്തെ അളക്കാൻതക്ക വലിയവയുമായ രഥങ്ങൾ മുട്ടിയുരുമ്മി മുന്നേറി.

മൂലം

353. അലകിൽവെററിയും ഉരിമൈയും ഇവൈയെന
അവയവത്തിനിൽ എഴുതിയ അറികുറി
അവൈഎനപ്പലവട്ടനിരൈയുടൈയവർ
അടിപുറക്കിടിൽ അമരർതം ഉലകൊടിവ്
വുലകുപെറ്കപ്പടും എനിനമതൊഴിപവർ
ഉടൽനമക്കൊരു ചുമൈഎനമുനിപവർ

പാഠം: 1 നറുമലർ.

ഉയിരെൈരവിററുറുപുകഴ്ക്കൊള ഉഴൽപവർ
ഒരുവരൊപ്പവർപൊടഞർകൾ മിടൈയവേ.

ഭാഷ

കണക്കില്ലാത്ത ജയചിഹ്നങ്ങളും നെറിവുമുള്ളവരും, അവയവങ്ങളിൽ പതിഞ്ഞ പല തഴമ്പടയാളങ്ങളുള്ളവരും, പടയിൽ മുൻവച്ച കാൽ പിൻവലിച്ചാൽ ഭൂമിയും സ്വർഗ്ഗവും എളുപ്പത്തിൽ ലഭിക്കുമെങ്കിലും അതു ചെയ്യാത്തവരും, ക്ഷണികമായ ഈ ശരീരം ഒരു ഭാരമായി കരുതി വെറുക്കുന്നവരും, ഉയിർകൊടുത്തും പുകൾ നേടാനിച്ഛിക്കുന്നവരും, ഒരുത്തനൊരുത്തൻ ഒപ്പമായുള്ള പടവീരന്മാർ ഇടഞ്ഞെരുങ്ങി മുന്നേറി.

മൂലം

354. വിഴിത്ത[1] വിഴിതനിവിഴിത്ത വിരുതർകൾ
[2]വിടത്തു വടുവടുചിരിത്തവായ്
തെഴിത്തപൊഴുതുടൽ തമിക്ക ഇമൈയവർ
തികൈക്കൺമതകരിതികൈക്കവേ.

ഭാഷ

തുറിച്ചുനോക്കുന്ന ദൃഷ്ടികളുള്ള ആ വീരർ കട കടയെന്നു് ചിരിക്കുന്ന വായാൽ കോപിച്ച് അട്ടഹസിച്ചപ്പോൾ, ദേവന്മാക്കുടൽ നടുങ്ങി, മദംപൊട്ടിയ ആനകൾ അമ്പരന്നു;

മൂലം

355. ഉകത്തിൻമുടിവിനിൽ ഉകൈത്തകനൈകടൽ
ഉവട്ടിയെനമുകിൽ മുകട്ടിന്മേൽ
നകൈത്തുവിടുപരിമുകക്കൺനരൈചുര
നതിക്കൺനരൈയെനമിതക്കവേ.

പാഠം: 1 വിഴികനൽ. 2 വിടു വിടു.

KOTTAYAM PUBLIC LIBRARY

ഭാഷ

കല്പാന്തത്തിൽ ആർത്തിരമ്പുന്ന കടലലകൾ അലച്ചുപൊങ്ങുംവിധം മേഘങ്ങളുടെ ഉച്ചിയിൽ പാഞ്ഞു ചാടിയ കുതിരകളുടെ വായിൽനിന്നു വരുന്ന നുരകൾ ആകാശഗംഗയുടെ പതപോലെ പരന്നു കാണായി.

മൂലം

356. കഴറ്പ്പിൽവെളിൽ ചുളികതത്തിൻ ഇരുകവുൾ
കലിത്തകടം ഇടിപൊരുത്തപോർക്
കുഴറ്പ്പിവരുമുകിൽ മുഴക്കിലലൈകടൽ
കുളിക്കും മുകിൽകളുമിടക്കവേ.

ഭാഷ

രണ്ടു കവിളിലും ഒലിക്കുന്ന മദനീരോടെ, ക്രോധിച്ച് കെട്ടുതൂൺ മുറിച്ചും, ഇടിയൊച്ചപോലെ ചിന്നം മുഴക്കിയും, യുദ്ധത്തിൽ ശത്രുക്കളെ സംഹരിക്കുന്ന കാർമേഘമൊത്ത ആനകളുടെ ശബ്ദത്താൽ സമുദ്രത്തിൽ കുളിക്കുന്ന മേഘങ്ങളും പേടിച്ച് പിന്മാറി.

മൂലം

357. കടുത്തവിചൈയിരുൾ കൊടുത്തവുലകൊരു
കണത്തിൽവലം വരുകണിപ്പിൽതേർ
എടുത്തകൊടിതിചൈ ഇപത്തിൻമതമിചൈ
ഇരുക്കുംഅളികളൈ എഴപ്പവേ.

ഭാഷ

ഒരു നൊടിയിൽ ലോകം ചുററിവരുന്നത്ര വേഗതയുള്ളതും, ഇരുട്ടുണ്ടാക്കുന്നതുമായ അസംഖ്യം തേരുകളിൽ ഉയർത്തിപ്പിടിച്ച കൊടിക്കൂറകൾ, ദിഗ്ഗജങ്ങളുടെ മദനീരിൽ തങ്ങിയിരുന്ന വണ്ടുകളെ ഉണർത്തിവിടുന്നു.

---

356. മിടിക്കവേ

മൂലം

358. എഴുന്തതുചേനൈ; എഴല
മിരുന്തതു പാരിൽമുതുക;
വിഴുന്തനകാനും മലൈയും;
വെറുന്തരൈയാനതിചൈകൾ.

ഭാഷ

ചതുരംഗസേനയും പോരിനിറങ്ങി. അതോടെ പാരിൻെറ മുതുക മുറിഞ്ഞു. കാടും മലയും ചതഞ്ഞു. ദിക്കുകളെല്ലാം ശൂന്യമായി.

മൂലം

359. അതിർന്തനനാലുതിചൈകൾ;
അടങ്കിനഏഴുകടൽകൾ;
പതിർന്തനമൂരിമലൈകൾ;
പിറന്തതുതൂളിപടലം.

ഭാഷ

നാലു ദിക്കുകളും കിടുങ്ങി. കടലുകൾ ഏഴും അടങ്ങി. പെരുംമലകൾ പിളൎന്നു. ധൂളിപടലം പൊങ്ങി.

മൂലം

360. നിലന്തരുതൂളി പരുകിനിറൈന്തതുവാനിൻവയിറു;
വലന്തരുമേകനിരൈകൾ വറന്തനനീർകൾചുവറി.

ഭാഷ

ഭൂമിയിൽനിന്നുണ്ടായ പൊടിയെ വിഴുങ്ങുകയാൽ ആകാശവയറു നിറഞ്ഞു. മുററിത്തെഴുത്ത മേഘങ്ങളിലെ നീർ വററിവരണ്ടു.

മൂലം

361. തയങ്കൊളിയോടൈവരൈകൾ
തരുങ്കടതാരൈമഴൈയിൽ

അയങ്കളിൻവായിൽ നുരൈയിൻ
അടങ്കിനതുളി അടൈയ.

ഭാഷ

മിന്നിത്തിളങ്ങുന്ന നെററിപ്പട്ടമണിഞ്ഞ മലപോലുള്ള മത്തേഭങ്ങൾ ചൊരിയുന്ന മദനീർമഴയാലും, അശ്വങ്ങളുടെ വായിൽനിന്നൊഴുകിയ നുരയാലും ആ പൊടിപടലം അമൻ.

മൂലം

362. എഴുതുളിയടങ്കനടന്തുതയത്തു
ഏകുംതിചൈകണ്ടതുമീളവിഴും
പൊഴുതേകലൊഴിന്തുകടർപടൈയെപ്
പൊഴുതുന്തവിരാതുവഴക്കെളവേ.

ഭാഷ

പാരാവാരമൊത്ത ആ പടയണി, പ്രഭാതത്തിൽ പൊടി അടങ്ങുമ്പോൾ ദിക്കറിഞ്ഞു നീങ്ങും. സൂര്യൻ വീണ്ടും മറയുമ്പോൾ യാത്ര മതിയാക്കും. പകൽ എന്നും നിരുത്താതെ പ്രയാണം തുടൻ.

മൂലം

363. തണ്ണാരിൻമലർത്തിരൾതോളപയൻ
താനേവിയചേനൈതയക്കടൈയക്
കണ്ണാകിയചോഴനചക്കരമാം
കരുണാകരൻവാരണമേർകൊളവേ.

ഭാഷ

കുളിന്ന അത്തിപ്പൂമാലയണിഞ്ഞ പീനസ്കന്ധനായ ചോഴൻ കല്പിച്ചയച്ച ഭടന്മാക്കെല്ലാം കണ്ണായവനും, ചോഴൻെറ ചക്രായുധം പോലുള്ളവനുമായ കരുണാകരൻ കൊമ്പനാനമേൽ കയറിച്ചെന്നു.

---

363. തണ്ണാർ മലചേർ.

മൂലം

364. തൊണ്ടെയക്കരചുമ്മുൻവരുംചുരവി
തുങ്കവെറവിടൈ ഉയത്തകോൻ
വണ്ടെയക്കരചു പല്ലവക്കരചു
മാൽകളിററിൻമിചൈകൊള്ളവേ.

ഭാഷ

തൊണ്ടനാട്ടുകാക്കും വണ്ടനഗരക്കാക്കും രാജാവായ കരുണാകരൻെറ മുമ്പിൽ, കാമധേനുവിൻെറ കുലത്തിൽ പിറന്ന ശുദ്ധമായ വെള്ളക്കാളക്കൊടി പൊക്കിപ്പിടിച്ച നരേന്ദ്രനായ പല്ലവനും, വലിയ ആനമേൽ കയറിത്തിരിച്ചു.

മൂലം

365. വാചികൊണ്ടരചർ വാരണങ്കവര
വാണകോവരൈവൻവാൺമുകത്
തൂചികൊണ്ടുമുടികൊണ്ടചോഴനൊരു
മൂഴിവേഴമിചൈകൊള്ളവേ.

ഭാഷ

വാണകോവരയൻ ശ്രുതിപ്പെട്ട ശത്രുനൃപന്മാരുടെ ആനകളെ പിടിച്ചടക്കാൻ മുഖമൂടിയുള്ള കുതിരമേൽ കയറിച്ചെന്ന പ്പോഠം മുടികൊണ്ടചോഴൻ നെററിപ്പട്ടമുള്ള ആനമേലും ചെന്നു.

[ഇതിലെ വാണകോവരയനും (മുത്തരൈയ വംശജൻ) മുടികൊണ്ടചോഴനും ഉപസേനാനിമാരാകുന്നു.]

മൂലം

366. മറിത്തോടിയെവ്വരചും ചരിയവെൻറു
വരുംഅനകൈപ്പല്ലവർ കോൻവണ്ടെവേന്തൻ

---

364. വെറംകൊടി.

365. പാഠം: വാണർ.

366. മറിന്തോടി.

ഏറിത്തോടൈഇലങ്കുനടൈകളിററിൻ മേർകൊണ്ടു
ഇരൈവേട്ടപെരുമ്പുലിപോൽഇകൽമേർചെല്ല.

ഭാഷ

എല്ലാ ഭൂപാലരും ഇങ്ങോട്ടെത്തിക്കാതെ പിന്തിരിഞ്ഞോട്ട മാറ്, വിജയംനേടി മടങ്ങുന്ന ചോഴൻെറ കൽപ്പനപോലെ നടക്കുന്ന പല്ലവരാജനും, വണ്ടരാജ (കരുണാകരൻ) നും, പ്രകാശിക്കുന്ന നെററിപ്പട്ടവും നല്ല നടയുമുള്ള കൊമ്പനാനമേൽ കയറി വേട്ടയാടാൻ ചെല്ലുന്ന പെരുമ്പുലിപോലെ കലിംഗയുദ്ധത്തിനു ചെന്നു.

മൂലം

367. [1]പാലാറു[2]കുചൈത്തലൈ[3]പൊൻമുകരിപ്
പഴവാറുപടർന്തെഴുകൊല്ലിയെന്നും
നാലാറുമകൻറാറു[4]പെണ്ണൈയെന്നും
നതിയാറുകടന്തുനടന്തുടനേ.

പാലാറ്: മൈസൂർ പീഠഭൂമിയിൽ ആരംഭിച്ച് വടക്കനാക്കാട്ടും ചെങ്കൽപേട്ടയും കടന്ന് ബംഗാളുൾക്കടലിൽ ചേരുന്നു. ഇപ്പോൾ പാലാർ കാഞ്ചിക്കു തെക്കായി ഒഴുകുന്നു. കലിംഗയുദ്ധകാലത്ത് കാഞ്ചിക്കു വടക്കുവശത്തുകൂടി ഒഴുകിയിരുന്നതായി കാണുന്നു.

കുശസ്ഥലി: വടക്കനാക്കാട്ടിലെ കാവേരിഭാഗത്തുത്ഭവിച്ച് ചെങ്കൽപേട്ട ജില്ലയിലെ തിരുവള്ളൂർ, പൊന്നേരി എന്നിവിടങ്ങളിലൂടെ ബംഗാളുൾക്കടലിൽ വീഴുന്നു.

പൊൻമുകരി അഥവാ സ്വർണ്ണമുഖി—പൊന്നുപുഴ (ഹൊന്നഹൊള): കാളഹസ്തിയിൽ നിന്ന് ഒഴുകുന്നു.

പടപെണ്ണ (ഉത്തരപിനാകി): മൈസൂർ പീഠഭൂമിയിൽ തുടങ്ങി അനന്തപ്പൂർ, കടപ്പനെല്ലൂർ എന്നീ ജില്ലകളിലൂടെ ഒഴുകി ബംഗാളുൾക്കടലിൽ വീഴുന്നു.

ഭാഷ

പാലാറ്, കുശത്തലയാറ്, പഴയ പൊൻമുകരിയാറ്, വെള്ളപ്പൊക്കമുണ്ടാകാറുള്ള കൊല്ലിയാറ് എന്നീ നാലു പുഴകളും, വടപണ്ണ എന്ന വലിയ നദിയും കടന്നു് കുലോത്തുംഗസൈന്യം മറുകരയെത്തി.

മൂലം

368. വയലാറുപുകുന്തുമണിപ്പുനൽവായ്
[5]മണ്ണാറുവളങ്കെഴ *കുൻറിയെന്നും
പെയലാറുപരന്തുനിറൈന്തുവരും
[6]പേരാറും ഇഴിന്തതു പിർപടവേ.

ഭാഷ

വയൽകളിലൂടെ നുഴഞ്ഞുചെന്നു് മുത്തുപോലെ നീരൊലുന്ന മണ്ണാറും, വളമുള്ള കുന്തിയെന്ന നീർപ്പെരുപ്പുമുള്ള ആറും, നിറഞ്ഞു പരന്നുവരുന്ന കൃഷ്ണാനദിയും പിന്നിലാക്കി ആ പട മുമ്പോട്ടു നീങ്ങി.

മൂലം

369. കോതാവരി നതിമേലാറൊട്ടകളിർ
പമ്പാനതിയൊടുചന്തപ്പേർ
ഓതാവരുനതി ഒരു കോതമൈയുടൻ
ഒരു നീർമലിതുറൈപിറകാക.

ഭാഷ

ഗോദാവരി നദിയും കുളിർത്ത പമ്പയും, ഗായത്രീനദിയും, അസദൃശയായ ഗൗതമിയാറും ഒലിനീർ നിറഞ്ഞ കോടിബലിയെന്ന സ്ഥലവും പിന്നിട്ടു്,

---

5 മണ്ണാറ്: നെല്ലൂർ ജില്ലയിലൂടെ ഒഴുകുന്നതു്.
6 പേരാറ്: കൃഷ്ണാനദി.
* പാഠം: കുണ്ടി.

മൂലം

370. കടൈയിർ പുടൈപെയർ കടലൊത്തമരർക്
കലങ്കും പരിചു കലിങ്കം പുക്ക
അടൈയപ്പടരെരികൊളുവിപ്പതികളൈ
അഴിയച്ചൂറൈകൊൾപൊഴുതത്തേ,

ഭാഷ

യുഗാന്ത്യത്തിൽ നിലവിട്ടിളകുന്ന സാഗരം പോലെ, അമരരും ഭയക്കുംവണ്ണം എതിരേറിയ ആ സൈന്യം കലിംഗരാജ്യത്തു പ്രവേശിച്ച്, പടർന്ന തീയാൽ ഗ്രാമങ്ങളെരിച്ച് അവ തീരെ ദഹിപ്പിച്ചു കൊള്ളയടിക്കുമ്പോൾ,

മൂലം

371. കങ്കാനതിയൊരു പുറമാകപ്പടൈ
കടൽപോൽവന്തതു കടൽവന്താൽ
എങ്കേപുകലിടം എങ്കേഇനിയരൺ
ആരേഅതിപതി ഇങ്കെൻറേ.

ഭാഷ

ഗംഗാനദി ഒരുവശത്തൊതുങ്ങുമാറ് കടൽ പോലുള്ള പട വന്നുകേറി. ഈ കടലേററത്തിൽ ഒളിക്കാനിടമെവിടെ? രക്ഷയെവിടെ, ഇതിനാരാണധിപതി? എന്നിങ്ങനെ കലിംഗദേശക്കാർ മുറവിളികൂട്ടി.

[അടുത്ത നാലു പാട്ടിൽ കലിംഗത്തുകാർ രാജാവിനോട് ആവലാതിപ്പെടുന്നു.]

മൂലം

372. ഇടികിൻറനമതിൽ! എരികിൻറനപതി!
എഴുകിൻറനപുകൈ! പൊഴിലെല്ലാം

370. അരചർ. 372. പടൈ.

മടികിൻറന! കുടികെട്ടകിൻറന! മിനി
വളൈകിൻറനപടൈപകെയെന്റേ,

ഭാഷ

മതിലുകൾ ഇടിയുന്നു, നാടെരിയുന്നു! പുക പൊങ്ങുന്നു! ചോലകൾ നശിക്കുന്നു! കുടിക്കാരായ ഞങ്ങൾ കഷ്ടപ്പെടുന്നു! ഇതാ, ശത്രുസേനകൾ നാടു വളഞ്ഞുകഴിഞ്ഞു എന്നു പറഞ്ഞു.

മൂലം

373. ഉലകുക്കൊരു മുതൽ അപയക്കിടുതിറൈ
ഉറൈതപ്പിയതെമതരചേ! എം-
പലകർപനൈകളൈനിനൈവുററിലെ! വരു
പടൈമററവൻവിടുപടൈ എന്റേ.

ഭാഷ

ഞങ്ങളുടെ രാജാവേ, ലോകൈകനാഥനായ ചോഴന് കപ്പം കൊടുക്കാമെന്ന പ്രതിജ്ഞ തെററിച്ചതു്, ഞങ്ങളുടെ വാക്കിനെ ഓർക്കാതെയാണ്. നമ്മെ എതിർത്തുവരുന്ന സേന അദ്ദേഹത്തിൻേറതാണ്.

മൂലം

374. ഉറൈയിർ കുഴറിയും ഉടലിർ പതറിയും
ഒരുവ ക്കൊരുവർ മുൻമുറൈയിട്ടേ
അറൈയിറവുകിൽ വിഴഅടൈയനചനപതി[1]
അടിയിർ പുകവിഴപൊഴുതത്തേ.

ഭാഷ

എല്ലാവരും തമ്മിൽ തമ്മിൽ വാക്കിടറിയും, നടുങ്ങിയും, മടിക്കുത്തഴിഞ്ഞും, രാജാവിൻെറ മുമ്പാകെ മുറവിളികൂട്ടി ആ പാദങ്ങളിൽ അഭയം പ്രാപിച്ചപ്പോൾ,

---

1 അനന്തപത്മൻ.

മൂലം

375. അന്തരമൊൻററിയാത വടകലിങ്കർ
കുലവേന്തൻ *അനന്തപൻമൻ
വെന്തരുകൺ വെകുളിയിനാൽവെയ്തുയിർത്തുക്
കൈപുടൈത്തുവീയർത്തു നോക്കി,

ഭാഷ

തനിക്കേല്ക്കുന്ന ഹാനിയെ നിനയ്ക്കാത്ത വടകലിംഗരാജൻ അനന്തപത്മൻ, നിർഭയനായി വൈരാഗ്യപൂർവ്വം ചുടുനെടു വീർപ്പിട്ടു്, മുഷ്ടിമുറുക്കി ദേഹം വിയർക്കമാറു നോക്കി.

മൂലം

376. വണ്ടിനങ്കളും തിചൈയാനൈമതം കൊട്ടുക്കും
മലർക്കവികൈ അപയർക്കൻറിത്
തണ്ടിനിക്കും എളിയനോ എനവെകുണ്ടു
തടന്തുയങ്കൾ കുലുങ്കനക്കേ.

ഭാഷ

ദിഗ്ഗജങ്ങളുടെ മദജലം വണ്ടുകൾക്കുണ്ണാൻ കൊടുക്കുന്ന വിരിഞ്ഞ കുടയുള്ള മുതർകുലോത്തുംഗനല്ലാതെ, സേനകൾക്കും ഞാൻ കിഴിഞ്ഞവനാണോ എന്നു കോപിച്ചു്തടിച്ച തോളുകൾ കുലുക്കി ഹസിച്ചു്,

മൂലം

377. കാനരണും മലൈയരണും കടലരണും
ചൂഴ്കിടന്ത കലിങ്കർ പൂമി

* ദേവേന്ദ്രവർമ്മരാജൻ, മുതർകുലോത്തുംഗപുത്രിയായ രാജസുന്ദരിയെ വേട്ടു. അതിൽ അനന്തപത്മൻ ജനിച്ചു. അനന്തവർമ്മചോടഗംഗൻ എന്നും പറയും. ക്രി. പി. 1078-ൽ കലിംഗരാജാവായി. 1078-1142 വരെ ഭരിച്ചു. 1111-12ൽ കലിംഗയുദ്ധം നടന്നു.

താനരണമുടൈത്തെൻറു കരുതാതു
വരുവതുമത്തണ്ടുപോലും.

ഭാഷ

കാടിനും മലയ്ക്കും കടലിനും ചുററും കാവലുള്ള കലിങ്കനാട്ട്, എത്രയും സുരക്ഷിതമാണ് എന്ന വസ്തുത ഓക്കാതെയാണ് ചോഴസൈന്യം വരുന്നതു്.

മൂലം

378. എൻറുക്രുറലും എങ്കരായൻ, "നാൻ
ഒൻറുക്രുറുവൻകേളെ"ൻറുണത്തുവാൻ:

ഭാഷ

എന്നു രാജാവരുളിയപ്പോഠം, എങ്കരായൻ "ഞാൻ ഒന്നു പറയാം, കേഠക്കുക." എന്നു രാജാവിനോടുണത്തിച്ചു.

മൂലം

379. അരചർചീറുവരേനും അടിയവർ
ഉരൈചെയ്യാതൊഴിയാർകഠ ഉറുതിയേ.

ഭാഷ

രാജാവു കോപിച്ചാലും പ്രജകഠ സദുപദേശം പറയാതിരിക്കുന്നതു് ധർമ്മമല്ല.

[ഇനി 9 പാട്ടുകഠ കുലോത്തുംഗ സേനയെപ്പററി എങ്കരായൻ ഉണത്തിക്കുന്നതു്.]

മൂലം

380. ഏനൈവേനെ്റ എറിയച്ചുയതരൻ
താനൈയല്ലതു [1]തോൻ വരവേണ്ടുമോ?

---

378. എങ്കരായൻ അനന്തപത്മൻെറ മന്ത്രിയും സേനാനിയുമാകുന്നു.

1 താനവൻ

ഭാഷ

തന്നെ അഭയംപ്രാപിച്ചവരെ ഒഴികെ മററുള്ളവരെ നശിപ്പിക്കാൻ ജയധരൻെറ സേനയല്ലാതെ അദ്ദേഹംതന്നെ ഇങ്ങോട്ടു വരേണമോ?

മൂലം

381. വിട്ടതണ്ടിനിൽ മീനവരൈവരും
കെട്ടകെട്ടിനൈക്കേട്ടിലൈ പോലുംനീ!

ഭാഷ

ചോഴനയച്ച പടയാൽ പാണ്ടിയരഞ്ചുപേരും പെട്ട പാടു് അങ്ങു കേട്ടിട്ടില്ലേ?

മൂലം

382. പോരിന്മേൽ തണ്ടെടുക്കപ്പുറക്കിടും
ചേരർവാർത്തൈ ചെവിപ്പട്ടതില്ലൈയോ?

ഭാഷ

അദ്ദേഹം യുദ്ധത്തിനൊരുങ്ങിയപ്പോഴേക്കും പുറംകാട്ടിയോടിയ ചേരവേന്തരുടെ കാര്യവും അങ്ങയുടെ കാതിൽ പെട്ടിട്ടില്ലേ?

മൂലം

383. വേലൈകൊണ്ടുവിഴിഞ്ഞം അഴിത്തതും
ചാലൈകൊണ്ടതും തണ്ടുകൊണ്ടേ അൻേറാ?

ഭാഷ

കടൽക്കര ആക്രമിച്ചു് വിഴിഞ്ഞം പിടിച്ചതും (കാന്തളൂർ) ചാലയെ കയ്യടക്കിയതും അദ്ദേഹത്തിൻെറ സേനയെ വിട്ടല്ലേ?

മൂലം

384. മാറുപട്ടെഴുതണ്ടെഴവത്തവർ
ഏറുപട്ടതുമമ്മുറൈയേ അൻേറാ?

---

383. കൊണ്ടല്ലവോ. 384. അല്ലവോ. 381. തണ്ടെഴ.

ഭാഷ

പകച്ചു വന്ന വത്സവനാട്ടു നൃപനായ താരാവർഷൻ, ചോഴസൈന്യം യുദ്ധത്തിന്നൊരുങ്ങിയപ്പോഠം അവരോടു പോരടിച്ചു നശിച്ചതും ഇപ്രകാരമല്ലേ? (മൈസൂരിൽപ്പെട്ട പല്ലവരാജ്യം)

മൂലം

385. തളത്തൊടും പൊരുതണ്ടെഴപ്പണ്ടൊർനാഠം
അളത്തിപട്ടതറിന്തിലൈ ഐയ്യനീ!

ഭാഷ

അല്ലയോ രാജാവേ, മുമ്പൊരിക്കൽ അണിനിരന്നു പോരാടുന്ന ചോഴസൈന്യവുമായി ഏററുമുട്ടിയപ്പോഠം, അളത്തിനാട്ടുകാർ പെട്ട കഷ്ടതകഠം അങ്ങയ്ക്കറിയില്ലേ?

മൂലം

386. തണ്ടനായകർ കാക്കും നവിലൈയിർ
കൊണ്ടതായിരം കുഞ്ചരമല്ലവോ?

ഭാഷ

ചെരനാടുകഠംക്കധിപരായ സാമന്തർ കാക്കുന്ന നവില (ചാലൂക്യദേശം) നാട്ടിൽനിന്നു് ആയിരം ആനകളെയല്ലേ ചോഴപ്പട കൈക്കലാക്കിയതു്?

മൂലം

387. ഉഴന്തുതാമുടൈമണ്ടലം തണ്ടിനാൽ
ഇഴന്തവേന്തർ എനൈയരെൻറണ്ണുകേൻ!

ഭാഷ

കഷ്ടപ്പെട്ടു കിട്ടിയ ഭൂമിയെ ചോഴസൈന്യം നഷ്ടപ്പെടുത്തിയതു് എത്രയോ നൃപക്കാണെന്നു് എണ്ണിപ്പറയാം.

മൂലം

388. കണ്ടുകാണൻ[1] പൃയവലിനീയും; അതു്
തണ്ടുകൊണ്ടവൻ ചക്കരം വന്തതേ.

---

1 പടവലി

ഭാഷ

(പല പോരിലും ജയിച്ച) ആ പടയെ നയിച്ചുകൊണ്ടും ചോഴൻെറ ചക്രം എത്തിക്കഴിഞ്ഞു. അതിനോടെതിൎത്തു് ആ ഭുജബലം അങ്ങും അനുഭവിച്ചുകൊള്ളുക.

മൂലം

389. ഇൻറുചീറിനും നാളൈഅച്ച്ചേനൈമുൻ
നിൻറപോഴ്തിനിൽ എന്നൈനിനൈത്തിയാൽ

ഭാഷ

ഇപ്പോൾ കോപം തോന്നിയാലും, നാളെ ആ പടയുടെ മുമ്പിൽ ചെല്ലുമ്പോൾ അങ്ങു എന്നെ ഓൎത്താലും!

മൂലം

390. എൻറിവൈഉരൈത്തലും, എനക്കെതിർ
ഉരൈക്കഇമൈയോർകളും നടുങ്കുവർ! പുയക്
കുൻറിവൈചെരുത്തൊഴിൽ പെറാതുനെടു
നാൺമെലിവുകൊണ്ടപട്ടികണ്ടുമി ല്ലയോ?

ഭാഷ

എന്നീ എതിർവാക്കുകൾ എങ്കരായൻ പറഞ്ഞപ്പോൾ "എന്നോടെതിരു പറയുവാൻ ദേവന്മാൎക്കും ഭയമാണ്. എൻെറ ഈ തോൾമലകൾ വളരെ നാളായി യുദ്ധത്തൊഴിൽ കിട്ടാതെ മെലിഞ്ഞിരിക്കുന്നതു നീ കാണുന്നില്ലേ?

[ഇനി 5 പാട്ടുകൾ അനന്തപത്മൻെറ സംസാരം.]

മൂലം

391. പിഴൈക്കവുരൈചൈതനൈ; പിഴൈത്തനൈ;
എനക്കുരുതിപേചുവതു വാചികെടവോ?

മുഴൈക്കൺ [1]ഇളവാളരിമുകത്തു എളതെ
നക്കളിറുമുട്ടിയെതിർ കിട്ടിവരുമോ?

ഭാഷ

തെറായ് വഴിക്കായിരുന്നു നിൻെറ സംസാരം. ആട്ടെ, നിന്നെ വിടുന്നു. രാജാവായ എന്നെ നീ ഉപദേശിക്കുന്നതു് എൻെറ കീൎത്തി കെടുവാനാണോ? ഗുഹയ്ക്കകത്തിരിക്കുന്ന വാളു പോലുള്ള സിംഹക്കുട്ടിയുടെ മുമ്പിൽ ചെന്നു് ഒരാന അതിനെ ജയിക്കാമെന്നു കരുതി എതിക്കുന്നോ?

മൂലം

392. എന്നുടൈയതോൾവലിയും എന്നുടൈയ
വാൾവലിയുംയാതുമറിയാതുപിറർപോൽ
നിന്നുടൈയപേതൈമൈയിനാലുരൈചെയ്
തായ്! ഇതുനിനൈപ്പളവിൽ വെല്ലരിതോ?

ഭാഷ

എൻെറ ഭുജപരാക്രമത്തേയും ഖഡ്ഗത്തിൻെറ മൂർച്ചയേയും ഏതുമറിയാതെ, നീ നിൻെറ ഭോഷത്വത്താൽ സാധാരണക്കാരനെപ്പോലെ പറഞ്ഞുപോയി. ഓൎത്താൽ ഈ ശത്രുസേനയെ ജയിക്കുക അത്ര വിഷമമെന്നോ!

മൂലം

393. വേഴമിരതം പുരവിവെമ്പടൈഞർ
എൻറിനൈയനം പടൈവിരൈന്തുകടുകച്
ചോഴകുലതുംഗൻ വിടവന്തുവിട
തണ്ടിനെതിർചെൻറമർ തൊടങ്കുകെനവേ.

ഭാഷ

ആനകളും രഥങ്ങളും അശ്വങ്ങളും കൊടിയ യുവസൈ

---

390. വരുകുൻറു. 1 വയവാളറി.

ന്യവും, അങ്ങനെ നമ്മുടെ വ്യൂഹങ്ങൾ ക്ഷണം എത്തട്ടെ. ചോഴകുലോത്തുംഗൻ ഇങ്ങോട്ടയച്ച സേനയ്ക്കെതിരെ യുദ്ധം തുടങ്ങുക, എന്നാജ്ഞാപിച്ചു.

മൂലം

394. പണ്ണുകവയക്കളിറു! പണ്ണുക
വയപ്പുരവി! പണ്ണുക കണിപ്പിൽ പലതേർ!
നണ്ണുകാപടൈച്ചെരുനർ! നണ്ണുക
ചെരുക്കളം നമക്കികൽ കിടൈത്തതെനവേ.

ഭാഷ

ജയകുഞ്ജരന്മാരെ അലങ്കരിക്കുക. തുരഗങ്ങളേയും കോപ്പിട്ടു വിക്കുക. അളവററ തേരുകളും തയ്യാറാക്കുക. നമുക്കു് യുദ്ധം ലഭിച്ചിരിക്കുന്നു. ആകയാൽ നമ്മുടെ രണശൂരർ പോർക്കളത്തിൽ ധൃതിയിൽ ചെന്നെത്തട്ടെ.

മൂലം

395. കലിങ്കമവൈയേഴിനുമെഴുന്തതോരു
പേരൊലികറങ്കുകടലേഴുമുടനേ
മലങ്കിയെഴപേരൊലി എനത്തിചൈ
തികൈപ്പുറവരുന്തൊനിയെഴുന്തപൊഴുതേ.

ഭാഷ

ഇതോടെ ഏഴു വിഭാഗങ്ങളുള്ള കലിംഗത്തിൽ മുഴുവനായുണ്ടായ പടയൊരുക്കം സപ്തസമുദ്രങ്ങളും കലമ്പിയുണ്ടാകുന്ന ശബ്ദം പോലായി. കലിംഗനാട്ടുപടകൾ ദിക്കെങ്ങും ഭ്രമിക്കുമാറു് ഒന്നിച്ചു ചേർന്നു് പോർവിളി കൂട്ടി.

മൂലം

396. തോളൈമുകമതമലൈയതിർവന
തൊട്ടുകടൽപരുകിയമുകിലെനവേ

വാളൈമുകനരൈ യുകവരുപരി
കടലിടൈമറിതിരൈ എനവെഴവേ.

ഭാഷ

കുഴിച്ച (സഗരർ) കടലിനെ കുടിച്ച മേഘങ്ങളുടെ ഗർജ്ജനംപോലെ മുഴങ്ങുന്ന, ധാരമുള്ള തുമ്പി ചേർന്ന മലപോലുള്ള മത്തവാരണങ്ങളും, വളഞ്ഞ വായിൽനിന്നു പത വീഴുന്ന, അട്ടിമറിഞ്ഞോടുന്ന തിരകൾ പോലുള്ള കുതിരകളും പടയ്ക്കിറങ്ങി.

മൂലം

397. ഇടൈയിടൈയരചർകൾ ഇടുകുടൈ
കവരികൾ ഇവൈകടൽനുരൈയെനവേ
മിടൈകൊടിപിറഴ്വന മറികടൽ
അടൈയുവുമ്മിളിർ വനകയലെനവേ.

ഭാഷ

സേനാമദ്ധ്യത്തിൽ കുടചൂടി നില്ക്കുന്ന നാാധിപരെ വീശുന്ന വെൺചാമരം കടൽനുരപോലെയും, കൊടിമരത്തോടു ചേർന്നുനിന്നു് കാററത്തുലയുന്ന കൊടിക്കൂറകൾ കടലിൽ പിടയുന്ന കെണ്ടമീൻ പോലെയും തോന്നി.

മൂലം

398. അലകിനൊടലകുകൾ കലകല
എനമൊലിയലൈതിരൈയൊലിയെനവേ
ഉലകുകൾപരുകുവതൊരുകടൽ
ഇതുവെനഉടലിയപടൈയെഴവേ.

ഭാഷ

ആയുധങ്ങളിന്മേൽ ആയുധങ്ങൾ മുട്ടുന്ന കലകലാരവം കാറേററടിയുന്ന തിരകളുടെ ശബ്ദം പോലെയുണ്ടു്. ലോകം മുടിക്കുവാൻ വന്ന ഒരു കടലാണിതെന്നു തോന്നുംപടി, പടയണികൾ വീരാവേശത്തോടെ പോരിനിറങ്ങി.

മൂലം

399. വിചൈപെറവിട്ടപരി ഇരതമും
മറികടൽമിചൈവിട്ടകലമെനവേ
ഇചൈപെറഉയിരെയും ഇകഴ്ത്തരും
ഇളൈയവർ എറിചുറവിനമെനവേ.

ഭാഷ

അതിവേഗമോടിക്കുന്ന കുതിരകളെ പൂട്ടിയ രഥങ്ങളും, അലചുരുളുന്ന കടലിലോടുന്ന കപ്പൽപോലെയും, പുകഴിനുവേണ്ടി ജീവനുപേക്ഷിക്കുന്ന യുവവീരന്മാർ എറിഞ്ഞുവീഴ്ത്തുന്ന പറവകളെപ്പോലെയും,

മൂലം

400. വിടവികൾ മൊട്ടുവിചൈപട
മുറിപടവെറിപട നെറിപടവേ
അടവികൾ പൊടിപട അരുവികൾ
അനൽപട അരുവരൈതുകൾപടവേ.

ഭാഷ

ആ പടയോട്ടത്തിൽ മരങ്ങൾ ചടപടയെന്നു മുറിഞ്ഞുവീണു, കാടുകൾ ഒടിഞ്ഞമന്നു, ആറുകൾ തീപിടിച്ചു (ചൂടായി), പെരുമലകൾ പൊടിയായി. വീണ്ടും അവർ വഴിയുണ്ടാക്കുന്നു.

മൂലം

401. അറൈകഴൽ ഇളൈയവർ മുറുകിയ
ചിനവഴൽ അതുവടവനലെനവേ
മുറൈമുറൈമുരചുകൾ മൊകുമൊകു
അതിർ വനമതിർകടൽ അതിർവെനവേ.

ഭാഷ

വീരത്തളയണിഞ്ഞ ധീരന്മാരുടെ കോപാഗ്നി കാട്ടുതീപോലെയും, താളത്തോടെ 'മൊകു മൊകു'വെന്നു മുഴങ്ങുന്ന സമ

രകാഹളധ്വനി, പാരിനെ ചുററിയ പാരാവാരം പോലെയും ശബ്ദായമാനമായി.

മൂലം

402. ഒരുവർതമുടലിനിൻ ഒരുവർതം
ഉടൽപുക ഉരുവതൊർപടിയുകവേ
വെരുവരമിടൈ പടനടവൊരു
വെളിയറ വിഴിയിട അരിതെനവേ,

ഭാഷ

സേനാമദ്ധ്യത്തിൽ ഇടമില്ലാതെ മെയ്യോടു മെയ്യുരുമ്മി പോർ ചെയ്യുന്നു. നാടു നശിക്കും വിധവും കാണുന്നവർ പേടിക്കും വിധവും കണ്ണാൽ കണ്ടുനില്ക്കാൻ ഒക്കാത്തവിധം,

മൂലം

403. വെളിയരിതെനവെതിർ മിടൈപടൈ
മന്നപരൻ വിടുപടൈയതനെതിരേ
എളിതെന ഇരൈപെറുപുലി എന
വലിയിനൊടെടുമെടും എടും എനവേ.

ഭാഷ

വെളിസ്ഥലം ഒട്ടുമില്ലാത്തവിധം ഞെരുങ്ങിയെതിർത്ത കലിംഗപ്പട, മന്നവരൻ(കുലോത്തുംഗൻ) അയച്ച സൈന്യങ്ങളുടെ നേരെ, അതിനെ എതിക്കാൻ എളുപ്പമെന്നു കരുതി ഇര കിട്ടിയ പുലിയെപ്പോലെ എടുക്കു, എടുക്കു എന്നു പറഞ്ഞു യുദ്ധം തിമത്തു.

[കാളിക്കു കൂളികൂറിയതു തീൻ.]

പന്ത്രണ്ടാം പടലം: പോർ പാടിയത്
(യുദ്ധവർണ്ണന)

[കരുണാകരത്തൊണ്ടമാന്റെ നേതൃത്വത്തിൽ അനന്തപത്മന്റെ കീഴിലുള്ള സൈന്യങ്ങളോടു നടത്തിയ ചരിത്രപ്രസിദ്ധവും ഭയാനകവുമായ കലിംഗയുദ്ധത്തേയും, അതിന്റെ അന്ത്യത്തിൽ കരുണാകരൻ അനന്തപത്മന്റെ ആനകളേയും ദ്രവ്യങ്ങളേയും മററും പിടിച്ചെടുത്തു് കുലോത്തുംഗന്റെ പാദത്തിലർപ്പിക്കുന്നതിനേയും; പോർക്കളത്തിൽനിന്നു വന്ന പേയ് മററു പേയ്കൾ കേൾക്കെ ദേവിയോടു് ഉണർത്തിക്കുന്നതു്.]

മൂലം

404. എടുമെടുമെടുമെന എടുത്തതോർ
ഇകലൊലി കടലൊലി ഇകക്കവേ
വിടുവിടുവിടുപരികരിക്കുഴാം
വിടുംവിടുമെന്നമൊലി മികെക്കവേ,

ഭാഷ

തുടങ്ങൂ, തുടങ്ങൂ, തുടങ്ങൂ എന്നാർത്തുകൂവുന്ന ഭയങ്കരമായ പോർവിളി, കടലൊലിയെക്കാളധികമായും, കുതിരപ്പടകളെ വിടൂ വിടൂ, ആനപ്പടയെ വിടൂ, വിടൂ എന്നാക്രോശിക്കുന്ന വീരഭടന്മാരുടെ കോലാഹലവും മാറെറാലികൂട്ടി.

മൂലം

405. വെരുവരവരിചിലൈ തെരിത്തനാൺ
വിചൈപെടുതിചൈമുകം വെടിക്കവേ
ചെരുവിടൈ അവരവർ തൊഴിത്തതോർ
തെഴിയുലകുകൾ ചെവിടെടുക്കവേ,

---

404. അടുകരിപരി. 405. ഇളൈയവർ–അവരവർ. തെരി–തെഴി(മുഴക്കം)തെഴിത്തൽ–ആരവാരം അഥവാ കോലാഹലം.

ഭാഷ

എല്ലാ പേരും പേടിക്കുംവണ്ണം ഞാൺ മുറുക്കിയ വില്ലിൽ നിന്നതിശീഘ്രം പായുന്ന ശരധ്വനി, സർവ്വദിക്കും പിളക്കുന്നു. പോക്കളത്തിലെ യോദ്ധാക്കളുടെ അലർച്ചകൾ കേട്ട് പൌരാവലിയുടെ കാതുകൾ പൊട്ടിപ്പോയി.

മൂലം

406. എറികലൊടുകടൽ കിടൈത്തപോൽ
ഇരുപടൈകളുമെതിർ കിടൈക്കവേ
മറിതിരൈയൊടു തിരൈ മലൈത്തപൊൽ
വരുപരിയൊടുപരിമലൈക്കവേ,

ഭാഷ

കടലോടു കടലേററമുട്ടുംപോലെ ഇരു സേനകളും തമ്മിലടിച്ചു. ചുരുണ്ടുമറിയുന്ന തിരകളോടു തിരകൾ പെരുതുംപോലെ, ചീറിവരുന്ന കുതിരകൾ ഏററമുട്ടി.

മൂലം

407. കനവരൈയൊടുവരൈ മുനൈത്തപോൽ
കടകരിയൊടുകരി മുനൈക്കവേ
ഇനമുകിൽ മുകിലൊടുമെതിർത്തപോൽ
ഇരതമൊടിതനമും എതിർക്കവേ.

ഭാഷ

വലിയ മലകളോടു വലിയ മലകൾ ഏററടിക്കും പോലെ മദയാനകളോടു മദയാനകൾ നേർത്തിടിച്ചു. മേഘങ്ങളോടു മേഘങ്ങൾ പോലെ തേരുകളോടു തേരുകളും എതിർത്തുമുട്ടി.

മൂലം

408. പൊരുപുലിപുലിയൊടു ചിലൈത്തപോൽ
പൊരുപടരൊടുപടർ ചിലൈക്കവേ

---

407. ഇരതമുമിരതമും.

അരിയിനൊടരിയിനം അടർപ്പുപോൽ
അരചരുമരചരു മടർക്കവേ.

ഭാഷ

കൊററംപുലികളോടു പുലികശം എതിക്കുംപോലെ നേരെത്തിർക്കുന്ന വീരരോടു വീരന്മാർ പോരാടി. സിംഹങ്ങളോടു സിംഹങ്ങളെല്ലാംപോലെ രാജാക്കന്മാരോടു രാജാക്കന്മാരും എതിർത്തു.

ഭാഷ

409. വിളൈകനൽ വിഴികളിൽ മുളൈക്കവേ
മിനലൊളി കനലിടൈ എറിക്കവേ
വളൈചിലൈ യുരുമെന ഇടിക്കവേ
വടികണൈനെടുമഴൈ പടൈക്കവേ

മൂലം

മിഴിയിൽ നിന്നു തീപ്പൊരി ചിതറുന്നതിന്നിടയിൽ മിന്നൽപ്പിണർപോലുള്ള വാശംത്തിളക്കവും, കുലവില്ലിന്റെ ഇടിമുഴക്കവും കൂരമ്പിന്റെ പേമാരിപെയ്യലുമായി യുദ്ധം തകർത്തു.

മൂലം

410. കുരുതിയിൻ നതിവെളി പരക്കവേ
കുടൈയിനം നുരൈയെന മിതക്കവേ
കരിതുണി പട്ടുമുടൽ അടുക്കിയേ
കരൈയെനയിരുപുടൈ കിടക്കവേ.

ഭാഷ

വെളിഭൂമിയിൽ രക്തപ്പുഴയൊഴുകുമ്പോശം, കൊററക്കുടകശം അതിൽ നുരപോലൊലിച്ചു. തുണ്ടുതുണ്ടായ മെയ്യുകശം ഇരുവശത്തും നദിക്കരപോലെ അടിഞ്ഞു കിടക്കുംവിധം യുദ്ധം നടന്നു.

409. വെയിലൊളി. 2. ചിറക്കവേ.

മൂലം

411. മരുപ്പൊട്ടമരുപ്പെതിർ പൊരുപ്പിവൈ
എനപ്പൊരു മതക്കരിമരുപ്പിനിടൈയേ
നെരുപ്പൊടുനെരുപ്പെതിർ ചുടർപ്പൊറി
തെറിത്തെഴനിഴർകൊടി തഴർകതുവേ.

ഭാഷ

ഇവ പൎവ്വതങ്ങാം എന്നു പറയുമാറു്, കൊമ്പുകളോടു കൊമ്പുകൾ മുട്ടിയിടിക്കുന്ന മദകരികളുടെ കൊമ്പുകളിൽനിന്നു ചിതറുന്ന തീപ്പൊരികൾ; മേലോട്ടു തെറിച്ചു് നിഴൽവിരിച്ച കൊടിക്കൂറകൾക്കു് തീപിടിക്കുന്നു.

മൂലം

412. നിഴർകൊടി തഴർകതുവലിൻകിടതു
ഒലിത്തവൈ നിനൈപ്പവർ നിനൈപ്പതൻമുന്നേ
അഴർപട്ടു പുകൈക്കൊടി എടുത്തന
പുതുക്കൊടി അനൈത്തിനും നിരൈത്തതെനവേ

ഭാഷ

തീപിടിക്കയാൽ എരിഞ്ഞുപോയ ആ നിഴൽക്കൊടികളെക്കുറിച്ചോൎക്കുന്നവരുടെ ചിന്തയിൽ; പുതിയ കൊടികൾ എങ്ങും വരിവരിയായി നീൎത്തിയ മാതിരി കൊടികൾ എരിഞ്ഞ തീയിൽനിന്നു് പുകക്കൊടികളുയൎന്നു.

മൂലം

413. ഇടത്തിടൈ വലത്തിടൈ ഇരുത്തിയ
തുണൈക്കരം നികത്തന അടുത്തകരിയിൻ
കടത്തെഴുമതത്തിടൈ മടുത്തന
ചിറപ്പൊടുകരുത്തന അവററിൻ എയിവേ.

---

412. കഴർകട്ടു. 413. എതിൎത്തകരി.

ഭാഷ

ഞെരുങ്ങി നിന്ന മത്തേഭങ്ങളുടെ മദമ്പാടിൽനിന്നൊലിക്കുന്ന മദനീർ പുരണ്ടു കറുപ്പായ കൊമ്പുകൾ കണ്ടാൽ, ഇടവും വലവും നീണ്ട രണ്ടു തുമ്പിക്കൈകൾ പോലെയും തോന്നി

മൂലം

414. എയിറുകളുടൈയ പൊരുപ്പൈവലത്തിടൈ
എതിരെതിർ ഇരുപണൈയിട്ടുമുറുക്കിയ
കയിറുകൾ ഇവൈയെഎന അക്കരടക്കരി
കരമൊടുകരമെതിർതെററി വലിക്കവേ.

മൂലം

എതിരെതിരേ നിറുത്തിയ മലയൊത്ത കൊമ്പന്മാരുടെ കൊമ്പുകൾക്കിടയിൽ രണ്ടിഴയിൽ കെട്ടിയ കയറെന്ന പോലെ അവ തുമ്പിയിൽ തുമ്പിയെ പിരിച്ചു മുറുക്കി.

മൂലം

415. മുടുകിയപവനപതത്തിലുകക്കടൈ
മുടിവനിലുലകമുണച്ചുടർ വിട്ടെഴു
മുടികിയവട അനലത്തിനൈ വൈത്തതു
കളമുറുതുരക്കണത്തിൻ മുകത്തിലേ.

ഭാഷ

ആഞ്ഞടിക്കുന്ന കൊടുങ്കാററിൻെറ സഹായത്താൽ യുഗാന്ത്യത്തിൽ ലോകനാശത്തിനായി കത്തി ജ്വലിക്കുന്ന കൊടിയ കാട്ടുതീയിനെ, ആ യുദ്ധക്കളത്തിൽ നില്ക്കുന്ന അശ്വ:സേനയുടെ മുഖത്തു വച്ചതുപോലെ തോന്നി.

മൂലം

416. കളമുറുതുരകകണത്തിൻ മുകത്തെതിർ
കറുവലിർചിലർ കലവിത്തലൈനിത്തില

ഇളമുലൈയെതിർ പൊരുമപ്പൊഴുതിപ്പൊഴുതു
എനവെതിർ കരിയിൻമരുപ്പിൻമുൻനിർപരേ.

ഭാഷ

യുദ്ധഭൂമിയിൽ തുരഗഗണത്തിനെതിരേ പോർക്കലി കയറാതെ നില്ക്കുന്ന ചിലർ, സംഭോഗവേളയിൽ മുത്തുമാലയണിഞ്ഞ തരുണിമാരുടെ ഇളംകൊങ്കകൾ തങ്ങളുടെ മാറിൽ കുത്തിയമർത്തുന്ന ക്രീഡാസമയം ഇതാണെന്നു നണ്ണി, തങ്ങളെ എതിർത്തുവരുന്ന കരിവീരന്മാരുടെ കൊമ്പിനുമുമ്പിൽ മയങ്ങി നിന്നുകൊടുക്കുന്നു.

മൂലം

417. എതിർപൊരുകരയിൻ മരുപ്പുരത്തിനിൽ
ഇറഎറിപടൈയിനിറുത്തുമിറൈത്തെഴ
ചതുരർകൾ മണിയകലത്തു മരുപ്പവൈ
ചയമകൾ കളപമുലൈക്കുറിയൊത്തതേ.

ഭാഷ

എതിർത്തു മുട്ടിയ ഗജദന്തങ്ങളെ ശത്രുസംഹാരത്തിനുള്ള ഖഡ്ഗത്താൽ ഖണ്ഡിച്ച് സ്വന്തനെഞ്ചിൽ താങ്ങി, ആ ഗജത്തെ വധിച്ച് ആഹ്ലാദിക്കുന്ന അതിചതുരന്മാരുടെ വിരിമാറിൽ പതിഞ്ഞ കൊമ്പിൻവട്ട, വീരലക്ഷ്മിയുടെ കളഭം പൂശിയ കൊങ്കകൾ പതിഞ്ഞതുപോലെ തോന്നിച്ചു.

മൂലം

418. ചയമകൾ കളപമുലൈക്കണിയത്തകു
തനിവടം ഇവൈവെഎന മത്തകമുത്തിനൈ
അയമെതിർ കടവി മതക്കരിവെട്ടിനർ
അലൈപടൈനിരൈകൾ കളത്തുനിരൈക്കവേ.

ഭാഷ

കല്ലോലസമാനമായ മുന്നണിപ്പടയെ കൊന്നുവീഴ്ത്തിയ അശ്വഭടന്മാർ, വീരശ്രീയുടെ ചന്ദനച്ചാറണിഞ്ഞ കുചങ്ങളിൽ

ചാത്താൻ പററിയ അതുല്യ മുത്തുമാല നേടാൻ കുതിരയെ നായിച്ച്, മദം പൊഴിയുന്ന ആനകളുടെ മസ്തകം വെട്ടിപ്പിളക്കുന്നു.

മൂലം

419. അലൈപ്പടൈനിരൈകൾ നിരൈത്തചെരുക്കളം
അഴൽപുരികളമെനഒപ്പിലവിർപ്പടൈ
തലൈപൊരഎരിയനെരുപ്പിനിൽമററു
തഴൽപെടുകഴൈവനം ഒക്കിന്നമൊക്കുമേ.

ഭാഷ

അലച്ചെതിക്കുന്ന യുദ്ധനിരയിൽ കിടയററ വില്ലിൽനിന്നുതിരുന്ന തീയമ്പുകൾ തലയിൽ തറച്ചു തീപിടിക്കുകയാൽ; ആ യുദ്ധക്കളം സ്വാഭിലാഷത്തോടെ നടത്തുന്ന യാഗശാലപോലെയും തീപിടിച്ച മുളങ്കാടുപോലെയും ആയി.

മൂലം

420. തഴൽപടുകഴൈവനം എപ്പടിയപ്പടി
ചടചടതമരമെഴപ്പുകഴിപ്പടൈ
അഴൽപെടുപുകൈയൊടിഴിച്ചിയ കൈച്ചിലൈ
അടുചിലൈ പകഴിതൊടുത്തു വലിപ്പരേ.

ഭാഷ

തീപ്പിടിച്ച മുളങ്കാട്ടിലെ ചടചടാരവമെങ്ങിനെയോ അങ്ങിനെ, വില്ലാളികൾ തൂണീരത്തിൽനിന്നു വലിച്ചൂരുന്ന അമ്പുകൾ, താഴ്ത്തിപ്പിടിച്ച വില്ലിൽനിന്നും പുക ചീററിക്കൊണ്ടു് ശത്രുക്കളെ ചിതറിച്ചു

മൂലം

421. അടുചിലൈ പകഴിതൊടുത്തുവിടപ്പുകും
അളവിനിൽ അയമെതിർവിട്ടവർ വെട്ടിന
ഉടൽ ചില ഇരുതുണിപട്ടന; പട്ടപിൻ
ഒരുതുണി കരുതുമിലക്കൈയെഴിക്കുമേ.

ഭാഷ

ശത്രുക്കളെ കൊല്ലാൻ അമ്പെയ്യുന്ന വില്ലാളിയെ, എതിരേ വന്ന കുതിരപ്പടയാളി വെട്ടി ഉടൽ രണ്ടു തുണ്ടാക്കി. എന്നാൽ അവയിലൊന്നു കൊല്ലാൻ കരുതിയ ശത്രുവെ എയ്തു കൊല്ലുന്നു.

മൂലം

422. ഒരുതുണികരുതു മിലക്കൈ അഴിത്തന
ഉരുവിയപിറൈമുകഅപ്പുകഴിത്തലൈ
അരിതരിതിതുവുമെനപ്പുരി ഉയ്പ്പവർ
അടിയെടുമുടികൾ തുണിത്തു വിഴിത്തുമേ.

ഭാഷ

ഒരു തുണ്ടം വിചാരിച്ച വൈരിയെ വധിച്ചു. അവരുടെ വില്ലിൽനിന്നു വിട്ടപോലെ ചന്ദ്രക്കലക്കണ എതിർത്ത കുതിരപ്പടയാളിയുടെ കാലുകളും തലയും മുറിച്ചു വീഴ്ത്തുന്നു. ഇതു കാണുന്നവർ അത്ഭുതപ്പെടും.

മൂലം

423. അടിയൊടുമുടികൾ തുണിത്തുവിഴപ്പുകും
അളവരിതൊടൈ ചമരത്തൊടണൈത്തനർ
നെടിയന ചില ചരം അപ്പടിപെററവർ
നിറൈചരം നിമിരവിടത്തുണിയുററവേ.

ഭാഷ

കാലും തലയും വെട്ടേററു വീഴുമ്പോൾ അംഗംമുറിച്ച അമ്പുകളെ കൈകളാൽ ചേർത്തു പിടിച്ചു. നീണ്ട ബാണങ്ങളെ അങ്ങനെ പിടിച്ച വീരർ, മൂർച്ചയുള്ള അവയെ മേലോട്ടു വിടുകയാൽ പല വാൾക്കാരുടേയും ഉടൽ തുണ്ടായിപ്പോയി.

മൂലം

424. നിറൈചരം നിമിരവിടത്തുണിയുററവർ
നെറിയിനൈ ഒടിഎറികിർ പവരൊത്തെതിർ

അറൈകഴൽവിരുതർ ചെരുക്കറവെട്ടലിൻ
അവരുടൽ ഇരുവകിർപെട്ടനമുട്ടവേ.

ഭാഷ

അശ്വഭടന്മാർ മൂർച്ചയുള്ള ആ അസ്ത്രങ്ങളെ ഉയരേ വിട്ടകയാൽ ഉടൽ മുറിഞ്ഞുവീണ വീരന്മാർ, വഴിയിലെ കുററിക്കാട്ടുകളെ വെട്ടിയൊതുക്കുന്നതുപോലെ, ശബ്ദിക്കുന്ന വീരത്തളയണിഞ്ഞവരുടെ ആനന്ദം തീരുമാറ് അവരെയും വെട്ടിമുറിച്ചിട്ടു.

മൂലം

425. വിട്ടത്തവീരരായുതങ്കൾ വേൽവിഴാമലേനിരൈത്തു
എട്ടത്തവേലിപോർ കലിങ്കർവട്ടണങ്കളിട്ടവേ.

ഭാഷ

വീരരുടെ ആയുധങ്ങൾ തങ്ങളുടെ ദേഹത്തിൽക്കൊള്ളാതെ കലിംഗവീരരുടെ പരിചകൾ മതിലുപോലെ ഉറച്ചുനിന്നു.

മൂലം

426. ഇട്ടവട്ടങ്കൾമേലെറിന്തവേൽ തിറന്തവായ്
വട്ടമിട്ടനീൾമതിക്കുവൈത്ത പൂഴൈയൊക്കുമേ.

ഭാഷ

കൈയിലേന്തിയ പരിചകളിൽ ചോഴവീരരെറിഞ്ഞ വേലുകളേററു തുളഞ്ഞ ഭാഗങ്ങൾ, നെടിയ ചുററുമതിലിലെ കിളിവാതിലുകൾ പോലെ തോന്നിച്ചു.

മൂലം

427. കലക്കമെററവീരർവാൾകലന്ത ചൂരർ കൈത്തലത്തു
ഉലക്കൈളെച്ചിതൈത്തപോതുഴംകലപ്പെ
യൊക്കുമേ.

ഭാഷ

മനക്കലക്കമില്ലാത്ത പോർവീരരുടെ വാളുകൾ, എതിർത്ത

ശ്ശൂരന്മാരുടെ കൈയിലെ ഉലക്കച്ചുററിൽ പതിച്ചപ്പോഠം ആ ഉലക്കകഠം ഉഴവാനുള്ള കലപ്പകഠം പോലെ തോന്നി.

മൂലം

428. മത്തയാനെയിൻ കരച്ചുരുണ്ടുവീഴവൻ ചരം
തൈത്തപോഴ്തിൻഅക്കരങ്കഠം ചക്കരങ്കഠംഒക്കുമേ

ഭാഷ

കോപിച്ച ആനയുടെ തുമ്പിക്കൈകഠം ചുരുണ്ടു വീഴമാറ്, വീരരുടെ മൂർച്ചയുള്ള അസ്ത്രങ്ങഠം തറഞ്ഞപ്പോഠം, ആ തുമ്പികഠം ചക്രങ്ങഠം പോലെ തോന്നി.

മൂലം

429. വെങ്കളിററിൻ മത്തകത്തിൻ വീഴമുത്തു വീരമാ-
മങ്കൈയക്കു മങ്കലപ്പൊരി ചൊരിന്തതൊക്കുമേ.

ഭാഷ

കൊടിയ ഹസ്തികളുടെ മസ്തകങ്ങളിൽനിന്നുതിരുന്ന മുത്തുകഠം, വീരലക്ഷ്മിക്കു് മംഗല്യപ്പൊരി പൊലിക്കുന്നപോലിരിക്കുന്നു.

മൂലം

മറിന്ത കേടകം കിടപ്പമൈന്തർ തുഞ്ചി വൈകുവോർ
പറിന്ത തേരിൻനേമിയോടു പാർ കിടപ്പതൊക്കുമേ.

ഭാഷ

അരികേ ചോരയിൽ കുഴഞ്ഞു് പരിചയോടെ ചത്തുമറിഞ്ഞു കിടക്കുന്നവരെക്കണ്ടാൽ, ചക്രം ഊരിവീണു് ഉടഞ്ഞുകിടക്കുന്ന തേരാണെന്നു തോന്നും.

മൂലം

431. കളിത്ത വീരർവിട്ടനേമികണ്ടു വീചുതണ്ടിടൈക്
കുളിത്തപോഴ്തു കൈപ്പിടിത്തക്രൂർമഴക്കളൊക്കുമേ

ഭാഷ

യുദ്ധാഹ്ലാദം പൂണ്ട യോദ്ധാക്കാം വിട്ട ചക്രായുധങ്ങാംക്ക നേരെ മററ വീരരടിച്ച ദണ്ഡായുധത്തിൽ അവ പതിഞ്ഞപ്പോാം വടിക്കാരുടെ കൈയിൽ മഴ പോലെയായി.

മൂലം

432. കവന്തമാടമുൻപുതം കളിപ്പൊടാടപേയിനം
നിവന്ത ആടൽ ആട്ടുവിക്കും നിത്തകാരരൊക്കുമേ.

ഭാഷ

തങ്ങളുടെ മുമ്പിൽ തല പോയ ഉടലുകാം തുള്ളിയാടുന്നതു കണ്ടു്, അവയുടെ പിന്നിൽ കൂത്താടുന്ന പേയ്ക്കൂട്ടങ്ങാം, ആ കബന്ധങ്ങളെ പാവക്കൂത്തുപോലെ കണ്ടു രസിച്ചു.

മൂലം

433. ഒട്ടകങ്കാം യാനൈ വാലുയത്തമാ അഴിന്തപോർ
വിട്ടകൻറുപോകിലാതു മീാംവപോലും മീളുമേ.

ഭാഷ

ഒട്ടകങ്ങളും ആനകളും, വാലുയത്തിപ്പിടിച്ച കുതിരകളും ആദ്യം തോററ യുദ്ധത്തിൽനിന്നു വിട്ടുമാറാൻ മടിഞ്ഞുവരുമ്പോലെ വരുന്നു.

മൂലം

434. പിറങ്കുചോരിവാരിയിർപിളിററിവീഴ്ക്കളിററിനം
കറങ്കുവേലൈനീരുണക്ക വീഴ്ന്തമേകമൊക്കുമാ.

ഭാഷ

കെട്ടിക്കിടക്കുന്ന രക്തക്കളത്തിൽ, ചാകാറായ ഗജങ്ങാം പിടച്ചെണീക്കുമ്പോാം, തുളമ്പുന്ന കടലിലെ നീർ കുടിക്കാൻ താഴ്ന്ന മേഘങ്ങാം പോലെ തോന്നുന്നു.

മൂലം

435. വാളിൽവെട്ടിവാരണക്കൈതോളിലിട്ടമൈന്തർതാം
തോളിലിട്ട നീർവിടും തുരുത്തിയാളരൊപ്പരേ.

ഭാഷ

ആനത്തുമ്പികളെ വാളാൽ വെട്ടിയെടുത്തു തോളിലിട്ട വീരർ തുരുത്തി(തോൽസഞ്ചി) തോളിൽവച്ചു വെള്ളം ചീററിക്കുന്ന തുരുത്തിക്കളിക്കാരെപ്പോലെ തോന്നി.

മൂലം

436. നേർമുനൈയിൽ തൊടുത്ത പകഴികൾ
നേർവളൈ വിൽചുഴററുമളവിനിൽ
മാർപിടൈയിൽ കുളിത്ത പകഴിയൈ
വാർചിലൈയിൽ തൊടുത്തുവിടുവരേ.

ഭാഷ

നേരിട്ടെതിക്കുന്ന എതിരാളിയുടെ അസ്ത്രങ്ങളെ ചില വീരന്മാർ തങ്ങളുടെ വളഞ്ഞ വില്ലിനെ ചുഴററിത്തടുക്കുന്നു. എന്നിട്ടു്, തങ്ങളുടെ മാറിൽ തറഞ്ഞ കണകളെ ഊരിയെടുത്തു് ആ വില്ലിൽ വച്ചു തൊടുക്കുകയും ചെയ്യുന്നു.

മൂലം

437. അയൈയ ഉരത്തഴുത്തി ഇവുളിയൈ
അടുചവളത്തു എടുത്തപൊഴുതവൈ
വിചൈയമകട്കു എടുത്ത കൊടിയെന
വിരുതർ കളത്തു എടുത്തുവരുവരേ.

ഭാഷ

ശത്രുക്കളെ കൊല്ലുന്ന ഈട്ടിയെ കുതിരയുടെ മാറിൽ അതു പുളയുമാറു് കുത്തിത്തറച്ച വീരന്മാർ, അതൂരിയപ്പോൾ ജയദേവതയ്ക്കായി ഉയർത്തിയ കൊടിപോലെ തോന്നി. ആ കുതിരകളെ അതിന്മേൽത്തന്നെ കുത്തിപ്പൊക്കുകയും ചെയ്യുന്നു.

മൂലം

438. ഇരുതൊടൈയററു ഇരുക്കും മാവർകൾ

എതിർപൊരുകൈകളിററിൻ [1]വലികെട
ഒരുതൊടൈ ചുഴററി എറിവർകൾ
ഒരുതൊടൈ ഇട്ടുവെയ്യർ എറിയവേ.

ഭാഷ

രണ്ടു തുടകളും മുറിഞ്ഞതാരാവീണ്ടും ഇരുന്നുപോയ ധീരയോദ്ധാക്കൾ തങ്ങളെ തുമ്പിക്കൈയാലെതിക്കുന്ന കൊമ്പന്മാർ പിന്തിരിയുംവണ്ണം ഒരു തുടയെടുത്തു ചുഴററി എറിയുന്നു. വീണ്ടും എറിയുവാൻ അടുത്ത തുടയെ എടുത്തു കരുതിവയ്ക്കുന്നു.

മൂലം

439. ഇരുവരുത്തിൻ ഉററചുരികൈയിൻ
എതിർഎതിർപുക്ക ഇറൈക്കുമളവിനിൽ
ഒരുവരെനകിടൈത്ത പൊഴുതിനിൽ
ഉപയപലത്തു എടുത്തതു അരവമേ.

ഭാഷ

വീരരായ രണ്ടു വാൾക്കാർ നേക്കുനേരെ നിന്നു പൊരുതി. ഇരുവരുടെ നെഞ്ചത്തും മാരകമായ മുറിവേററു. ഇരുവരും ഒപ്പം നിലംപൊത്തുന്നതു കണ്ടു് രണ്ടുഭാഗത്തുമുള്ളവർ അട്ടഹാസം മുഴക്കുന്നു.

മൂലം

440. പൊരുനർകൾചിലർ തമുരത്തിനിൽ കവിൾ
പുകർമുകം മിചൈ അടിയിട്ടതിർപകൈ
വിരുതരൈ അരിവചിരത്തൈ അച്ചിരം
വിഴപൊഴുതറൈയെൻം മക്കളിറൈയേ.

ഭാഷ

ചില യോദ്ധാക്കൾ തങ്ങളുടെ മാറിൽ കുത്താനോങ്ങുന്ന

1 വിശൈകട.

ഗജങ്ങളുടെ പക്കിനു കാൽവച്ചു കേറി അതിന്മേലിരിക്കുന്ന ശത്രുയോധൻെറ ശിരസ്സരിഞ്ഞിടുന്നു. ഭൂമിയിൽ പതിക്കുന്ന ആ തലകാം ആനകളോടു് 'അവനെ കൊല്ലുവിൻ' എന്നു് വിളിച്ചു പറയുന്നു.

മൂലം

441. വിടുപടൈപെറുകിലർ മററിനിച്ചിലർ
വിരൈപരിവിഴ എറിതക്കമുർപട
അടികരിനുതർപടവിട്ട കൈപടൈ
അതിനൈയൊർഞൊടിവരൈയിർപറിപ്പരൈ.

ഭാഷ

അതിശീഘ്രമോടുന്ന കുതിരകളെ നിലംപതിപ്പിച്ചു കൊല്ലാൻ തങ്ങളുടെ കൈയിൽ ആയുധങ്ങളൊന്നുമില്ലായ്കയാൽ ചില പടവീരർ, മുമ്പു കൊന്നിട്ട ആനകളുടെ മസ്തകത്തിൽ തറച്ച ആയുധങ്ങളെ ഞൊടിനേരംകൊണ്ടു വലിച്ചൂരിയെടുക്കുന്നു.

മൂലം

442. അമർപുരിതമത കവത്തിടൈ കവിഴ്
അടുകരിനുതലിലടിപ്പു് ഇക്കളിറു
എമതെന ഇരുകൺ വിഴിക്ക ഉട്കിനർ
എനവിടുകിലർ പടൈഞർക്കു വെട്കിയേ.

ഭാഷ

പൊരിഞ്ഞ പോരിനിടയിൽ നെഞ്ഞിൽ കുത്താനായുന്ന മത്തേഭങ്ങളുടെ നെററിയിൽ ചിലർ ദണ്ഡായുധത്താൽ ആഞ്ഞടിക്കുന്നു. ആ അടി കണ്ടു് ആനപ്പുറത്തുള്ളവർ "ഈ ആന ഞങ്ങളുടേതാണേ." എന്നു കെഞ്ചിക്കൊണ്ടു രണ്ടു കണ്ണും മിഴിച്ചു് ഇമപൂട്ടി ഇരുന്നിയിരിക്കുന്നു. ആ പേടിത്തൊണ്ടന്മാരെ വധിക്കുവാൻ ലജ്ജിച്ചു വിട്ടുകളയുന്നു.

മൂലം

443. അലകിൽ ചെരുമുതിർ പൊഴുതുവണ്ടൈയർ
അരചനരചർകൾ നാതൻ മന്തിരി
ഉലകുപുകൾ കരുണാകരൻ തനതു
ഒരുകൈ ഇരുപനൈനവേഴം ഉന്തവേ.

ഭാഷ

ഇടതടവില്ലാത്ത സമരം ഉഗ്രപ്പെട്ടപ്പോൾ വണ്ടൈനാടിന്റെ അധിപനും കുലോത്തുംഗചക്രവത്തിയുടെ മന്ത്രിസത്തമനുമായ ലോകം പുകഴ്ത്തുന്ന കരുണാകരൻ, ഒരു തുമ്പിയും രണ്ടു കൊമ്പും തന്നെയുള്ള തന്റെ ആനയെ യുദ്ധമുന്നണിയിലേയ്ക്കു നയിച്ചു.

മൂലം

444. ഉപയപലമും വിടാതു വെഞ്ചമം
ഉടലുപൊഴുതിനിൽവാകൈ മുൻകൊള
അപയൻവിട്ടപടൈയെഴുകലിങ്കമും
അടൈയ ഒരു മുകമാകി മുന്തവേ.

ഭാഷ

രണ്ടു ഭാഗത്തെ സേനകളും തളരാതെ, വീറോടെ പൊരുതിക്കൊണ്ടിരുന്നു. ചോഴൻ വിട്ട സൈന്യവും ഏഴു മുഖമുള്ള കലിംഗസേനയും വിജയമാല്യം ആദ്യം ധരിക്കാനുള്ള വെമ്പലോടെ പട തുടന്നു.

മൂലം

445. അണികൾ ഒരു മുകമാകെ ഉന്തിന
അമർ അമരതുകാണമുന്തിനർ
തുണികൾപടമതമാ മുറിന്തന
തുരകനിരൈയൊടു തേർ മുറിന്തവേ.

---

444. വെഞ്ചമം=വലിയ യുദ്ധം.

ഭാഷ

രണ്ടു സേനാമുഖങ്ങളും ഒന്നിച്ചു മുന്നേറി ഏറ്റുമുട്ടി നേക്കു നേർ പൊരുതി. ആ യുദ്ധം വീക്ഷിക്കാൻ അമരനിവാസികളും ഉത്സുകരായി. കൊലകൊമ്പന്മാർ തുണ്ടം തുണ്ടമായി മുറിഞ്ഞു വീണു. അശ്വവ്യൂഹങ്ങളും രഥവ്യൂഹവും തമ്മിൽ ഇടിച്ചു തകർന്നു.

മൂലം

446. വിരുതർ ഇരുതുണിപാർ നിറൈന്തന
വിടർകൾ തലൈ മലൈയായ്നെളിന്തന
കുരുതി കുരൈകടൽപോൽ പരന്തന
കുടർകൾ കുരുതിയിന്മേൽ മിതന്തവേ.

ഭാഷ

പോരാളിവീരന്മാരുടെ ഉടലുകൾ ഈരണ്ടു കഷ്ണങ്ങളായി വീണു പടക്കളം നിറഞ്ഞു. മററു പലരുടേയും ശിരസ്സുകൾ കരിമ്പാറത്തുണ്ടങ്ങൾ പോലെ നിലത്തുകിടന്നുരുണ്ടു. രക്തധാര ഒലികടൽപോലെ പരന്നു. അതിൽ കുടൽമാലകൾ പൊന്തിയൊഴുകി.

മൂലം

447. കരികൾ കരുവികളോടു ചിന്തിന
കഴുകു നരിയൊടു കാകമുണ്ടന
തിരൈകൾ തിചൈമലൈയൊടു അടർന്തന
തിമിലകുമിലമെലാം വിളൈന്തതേ

ഭാഷ

ചിന്തിയ ആയുധങ്ങൾക്കൊപ്പം കൂട്ടംകൂട്ടമായി ആനകളും ചത്തു ചിതറി. കഴുകന്മാരും കുറുക്കന്മാരും കാക്കകളും പിണങ്ങളെ തിന്നുന്നു. ചോരത്തിരകൾ ദിഗന്തമലകളിൽ ചെന്നലച്ചു. പെരുമ്പറയടിയും ആർപ്പുവിളിയും എങ്ങും മുഴങ്ങിക്കേട്ടു.

മൂലം

448. പുരൈമെത്തമലൈ ആയിരം കൊട്ട
പൊരുവമെനവരും ഏഴ്കലിങ്കർതം
അരചനരൈയെ്ത്ത ആൺമൈയും കെട
അമരിലെതിർവിഴിയാതൊതുങ്കിയേ.

ഭാഷ

കഴുത്തിൽ വടം കെട്ടിയ യുദ്ധസന്നദ്ധമായ ആയിരം മദയാനകളോടെ കരുണാകരനോടു പോരിടാൻ കരുതിവന്ന ഏഴു വിഭാഗം സേനകളുള്ള കലിംഗരാജാവായ അനന്തപത്മൻ, മുൻ പറഞ്ഞവിധം പൗരുഷം കെട്ടവനായി നേരെ നോക്കാനാവാതെ ഒതുങ്ങി മറഞ്ഞുകളഞ്ഞു.

മൂലം

449. അറിയും മുഴൈകളിലോ പതുങ്കിയതു
അരിയപിലനിടയോ മറൈന്തതു
ചെറിയുമടവിയിലോ കരന്തതു
തെരിയ അറിയതെന അടങ്കവേ.

ഭാഷ

കലിംഗനാഥൻ എവിടെപ്പോയൊളിച്ചിരിക്കുന്നു! അദ്ദേഹത്തിന്നു മാത്രമറിയാവുന്ന പൊത്തിലോ, ഭൂമിക്കടിയിൽ കാണാനൊക്കാത്ത കീഴറയിലോ മറഞ്ഞിരിക്കുന്നു. മുട്ടിയാൽ ചൊറിയുന്ന മുററിവളൎന്ന കാടിനകത്തോ എന്നു പറയാൻ സാദ്ധ്യമല്ല. എങ്ങോ പോയടങ്ങി.

മൂലം

450. എതുകൊൽ ഇതു ഇതു മായൈയൊന്റുകൊൽ
എരികൊൽ മറലികൊൽ ഊഴിയിൻകടൈ
അതുകൊൽഎന അലരുവിഴുന്തനർ
അലതികുലതിയൊടു ഏഴ്കലിങ്കരേ.

ഭാഷ

എന്താണിതു്? ഈ യുദ്ധമെന്നു പറയുന്നതു് മായയോ, എരിതീയോ, അന്തകനോ, ലോകാവസാനമായിപ്പോയോ, എന്നിങ്ങനെ വിലപിച്ചുകൊണ്ടു സപ്തകലിംഗങ്ങളിലെ ഭടന്മാരും അലർച്ചയോടെ നിലംപതിച്ചു തുടങ്ങി.

മൂലം

451. വഴിവർ ചിലർ കടൽപായ്‌വർ വെങ്കരി
മറൈവർ ചിലർ വഴിതേടി വൻപിലം
ഇഴിവർ ചിലർ ചിലർ തുറുമണ്ടുവർ
ഇരുവർ ഒരുവഴിപോൽ ഇൻറിയേ.

ഭാഷ

ചിലർ ഓടുന്നു; ചിലർ പാഞ്ഞു ചെന്നു് കടലിൽ ചാടുന്നു. ചിലർ കൊടിയ കൊമ്പന്മാരുടെ പക്കിനു മറയുന്നു; ചിലർ വഴി തേടി ഭയന്നോടി വലിയ ഗുഹകളിൽ ചെന്നുവീഴുന്നു. ചിലർ കുററിക്കാടുകളിൽ പതുങ്ങുന്നു; രണ്ടുപേരൊന്നിച്ചു് ഒരു വഴിക്കു പോകുന്നേയില്ല.

മൂലം

452. ഒരുവരൊരുവരിൻ ഓടമുന്തിനർ
ഉടലിൻ നിഴലിനൈ ഓടഅഞ്ചിനർ
അരുവർ വരുവരെനാ ഇറൈഞ്ചിനർ
അപയമപയമെനാ നടുങ്കിയേ.

ഭാഷ

ഒരാളെക്കാൾ മുമ്പേ ഒരാൾ ഓടാൻ ശ്രമിക്കുന്നു. തങ്ങളുടെ നിഴലിനെത്തന്നെ, തങ്ങളെ പിടിക്കാൻ എത്തുന്ന തമിഴരാണെന്നു ഭയന്നു് ചിലരോടുന്നു. ചിലർ ഓടാനേ പേടിച്ചു് അഭയം അഭയം എന്നിരന്നു തൊഴുന്നു.

മൂലം

453. മഴൈകൾ അതിർവനപോൽ ഉടൻറന
വളവൻ വിട്ടപടൈവേഴം എൻറിരുൾ
മുഴൈകൾ നുഴൈവർകൾ പോരിൽ "ഇൻറുനം
മുതുകുചെയ്യും ഉപകാരം" എൻപരേ.

ഭാഷ

ചോഴൻ വിട്ട ഗജസൈന്യം മേഘഗർജ്ജനം പോലെ ആർത്തിരമ്പിക്കൊണ്ടാണു പാഞ്ഞുവന്നതെന്നു് പറഞ്ഞുംകൊണ്ടു കലിംഗവീരന്മാർ ഗുഹകളിൽ നുഴഞ്ഞുകയറി. യുദ്ധത്തിൽ "നമ്മുടെ മുതുകുകൾ ഇപ്പോൾ ഭാഗ്യംചെയ്തവതന്നെ"യെന്നും പതുങ്ങിയിരുന്നു് ചിലർ മന്ത്രിച്ചു.

മൂലം

454. ഒരു കലിങ്കമോ ഒരുവനഴിത്തനാൾ
ഒരു കലിങ്കമോ ഒരുവനുട്ടത്തതേ.

ഭാഷ

(ഒരേ ഒരു കരുണാകരൻ) ഒന്നായ കലിംഗനാടിനെ മുടിച്ചതോടെ ആ കലിംഗത്തുകാർ ഓരോരുത്തരും ഒററമുണ്ടാലെ നടക്കുന്നവരായിത്തീൎന്നു.

മൂലം

455. അപ്പടി കലിങ്കർ ഓടടത്തൊറി ചേനൈവീരർ
കയ്പട്ടകളിറുംമാവുംകണ്ണിത്തുരൈപ്പർകൾയാരേ.

ഭാഷ

അങ്ങിനെ കലിംഗസേനയെ ഛിന്നിച്ചിതറി നശിപ്പിച്ച (കരുണാകരൻെറ) പോരാളിവീരരുടെ കൈയിലായ ആനകളുടേയും കുതിരകളുടേയും എണ്ണം തിട്ടപ്പെടുത്തി പറയാവതല്ല.

മൂലം

456. പുന്തരുകുരുതി പായപൊഴിതരുകടമും പായ
വണ്ടൊടും പരുന്തിനോടും വളൈപ്പുണ്ടകളിറനേകം

ഭാഷ

മുറിവുകളിൽനിന്നു ധാരയായൊലിക്കുന്ന രക്തത്തോടും പൊഴിയുന്ന മദനീരോടും അവയിൽ പററിപ്പിടിച്ചും കുടിച്ചും കിടക്കുന്ന വണ്ടുകളോടും പരുന്തുകളോടുംകൂടി പിടിക്കപ്പെട്ട ആനകൾ അനേകമത്രേ.

മൂലം

457. ഒട്ടറപട്ടപോരിൽഉരുപ്പവർത്തമ്മൈ വീചി
കട്ടറത്തവർ പോർനിൻറു കട്ടുണ്ടകളിറനേകം.

ഭാഷ

പടക്കളം ഒഴിയുമാറു് കലിംഗവീരർ മുതിപ്പെട്ടുകിടക്കുന്ന ആ നിലത്തു്, തങ്ങളെ നയിക്കുന്ന ആനക്കാരെ വീശിയെറിഞ്ഞു്, ബന്ധവിമുക്തരായ മുനിമാരെപ്പോലെ സ്ഥലംവിടാതെ നില്ക്കവേ, ചോഴവീരരാൽ തളയ്ക്കപ്പെട്ട കരിവീരരും അനേകമാണു്.

മൂലം

458. വരൈചിലപുലികളോടുവന്തു കട്ടുണ്ടവൈപോൽ
അരൈചരുതാമും കട്ടുണ്ടകപ്പെട്ടകളിറനേകം

ഭാഷ

ചില പുലികളോടുകൂടി മലകൾ വന്നകപ്പെട്ടുംപോലെ രാജാക്കന്മാരോടെ ബന്ധിക്കപ്പെട്ടവിധം ലഭിച്ച കൊമ്പന്മാരും അനേകം തന്നെ.

മൂലം

459. നടൈവയപ്പരി ഇരതും ഒട്ടകം
*നവനിതിക്കുലം മകളിരെൻറു
അടൈയഅപ്പൊഴുതവർകൾ കൈക്കൊള്ളു-
മവൈ കണിപ്പതുമരുമൈയേ.

ഭാഷ

തത്സമയം അവൻെറ സൈന്യം പിടിച്ചെടുത്ത, തികഞ്ഞ മല്ലഗതിയും തടിമിടുക്കുമുള്ള കുതിരകളും രഥങ്ങളും ഒട്ടകങ്ങളും നവനിധിയും കുലമങ്കമാരുമെല്ലാം എത്രയെത്രയെന്നു എണ്ണിപ്പറയാനാവില്ല.

മൂലം

460. ഇവൈ കവർന്തപിൻ എഴുകലിങ്കർതം
ഇറൈയൈയും കൊടുപെയർതും എൻറു
ഇവൻഇരുന്തുഴി അറിക എൻറനൻ
അപയമന്തിരി മുതൽവനേ.

ഭാഷ

ചോഴൻെറ മന്ത്രിമുഖ്യൻ ഇവയെല്ലാം ഏററുവാങ്ങിയശേഷം, സപ്തകലിംഗരാജാവായ അനന്തപത്മനേയും പിടിച്ചുകൊണ്ടുപോകേണമെന്നു നിശ്ചയിച്ച് അവൻ ഒളിച്ചിരിക്കുന്ന സ്ഥലം കണ്ടുപിടിക്കിൻ എന്നു കല്പനകൊടുത്തു.

---

* കുബേരൻെറ നവനിധികൾ.

മഹാപത്മശ്ച പത്മശ്ച–ശംഖോ മകരകച്ഛപൗ
മുകുന്ദകുന്ദനീലാശ്ച ഖർവ്വശ്ച നിധയോനവ.

തമിഴിൽ: കച്ചനിധി, കർപനിധി, ശംഖനിധി, നന്ദനിധി, നീലനിധി, പത്മനിധി, മഹാനിധി, മഹാപത്മനിധി, മുകുന്ദനിധി.

മൂലം

461\. ഉരൈകൾ പിർപെട്ടമളവിൽ ഒററർകൾ
ഒലികടർപ്പടൈ കടിതുപോയ്
വരൈകളിൽ പുടൈതടവിയപ്പടി
വനമിലൈ പുരൈ തടവിയേ.

ഭാഷ

(കരുണാകരൻെറ) കല്പന കേട്ടപാടേ ഒലികടലൊത്ത ചാര (ഒററർ) വർഗ്ഗം തിടുക്കമായി ചെന്നു്, മലകളും ഗുഹകളും തപ്പി, കാട്ടിടകളിലും ഒരിടവും വിടാതെ തിരഞ്ഞു.

മൂലം

462\. ചുവട്ടപൊററിലം അവനൈ മററൊരു
ചുവട്ടപെററനം ഒരുമലൈ
കുവട്ടപററിയതവനടർപടൈ
അളുകുണിപ്പരിതു എനലുമേ.

ഭാഷ

"ആ കലിംഗനാഥൻ എവിടെ ഒളിച്ചിരിക്കുന്നുവെന്നതിൻെറ ഒരു തെളിവും കിട്ടിയില്ല. എന്നാൽ, വേറൊരടയാളം ഞങ്ങൾ കണ്ടു. അവൻെറ ഒരു വലിയ സേനാവിഭാഗം ഒരു മലമുകളിൽ പതിയിരിക്കുന്നുണ്ടു്. അതിൻെറ വലിപ്പം അതിരററതാണു്." എന്നു ചില ചാരന്മാർ പറയുകയും,

മൂലം

463\. എക്കുവട്ടമെക്കടെലും എന്തകാട്ടും
ഇനിക്കലിങ്കർരെണാവതു ഇൻേറ നാളും
അക്കുവട്ടമക്കടെലും വളൈന്തുവെയ്യോൻ
അത്തമനക്കുവടണൈയുമളവിർ ചെൻേറ.

ഭാഷ

ഇനി കലിംഗന്മാരെ രക്ഷിക്കാൻ ഏതു മലയും ഏതു തുരുത്തും ഏതു കാനനവും ശക്തമല്ല എന്നു പറഞ്ഞു് ആ ചാരന്മാർ, ആ മലകളേയും ദ്വീപുകളേയും പകൽ മുഴുവൻ ചുററിക്കറങ്ങി; സൂര്യൻ അസ്തമനഗിരി പൂകുമ്പോഴേയ്ക്കും കലിംഗനാഥൻ മറഞ്ഞിരിക്കുന്ന ആ മലയിൽ ചെന്നു.

മൂലം

464. തോലാതകളിററപയൻ വേട്ടൈ പൻറി
തൊഴുവടൈത്തു തൊഴുവതനൈ കാപ്പാർപോല
വേലാലും വില്ലാലും വേലി കോലി
വെർപതനൈ പിടിയളവും കാത്തുനിൻേറ.

ഭാഷ

തോല്ക്കാത്ത കുഞ്ജരസേനയുള്ള കുലോത്തുംഗൻ വേട്ടയാടിപ്പിടിച്ച പന്നിയെ തൊഴുത്തിലിട്ട് അതിനെ കാക്കുന്നവരെപ്പോലെ ആ ഒററയാന്മാർ, തങ്ങളുടെ വേലുകളാലും വില്ലുകളാലും വേലികെട്ടി കലിംഗരാജനൊളിച്ചിരിക്കുന്ന ആ കുന്നിൻപ്രദേശത്തെ പുലർച്ചയാകുംവരെ കാത്തുനിന്നു.

മൂലം

465. ചെമ്മലൈയായ് ഒളിപടൈത്തതുയാതോ എന്റും
ചെങ്കതിരോനുതയംചെയ്യു ഉതയമെന്നും
അമ്മലൈയോയിമ്മലൈയും എന്നത്തവ്വർ
അഴികുരുതിനതിപരക്ക അറുക്കും പൊഴ്തിൽ

ഭാഷ

ഇതു ചെന്നിറം പൂണ്ട മലയായി പ്രകാശം വിതറാൻ കാരണമെന്തു്? ചുവന്ന കിരണങ്ങളുള്ള സൂര്യൻ എന്നാളും കാലത്തു വരികയാൽ ഉദയഗിരിയെന്നു വിളികൊണ്ട മലയിതാണോ എന്നു തോന്നുംവണ്ണം ആ മലയുടെ നാലുപുറവും ശത്രു

രക്തപ്പുഴയൊലിച്ചിറങ്ങുമാറ് പതിയിരുന്ന കലിംഗസേനയേയും ചോഴവീരന്മാർ നശിപ്പിച്ചു.

മൂലം

466. വരൈക്കലിങ്കർതമ്മൈച്ചേരമാൈയേററി
വൻതുറ പറിത്തമയിർക്കുറൈയും വാങ്കി
അരൈക്കലിങ്കം ഉരിപ്പുണ്ട കലിങ്കരെല്ലാം
അമണരെന പിഴൈത്താരും അനേകർ അങ്കേ.

ഭാഷ

മലകളുള്ള കലിംഗത്തുകാക്ക് ഒരപമാനമെന്നോണം, ആ കുററിക്കാടുകളിൽ കാററിൽ പറക്കുന്ന കുടമ്മയോടും, അരയിലെ വസ്ത്രം അഴിഞ്ഞുവീണും ഓടുന്ന നാടൻ പടയാളികളിൽ, തങ്ങാം ജൈനമതക്കാരാണെന്നും പറഞ്ഞു രക്ഷപ്പെട്ടവരും ആ മലഞ്ചെരുവിൽ ധാരാളമുണ്ടു്.

മൂലം

467. വേടത്താൽ കുറൈയാതു മുന്നൂലാക
വെഞ്ചിലൈനാൺമടിത്തിട്ടു "വിതിയാർകങ്കൈ
ആടർപോന്തകപ്പെട്ടோം കരന്തോമെൻേറ
അരിതനൈവിട്ടുയിർപിഴൈത്തോർ" അനേകർഅങ്കേ

ഭാഷ

വേഷത്തിൽ തിരിച്ചറിയാതിരിക്കാൻ, തങ്ങളുടെ നെടിയ വില്ലിൻെറ ഞാൺ മൂന്നിഴയിൽ പിരിച്ചു പൂണൂലാക്കി മാറിലണിഞ്ഞു, "ഞങ്ങാം ഗംഗാനദിയിൽ തർപ്പണത്തിനു വന്നവരാണ്. നിങ്ങളെക്കണ്ടു ഭയന്നൊളിച്ചപ്പോാം നിങ്ങളുടെ പിടിയിൽ പെട്ടുപോയതാണ്." എന്നിങ്ങനെ താഴ്മയായിപ്പറഞ്ഞു ശത്രുതാമൊഴിച്ചും അനേകർ രക്ഷപ്രാപിച്ചു.

മൂലം

468. കുറിയാക്കെകുരുതി കൊടിയാടയാക
കൊണ്ടുടുത്തുപോത്തുതം കുഞ്ചിമുടിത്തു
"അറിയീരോ ചാക്കിയരൈ ഉകൈകണ്ടാടലെൻ
അപ്പുറം?" എൻറു ഇയമ്പിടുവർ അനേകർ അങ്കേ.

ഭാഷ

ചോരയിൽ മുക്കിപ്പഴിഞ്ഞ കൊടിശ്ശീലകളെ അങ്കവസ്ത്രമായി ധരിച്ചു് ദേഹം മൂടി, കുടുമയെ മൊട്ടയടിച്ചു് "ബുദ്ധസന്യാസിമാരായ ഞങ്ങളെക്കണ്ടാൽ അറിഞ്ഞുകൂടേ?" എന്നു പരിചയം പറഞ്ഞും പലരും അവിടെ രക്ഷപ്പെട്ടു.

മൂലം

469. ചേനൈമടികളംകണ്ടേം തികെെത്തുനിൻേറാം
തെലുങ്കരേം എൻറു ചില കലിങ്കർതങ്കൾ
ആനൈമണിയിനൈ താളംപിടിത്തുക്കുമ്പിട്ടു
അടിപ്പാണർ എനൈപ്പിഴൈത്തർ അനേകർ
അങ്കേ.

ഭാഷ

ഇത്ര്യധികം സേനകൾ മരിച്ചുകിടക്കുന്ന പടക്കളം കണ്ടു് പകച്ചുപോയവരാണ് ഞങ്ങൾ എന്നു പറഞ്ഞും ചെരിഞ്ഞ ആനക്കഴുത്തിലെ മണികളെടുത്തു താളം പിടിച്ചും, ഞങ്ങൾ നിങ്ങളുടെ അടിമകളായി ജീവിക്കുന്ന പാണന്മാരാണേ എന്നു പറഞ്ഞു് കുമ്പിട്ടു തൊഴുതുകൊണ്ടും ചില കലിങ്കപ്പടയാളികൾ ജീവൻ രക്ഷിച്ചു പോയി.

മൂലം

470. ഇവർകൾമേൽ ഇനിയൊരുവർപിഴൈത്തരില്ലൈ
എഴുകലിങ്കത്തു ഓവിയർകൾ എഴുതിവൈത്ത
ചുവർകൾമേൽ ഉടലൻറി ഉടൽകൾ എങ്കും
തൊടർന്തുപിടിത്തറുത്താർ മുന്നൈയ ആങ്കേ.

ഭാഷ

മേൽപറഞ്ഞവരല്ലാതെ ഒരുത്തരും രക്ഷപ്പെട്ടു പോയിട്ടില്ല. സപ്തകലിംഗനാട്ടിലെ ചിത്രകാരന്മാർ ഭിത്തികളിൽ രചിച്ചുവച്ചിരുന്ന മെയ്ച്ചിത്രങ്ങളല്ലാതെ കലിംഗവീരയോദ്ധാക്കളെ കണ്ടിടത്തെങ്ങും തേടിയോടിപ്പിടിച്ച് ചോഴസൈന്യം അരുത്തുമുറിച്ചിട്ടു. വേഷം മാറി അടവിൽ തടിതപ്പിയവരല്ലാതെ ഒരാളും ജീവിച്ചില്ല.

മൂലം

471. കടർകലിങ്കമെറിന്തു ചയത്തമ്പം നാട്ടിക്
കടകരിയും കുവിതനമും കവർന്തുതൈവച്
ചുടർപടൈവാൾ അപയനടിയരുളിനോടും
ചൂടിനാൻ വണ്ടൈയർകോൻ തൊണ്ടൈമാനേ.

ഭാഷ

വണ്ടനാട്ടു രാജാവായ തൊണ്ടമാൻ കടലിനടുത്തുള്ള കലിങ്കരാജ്യത്തെ മുഴവൻ തോല്പിച്ചു പിടിച്ച് ജയസ്തംഭം നാട്ടി. മദം ഒലിക്കുന്ന ആനകളേയും അവിടെ അമിതമായി കുമിഞ്ഞുകൂടിയിരുന്ന മററു ധനങ്ങളേയും കവന്ന്, ഒളിവീശുന്ന ഉടവാൾ ധരിച്ച ദിവ്യനായ ചോഴൻെറ തൃച്ചേവടികളിൽ അർപ്പിക്കുകയും, അദ്ദേഹത്തിൻെറ അനുവാദത്തോടെ അവയെ താൻ തന്നെ സ്വീകരിക്കുകയും ചെയ്തു.

[പോർപാടിയതു സമാപ്തം]

പതിമ്മൂന്നാം പടലം: കളം പാടിയതു്
(യുദ്ധക്കളവർണ്ണന)

[കലിംഗ യുദ്ധക്കളത്തിൽനിന്നെത്തിയ പേയ്, യുദ്ധത്തിൻെറ ഭയാനകതയെ വർണ്ണിച്ചുകൊണ്ടു് "ദേവി, അവിടന്നു് ആ പോർക്കളത്തെ തൃക്കൺപാർത്താലും." എന്നപേക്ഷിച്ച് തൊഴ

ന്നു. ദുർഗ്ഗാഭഗവതി ഉടൻ തൻെറ ഭൂതപ്രേതാനുചരസംഘത്തോടു കൂടി അവിടേയ്ക്കെഴുന്നുള്ളുകയും ആ യുദ്ധക്കളത്തെച്ചൂണ്ടി "നിങ്ങൾ കുഴമ്പാക്കിക്കുടിക്കുവിൻ." എന്നു അവരോടു കല്പിക്കയും ചെയ്യുന്നു. പേയ്കൾ കൂഴ് ഉണ്ടാക്കി മൃഷ്ടാന്നം ഭുജിച്ച് മൂതർകുലോത്തുംഗനേയും വാഴ്ത്തുന്നു]

മൂലം

472\. ദേവാചുരം രാമായണം മാപാരതമുളയെൻറു
ഓവാ ഉരൈഒയുംപടി ഉളതപ്പോരുകളമേ.

ഭാഷ

ദേവാസുരയുദ്ധവും രാമരാവണയുദ്ധവും പെരുതായ ഭാരതപ്പോരും കീർത്തനീയങ്ങൾതന്നെ എന്ന പുകഴ്ച്ചൊല്ലുകൾ നീങ്ങുമാറ് യുദ്ധം നടന്നതായ ആ പോർക്കളം ഇതാ.

മൂലം

473\. കാലക്കളെമതു കണ്ടരുൾ ഇറൈവീകടിതെനവേ
ആലക്കളെമുടൈയാൻ മകിഴംഅമുതക്കളെമണുകി.

ഭാഷ

ദേവീ, അന്തകൻെറ ആ കൊലക്കളം വേഗം വന്നു സന്ദർശിച്ചാലും എന്നു കലികത്തുനിന്നെത്തിയ പേയ് പറഞ്ഞു നിർത്തി. കാളകൂടവിഷം കഴുത്തിൽ അണിഞ്ഞവൻ കണ്ടാനന്ദിക്കുന്ന അമൃതസമാനയായ ആ ദേവി യുദ്ധക്കളത്തോടടുത്തു.

മൂലം

474\. എന്നോ ഒരു ചെരുവങ്കളും എനവേ അതിചയമുററു
അന്നേരിടൈ അലകൈക്കണംഅവൈവെകണ്ടിട
മൊഴിയും

ഭാഷ

ഒററമാല മാത്രമണിഞ്ഞ ആ ഭഗവതി ഉപമിക്കാനൊക്കാത്ത കൊടിയ പോർക്കളത്തെക്കണ്ടു് ആശ്ചര്യപ്പെട്ടു് തൻെറ

കൂടെയുള്ള പേയ്ക്കൂട്ടങ്ങളോടു് "അതു കണ്ടോ?" എന്നു വിളിച്ചു പറഞ്ഞു.

മൂലം

475. ഉടലിന്മേൽ പല കായംചൊരിന്തു പിൻകാൽ
ഉടൽ പതൈപ്പ ഉതിരത്തെയൊഴുകും യാനൈ.
കടലിന്മേൽ കലം തൊടർപ്പിന്നേ ചെല്ലും
കലംപോൻറുതോൻറുവനെ കാണ്മിൻ കാൺമിൻ!

ഭാഷ

മുറിവുകളിൽനിന്നും ഒഴുകിക്കൂടി, ഉടലിൽ പുറംകാലടിക്കുമാറു് രക്തത്തിൽ നീന്തിച്ചെല്ലുന്ന ആനകൾ; കടലിൽ ഒന്നിനു പിറകേ ഒന്നായി വരുന്ന മരക്കലം (വള്ളം) പോലെയും, മുൻകപ്പലിനെ പിന്തുടരുന്ന കപ്പലുകൾ പോലെയും പായുന്നതു കാണുവിൻ! കാണുവിൻ!

മൂലം

476. നെടുങ്കുതിരൈമിചൈ കലനൈച്ചരിയപ്പായ്ന്തു
നിണച്ചേററിൽ കാൽകുളിപ്പനിടൈയേ നിൻറു
പടുകുതികൊട്ടുംപുനലൈ അടൈക്കപ്പായ്ന്ത
പല കുതിരൈത്തറിപോൻറുപരിചു കാൺമിൻ.

ഭാഷ

വലിയ കുതിരകൾ തങ്ങളുടെ മേലുള്ള കോപ്പുകൾ ഊരിവീഴുമാറു് ഓടി, കൊഴുപ്പായ ചളിയിൽ കാലുകൾ വിഴുക്കിപൂണ്ടുപോകയാൽ, കാലൂരാൻ കഴിയാതെ വരിയായി നിന്നുപോയതു്, ഒലിച്ചുപോകുന്ന രക്തമാകുന്ന നീർപ്പാച്ചിൽ തടയാൻ കുതിരച്ചിറകെട്ടിയതു പോലെ നില്ക്കുന്നതു കണ്ടോ!

മൂലം

477. വിരുന്തിനരും വറിയവരും നെരുങ്കിഉണ്ണ
മേന്മേലും മുകമലരും മേലോർ പോല

പരുന്തിനമും കഴുകിനമും തരമേളണ്ണ
പതുമമുകം മലർന്തിരൈ പാർവിൻ പാർവിൻ

ഭാഷ

വിരുന്നു വന്നവരും ദരിദ്രരും മുട്ടിയുരുമ്മിയിരുന്നുണ്ണുന്നതു കണ്ടിട്ടു് അധികം മുഖപ്രസാദമേററ മഹാന്മാരെപ്പോലെ, പരുന്തിൻകൂട്ടവും കഴുകുകളും കൊത്തിവിഴുങ്ങുമ്പോൾ താമരമലരൊത്ത മുഖം വിരിഞ്ഞു് സന്തോഷിക്കുന്ന (മരിച്ച) വീരരെ കാൺമിൻ, കാണ്മിൻ.

മൂലം

478. ചാമളവും പിറക്കു ഉതവാതവരൈനച്ചി
ചാരുനർപോൽ വീരർഉടൽ തരിക്കുമാവി
പോമളവും അവരരുകേ ഇരുന്തുവിട്ടു
പോകാത നരിക്കുലത്തിൻ പുണർച്ചി കാൺമിൻ.

ഭാഷ

മരണംവരേയ്ക്കും മററുള്ളവക്കു സഹായം ചെയ്യാത്തവരെ ഇഷ്ടപ്പെട്ടു് അവരോടൊത്തിരിക്കുന്ന മൂഢരെപ്പോലെ, വീരരുടെ ദേഹത്തിലെ ജീവൻ പോകുംവരെ അവരുടെ അട്ടത്തുനിന്നു വിട്ടുമാറാത്ത നരിക്കൂട്ടങ്ങളുടെ സ്നേഹം കാണു.

മൂലം

479. മാമഴൈപോൽ പൊഴികിൻറ താനവാരി
മരുത്തുവിഴും കടകളിറൈവെരുത്തു വാനോർ
പൂമഴൈ മേൽപായ്ന്തൊഴിന്തു നിരന്തവണ്ടു
പൊരുട്പ്പെണ്ടിർപോൻറമൈയും
കാൺമിൻ കാൺമിൻ.

ഭാഷ

പെരുമഴപോലെ ചൊരിഞ്ഞ ദാനനീരിൽ ചത്തുവീണുകിടക്കുന്ന കൊലകൊമ്പന്മാരെ വെരുത്തു പറന്നു് ദേവന്മാരുടെ

പുഷ്പവൃഷ്ടിയേററു തിരിയുന്ന വണ്ടുകൾ ധനം മാത്രമാശിക്കുന്ന വേശ്യകളോടു തുല്യമായിരിക്കുന്നതു നോക്കുക, നോക്കുക.

മൂലം

480. ചായ്ന്നുവിഴും കടകളിററിനടനേ ചായ്ന്നു
തടങ്കുരുതി മിചൈപ്പടിയും കൊടികൾതങ്കൾ
കാന്തരുടൻ കനലമളിഅതൻമേൽ വൈകം
കറ്പ്പുടൈമാതരൈയൊത്തെ കാൺമിൻ കാൺമിൻ

ഭാഷ

ആ കുരുതിത്തടത്തിൽ ചരിഞ്ഞുവീണ മദയാനകളോടു ചേൎന്നു കിടക്കുന്ന കൊടികൾ, തങ്ങളുടെ ഭൎത്താക്കന്മാരോടൊപ്പം പട്ടടത്തീയിൽ ശയിക്കുന്ന പതിവ്രതമാരെപ്പോലിരിക്കുന്നതു നോക്കു, നോക്കു.

മൂലം

481. തം കണവരുടൻ താമും പോകയെൻറേ
ചാതകരൈ കേട്പാരേ തവിപ്പാർപ്പാർ.
എങ്കുന്നവർ കിടന്തവിടം എങ്കേ എന്റു
ഇടാകിനിയൈകേട്പാരൈ കാൺമിൻകാൺമിൻ.

ഭാഷ

തങ്ങളുടെ പ്രാണപ്രിയന്മാരോടൊപ്പം തങ്ങളും പോകേണമെന്നു നിശ്ചയിച്ച് ചില സ്ത്രീജനങ്ങൾ ചാതകരോട് (പേയ്കളിൽ ഒന്നു്) അന്വേഷിച്ചശേഷം പ്രിയ കന്തവരുടെ ദേഹത്തെ തപ്പിനടക്കുന്നു. കണ്ടുകിട്ടാതെ, തങ്ങളുടെ കാന്തന്മാരുടെ ഉടൽ എവിടെക്കിടക്കുന്നുവെന്നു പലപ്രാവശ്യം ഇടാകിനി (ശവം തീനിപ്പിശാച്)മാരെ വിളിച്ചു ചോദിക്കുന്ന മങ്കമാരെ നോക്കു, നോക്കു.

മൂലം

482. വായ്മടിത്തുകിടന്ത തലൈമകനൈനോക്കി
മണിയതരത്തു ഏതേനും വടുവുണ്ടായോ

നീമടിത്തുക്കിടന്തതെനപ്പുലവിച്ചൂർന്തു
നിൻറാവിചോർവാളൈക്കാണ്മിൻ! കാണ്മിൻ!

ഭാഷ

വാപൂട്ടി മരിച്ചു കിടക്കുന്ന കണവനെ നോക്കി എന്തോയി ങ്ങനെ വായ് ഇറുക്കിയടച്ചുകൊണ്ടു കിടക്കുന്നു. ആ മണിച്ചുണ്ടി ലെങ്ങാനും മുറിവുണ്ടായോ എന്നു് അത്യധികം സങ്കടത്തോടെ വൈവശ്യംപൂണ്ടു ജീവത്യാഗം ചെയ്യുന്നവളെ നോക്കു, നോക്കു.

മൂലം

483. തരൈമകൾതൻ കൊഴുനൻറൻ ഉടലന്തന്നൈ
ത്താങ്കാമൽ തന്നുടലാർ താങ്കിവിണ്ണാടു
അരമകിളിർ അവ്വുയിരൈയിപ്പുണരാ മുന്നം
ആവിയൊക്കെ വിട്ടുവാളൈക്കാണ്മിൻ! കാണ്മിൻ!

ഭാഷ

ഭൂമിദേവി തൻെറ പ്രിയതമൻെറ ഉടൽ താങ്ങുന്നതിനു മുമ്പേ, തൻെറ മെയ്യോടുചേർത്തണച്ചു താങ്ങി, ദേവലോകത്തുള്ള സ്ത്രീകൾ ആ വീരപുരുഷൻെറ ഉയിരിനെ പുണരുന്നതിനു മുമ്പേ തൻെറ ജീവനേയും വെടിഞ്ഞു കൂടെപ്പോകുന്നവളെക്കണ്ടോ, കണ്ടോ!

മൂലം

484. പൊരുതടക്കൈവാളെങ്കേ? മണിമാർപെങ്കേ?
പോർമുകത്തിൽ എവർവരിനും പുറംകൊടാത
പരുവരൈത്തോൾ എങ്കേ? എങ്കേ? എൻറു
പൈരവിയൈക്കേട്പാളൈക്കാൺമിൻ!
കാൺമിൻ!

ഭാഷ

പൊരുതിനിന്ന ബലിഷ്ഠമായ കയ്യിലെ വാൾ എവിടെ? മാറിലണിഞ്ഞിരുന്ന രത്നമാലയെവിടെ? സമരമുഖത്തു് ആരുവ ന്നെതിർത്താലും പുറംതിരിഞ്ഞോടാത്ത ആ ഉരുണ്ടുറച്ച തോൾ

എവിടെ എന്നു് ഭൈരവീദേവിയോടു ചോദിച്ചറിയുന്നവളെ നോക്കു, നോക്കു.

മൂലം

485. ആടറവുരങ്കം പിടിത്തു ആളൈ ആളോ-
ടടിത്തുപ്പുടൈത്തവ്വിരും പുണ്ണീർ
ഓടിത്തെറിക്കക്കരിങ്കൊണ്ടൽ ചെങ്കൊണ്ടൽ
ഒക്കിൻറ ഇവ്വാറു കാൺമിൻകളോ!

ഭാഷ

വലിയ കുതിരയെ ഒരു കയ്യാൽ നിയന്ത്രിച്ചുകൊണ്ടു് ഒരുത്തനെ എടുത്തു മററൊരുത്തനെ അടിച്ചുചതയ്ക്കുന്ന വീരരുടെ മുറിവായിൽനിന്നും ഒലിച്ചു ചാടുന്ന രക്തം, കുതിരകൾ പായുമ്പോൾ പാളിത്തെറിക്കുന്ന കറുത്തും ചുവന്നതുമായ മേഘങ്ങൾക്കു തുല്യമായിരിക്കുന്നതു കാണുന്നില്ലേ!

മൂലം

486. നെരുങ്കുആക വൻച്ചെങ്കളത്തേ
തയങ്കുന്നിണപ്പോർവൈ മൂടിക്കൊള
ക്കരുങ്കാകം വെങ്കാകമായ് നിൻറ
വാമുൻപുകാണാതെ കാൺമിൻകളോ!

ഭാഷ

ഞെരുങ്ങിയ യുദ്ധക്കരുതിക്കളത്തിൽ മിന്നുന്ന കൊഴുപ്പിൽ മുക്കിയ തുണിയാൽ മൂടിക്കിടക്കുന്ന പ്രേതങ്ങൾക്കിടയിൽ തത്തുന്ന കരിങ്കാക്കകൾ, വെൺകാക്കകളായി മാറുന്നതു കാണാത്തവരുണ്ടെങ്കിൽ കാണുവിൻ!

മൂലം

487. മിടൈയുററ തേർമൊട്ടു മൊട്ടൊക്ക
വെഞ്ചൊരിനീരൊക്ക വീഴ്തൊങ്കൽപാ

ചടൈയൊക്ക അടുചെങ്കളം പങ്ക
യപ്പൊയ്യൊത്തയാമാറു കാൺമിൻകളോ!

ഭാഷ

ഇടതിങ്ങി നില്ക്കുന്ന തേരുകളുടെ മൊട്ടുകൾ (താഴികക്കുടം) താമരമൊട്ടുകൾ പോലെയും, തളംകെട്ടിക്കിടക്കുന്ന രക്തവും കൊഴുപ്പും തണ്ണീരിനു തുല്യവും വലിയ പീലിക്കുടകൾ പച്ച ഇലകൾ പോലെയും തോന്നിക്കുന്ന ഈ യുദ്ധക്കളം കുരുതി നിറഞ്ഞ ചെന്താമരപ്പൊയ്കയ്ക്കു സമമായിരിക്കുന്നതു കണ്ടുവോ!

മൂലം

488. വെയിൽതാരൈ വേൽചൂഴവും തൈക്ക
മൺമേൽ വിഴാവീരർ വേഴംപർത-
ങ്കയിററാലിഴപ്പുണ്ടു ചായാതു
നിർകും കഴായ് ഒത്തൽ കാൺമിൻകളോ!

ഭാഷ

വീരന്മാരുടെ ശരീരത്തിൽ നിറയെ, തിളങ്ങുന്ന സൂര്യകിരണങ്ങൾപോലെ വേലുകൾ കുത്തിത്തറഞ്ഞു നില്ക്കുന്നതിനാൽ അവരുടെ ദേഹം മണ്ണിൽ മുട്ടാതെ കഴക്കുത്താടികളുടെ കയറിൽ ചാഞ്ഞു നില്ക്കുന്ന മുളകൾപോലെ നിൽക്കുന്നതു കാണുന്നില്ലേ!

മൂലം

489. ഇരുപ്പുക്കവെന്തത്തിൻ മീതേറ-
ലും ചൂരർ എഃകനുതൈക്ക ഇറകൈപ്
പരപ്പിച്ചുഴൻറിങ്കോർ പാറാട
ഈ തോർപരുന്താടൽ കാൺമിൻകളോ!

ഭാഷ

മെയ്ക്കണിഞ്ഞ ഇരുമ്പുകവചത്തേയും തുളച്ചു് ഉരുക്കുവേൽ ദേഹത്തു തറഞ്ഞുകയറിയ പടയാളികൾ, രണ്ടു ചിറകുകൾപോലുള്ള തങ്ങളുടെ കൈകളെ നീട്ടിപ്പരത്തിക്കിടന്നു്

മരണവേദനയാൽ പിടയ്ക്കുമ്പോഠം കഴുകന്മാർ മേലെ വട്ടം ചുററുകയും, പരുന്തുകഠം (ആഹ്ലാദമോടെ) തത്തിക്കളിക്കുകയും ചെയ്യുന്നതു കാണുന്നില്ലേ!

മൂലം

490. വരുഞ്ചേനൈ തഞ്ചേനൈമേൽ വന്തു-
റാമേവിൽ വാഠംവീരർ വാണാളു-
ക്കറ്റംചേവകം ചെയ്തു ചെഞ്ചോററ
ച്ചെയ്ത കൈമാറു കാൺമിൻകളോ!

ഭാഷ

മുന്നേറിവരുന്ന പടയണി തങ്ങളുടെ പോർമുഖത്തു വന്നിടിക്കാതെ മുൻനിരയിലെ വാഠംവീരന്മാർ കൊടിയ വീരത്തൊഴിൽ ചെയ്തു് തങ്ങഠം ആയുഷ്കാലം മുഴുക്കെ തിന്ന ചോറിനു പ്രത്യുപകാരം ചെയ്യുന്ന വീരധർമ്മത്തെ കാണുവിൻ!

മൂലം

491. യാനൈപ്പടൈച്ചൂരർ നേരാന
പോഴ്തർ എഴുന്താടുകിൻറാർ തലൈ
മാനച്ചയപ്പാവൈ വിട്ടാടും
അമ്മാനൈവട്ടൊത്തൽ കാൺമിൻകളോ!

ഭാഷ

വീരന്മാരായ ആനപ്പടയാളികഠം ഇടവേളയിൽ സസന്തോഷം തുള്ളിക്കുതിച്ചാടുമ്പോഠം പൊങ്ങിയും താണും കളിക്കുന്ന അവരുടെ(തൊപ്പിവച്ച്) ശിരസ്സുകഠം ബഹുമാനിതയായ വീരമകഠം അമ്മാനക്കളിയിൽ വീശിയെറിയുന്ന ചൊക്കട്ടാങ്കായ്കഠം(അമ്മാനപ്പന്തു്) പോലെയിരിക്കുന്നതു കണ്ടോ!

മൂലം

492. എതിർകൊള്ളും ചുരർവിമാനങ്കളിർ ചുരർകളായ്
ഏറുമാനവർകഠംതാം എണ്ണുതർ കരുമൈയിൻ

കതിർവിചുംപതനിലേ ഇതനിലും പെരിയതോർ
കാളൈയംവിളൈയുമാ കാൺമിനോ! കാണ്മിനോ:

ഭാഷ

എതിരേററു കൊണ്ടുപോകാൻ വരുന്ന ദേവവിമാനങ്ങളിൽ ഏറുന്ന സിംഹതുല്യരായ വീരയോദ്ധാക്കാം എത്രയെന്നു് എണ്ണാവുന്നതല്ല. പ്രകാശപൂർണ്ണമായ ആ സ്വർഗ്ഗപുരിയിൽ ഇതിലും വലിയ തോതിൽ വീരസമൂഹം എത്തിച്ചേർന്നിട്ടുള്ളതു് കാണുന്നില്ലേ!

മൂലം

493. അവർഇപംചൊരിമതം കഴിയെനപ്പുകമടുത്തു
അവർപരിത്തിരൈഅലൈത്തുഅമർചെയ്കാൽ
ഇങ്കർതം
കവരിവെൺനരൈനിരൈത്തുഅവരുടർ
കുരുതിയിൻ
കടൽപരന്തോട്ടമാ കാൺമിനോ! കാൺമിനോ!

ഭാഷ

ആ വീരന്മാർ, ആനകാം ചൊരിയുന്ന വർദ്ധിച്ച മദനീരിൽ ഇറങ്ങി പൊരുതി അതു കലക്കുകയാലും അതിൽ കുതിരകാം അലകാം വീശി അടരാടുകയാലും, അവയുടെ നിരയായ കുഞ്ചിരോമങ്ങാം ദേവന്മാരുടെ വെൺചാമരം പോലെയും അവയുടെ വെൺനരകാം ചോരക്കടലിലെ പതപോലെയും തോന്നുന്നതു കാണുന്നില്ലേ!

മൂലം

494. പുവിപുരന്തരുഠം ചെയ്യും
ചയതരൻ ഒരുമുറൈപ്
പുണരിമേൽ അണൈ
പടപ്പൊരുവിൽവിൽ കുനിതലിൻ

കവികുലം കടലിടൈ
ച്ചൊരിപെരും കിരിയെനക്
കരികളിൻപിണമിതിർ
കാൺമിനോ കാൺമിനോ.

ഭാഷ

ലോകരക്ഷ ചെയ്യുന്ന കുലോത്തുംഗൻ ഒരുതവണ കടലിനു ചിറകെട്ടിയപ്പോൾ (അവന്റെ), അനുപമമായ പോർവില്ലു വളഞ്ഞപ്പോൾ കപികുലം അന്നാക്കടലിൽ ചൊരിഞ്ഞ വലിയ പാറക്കല്ലുകൾപോലെ, ആനകളുടെ പിണത്തുണ്ടുകൾ ഇതിൽ കാണുവിൻ, കാണുവിൻ!

മൂലം

495. ഉററവായ് അംപുതം പരിചയും കരുവിയും
ഉരുവിമാർപകലമും ഉരുവിവീഴ് ചെരുനർവിൽ
'കററവാ! ഒരു വൻവിൽ കററവാ' എൻറുതം
കൈമറിത്തവരെയും കാൺമിനോ കാൺമിനോ

ഭാഷ

മൂളിവന്നു് മേൽതറയ്ക്കുന്ന അസ്ത്രവും പരിചയും വാളും തുളച്ചു് പിന്നണിഭടന്മാരുടെ മാറും നൊത്തുകയാൽ നിലംപതിക്കുന്ന വീരന്മാർ 'അമ്പോ, എന്തൊരു വിൽക്കരുത്തു്' എന്നുറക്കേ വിളിച്ചുപറയുമ്പോഴേക്കും മരിച്ചുവീഴുന്ന പലരേയും കാണുന്നില്ലേ, കണ്ടില്ലേ.

മൂലം

496. വിണ്ണിൻമൊയ്ത്തെഴവിമാനങ്കളിർചുരർകളായ്
മീതുപോമുയിർകള അന്റിയേഇൻറുതം
കണ്ണിമൈപ്പൊഴിയവേ മുകം മലർന്തുടൽകളും
കടവുളോർപോലുമാ കാൺമിനോ കാൺമിനോ!

ഭാഷ

ആകാശത്തിലേക്ക് ഞെരുങ്ങിപ്പൊങ്ങുന്ന വിമാനങ്ങളിൽ ദേവന്മാരായി ഉയൎന്നുപോകുന്ന പ്രാണങ്ങളെക്കൂടാതെ, ഈ പോർനിലത്തു കണ്ണിമയ്ക്കാതെ വികസിച്ച മുഖത്തോടെ ശയിക്കുന്ന ഈ ശരീരങ്ങളും സ്വൎഗ്ഗത്തിലേയ്ക്കുള്ളവതന്നെയെന്നു കാണുന്നില്ലേ, കാണുന്നില്ലേ.

മൂലം

497. പിറൈപ്പെരുംപണൈ വേഴം മുന്നോട
പിൻതുണിന്തു തരൈപ്പട്ടം
കുറൈത്തലൈത്തുണി കൊല്ലൻ എഫ്കെറി
കൂടം ഒത്തമൈ കാൺമിനോ.

ഭാഷ

ചന്ദ്രക്കലപോലെ പെരും കൊമ്പുള്ള ആനകൾ മുമ്പും പിമ്പും വെട്ടുകൊണ്ട് തറയിൽ പതിക്കുന്ന തുണ്ടങ്ങൾ കൊല്ലന്റെ ആലയിൽ ഇടവിടാതെ പതിക്കുന്ന കൂടമടിപോലെ കാണുവിൻ.

മൂലം

498. വായിനിൽപുക വേൽകൾ പറവു
വലക്കൈയോട്ട നിലത്തിടൈച്
ചായും മററവർ കാളം ഊതികൾ
തന്മൈയൊത്തമൈ കാൺമിനോ.

ഭാഷ

വായിൽ പാഞ്ഞുതറഞ്ഞ വേലിനെ വലംകൈകൊണ്ടു് പിടിച്ചു വലിച്ചു് നിലത്തു വീഴുന്ന ചില വീരന്മാർ കൊമ്പു വിളിക്കുന്നവരുടെമാതിരി(കാഹളം)യിരിക്കുന്നതു നോക്കുക.

മൂലം

499. പടവൂൻറു നെടുംകുന്തം മാർപ്പിനിൻറു
പറിത്തുഅതനൈനിലന്തൂന്റിത്തേർമേൽ നിർപാർ
പടവൂൻറിവിടും തൊഴിലോർ എന്ന മുന്നം
പചുംകുരുതി നീർതോൻറുംപരിച്ചു കാണ്മിൻ!

ഭാഷ

വഞ്ചിതുഴയുന്ന നെടുംപങ്കായം പോലുള്ള കുന്തം, സ്വന്ത മാറിൽനിന്നു വലിച്ചൂരി അതു നിലത്തൂന്നി തേരിൽ നിലകൊള്ളുന്നവർ, മുന്നിലെ പശിമയുള്ള ചോരക്കളത്തിൽ പടവൂന്നിവിടുന്ന വള്ളക്കാരെപ്പോലെ കാണുക!

മൂലം

500. വായകലന്നുഅരത്തമൊടു നിണംകൊണ്ടോട
മററതനൈവള്ളുകിരിൻ പരുന്തുകോണൽ
വായ്അകലംപരത്തിനിടൈ കനവിൽവായ്
വകിർപ്പട്ടു നിലംപട്ടവണ്ണം കാൺമിൻ!

ഭാഷ

കൊഴുപ്പും ചോരയുംപിടിച്ചു കിടക്കുന്ന വായ്ത്തല പരന്ന അസ്ത്രങ്ങൾ, വളഞ്ഞ കൊക്കിൽ ഇറുക്കിപ്പിടിച്ചുകൊണ്ടു നഖംകൂത്ത പരുന്തുകൾ പറന്നുപൊങ്ങുമ്പോൾ അവയുടെ ഉറപ്പുള്ള വായിൽ അമ്പിൻകവര കൊളുത്തി വായ് പൊളിഞ്ഞു് ചത്തു നിലംപതിക്കുന്നതു കണ്ടുവോ!

മൂലം

501 ചാതുരങ്കത്തലൈവനൈ പേക്കളത്തിൽവന്ത
തഴൈവയിററു പൂതംതാൻ അരിന്തിമക്ക
ചാതുരങ്കം തലൈചുമന്തുകമഞ്ചൂൽകൊണ്ടു
തനിപ്പട്ടുങ്കാർ എനവരുമത്തനൈമൈ കാൺമിൻ!

ഭാഷ

പോക്കളത്തിലെത്തിയ പരന്ന പെരുംവയറുള്ള ഭൂതം, ചതുരംഗസേനാനായകനെ തിന്നു് മനം തൃപ്തിപൂണ്ടശേഷം, ചത്തു വീഴുംമുമ്പു തലനിവർത്തിനിന്ന കുതിരകളെപ്പോലെ അതുല്യമേന്മയോടെ കാർമേഘംപോലെ നീണ്ട ഞെളിഞ്ഞു വരുന്ന ആ വരവു കണ്ടില്ലേ.

മൂലം

502. മുതുകുവടുവിപ്പുടിയിരിക്കും എന്നനിർക്കും
മുനൈകളിറേറാർ ചെരുക്കളെത്തുമുന്തുതങ്കൾ
മുതുകുവടുപടും എൻറ വടുവൈ അഞ്ചി
മുന്നം വടുപ്പട്ടാരൈ ഇന്നും കാൺമിൻ.

ഭാഷ

അതിർമലരാം ഇങ്ങനെയിരിക്കും എന്നു കാണിച്ചു് നിരന്ന മുന്നണിയിലെ ഗജേന്ദ്രന്മാർ, ആദ്യത്തെ വട്ടംതന്നെ തങ്ങളുടെ മുതുകിൽ കുത്തുകൊള്ളുമോ എന്നു പകയ്ക്കുന്നു. അതിനുമുമ്പേ വടുപെട്ടവരേയും അതാ കാണാം.

മൂലം

503. കളമടയ കാട്ടുതക്ക് മുടിവതൻറു
കവിഴമതക്കരിചൊരിയ കുമിഴിവിട്ടു
കുളമടൈപട്ടതുപോലും കുരുതിയാടി
ക്കുഴടുമിൻ എൻറരുള കുമ്പിട്ടാങ്കേ.

ഭാഷ

യുദ്ധക്കളം മുഴുവൻ ചുററിനടന്നു കാട്ടുവാൻ ഒക്കില്ലല്ലോ. മദയാനകൾ കമ്ഴ്ന്നിച്ചു് നിലത്തുവീണുകൊണ്ടേയിരിക്കുന്നു. (ചിറയിലെ) തൂമ്പു തുറന്നാൽ പായുന്നപോലെ (അവ ചൊരിയുന്ന) രക്തം ചീററിത്തെറിച്ചൊഴുകിക്കൂടുന്നു. അതാ കുമിളയിടുന്ന കുരുതിക്കുളം. അതിൽ നീരാടിക്കുളിച്ചുവന്നു് ആഹാരമൊരുക്കുവിൻ (കുഴിടുക—പുഴുക്കു വയ്ക്കുക എന്നു്).

മൂലം

504. കുരുമോടീനെട്ടനിണമാലായ് കുടൈകലതി
ക്കൂർഎയ്റീനീലി
മറിവാടീ കുതിർവയറി, കുഴടവാരീർ
ക്കുഴടവാരീരേ.

ഭാഷ

എടീ, മുണ്ടീ, മോടീ, പൊക്കക്കാരി നിണമാലേ (കുരുതിയിൽ മാത്രം), കുളിക്കാരി കലതീ, കൊന്തപ്പല്ലുള്ള നീലി, എടി മറിമാടീ, കുതിർവയറീ കൂഴ പുഴങ്ങുവിൻ. എല്ലാവരും തീനൊരുക്കിൻ.

മൂലം

505. പറിന്തമരുപ്പിൻ വെൺകോലാൽ
പല്ലൈവിളക്കിക്കൊള്ളീരേ
മറിന്തകളിററിൻ പഴഎലുമ്പൈ
വാങ്കിനാക്കൈവെഴിയീരേ.

ഭാഷ

പറിഞ്ഞുപോയ കൊമ്പുകളാം തേപ്പുകമ്പുകളാക്കി പല്ലുകളാം മിനുക്കുവിൻ. ചെരിഞ്ഞ കൊമ്പന്മാരുടെ പഴെല്ലുകളെടുത്തു നാക്കും വടിക്കിൻ.

മൂലം

506. വായമ്പുകളാം ഒകിർകൊള്ളി
വാങ്കി ഉകിരൈവാങ്കിയിരേ
പായുംകളിററിൻ
മതത്തൈലം പായപായവാരീരേ.

ഭാഷ

വളന്തു കൂർമ്പിച്ച അമ്പുകളായ നഖങ്ങളെ (അതിലും മൂർച്ച കൂടിയ) പോരായുധങ്ങളാൽ ചെത്തി വെടിപ്പാക്കുവിൻ, മത്തേഭങ്ങളുടെ ഗന്ധമദതൈലം വാരി തലയിൽ തേയ്ക്കുവിൻ.

മൂലം

507. എണ്ണെപോക വെൺമൂളൈ
എന്നും കളിയാൻ മയിർക്കുഴപ്പി
പണ്ണെയാക്കെ കുരുതിമടു
പായ്ന്തു നീന്തിയാടീരേ.

ഭാഷ

തലയിൽ തേച്ച എണ്ണപോകാൻ വെൺമൂളയിൽ കുഴഞ്ഞ ചേടിത്താളി തേച്ചു് എല്ലാവരും കൂട്ടമായിപ്പോയി ആ കുരുതിക്കുളത്തൽ ചാടി, നീന്തിക്കുളിക്കുവിൻ.

മൂലം

508. കുരുതികുട്ടമിത്തനയും കോലും വേലും കുന്തമുമേ
കുരുവികട്ടമാട്ടാതീർ കരയ്യേയിരുന്തു കുളീരേ.

ഭാഷ

ആ ചോരത്തടാകത്തിൽ മുഴവൻ കോലും വേലും ഈട്ടിയും മററു ആയുധങ്ങളുമൊക്കെ മൂടിക്കിടപ്പുണ്ടേ. അവയിൽ തട്ടിമുട്ടി മുറിവേല്ക്കാതെ നോക്കണേ. കടവിലെങ്ങാനുമിരുന്നു് കുളിച്ചാലും മതി.

മൂലം

509. ആഴ്ന്തകുരുതിമടു നീന്തി
അങ്കെ ഇനയാതിങ്കേറി
വീഴ്ന്ത കലിങ്കർ നിണക്കലിങ്കം
വിരിത്തുവിരിത്തു പുനൈയീരേ.

ഭാഷ

പലതും പൂഴ്ന്ന താഴ്ചയുള്ള കുരുതിത്തടത്തിൽക്കിടന്നു് നീന്തിമറിഞ്ഞു കുഴയാതെ കരയ്ക്കേറി (പോക്കളത്തിലേയ്ക്കു്), മരിച്ച കലിങ്കരുടെ ചോര പാടപിടിച്ചു കിടക്കുന്ന വെള്ളക്കൊഴുപ്പുവേഷ്ടികളെ നിവത്തി ഉടുത്തൊരുങ്ങുവിൻ.

മൂലം

510. മതംകൊാം കരിയിൻ കോളക്കൈയെ
മണിച്ചൂടകമായ് ചെരിയീരേ
പാതംകൊാം പുരവി പടിത്തര ഇപ്
പൊർപാടകമാപ്പുനൈയീരേ.

ഭാഷ

മദംപൊട്ടിയൊഴുകുന്ന കരികളുടെ *കിമ്പുരി (പൂണ്-ദന്തവടം) കളെ കൈവളകളാക്കുവിൻ. കറുകപ്പുല്ല് തിന്നു കൊഴുത്തു തടിച്ച കുതിരകളുടെ അങ്കവടി (കുളമ്പണി) കളെ തളകളാക്കി കണങ്കാലിലിടുവിൻ.

മൂലം

511. ഈണ്ടുംചെരുവിർപട്ടവീരർ
എറിയുംപാരാവളൈയടുക്കി
വേണ്ടുമളവുംവായ്നെകിഴ്ത്തു
വിട്ടകംപികളാപ്പുനൈയീരേ

ഭാഷ

മികച്ചു നിറഞ്ഞ പോൎക്കളത്തിൽ മൃതിപ്പെട്ട പടവീരന്മാരെറിഞ്ഞ ചക്രങ്ങളുടെ (പാരാവാളം) വായ വേണ്ടുവോളം നിവൎത്തി കാതണി (വിടുകമ്പി) കൊള്ളുത്തുവിൻ.

മൂലം

512. പണൈത്തപനൈവെങ്കരി കരത്താൽ
പരിയപരുനാണക്കട്ടീരേ;
ഇണൈത്തമുരചം വാാംകാമ്പിട്ടു
ഇരട്ടൈവാളിഏററീരേ.

ഭാഷ

തടിച്ച കൊലകൊമ്പന്മാരുടെ പനപോലുള്ള തുമ്പിക്കയ്യെ

* പലവക കൊമ്പണികളിൽ ഒന്നു്.

ടത്തു് അരഞ്ഞാണാക്കി ഇട്ടപ്പിന്നെ കെട്ടുവിൻ, കൂട്ടിച്ചേർത്ത പെരു നുവറയിൽ ചുരുട്ടുവാറം തോറംവാറാ(ഏറാപ്പ്)ക്കി ഇരട്ടത്തമ്പേര കെട്ടുവിൻ.

മൂലം

513. പട്ടപുരവി കവി കുരത്താൽ
പാകുവലയം ചാത്തീരേ;
ഇട്ടചുരിചങ്കെടുത്തുക്കോത്തു
ഏകാവലിയും ചാത്തിരേ.

ഭാഷ

മരിച്ചുകിടക്കുന്ന കുതിരകളുടെ വളർക്കുളമ്പുകളെടുത്തും തോറംവള (ബാഹുവലയം) ചാത്തുവിൻ. വീരന്മാർ ഇട്ടുപോയ ഇരട്ടച്ചുഴിശ്ശംഖുകളെടുത്തു് ഒററച്ചെയ്യുനാക്കി (ഏകാവലി) കഴുത്തിൽ ഇടുവിൻ.

മൂലം

514. പൊരുചിനവീരർതം കൺമണിയും
പോതകമത്തകമുത്തും വാങ്കി
വരിച്ചെയറിന്തുനരമ്പിർകോർത്തു
വന്നി[1]ചരങ്കറം അണിയീരേ.

ഭാഷ

അമർഷംപൂണ്ടടരാടിയ ഭടന്മാരുടെ കൺമണികളും, ഗജമസ്തകത്തിലെ മുത്തുകളും പറിച്ചെടുത്തു്, ഞരമ്പുനാരിൽ കോത്തു് പലനിറ മണികറം ചേൻ കണ്ഠശരങ്ങളും അണിയുവിൻ.

മൂലം

515. കൊള്ളും ഏനൈപ്പലകോലമെൻമേൽ
കൊണ്ടിടവേളൈയും മീളുര

1 ചിലമ്പ്ലാമോതിരം, പാലമ്പ്ലാമോതിരം.

ഉള്ളുംപുറമ്പും വെതുമ്പുങ്കാൺ
ഉൺപതനക്കൊരുപ്പട്ടവിരേ.

ഭാഷ

ഇനിയും കൊള്ളാവുന്ന ആഭരണങ്ങളോരോന്നെടുത്തണിഞ്ഞും, അണിയിച്ചു രസിച്ചും നിന്നു നേരം കളയാതെ. വിശപ്പ് അകത്തും പുറത്തുമെരിയുന്നു. ഇനി ഊണിനൊരുക്കുക, വഞ്ചകാരികളേ!

മൂലം

516. മാകായമതമലൈയിൻ പിണമലൈമേൽ
വൻകഴുകിൻ ചിറകാൽ ചെയ്ത
ആകായമേർകട്ടിയതൻകീഴേ
അടുക്കളൈകൊണ്ടു അടുമിനമ്മാ!

ഭാഷ

മഹാകായന്മാരായ മദകൊമ്പന്മാരുടെ മാനംമുട്ടിക്കിടക്കുന്ന പിണങ്ങളിന്മേൽ, പെരുങ്കഴുകിൻചിറകുകളാൽ മൂടിയ ആകാശമേക്കട്ടിയുടെ കീഴിൽ, അടുക്കളെയും അടുപ്പും പൂട്ടിക്കൊൾവിൻ, അമ്മമാരേ!

മൂലം

517. പൊഴിമതത്താൽ നിലമെഴുകിപ്പൊടിന്തുതിർന്ത
പൊടിത്തരളപ്പിണ്ടിതീട്ടി
അടിമതത്തമത്തകത്തെഅടുപ്പാക്ക
കടുപ്പാക്കൊണ്ടുഅടുമിനമ്മാ!

ഭാഷ

ഒഴുകിവീഴുന്ന മദഗന്ധതൈലത്താൽ നിലം മെഴുകുക. പൊടിഞ്ഞുതിർന്ന മുത്തുപൊടികളാൽ കോലമിടുക. എന്നിട്ട്, കൊല്ലപ്പെട്ടുകിടക്കുന്ന മദയാനമസ്തകങ്ങളെ അടുപ്പുകല്ലുകളുമാക്കി വേഗം വെപ്പു തുടങ്ങുവിൻ, അമ്മമാരേ.

മൂലം

518. കൊററവാൾ മറവർ ഓച്ചക്
കുടരൊട്ട തലൈയുംകാലും
അററുവീഴ് ആനൈപാനൈ
അടുപ്പിനിൽ ഏററുമമ്മാ!

ഭാഷ

ജയം നേടിയ വാൾവീരന്മാർ (മറവർ) ഒററവീശിനാൽ മുൻകാലും തലയും കുടലുകളോടെ അററുവീഴ്ത്തിയ ആനവയറുകളായ പാനകൾ അടുപ്പിലേററ, പെമ്പ്രന്നോരേ!

മൂലം

519. വെൺടയിരും ചെന്തയിരും വിരായ്കിടന്ത
കിഴാൻപോൽ വീരർമൂളൈ
തൺടയിരും മിടൈവിത്തപുളിതമുമാത്
താഴിതൊറും തമ്മിനമ്മാ!

ഭാഷ

വെള്ളത്തൈരും ചെന്തൈരും കൂട്ടിക്കലക്കിയതിനേയും, വീരയോദ്ധാക്കളുടെ തലച്ചോറായ തണുത്ത തൈരും, മൺകല (താഴി) ങ്ങളിൽ വെവ്വേറെ എടുത്തുവയ്ക്കിൻ. ഇടയ്ക്കിടയ്ക്കിരിയ്ക്കുന്ന മാംസക്കലങ്ങളും കൊണ്ടുവന്നു് ഒരുക്കിവയ്ക്കിൻ, സ്ത്രീകളേ

മൂലം

520. കൊലൈയിനട്ട് പട-
കരിക്കുഴിചിയുട്ക്കുഴിനിക്ക
ഉലൈയെനക്കുതിരൈയിൻ
ഉതിരമേചൊരിമിനോ.

ഭാഷ

കൊന്നിട്ടിരിക്കുന്ന ഒരത്തിയാനകളുടെ വയറായ പാന യിൽ കൂഴകാച്ചുവാൻ വെള്ളത്തിന്നു് (ഉലൈനീർ) കുതിരച്ചോര യൊഴിച്ചുകൊൾവിൻ.

മൂലം

521. തുള്ളിവെങ്കളനിൽവീഴ്ത്തുരകവെൺപല്ലെനം
ഉള്ളിയുംകിള്ളിയിട്ടു കിരിനപ്പുമിടുമിനോ

ഭാഷ

പടച്ചോരക്കിൽ തുള്ളിച്ചാടി മരിച്ചുവീണ തുരഗങ്ങളുടെ പല്ലിനെ വെള്ളുള്ളിയായികിള്ളിയിടുവിൻ. അവയുടെ കുളമ്പു കളായ കട്ടയുപ്പും ഇടുവിൻ.

മൂലം

522. തനിവിചുംപടൈയിനം പടൈഞർ
കൺതവിർകിലാ
മുനിവുഎനങ്ങ്കനലൈ
നീർമൂള വൈത്തിടുമിനോ!

ഭാഷ

യുദ്ധത്തിൽ മൃതിപ്പെട്ടു് അന്യാദൃശമായ വീരസ്വർഗ്ഗം പൂകി യിട്ടും അവരുടെ ആറാത്ത കോപക്കനൽകൊണ്ടു തീപിടിപ്പി ച്ചെടുക്കുവിൻ.

മൂലം

523. കുന്തമുംപകഴിയും കോൽകളുംവേലുമാ
ഇന്തനംപലവെട്ടത്തിടൈമടുത്തെരുമിനോ

ഭാഷ

അമ്പും കുന്തവും തടികളും വേലുകളുമൊക്കെ വിറകാക്കി അടുപ്പിൽ പൂഴ്ത്തി കത്തിച്ചുകൊള്ളുവിൻ.

മൂലം

524. കല്ലെക്കറിത്തുപ്പൽമുറിന്തു
കവിഴ്ന്തുവീഴ്ന്തകലിങ്കർതം
പല്ലെത്തകർത്തുപ്പഴയരിചി
ആകപ്പണ്ണിക്കൊള്ളീരേ.

ഭാഷ

പോരിൽ കമിഴ്ന്നുവീണ കലിങ്കത്തുകാരുടെ മരണപരാക്രമത്താൽ, കല്ലിൽ കടിച്ചുകാറി അടന്ന പല്ലുകൾ ഇടിച്ചു നുറുക്കി പഴയരിയാക്കി അടുപ്പത്തിടുവിൻ.

മൂലം

525. ചുവൈക്കുംമുടിവിൽ കൂഴിനിക്കുച്
ചൊരിയുംഅരിചിവരിഎയിറാ
അവൈക്കും ഉരൽകൾ എനക്കുരൽകൾ
അവിന്തമുരചം കൊള്ളീരേ.

ഭാഷ

ആ പല്ലുകളാകുന്ന അരിയിട്ടു പാകപ്പെടുത്തുന്ന പായസം (കൂഴ്) കൂടുതൽ രുചികരമാകുവാൻ, ആ അരി കുത്തി തവിടുകളയണം. കുത്താൻവേണ്ടി തോൽ പൊട്ടിയ തമ്പേറുകളെ ഉരലാക്കുവിൻ.

മൂലം

526. ഇന്തഉരർകൺഇവ്വരിചി
എല്ലാംപെയ്തുകൊൽയാനൈത്
തന്തഉലക്കൈതനൈയോച്ചിച്
ചല്ലക്കുമുല്ലക്കനെകുററീരേ.

ഭാഷ

ആ ഉരലിൽ അരിയിട്ടു്, ചെരിഞ്ഞ ആനകളുടെ കൊമ്പുകൾ

തന്നെ ഉലക്കയാക്കി 'ചലുക്കുമുലുക്കെ'ന്നു് കുത്തിത്തെളിക്കു വിൻ.

[526 മുതൽ 543 വരെയുള്ള പദ്യങ്ങളിൽ ദേവിയേയും കുലോത്തുംഗനേയും സേനാനികളേയും വാഴ്ത്തുന്നു. പിന്നീടു് പാചകം തുടരുന്നു.]

മൂലം

527. തണന്തമെലിവുതാൺതീരത്
തടിത്തഉടൽവെംപചിതീരപ്
പിണന്തരുനാച്ചിയൈപാടീരേ
പെരുംതിരുവാട്ടിയൈ പാടീരേ.

ഭാഷ

വലിയ മെലിവു പററിപ്പോയ ദേഹത്തിൻെറ ക്ഷീണം തീക്കുവാനും, തടിച്ച ഉടലിലെ വലിയ വിശപ്പെല്ലാം തീക്കുവാനുമായി ഇഷ്ടംപോലെ ശവങ്ങാം തന്നനുഗ്രഹിക്കുന്ന ദേവിയെ വാഴ്ത്തുവിൻ; ദുർഗ്ഗാഭഗവതിത്തമ്പുരാട്ടിയെ (നമ്മുടെ നായികയെ) വാഴ്ത്തുവിൻ.

മൂലം

528. കവനനെടുംപരിവീരതര
കാവിരിനാട്ടുടൈയാനിരുതോാം
അവനിചുമന്തമൈപാടീരേ
അരവുതവിർന്തമൈപാടീരേ.

ഭാഷ

പാഞ്ഞെത്തിക്കുന്ന മികച്ച കുതിരപ്പടയുള്ള, കാവേരിനാട്ടധിപൻ, ഭൂമിദേവിയെ രണ്ടു തോളിലും ഏററിയതിനെ വർണ്ണിക്കുവിൻ; അതുകൊണ്ടു് ആദിശേഷനു് ലഭിച്ച വിശ്രമത്തേയും വർണ്ണിച്ചു പാടുവിൻ

മൂലം

529. മന്നർപുരന്തരൻവാളപയൻ
വാരണമികുമതംപടവേ
തെന്നർഉടൈന്തമൈ പാടീരേ;
ചേരർഉടൈന്തമൈ പാടീരേ.

ഭാഷ

മന്നവേന്ദ്രനും വാാംവിദഗ്ദ്ധനുമായ ചോഴൻെറ ആനകാം മദഗന്ധം വീശി ചിന്നംവിളിക്കുന്നതു കേട്ടപ്പോാംത്തന്നെ, തോൽവി സമ്മതിച്ചോടിയ പാണ്ഡ്യന്മാരെക്കുറിച്ചും ചേരന്മാരെക്കുറിച്ചും പാട്ടുപാടുവിൻ.

മൂലം

530 വണങ്കിയചേരർമണിമുടിയും
വഴുതിയർതക്കാംമണിമുടിയും
പിണങ്കിയചേവടി പാടീരേ;
പെരുമാൻതിരുവടി പാടീരേ.

ഭാഷ

തന്നെ വന്നു തൊഴുതവരായ ചേരൻേറയും പാണ്ഡ്യൻേറയും മണിക്കിരീടങ്ങാം തലയിൽനിന്നെടുപ്പിച്ച വീരൻെറ തൃച്ചേവടികളെ വാഴ്ത്തുവിൻ; ചക്രവത്തി തിരുവടികളെ വാഴ്ത്തുവിൻ!

മൂലം

531. ഒളിറുനെടുമ്പടൈവാള പയർകു
ഉത്തരപൂമിയിർ ഇട്ടതിറൈക്
കളിറുവരുംപടി പാടീരേ;
കടമതംനാറുവ പാടീരേ.

ഭാഷ

വാളേന്തിയ ജ്വലിക്കുന്ന പടയുള്ളവനായ ചോഴരാജനു് ഉത്തരേന്ത്യൻ രാജാക്കന്മാർ കൊടുത്ത കപ്പത്തെ ചുമന്നുകൊണ്ടു

വരുന്ന കൊമ്പന്മാരെ വർണ്ണിച്ചു പാടുവിൻ. ആ ഗജസമൂഹം വീശുന്ന മദഗന്ധത്തെക്കുറിച്ചും പാടുവിൻ.

മൂലം

532. പവ്വമടങ്കവളൈത്ത കുടൈപ്
പണ്ടിതചോഴൻ മലർക്കഴിലിൽ
തെവ്വർപണിന്തമൈ പാടീരേ;
ചിലയാടിയവലി പാടീരേ.

ഭാഷ

കടലടക്കം വിടന്ന വെൺകൊററക്കുടക്കീഴിലൊതുക്കിയ പണ്ഡിതചോഴൻെറ താമരമലരൊത്ത ചേവടികളിൽ ശത്രുക്കാം അടിപണിഞ്ഞതിനെ പാടി കേംപ്പിക്കിൻ. അദ്ദേഹത്തിൻെറ വില്ലാളിവീരതയേയും വാഴ്ത്തുക.

മൂലം

533. എറൈറപ്പകലിനം വെള്ളണിനാാം
ഇരുനിലപ്പാവൈ നിഴലുററ
കൊററക്കുടൈയിനൈപ്പാടീരേ;
കുലോത്തുംഗചോഴനൈപ്പാടീരേ.

ഭാഷ

മററ നാളുകളേക്കാാം അദ്ദേഹത്തിൻെറ പിറന്നാാംദിവസം ഭൂമിദേവി കുടിയിരിക്കുന്ന ആ വെൺകൊററക്കുടയെപ്പററി പാട്ടുപാടുവിൻ! ആ കുലോത്തുംഗചോഴനെ സ്തുതിക്കുവിൻ!

മൂലം

534. വണ്ടൈവളംപതി പാടീരേ;
മല്ലൈയും കച്ചിയും പാടീരേ;

---

532. പാഠം: പവ്വം-പെളവം=കടൽ.

പണ്ടൈമയിലൈയും പാടീരേ;
പല്ലവതോൻറലൈപ്പാടീരേ.

ഭാഷ

സജ്ജനങ്ങളും ഫലപുഷ്ടിയുമുള്ള അവൻെറ ദേശത്തെ വാഴ്ത്തുവിൻ. തിരുക്കടൽമല്ലയേയും കാഞ്ചീപുരത്തേയും പുകഴ്ത്തുവിൻ. പ്രാചീനനഗരമായ മയിലാപ്പൂരിനെപ്പററി പാടുവിൻ. പല്ലവത്താഴിയിലുദിച്ചുയൎന്ന (കരുണാകര) വനെപ്പററിയും പാടുവിൻ. (വണ്ടൈ ഒരു ദേശപ്പേരുമാകുന്നു.)

മൂലം

535. കാട്ടിയവേഴ അണിവാരിക്
കലിങ്കപ്പരണിനങ്കാവൻമേർ
ചൂട്ടിയതോൻറലൈ പാടീരേ;
തൊണ്ടൈയർ വേന്തനൈപ്പാടീരേ.

ഭാഷ

തൻെറ ശക്തി പ്രദൎശിപ്പിച്ചു് ഗജസൈന്യത്തെ കൈവശപ്പെടുത്തിയ—കലിംഗപ്പരണി പാടാൻ കാരണക്കാരനായ—കുലോത്തുംഗനെ വാഴ്ത്തുവിൻ. തൊണ്ടനാട്ടധിപനെ (കരുണാകരനെ) പുകഴ്ത്തുവിൻ.

മൂലം

536. ഇടൈപ്പാൎത്തിറൈ കാട്ടി
ഇറൈവിതിരുപ്പുരുവത്തിൻ
കടൈപൊൎത്തലൈ വണങ്കും
കതിർമുടി നൂറായിരമേ.

ഭാഷ

സമയംപാൎത്തു ചെന്നു് കപ്പം കൊടുത്തശേഷം, വീരശ്രീ കുടികൊള്ളുന്ന തിരുപ്പുരികത്തിലെ കടക്കൺപാൎത്തു തല കുനിക്കുന്ന, ഒളിവീശുന്ന കിരീടങ്ങൾ ആയിരം വരും.

മൂലം

537. മുടിചൂടം മുടിയൊൻേറ മുതലപയൻ ഹ്എററകോമാൻ
അടിചൂടം മുടിയെന്നിൽ ആയിരന്തുറായിരമേ.

ഭാഷ

എൻെറ നായകനായ കുലോത്തുംഗൻ മുടിയിൽ ചൂടുന്ന കിരീടം ഒന്നേയുള്ളു. എന്നാൽ ആ തൃച്ചേവടി താങ്ങുന്ന കിരീടം നൂറായിരമാണ്. (പാദം ചൂടുന്ന ചിററരചന്മാർ.)

മൂലം

538. മുടിയിനാൽ വഴിപ്പട്ടമൊഴിന്തതിറൈ ഇടവേന്തർ
അടിയിനാൽ മിതിപട്ട അരുവരൈന്തുറായിരമേ-

ഭാഷ

അവൻെറ കാല്ക്കൽ കിരീടമൂരിവച്ചവരിൽ വാഗ്ദാനപ്രകാരം കപ്പമടയ്ക്കാത്ത രാജാക്കന്മാരെ കണ്ടുപിടിച്ചു ചവിട്ടിയൊതുക്കാൻ വേണ്ടി ആ കാൽപ്പാടേററ ദുർഗ്ഗമപർവ്വതങ്ങൾ നൂറായിരമുണ്ട്.

മൂലം

539. താർവേയ്ന്ത പുയത്തപയൻ
തന്നമൈച്ചർ കടൈത്തലൈയിൻ
പാർവേന്തർ പടുകിൻറ
പരിപവം നൂറായിരമേ-

ഭാഷ

വെററിമാലയണിഞ്ഞ തുംഗഭുജങ്ങളുള്ള ആദികുലോത്തുംഗൻെറ മന്ത്രിമാരുടെ ഗോപുരവാതുക്കൽ ഉപരാജാക്കന്മാരനുഭവിക്കുന്ന മാനക്കേട് പലതാണ്.

മൂലം

540. താങ്കാരപ്പുയത്തപയൻ
തന്നളിയാൽ പുയൽ വളർക്കും

ഓങ്കാരമന്തിരയും
ഒപ്പില നൂറായിരമേ.

ഭാഷ

അത്തിമാലയണിഞ്ഞ തോളുള്ള അഭയന്റെ കുളിത്ത സ്നേഹാർദ്രതയാൽ മേഘങ്ങൾ പെരുക്കുന്ന ഓങ്കാരമന്ത്രവും ഉപമിക്കാനാവത്തവിധം നൂറായിരമത്രേ.

മൂലം

541. പോർത്താങ്കം കളിററപയൻ
പുയമിരണ്ടും എന്നാളും
പാർത്താങ്കപചംതീർന്ത
പണിപ്പുണം നൂറായിരമേ.

ഭാഷ

പോരടിക്കുന്ന വാരണപ്പടയുള്ള ചോഴന്റെ ഭുജദ്വയങ്ങൾ എന്നെന്നും ഭൂഭാരം താങ്ങിക്കൊണ്ടേയിരിക്കയാൽ, ചുമടൊഴിഞ്ഞ അനന്തന്റെ പത്തികളും നൂറായിരമത്രേ.

മൂലം

542. നാർകടലൈ കവിത്തകുടൈ
നരതുങ്ക്കൻഅമുതമെഴപ്
പാർകടലൈ കടൈന്തരുളും
പണൈപ്പുയം നൂറായിരമേ.

ഭാഷ

നാലു കടലും അടക്കിവെച്ചത്ത് കുടയുള്ള ആ നരതുംഗന്, അമൃതം കിട്ടുമാറ്, പാൽക്കടൽ കടഞ്ഞുകൊടുക്കാൻ കരുത്തുള്ള കൈയുള്ളവരും നൂറായിരമത്രേ.

മൂലം

543. താളിരണ്ടാൽ നിലവേന്തർ
തലൈ താങ്കും ചയതുങ്കൻ

തോളിരണ്ടാൽ വാണനൈ മുൻ
തുണിത്ത തോൾ ആയിരമേ.

ഭാഷ

തൻെറ രണ്ടു പാദങ്ങളാൽ ചിററരചന്മാരുടെ മുടികളെ താങ്ങുന്ന ജനത്തുംഗൻ, പണ്ടു് രണ്ടു ഭുജങ്ങളാലും വെട്ടിയ ബാണാസുരൻെറ ശിരസ്സുകളും സഹസ്രമത്രേ.

മൂലം

ചൂഴിമുക്കെളിററപയൻ തുന്നടന്തരുളിയ നാൾ
ആഴിമുതർപടൈയെടുത്ത അണിനെടുന്തോളായിരമേ.

ഭാഷ

മുഖപടം ചാർത്തിയ ഗജസേനയുള്ള അഭയൻ ദൂതനായി ചെന്നപ്പോൾ, ചക്രം തുടങ്ങിയ ആയുധങ്ങൾ താങ്ങിയ അണിനെടുംതോളുകളും ആയിരമാണു്.

മൂലം

545. പല്ലരിചിയറവുമികപ്പഴവരിചിതാമാകച്
ചല്ലവട്ടംഎന്നും ചുളകാൽ തവിടുപടപുടൈയീരേ.

ഭാഷ

(മരിച്ചവരുടെ) പല്ലാകുന്ന അരി നല്ല പഴയരിയാക്കിച്ചേത്തു്, പരിചയായ മുറത്തിലിട്ടു തവിടു പേററിയെടുക്കുവിൻ.

മൂലം

546. പാണികളാൽ നിലന്തിരുത്തി
പ്പടൈക്കലിങ്കർ അഞ്ചിപകഴിത്
തുണികളേ നാഴികളാ
ത്തുണിമാ അളവീരേ.

---

543. വിഷ്ണു ബാണാസുരനെ ജയിച്ച കഥ കുലോത്തുംഗനിൽ ആരോപിക്കുന്നു.

544. വീണ്ടും വിഷ്ണ്വവതാരമെന്നു ധ്വനിപ്പിക്കുന്നു.

KOTTAYAM PUBLIC ... KOTTAYAM.

ഭാഷ

കൈകളാൽ നിലം തുന്നുവാരി, മരിച്ച കലിംഗരുടെ ഭംഗിയുള്ള അമ്പുറകളെ നാഴിയാക്കി അരിമാവളന്നിടുവിൻ.

മൂലം

547. വിരർപ്പട്ടിൽ അവൈ ചിറിയവിർ
കൂടൈ പെരിയനകൊണ്ടു
ഉരർപ്പെട്ട അരിചി മുകന്തു
ഉലൈകൾതൊറും ചൊരിയീരേ.

ഭാഷ

കൈയുകൾ ചെറുതാകയാൽ, കൈക്കുന്ന നുറുക്കരി ആവനാഴികൊണ്ടുതന്നെ അളന്നു് അടുപ്പത്താക്കുവിൻ.

മൂലം

548. കളപ്പരണിക്കൂഴ് പൊങ്കി
വഴിയാമൽ കൈതുടുപ്പാ
അളപ്പെരിയ കുളപ്പുക്കാൽ
അകപ്പൈകളാകക്കൊള്ളീരേ.

ഭാഷ

(ഭരണിനാളിൽ) ഈ പോർക്കളത്തിൽ ചമയ്ക്കുന്ന പിണക്കഞ്ഞതി തിളച്ചു കവിഞ്ഞൊഴുകാതെ കൈകളെ(മരിച്ചവരുടെ)ചട്ടുകമാക്കിയും, കുളമ്പുള്ള കാലുകളെ കുഴതൽ(കയിൽ)കളാക്കിയും കോരിയെടുക്കുവിൻ.

മൂലം

549. വൈപ്പുക്കാണും നമക്കിൻറു
വാരീർക്കൂഴൈ എല്ലീരും
ഉപ്പുപ്പാക്ക് ഒരു തുള്ളി
ഉള്ളംകയ്യിൽ കൊള്ളീരേ.

ഭാഷ

ഇന്നു നമ്മുടെ കൂഴ്കാച്ചുദിനമാകയാൽ ഉപ്പുനോക്കാൻ എല്ലാവരും വരിൻ. ഓരോതുള്ളി ഉള്ളങ്കയ്യിലൊഴിച്ച് സ്വാദുനോക്കിൻ.

മൂലം

550. അഴലൈക്കയ്യിർകൊള്ളാമേ
അടുപ്പൈ അവിത്തുക്കൈ തുടപ്പാർ
ചുഴലൈച്ചുഴലൈ പുടൈ എങ്കും
തുഴാവിത്തുഴാവിക്കൊള്ളീരേ.

ഭാഷ

തീകൊണ്ടു കൈ പൊള്ളിക്കാതെ വീരബാഹുക്കളാകുന്ന പാചകോപകരണങ്ങളാൽ അടുപ്പുകളൊക്കെ തല്ലിക്കെടുത്തുവിൻ. എന്നിട്ടു് എല്ലായിടവും ചുററിനടന്നു് ഇരിപ്പിടം പിടിച്ചോളിൻ.

മൂലം

551. പററിപ്പാരീർ ഇനിക്കൂഴിൻ
പതമും ചുവൈയും പണ്ടുണ്ട
മറൈറക്കൂഴിൻ മികനൻറു;
വാരീർ ഇഴിച്ച വാരീരേ.

ഭാഷ

ഇനി ഈ കറക്കിൻെറ വേവും രുചിയും നോക്കാം. കഴിഞ്ഞ യുദ്ധകാലങ്ങളിൽ തിന്നതിലും കൂടുതൽ രസികനാണിതു്. വരിൻ, പാത്രങ്ങൾ പിടിച്ചിറക്കുവാൻ എല്ലാരും വരിൻ.

മൂലം

552. എടുത്തുക്കൈകൾ വേകാമേ
ഇവുളിത്തുണിയിട്ടിരുമരുങ്കും
അടുത്തുപ്പിടിത്തുമെത്തനവേ
അടുപ്പിനിൻറും ഇഴ്ച്ചീരേ.

ഭാഷ

പാത്രങ്ങൾ ഇറക്കുമ്പോൾ കൈകൾ പൊള്ളിക്കല്ലേ. കതിരമാംസത്തുണ്ടമായ കൈക്കില(ത്തുണി)ചേർത്തു്, രണ്ടുവശവും കൂട്ടിപ്പിടിച്ചു് വാങ്ങിവയ്ക്കിൻ.

മൂലം

553. ഒരു വായ്കൊണ്ടേ ഇതു തൊലൈയ
ഉൺണവൊണ്ണാതു എന്റെൻറു
വെരുവാനിന്റീർ ആയിരം വായ്
വേണ്ടുമോ ഇക്കൂഴുണവേ?

ഭാഷ

ഈ വിഭവങ്ങളൊം തിന്നുതീക്കാൻ ഒരു വായ്കൊണ്ടുണ്ടാൽ പോരായെന്നു് ശങ്കിച്ചു നില്ക്കുന്നോ? പിന്നെ, ഈ സദ്യയുണ്ണാൻ ആയിരം വായ് വേണമല്ലേ?

മൂലം

554. വെന്ത ഇരുമ്പിർപുകും പുനൽപോൽ
വെന്തീപ്പചിയാൽ വെന്തെരിയും
ഇന്ത വിടമൈനാത്തോയ്ക്കിൽ
ഇക്കൂഴെല്ലാം ചുവറാതോ?

ഭാഷ

പഴുത്ത ഇരുമ്പിൽ പൂണ്ട തീപോലെ, വെന്താളുന്ന വിശപ്പിൽ എരിഞ്ഞുവിണ്ട നാക്കു തൊട്ടാൽ (രുചിച്ചാൽ) ഈ തീനൊക്കെ ആറി വരളാതിരിക്കുമോ?

മൂലം

555. പണ്ടു മികുമോ? പരണിക്കൂഴ്
പാരകത്തിൽ അറിയേമോ?
ഉണ്ടു മികുമോ? നീർചൊന്ന
ഉപായമിതുവും ചെയ്കുവമേ.

ഭാഷ

പരണിക്കുഴ്ക്കാച്ചു(ചുടലസ്സദ്യ)കരം നാമെത്രപണ്ടേ കണ്ടിരിക്കുന്നു? അന്നൊക്കെ എത്ര ഉണ്ടിട്ടും ബാക്കിവന്നോ? നിങ്ങരം കണ്ട ഉപായംതന്നെ (ഊതിയാററൽ) ചെയ്യുവിൻ.

മൂലം

556. വെന്തും കുരുതിപ്പേരാററിൽ
വേണ്ടും തണ്ണീർ വേഴത്തിൻ
കുമ്പങ്കളിലേ മുകന്തെടുത്തു
കുളിരവൈത്തുക്കൊള്ളീരേ.

ഭാഷ

ചൂടുപിടിച്ചു കിടക്കുന്ന കുരുതിപ്പേരാററിൽ (വലിയ ചോരപ്പുഴ) നിന്നു് ഗജമസ്തകക്കുടങ്ങളിൽ വേണ്ടുവോളം കോരിയെടുത്തു് തണുക്കാൻ വയ്ക്കിൻ.

മൂലം

557. ചോരും കിളിററിൻ വാലതിയാൽ
ചുഴലലകിട്ടു അലൈകുരുതി
നീരുംതെളിത്തുക്കലംവൈക്ക
നിലമേ ചമൈത്തുക്കൊള്ളീരേ.

ഭാഷ

ചോര വാൻു തളൻുകിടക്കുന്ന കുംഭികളുടെ, ചുററിയിഴയുന്ന (പ്രാണവേദനയാൽ) വാലടിയിൽനിന്നൊലിക്കുന്ന നിണനീർ തെളിച്ചെടുക്കിൻ. ഊൺകലങ്ങൾ നിരത്താൻ നിലമൊരുക്കുവിൻ.

മൂലം

558. പോർമണ്ഡലികർ കേടകത്തിൻ
പുളകച്ചിന്നം പരപ്പീരേ;
പാർമണ്ഡലികർ തലൈമണ്ടൈ
പല മണ്ടൈകളാക്കൊള്ളീരേ.

ഭാഷ

യോദ്ധാക്കളായ രാജാക്കന്മാരുടെ പരിചകളായ ചോററുതട്ടങ്ങൾ പന്തിനീളേ നിരത്തിവയ്ക്കിൻ; അവരുടെ തലയോടു

കഠം തൊണ്ടുകളായും (പാനപാത്രം) എടുത്തുകൊാംവിൻ.

മൂലം

559. അഴിന്തകലിങ്കർ പൊർപരിചൈ
അവൈ പൊർകലമാകക്കൊള്ളീരേ;
വിഴുന്ത തവളക്കുടൈ മിന്നും
വെള്ളിക്കലമാക്കൊള്ളീരേ.

ഭാഷ

മൃതിപ്പെട്ട കലിങ്കരുടെ സ്വർണ്ണപ്പരിചകഠം പൊൻകലങ്ങളായി പന്തിക്കിടയ്ക്കു വച്ചുവിൻ. വീണുകിടക്കുന്ന വെൺകൊററക്കുടകളെ മിന്നുന്ന വെള്ളിക്കിണ്ണങ്ങളുമാക്കുവിൻ.

മൂലം

560. നിലത്തൈ ച്ചമൈത്തുക്കൊള്ളീരേ;
നെടുംകൈക്കളിററിൻ ഇരുചെവിയാം
*കലത്തിർകൊള്ളക്കുറൈയാത
കലങ്കഠം പെരുക്കിക്കൊള്ളീരേ.

ഭാഷ

നിലം വൃത്തിയാക്കി വച്ചുവിൻ. നീണ്ട തുമ്പിക്കയ്യുള്ള കൊമ്പന്മാരുടെ ഇരുചെവികളായ കുട്ടകങ്ങളിലാക്കി, ശേഷിപ്പുള്ള വിഭവങ്ങഠം എടുത്തുവയ്ക്കിൻ.

മൂലം

561. കതംപെററാക്കും ചെരുനർ വിഴിക്
കനലും നിണമും അണങ്കിൻപാൽ
പതംപെററാക്കപ്പകൽ വിളക്കും
പാവാടൈയുമാക്കൊള്ളീരേ.

---

* കലം ഒരളവുമാണ്. 2 മരക്കാൽ 1 പറ. 6 പറ, അഥവാ 12 മരക്കാൽ, 1 കലം.

ഭാഷ

കോപിച്ചട്ടഹസിച്ചു പൊരുതിയ ശത്രുക്കളുടെ മിഴിയിൽ ജ്വലിച്ച കനലിൽ ഉണങ്ങിനിന്നതും, പകലിനേയും പ്രകാശിപ്പിക്കുന്നതുമായ ചോരക്കൊഴുപ്പാടകൾ ഉടുകോടിയാക്കുവിൻ. ദേവിയുടെ മുലപ്പാലിന്റെ (അനുഗ്രഹം) രുചിയറിഞ്ഞവരെല്ലാം ഉടുത്തൊരുങ്ങുവിൻ.

മൂലം

562. പരിചു പടവേ കലംപരപ്പിപ്
പന്തി പന്തി പടവുങ്കൾ
വരിച്ചെയുടനേയിരുന്തുണ്ണ
വാരീർ കൂഴൈ വാരീരേ.

ഭാഷ

യുദ്ധാനന്തരസമ്മാനമായ (പരിചു്) ഈ വിശിഷ്ടസൽക്കാരത്തിനു് പന്തിതിരിച്ചു് പാത്രങ്ങൾ നിരത്തി, വരിവരിയായിരുന്നു് ഇറച്ചിക്കഴമ്പുണ്ണുവാൻ ദേഹബന്ധക്കാരും വന്നോളിൻ.

മൂലം

563. കങ്കാപുരിയിൽ മതിർപ്പുറത്തുക്
കരുതാർ ചിറംപോയ്മികവീഴ
ഇങ്കേ തലൈയിൻവേൽ പായ്ന്ത
ഇവൈ മൂഴൈകളാകക്കൊള്ളീരേ.

ഭാഷ

ഗംഗകൊണ്ടചോഴന്റെ കോട്ടമതിലിന്മേൽ വേൽ തറഞ്ഞതോടെ, മുറിഞ്ഞു കുന്നുകൂടിക്കിടക്കുന്ന തലമണ്ടകൾ മരക്കയിലുകളാക്കുവിൻ.

കുറിപ്പ്: 563, 564 പാട്ടുകളിൽ മുതർകുലോത്തുംഗന്റെ ചുടലസ്സദ്യ ഭുജിക്കുംമുമ്പു്, പൂർവ്വികരുടെ രണ്ടു പ്രസിദ്ധ യുദ്ധങ്ങളെ അനുസ്മരിക്കുന്നു.

മൂലം

564. കിടൈക്കപ്പെരുത്തു മണലൂരിൽ
കീഴ്നാൾ അട്ടപരണിക്കൂഴ്
പടൈത്തുപ്പയിൻറ മടൈപ്പേയ്കൾ
പന്തിതോറും വാരീരേ.

ഭാഷ

യുദ്ധ കുതുകികൾക്കു് പണ്ടേ പ്രിയപ്പെട്ട മണലൂരിൽ, മുൻ ഭരണിയാഘോഷത്തിൽ കൂഴ് വച്ചു വിളമ്പിപ്പഴകിയ വിളമ്പുകാർ പന്തിതോറും ഇറങ്ങട്ടെ.

മൂലം

565. അവതിയിപ്പൊച്ചുവൈക്കൂഴ്കണ്ടു
അങ്ങ്കാന്തു അങ്ങ്കാന്തു അടിക്കടിയും
പവതിപിട്ചാന്തേകി എന്നും
പനവപ്പേയ്ക്കു വാരീരേ.

ഭാഷ

അളവററ രുചിയുള്ള ഈ കൂഴ് കണ്ടിട്ടു്, കൂടക്കൂടെ വായ് തുറന്നു 'ഭവതി ഭിക്ഷാംദേഹിയല്ലോ' എന്നരുവിടുന്ന ബ്രാഹ്മണപ്പിശാചിന്നു് വിളമ്പുക.

മൂലം

566. ഉയിരൈക്കൊല്ലാച്ച മണപ്പേയ്കൾ
ഒരുപോഴ്തുണ്ണും, അവൈയുണ്ണ
മയിരൈ പാത്തു നിണത്തുകിലാൽ
വടിത്തു കൂഴൈ വാരീരേ!

ഭാഷ

എന്നും ഒരിക്കലുകാരും അഹിംസാവ്രതക്കാരുമായ ജൈന ഭൂതങ്ങൾക്കുണ്ണാൻ, രോമം കളഞ്ഞു് കൊഴുപ്പാടയിൽ അരിച്ചെടുത്തുവച്ചിട്ടുള്ളതു് വിളമ്പുക.

മൂലം

567. മുഴത്തോൽ പോക്കുംപുതപ്പേയ്
മൂളൈ ക്കൂഴൈനാക്കുഴറക്
കഴത്തേകിട്ട മണറാതിരിയാക്
കഞ്ചിയാക വാരീരേ.

ഭാഷ

മുഴത്തോൽ പുതയ്ക്കുന്ന ബുദ്ധപ്രേതങ്ങൾക്ക് ആ സ്വാദു കൂടിയ, വേവുമണം വീശുന്ന, മൂളക്കഞ്ഞി മതിയാവോളം കോരി വിളമ്പൂ.

മൂലം

568. കൊയ്ത ഇറൈച്ചി ഉരുപ്പനൈത്തും
കൊള്ളും ക്കൂഴൈ വെള്ളാട്ടിൻ
പൈതൽ ഇറൈച്ചി തിൻറലർന്ത
പാർവൈ പേയ്ക്കുവാരീരേ.

ഭാഷ

വെള്ളാട്ടിൻകുഞ്ഞിറച്ചി മാത്രം കഴിച്ചു തടിച്ചുകൊഴുത്ത മേൽനോട്ടക്കാരായ ഭൂതങ്ങൾക്കു ഭക്ഷിക്കുവാൻ, പ്രത്യേക ഭാഗങ്ങൾ കൊത്തിയരിഞ്ഞുണ്ടാക്കിയ സൂപ്പ് കൊടുക്കുവിൻ.

മൂലം

569. ഊണാതരിക്കും കള്ളപ്പേയ്
ഒളിത്തുകൊണ്ട കലം തടവിക്
കാണാതരററും കുരുട്ടുപ്പേയ്
കൈക്കേ ക്കൂഴൈ വാരീരേ.

ഭാഷ

ചില കള്ളപ്പേയ്കൾ ഒളിച്ചുവച്ച കലങ്ങളെ തപ്പിയും തടഞ്ഞും, ഒന്നും കിട്ടാതെ ആർത്തിപിടിച്ചു കരഞ്ഞു നടക്കുന്ന

കുരുട്ടുപേയ് (അന്ധർ) കൾക്കു് അവരുടെ കൈകളിൽ ഒഴിച്ചു കൊടുക്കുവിൻ.

മൂലം

570. പൈയാപ്പേയ്ാട്ട പചികാട്ടി
പ്പതലൈ നിറൈന്ത കൂഴ്കാട്ടിക്
കൈയാലുരൈക്കും ഊമൈപ്പേയ്
കൈക്കേ കൂഴൈ വാരീരേ.

ഭാഷ

വശിപ്പുമൂത്തു് സങ്കടത്തോടും ആർത്തിയോടും നിറപാത്രങ്ങളിലെ കൂഴ് ചൂണ്ടിക്കാട്ടി, കൈയാംഗ്യങ്ങളാൽ മനോഗതങ്ങളറിയിക്കുന്ന മിണ്ടാപ്പിശാചുക്കളുടെ കൈകളിൽ കുറുക്കു കോരി കൊടുക്കുവിൻ.

മൂലം

571. അടൈത്ത ചെവികൾ തിറന്തനവാൽ
അടിയേർക്കു! എൻറു കടൈവായൈത്
തുടൈത്തു നക്കിച്ചുവൈ കാണും
ചൂർപ്പേയ്ക്കിന്നും ചൊരിയീരേ.

ഭാഷ

വിശന്നു ചെവി കൊട്ടിയടഞ്ഞതു് തുറന്നുകിട്ടുംവണ്ണം 'അടിയനു്' എന്നു കെഞ്ചി, നാക്കിനാൽ കടവായ് നക്കി കൊതികാട്ടുന്ന ഗർഭിണിപ്പേയ്കൾക്കു് ഇനിയും വാരിവിളമ്പുവിൻ.

മൂലം

572. പൊല്ലാ ഓട്ടൈക്കലത്തുക്കൂഴ്
പുറത്തേ ഒഴുകമറിത്തുപ്പാത്തു
എല്ലാം കവിഴ്ത്തുത്തിക്കൈത്തിരുക്കും
ഇഴത്തൈപ്പേയ്ക്കു വാരീരേ!

ഭാഷ

കൊള്ളാത്ത ഓട്ടക്കലങ്ങളിൽ വച്ചിരിക്കുന്നതെടുത്തു് വക

തിരിവില്ലാതെ തിരിച്ചുംമറിച്ചും നോക്കുന്നതിനിടയിൽ വെറുതേ കമഴ്ന്നുപോയതു കണ്ടു് പകച്ചുനില്ക്കുന്ന വിഡ്ഢിപ്പേയ്കാംക്കും വേണ്ടുവോളം വിളമ്പിക്കൊടുക്കിൻ.

മൂലം

573. തുതിക്കൈത്തുണിയെ പല്ലിൻമേർ
ചെവ്വേ നിറുത്തിത്തുതിക്കൈയിൻ
നതിക്കേ കൂഴൈവാർ എന്നും
നോക്കപ്പേയ്കു വാരീരേ.

ഭാഷ

കുനിയുമ്പോാം തൂങ്ങുന്ന രണ്ടാംമുണ്ടു് (തോാംതുണി) കടിച്ചൊതുക്കിപ്പിടിച്ചു്, കൂഴ വിളമ്പുന്നതുംനോക്കി കൈക്കുമ്പിാം നീട്ടുന്ന അടിച്ചുതളിപ്പരിഷക്കും ധാരാളം കോരിക്കൊടുക്കു.

മൂലം

574. തടിയാൽ മടുത്തുക്കൂഴെല്ലാം
താനേ പരുകിത്തൻ കണവൻ
കുടിയാൻ എൻറുതാൻ കുടിക്കും
കൂത്തിപ്പേയ്ക്കു വാരീരേ.

ഭാഷ

മാംസക്കഷണങ്ങാം തട്ടുത്തുമാററി 'എൻെറ കണവൻ നല്ല കുടിക്കാരനാണേ!' എന്നു പറഞ്ഞു കൂഴ്ച്ചാറുമുഴവനും വലിച്ചുകുടിക്കുന്ന ആട്ടക്കാരി (കൂത്തച്ചി) പ്രേതത്തിനും കൊടുക്ക.

മൂലം

575. വരുക്കൂറാം പരണിക്കളെങ്ങ്കണ്ടു
വന്തപേയ്യെ മുന്തൂട്ടി
ഒരുക്കൂറാംപരണി നാമിരുക്കും
ഉർകട്പേയ്ക്കു വാരീരേ.

ഭാഷ

ഭരണിസ്സദൃശ്ശങ്ങളായ കുടക്കകാച്ചുന്നതിനെത്തിക്കൂടുന്ന നാടോടിപ്രേതങ്ങാംക്കു് മുമ്പേ വിളമ്പുവിൻ. ഒരു വലിയ ഭരണി നിറച്ചു കൊണ്ടുവന്നു് ഇവിടെ നാമിരിക്കുന്നിടത്തെ പിശാചുക്കാംക്കും കോരിക്കൊടുക്കു.

മൂലം

576. ഇരവു കനവുകണ്ട പേയ്ക്കു
ഇറ്റൈറക്കൻറിനാളൈക്കും
പുരവിയുരിത്തോർ പട്ടൈക്കേ
കൂഴൈ പൊതിന്തുവൈയീരേ.

ഭാഷ

രാത്രികാലങ്ങളിൽ(വിശപ്പു്) സ്വപ്നംകണ്ടെണീക്കുന്നവക്കു് ഇന്നേയ്ക്കും നാളേയ്ക്കും വേണ്ടതു് കുതിരത്തോൽ പട്ടകളിൽ കരുതി വച്ചേക്കിൻ.

മൂലം

577. ഇണക്കമില്ലാനമൈയെല്ലാം
എണ്ണിക്കണ്ടേമെൻറുരൈക്കും
കണക്കപ്പേയ്ക്കും അകംകളിക്കക്
കയ്യാലെടുത്തു വാരീരേ.

ഭാഷ

ഒരു പൊരുത്തവുമില്ലാതെ നമ്മുടെ തലയെണ്ണിയെടുത്തതാണെന്നവകാശപ്പെടുന്ന കണക്കപ്പിള്ളച്ചെകുത്താന്മാക്കു് മനം തൃപ്തിയാംവോളം കൈകൊണ്ടു വാരിക്കൊടുക്കുവിൻ.

മൂലം

578. മെൻകുടർവെള്ളെളുക തട്ടീരേ;
മെൽവിരൽ ഇഞ്ചിയതുക്കീരേ;

മുൻകൈയെല്ലുമ്പിനെ മെല്ലീരേ;
മൂളൈയൈ വാരിവിഴുങ്കീരേ.

ഭാഷ

വെളുത്തു മുട്ടവായ നെയ്ക്കുടൽ തട്ടിവിട്ടോളിൻ. ഭംഗിയുള്ള വിരലുകൾ ഇഞ്ചിക്കു പകരം കടിക്കാം. മുൻകൈയെല്ല് വലിച്ചീമ്പിക്കടിക്കു. തലച്ചോറു വാരി വിഴുങ്ങൂ.

മൂലം

579. അള്ളിയരുകിരുന്തുണ്ണീരേ
അരിന്തിട്ട താമരൈമൊട്ടെന്നും
ഉള്ളികറിത്തുകൊണ്ടുണ്ണീരേ
ഊതി വരണ്ടിക്കൊണ്ടുണ്ണീരേ.

ഭാഷ

മുട്ടിച്ചേർന്നിരുന്ന് വാരിയുണ്ണുവിൻ. വെട്ടിയിട്ട താമരമൊട്ടൊത്ത ഉള്ളി കടിച്ചുകൂട്ടുവിൻ. ഊതിയാററി വരണ്ടിത്തിന്നുവിൻ.

മൂലം

580. തമക്കൊരുവായൊടുവായ് മൂൻറും
താമിനി താപ്പടൈത്തുക്കൊണ്ടു
നമക്കൊരുവായ്തന്ത നാന്മുകനാർ
നാണുംപടി കളിത്തുണ്ണീരേ.

ഭാഷ

തനിയ്ക്കുള്ള വായോടു വേറെ മൂന്നു വായ്കൂടി പടച്ചെടുത്തു്, നമുക്കെല്ലാം ഓരോ വായ് തന്നുവിട്ട നാന്മുഖനും നാണിക്കുമാറ് ഒന്നിച്ചു കളിച്ചുണ്ണുവിൻ.

മൂലം

581. ഓടി ഉടൽവിയത്തുണ്ണീരേ;
ഉന്തിപ്പുറന്തിളൈത്തുണ്ണീരേ;

ആടിയചൈന്ത ചൈന്തുണ്ണീരേ;
അററുതറവറിന്തുണ്ണീരേ.

ഭാഷ

ഓടി ഉടൽ വിയത്ത്വണ്ടോളിൻ: കൂട്ടമായി നടന്നും നിന്നും തിന്നോളിൻ; ആടിരസിച്ചുണ്ടോളിൻ; തയ്യാറാക്കിവച്ചിരിക്കുന്നതു മുഴുവനും തിന്നുതീർത്തോളൂ.

മൂലം

582. കൊതിത്ത കരിയിൻ കുമ്പത്തുക്
കുളിർന്ത തണ്ണീർതന്നൈമൊണ്ടു
പൊതുത്ത തൊളൈയാൽ പുകമട്ടത്തുപ്
പുചിത്ത വായൈ പൂചീരേ.

ഭാഷ

കോപിച്ചെതിർത്തു ചത്ത ഹസ്തിയുടെ മസ്തകത്തിൽനിന്നൊലിക്കുന്ന തെളിതണ്ണീരെടുത്തു് വലിയ മുറിവായ്കളിൽ ഒഴിച്ചു നിറച്ചുവക്കിൻ. ശേഷിക്കുന്നതുകൊണ്ടു് ഉണ്ട വായ് കഴുകുവിൻ.

മൂലം

583. പണ്ണംഇവുളിച്ചെവിച്ചുരുളും
പരട്ടിർപിളവും പടുകലിങ്കർ
കണ്ണിൻമണിയിർ ചുണ്ണാമ്പും
കലന്തു മടിത്തുത്തിന്നീരേ.

ഭാഷ

അലങ്കരിച്ച കുതിരക്കാതുകളായ വെററിലയും, കുളമ്പായ പാക്കുതുണ്ടും, കലിങ്കവീരന്മാരുടെ കൺമണിയിലെ ചുണ്ണാമ്പും, തേച്ചു മടക്കി നന്നായൊന്നു ചവയ്ക്കുവിൻ.

മൂലം

584. പെരുക്കത്തിന്റീർ താമ്പൂലം
പിഴൈക്കച്ചെയ്തീർ പിഴൈപ്പീരേ.
ചെരുക്കും പേയ്കാൾ! പൂതത്തിൻ
ചിരത്തിൻ മൈരൈ മോവീരേ.

ഭാഷ

വലിച്ചുവാരി മുറുക്കി, തലയ്ക്കു ചൊരുക്കി നിലതെററി മയങ്ങുന്ന പേയ്കുട്ടികളേ! ഭൂതങ്ങളുടെ തലമുടി പിടിച്ചു മണത്തു രക്ഷപ്പെടുവിൻ.

മൂലം

585. എൻറു കളിത്തുക്കമണൈന്ദയിട്ടേ
ഏററ്പ്പുമിട്ടുപ്പരുത്തുനിൻറ
കുൻറുകുനിപ്പന പോർകളത്തുക്
കുമ്പിട്ടേ നടമിട്ടനവേ.

ഭാഷ

ഇങ്ങനെ, സന്തോഷിച്ചു് ഉൺമതിയാക്കി തലകുലുക്കി എണീററു്, ഏമ്പക്കം വിട്ടു്, പരുപരുത്തു നില്ക്കുന്ന കുന്നുകുനിയുന്നപോലെ കുമ്പിട്ടുകൊണ്ടു് ആ യുദ്ധക്കളത്തിൽ അവർ ചുടലനൃത്തം തുടങ്ങി.

മൂലം

586. വാചികിടക്കലിങ്കരോട
മാനതനേവിയ ചേനൈ വീരർ
തുചിയെഴുന്തമൈ പാടിനിൻറു
തുചിയുമിട്ടു നിൻറാടിനവേ.

ഭാഷ

അശ്വങ്ങളെല്ലാം ചത്തൊടുങ്ങി. അവശേഷിച്ച കലിങ്കരെ അടിച്ചോടിക്കാൻ കുലോത്തുംഗൻ കല്പിച്ചയച്ച വീരയുവാക്കും,

പട ജയിച്ചപാടേ പടവിക്കപ്പായങ്ങളും ദൂരെ വച്ച് കെട്ടിപ്പിടിച്ചാടിത്തുടങ്ങി.

മൂലം

587. പൊരുകൈതവിർന്തു കലിങ്കരോടപ്
പോക പുരന്തരൻ വിട്ട തണ്ടിൻ
ഇരുകൈയ്യും വെൻറതോർ വെൻറി പാടി
ഇരുകൈയും വീചിനൻറാടിനവേ.

ഭാഷ

യുദ്ധത്തിൽ പരാജിതരായ കലിങ്കരെല്ലാം ഓടി മറഞ്ഞതോടെ വിജയശ്രീലാളിതരായ കുലോത്തുംഗസൈന്യം വെട്ടി ജയിച്ച ഇരുകൈയ്കളുമാട്ടി ആഹ്ലാദത്തോടെ വെററി പാടി കളിച്ചു.

മൂലം

588. വഴുതിയർവരൈ മുഴൈ
നുഴൈവഴിവിതു എന
മതകരിവയിറുകൾ പുക
നുഴൈവിന ചില
എഴുതിയ ചിലൈയവർ
ചെറികടൽ വിഴുമവൈ
ഇതു എനവഴി കരുതിയിൻ
വിഴവന ചില

ഭാഷ

പാണ്ടിയർ തോറേറാട്ടമ്പോൾ നുഴഞ്ഞു കയറിയിറങ്ങിയ ചിലമലഗ്ഗുഹകൾ ഇതുപോലെയിരുന്നിരുന്നെന്നും പറഞ്ഞു് വെട്ടേററു മറിഞ്ഞുകിടക്കുന്ന മദയാനകളുടെ വയറിലൂടെ ചിലർ നുഴഞ്ഞുകളിച്ചു. വില്ലവർ എന്നു വാഴ്ത്തപ്പെട്ട ചേരപ്പടയാളികൾ ആഴ

മുള്ള കടലിൽ ചാടിയതിങ്ങനെയായിരുന്നെന്നും പറഞ്ഞു് ചിലർ കരുതിക്കയങ്ങളിൽ ചെന്നു ചാടി.

മൂലം

589. ഉരുവിയ ചുരികൈയൊട്ടയർകണൈവിട്ടപടൈ
ഉരുൾവടിവിതുവെന ഉൾവന ചില ചില
വെരുവിയ അട്ടനർത്തം ഉടൈവടിവിതുവെന
വിരിതലൈയതനൊട്ടമറിവെന ചില ചില

ഭാഷ

ഒരു കൈയിൽ ഊരിപ്പിടിച്ച വാളോടൊപ്പം, ഉയരേ വില്ല് കുലച്ചു ബാണങ്ങൾ എയ്തുവിടുന്ന പടമിടുക്കുകണ്ട ചിലർ, ഇങ്ങനെയാണു് മയങ്ങിവീണതെന്നു പറഞ്ഞു കളിയായി അലച്ചുവീണു. ക്രോധിച്ച യോദ്ധാക്കളുടെ മുമ്പിൽ പെട്ടവർ ഓടിയതിങ്ങനെയാണെന്നും പറഞ്ഞു് തലക്കെട്ടുകളൂരി ചപ്രത്തലമുടിയോടെ അങ്ങുമിങ്ങും തലയാട്ടിയോടി ചിലർ.

മൂലം

590. ഉപയമെന്നും പിറപ്പാളർ എത്ത
ഉരൈത്ത കലിങ്കർ തമൈ വെൻറ
അപയൻ അരുളിനൈപ്പാടിനവേ,
അണിചെറിതോളിനൈ വാഴ്ത്തിനവേ.

ഭാഷ

രണ്ടു കുലത്തിലും (സൂര്യ–ചന്ദ്ര) പിറന്നവനെന്നു് ആചാര്യന്മാർ പുകഴ്ത്തിയവൻെറ—കലിങ്കം ജയിച്ച കുലോത്തുംഗൻെറ—ഗുണഗണങ്ങളെ എടുത്തു പാടുവിൻ. അവൻെറ മിന്നുന്ന പടക്കോപ്പണിഞ്ഞ വ്യൂഹങ്ങളേയും വർണ്ണിക്കുവിൻ.

മൂലം

591. തിചൈയിർ പല നരപാലർ മുന്നേ
തെരുന്തുരൈക്കു ചിചുപാലൻ വൈത

വഞ്ചെയിൽ വയപ്പുകഴ് വാഴ്ത്തിനവേ
മനകുലതീപനൈ വാഴ്ത്തിനവേ.

ഭാഷ

പണ്ടേതന്നെ എണ്ടുമുള്ള രാജാക്കന്മാർ അനുഭവത്തിൽനിന്നറിഞ്ഞു പറഞ്ഞ പ്രകാരം താൻപ്രമാണിയും മുഷ്കനുമായ ശിശുപാലൻപോലും കുററമററ വചനങ്ങളാൽ വാഴ്ത്തിയ വെററിപ്പുകഠംമാല ചാർത്തിയവനെ — മനുകുലത്തെ പ്രകാശിപ്പിക്കുന്ന കുലോത്തുംഗദീപത്തെ — വാഴ്ത്തുന്നതും,

(ശിശുപാലൻ എല്ലാവരേയും ദൂഷിപ്പിക്കുന്നവനാണ്. അവൻപോലും പുകഴ്ത്തുന്ന കുലോത്തുംഗൻ എന്നു ഭാവം.)

കുറിപ്പ്:-

പൊരുനൈത്തുറയോൻ എന്നതു് ഒരു ചേരബിരുദമാണ്. തമിഴ് വ്യാഖ്യാതാക്കഠം പൊരുനൈ എന്നതിനെ താമ്രപർണ്ണിനദിയായിട്ടാണ് പറഞ്ഞിട്ടുള്ളതു്. ചോഴം, ചേരം, പാണ്ഡ്യം, കലിങ്കം എന്നീ നാലു രാജ്യങ്ങളും കൈവശമുള്ളവനെന്നു വരുത്തുവാനാണ് കവി മൂന്നു നദികളേയും കന്യാകുമാരിയേയും കൊണ്ടുവന്നിട്ടുള്ളതു്. ചേരതലസ്ഥാനത്തുകൂടി ഒഴുകുന്ന പൊരുനൈയാറാണ് കവിയുടെ വിവക്ഷ എന്നതു വ്യക്തം. പൊരുനൈയാറ് പെരിയാറെന്നും, ചാലക്കുടിയാറെന്നും കേരളീയപണ്ഡിതന്മാക്കിടയിലും തക്കമുണ്ടു്. പൊരുനൈത്തുറ എന്നതു് പ്രാചീന തുറമുഖമായ മുശിരിയുടെ പര്യായമായിരുന്നു. ഇതു് ചേരരുടെ തന്നെ തലസ്ഥാനമായ വഞ്ചിനഗരത്തിൻെറ ഒരു ഭാഗവുമായിരുന്നു. അവിടെനിന്നു് ചേരചക്രവർത്തിമാരുടെ പിൻഗാമികളായ കൊച്ചിരാജാക്കന്മാർ, ഇന്നത്തെ തൃപ്പൂണിത്തുറയിൽ കുടിയേറിപ്പാർത്തതുമുതല്ക്കാണ് അതിനു് ആ പേർ കിട്ടിയതു്. പോണിത്തുറ (വഞ്ചിക്കടവു്) എന്നതിൽനിന്നാണ് പൂർണ്ണത്രയീശപുരമായ തൃപ്പൂണിത്തുറയ്ക്കു് ആ പേർ വന്നതെന്നും ഒരു പുതിയ വാദമുണ്ടു്. ഭൂപാമായ വീക്ഷണത്തിൽ ശരിയാണതു്. എന്നാൽ പ്രാചീന ചരിത്രഗവേഷണവൃത്തിയിൽ ക്ഷേത്ര-സ്ഥല ഐതിഹ്യപാനത്തിൻെറ അഭാവം മൂലം മൂലകാരണം കാണുന്നില്ലെന്നേയുള്ളു.

മൂലം

592. പൊന്നിത്തുറൈവനൈ വാഴ്ത്തിനവേ;
പൊരുനൈകരൈയെന വാഴ്ത്തിനവേ;
കന്നികൊഴുനനൈ വാഴ്ത്തിനവേ;
[1]കങ്കൈമണാളനൈ വാഴ്ത്തിനവേ.

ഭാഷ

കാവേരിത്തലവനെന്നു വാഴ്ത്തിയതും, ചാലക്കുടിയാറിൻെറ ഇരുകരയും സ്വന്തമായുള്ളവനെന്നു വാഴ്ത്തിയതും, കന്യാകുമാരീ കാമുകനെന്നു വാഴ്ത്തിയതും ഗംഗാനദീനായകനെന്നു വാഴ്ത്തിയതും,

മൂലം

593. ആഴികളെഴുമോർ ആഴിയൻകീഴ്
അടിപ്പടവന്തയകലിടത്തെ
ഊഴിതോറൂഴിയും കാത്തളിക്കും
ഉലകുയ്യവന്താനൈ വാഴ്ത്തിനവേ.

ഭാഷ

ഏഴു കടലുകളേയും എതിരററ ഏകശാസനാചക്രത്തിൻ കീഴിൽ അടക്കിഭരിക്കാൻ വന്നവനും, യുഗങ്ങൾതോറും ലോകരക്ഷാത്ഥം അവതരിച്ചനുഗ്രഹിക്കുന്നവനും എന്നു വാഴ്ത്തിയതും;

മൂലം

594. പൂപ്പതുമത്തൻ പടൈത്തമൈത്ത
പുവിയൈയിരണ്ടാവതും കടൈത്തുക്
കാപ്പതും എൻകടൽഎൻറു കാത്ത
കരികാലചോഴനൈ വാഴ്ത്തിനവേ.

---

1 ചോഴത്തിൻെറ മൈസൂരതിർത്തിയിൽപ്പെട്ട ഗംഗവാടി എന്നും ധ്വനി.

ഭാഷ

സുന്ദരമായ ചെന്താമരപ്പൂവിൽ വസിച്ചരുളുന്ന നാന്മുഖൻ സൃഷ്ടിച്ചനുഗ്രഹിച്ച് ലോകത്തെ രണ്ടാമതും പുതുക്കിപ്പുലത്തുന്നതു് സ്വന്തകടമയാക്കിയ കരികാലചോഴനെ വാഴ്ത്തിയതും ഏന്തബക്കമിട്ടുകൊണ്ടു് പാടിക്കളിക്കുവിൻ.

മൂലം

595. യാവരും കളിച്ചിറക്കവേ! തരുമം
വ്യങ്കുമെന്റും ഉളതാകവേ!
തേവർ ഇന്നരും തഴൈക്കവേ! മുനിവർ
ചെയ്ത വമ്പയൻ വിളൈക്കവേ.

ഭാഷ

എല്ലാവരും ക്ഷേമൈശ്വര്യങ്ങളോടെ ജീവിക്കട്ടെ. ധർമ്മനീതികൾ എങ്ങും എന്നെന്നും നിലനില്ക്കട്ടെ. സന്മനസ്സുള്ളവരുടെ തത്വദർശനങ്ങൾ എങ്ങും തഴയ്ക്കട്ടെ. മുനിമാർ തേടിത്തന്ന കർമ്മഫലങ്ങൾ എങ്ങും വിളങ്ങട്ടെ.

മൂലം

596. വേതനൻ നെറിപരക്കവേ! അപയൻ
വെൻറ വെങ്കിലി കരക്കവേ!
പൂതലം പുകൾപരക്കവേ! പുവി
നിലൈക്കവേ! പുയൽചുരക്കവേ.

ഭാഷ

വേദജ്ഞാനത്തിന്റെ സൽഗതി പ്രചരിക്കട്ടെ. കുലോത്തുംഗൻ ജയിച്ചടക്കിയ കലിംഗനാടും അഭിവൃദ്ധിപ്പെടട്ടെ. ഭൂമിയിൽ കീർത്തി വ്യാപിക്കട്ടെ. ഭൂതല ജീവജാലങ്ങൾക്കു് സർവ്വസൗഭാഗ്യമുണ്ടാവട്ടെ. കാളമേഘങ്ങൾ ചുരത്തട്ടെ.

[കലിംഗത്തുപ്പരണി എന്ന കളംപാട്ടു് സമാപ്തം]

അകാരാദി

അ

അങ്കവടി 236
അഗസ്ത്യൻ 102, 27
അഞ്ചാംകാശ്യപൻ 109
അഞ്ഞതവതൈപ്പരണി 12
അഞ്ചാംതപ്പിലൻ 109
അടിയാക്കുനല്ലാർ 12
അനന്തപത്മൻ 10, 184, 85, 86, 9, 95, 211
അനന്തപ്പൂർ 181
അനപായചോഴൻ 11
അനന്തവർമ്മചോടഗംഗൻ 185
അഭയൻ 125
അഭിരാമ 21
അമ്മങ്കാദേവി 9, 102, 127
അമ്മാനക്കളി 228
അയ്മ്പടത്താലി 80
അരണി 98
അരിഞ്ചേയൻ 109
അവതാരം 125
അശോകമൗര്യൻ 109
അശ്വിനീദേവന്മാർ ·19, 49
അളത്തിനാട്ടു 10, 188
അഷ്ടകുലഗിരികൾ 73

ആ

ആദി(മുതർ)കുലോത്തുംഗൻ 18, 20, 27, 112, 52, 85, 91
ആദിത്യൻ I 109
ആദിശേഷൻ 68, 105, 61, 71, 242
ആദിമാൽ 98
ആദിരാജപ്പെരുമാൾ 109
ആദിമുസ്ലിംപള്ളി (ജമാഅത്ത്) 109
ആണ്ടലപ്പറവ 63
ആഹവമല്ലൻ 112, 13
ആഴ്വാർ 95, 108

ഇ

ഇടാകിനി 84, 224
ഇന്ത്യൻ ആൻറികറി 102
ഇന്ദ്രൻ 70, 103, 64
ഇന്ദ്രജാലം 87, 92
ഇന്ദ്രാണി 21
ഇരങ്കേശവെൺപാ 107
ഇരണിയാവതൈപ്പരണി 12
ഇളംചേട്ചെന്നി 106
ഇക്ഷ്വാകു 99

ഈ

ഈച്ചോപ്പി 84

ഉ, ഊ

ഉത്തരകലിംഗരാജൻ 168
ഉത്തരകുരുനാട്ടു 49
ഉത്തരപിനാകി 181
ഉത്തമചോഴൻ 109

ഉദകനഗരം (ഉദകൈ) 110
ഉദയംപേരൂർ 110
ഉദയൻ 109
ഉരുത്തിരൻകണ്ണനാർ 108
ഉമ്പർനാട്ടു് 100
ഉലകുയ്യവന്താൻ 11
ഉണർതൽ, ഊടൽ 23

എ, ഏ, ഐ

എക്കാളം 163
എങ്കരായൻ 10, 186, 89
എരിവിളക്കു് 109
ഏകാവലി 237
ഏഴിശൈവല്ലഭി 147, 61
ഐരാവതം 18

ഒ

ഒട്ടക്കൂത്തർ 12
ഌക്കു് 97, 125

ക

കടപ്പനെല്ലൂർ 181
കടകനാട്ടു് 167
കടാരം 81, 111
കടാരൻ 165
കണൈക്കാലിരുമ്പൊറൈ 106
കണ്ണകീപ്രതിഷ്ഠ 106
കണ്ടകാദിത്യൻ 109
കന്യാകുമാരി 55, 265, 66
കമ്പരാമായണം 70, 101
കരുണാകരത്തൊണ്ടൈമാൻ
10, 42, 157, 64, 70, 80,
95, 209
കരികാലൻ I 107
കരികാലചോഴൻ II
93, 94, 106, 15, 42
കരികാലൻ III 11
കമ്പിലിദേശം 112
കലം 253
കലിഅവതാരം 106, 32, 42
കലിംഗനാട്ടു് 42, 47,
116, 5, 81, 86, 91
കല്ലാറു് 55
കല്യാണപുരം 59, 106, 8
കവേരൻ 102, 215
കളംപാട്ടു് 106
കളവഴി നാല്പതു് 105, 6, 8
കളർക്കായു് 73
കളച്ചിക്കളി 73
കഴക്കൂത്തു് 227
കാഞ്ചീപുരം 42, 45, 153,
57, 58, 59, 81, 245
കാഞ്ചീപുരാണം 158
കാന്തളൂർചാല 187
കാന്തിമതി 105
കാരിയൻ 165
കാശ്യപൻ V 109
കാവേരിച്ചിറ 107
കാവേരിചോഴൻ
102, 7, 53, 81
കാളഹസ്തി 181
കാളി 47, 157
കിള്ളിവളവൻ 102, 105
കിമ്പുരി 236
കുകുസ്ഥൻ 99
കുന്തവൈ 110
കുന്തളരാജ്യം 59
കുന്തളർ 113, 14

കുന്തി(ണ്ടി)യാറു് 182
കുണ്ഡോദരൻ 81
കുടക്കോനെടുഞ്ചേരലാതൻ 106
കുബേരൻ 215
കുംഭകോണം 162
കുശത്തലയാറു് 184
കുശസ്ഥലി 180
കുരുമിനാട്ടു് 108, 11
കുലശേഖരൻ I 108
കുലോത്തുംഗചോഴഉല 101,2,4
കുലശേഖരൻ II 108
കൂത്തച്ചി 161, 258
കൂടൽ 37
കൂടൽവിളൈത്തൽ 36
കൂടൽസംഗമം 113, 14
കൊച്ചി 265
കൊപ്പദേശം 112
കൊല്ലിയാറു് 182
കൊല്ലിമല 55
കൊല്ലാപുരം 112
കൊട്ടംചെഴിയൻ 106
കൊടുങ്ങല്ലൂർ 106, 9
കോദണ്ഡരാമൻ 109
കോടിസംഗ 182
കോട്ടാർ 55
കോട്ടാററനിലൈപടൈ 55
കോഴിപ്പോരു് 143
കൗമാരി 21
കൃഷ്ണാനദി 9, 79, 112, 13, 82

ഗ

ഗംഗാനദി 183, 218 66
ഗംഗ(കങ്കൈ)കൊണ്ടചോഴൻ
9, 81, 111, 27, 254
ഗംഗകൊണ്ടചോഴപുരം 111
ഗംഗവാടി 266
ഗന്ധമാദനം 73
ഗരുഡൻ 21
ഗണപതി 70
ഗായത്രി
ഗോദാവരീനദി 182
ഗോശ്രീ 109
ഗൗതമിയാറു് 182

ച

ചക്കരക്കോട്ടം 79, 80, 135
ചക്രായുധം 179
ചതുർവ്വേദപ്പന്തി 19
ചതയനാളവിഴാ 110
ചാതകർ 64, 224
ചാമുണ്ഡി 21
ചാലക്കുടിപ്പുഴ 266
ചാലൂക്യർ 110, 12, 13, 88
ചിങ്കണം 82
ചിങ്കളം 82
ചിതംബരം 110, 11, 53
ചിത്രതൻവൻ 102
ചിലപ്പതികാരം
12, 69, 101, 4
ചിറപാണാററപ്പടൈ 104
ചുങ്കംതവിർത്താൻ 11
ചെങ്കുട്ടവൻ 106
ചേരമാൻപെരുമാൾ
58, 106, 8, 9, 187, 265
ചേയു് 129
ചൈത്യസ്തൂപം 109
ചൊക്കട്ടാങ്കായു് 228
ചോഴകുലശേഖരൻ 117, 215

ചൂഡാമണിനിഘണ്ടു 103
ചുടർവിമാനം 103
ഛായാദേവി 48

ജ

ജയംകൊണ്ടാർ 11, 94, 125
ജയംകൊണ്ടചോഴൻ 88
ജയതുംഗൻ 11, 288
ജയധരൻ 147
ജയസ്തംഭം 18
ജയസിംഹൻ 59, 112, 13
ജയിന 11, 125, 218
ജയിനാഭൃതം 255
ജാതകകഥ 125

ത

തക്കയാകപ്പരണി 12
തഡിയന്ന 129
തപ്പലൻ 109
താമ്രപർണ്ണി 265
താരാവർഷൻ 188
തിമരി 81
തിരുനീറരചോഴൻ 11
തിരുന(ന്തി)ക്കര 110
തിരുനറയൂർ 164
തിരുച്ചേയ് 164
തിരുമണപ്പടലം 16
തിരുമുടിഅടൈവു് 94
തിരുവള്ളൂർ 181
തിരുവാതിക 153
തിരുവിളയാടൽപുരാണം 16,81
തിരുമുറൈ 110
തേവാരപ്പാട്ടുകൾ 110
തൊണ്ടൈമാൻ 220
തൊണ്ടൈനാട്ടു് 11, 80
തൃക്കണ്ണാമതിലകം 9
തൃച്ചിരാമ 105
തൃശ്ശിനാപ്പള്ളി 105, 11
ത്രിലോചനരാജൻ 107
ത്രിപുരന്മാർ 104
ത്രിഭുവനം 114
തുണങ്കക്കൂത്തു് 112
തുംഗപത്തിരി 59
തുംഗഭദ്രാനദി 59, 11
ത്യാഗവല്ലി 10, 148, 16
തൈത്തരീയോപനിഷത്തു് 12
തൃപ്പൂണിത്തുറ 26

ദ

ദിഗ്ഗജം 1
ദിലീപൻ 10
ദീപങ്കുടി 1
ദുന്ദുഭി 12
ദുർഗ്ഗാദേവി 56, 24
ദേവാസുരയുദ്ധം 22
ദേവേന്ദ്രൻ 99, 10
ദേവേന്ദ്രവർമ്മരാജൻ 18

ധ

ധൂമകേതു 8

ന

നന്നിലം 1
നന്ദിനളമ്പൻ 1
നമ്പിയാണ്ടാർനമ്പി 1
നടരാജൻ 1
നാഗകന്യക 1
നാഗപട്ടണം 1

നാഗലോകം 105
നാരദമുനി 93, 5, 7, 8
നാരായണി 21
നിവിലൈനാട്ട് 10, 188
നിശദകൂടം 73
നീലകൂടം 73
നെല്ലൂർ 132
നെടുമുടിക്കിള്ളി 106

പ

പച്ചമല 55
പഞ്ചശയനം 83
പഞ്ചവൻ 103
പഞ്ചരാക്ഷസർ 103
പല്ലവർ 181, 188
പല്ലിയം 146
പട്ടിനപ്പാല 108
പണിലം 146
പമ്പാനദി 182
പടപെണ്ണ 181
പരകേസരി 101
പരാന്തകൻ I 109
പരാന്തകൻ II 109
പരണി 12, 125
പഴമലൈ അന്താതി 95
പഴമൊഴി നാനൂറ് 104
പാതാളപുരാണം 125
പാണൻ 136
പാണത്തി 161
പാടിനി 161
പാണ്ഡ്യൻ 56, 61, 77, 81, 84, 109, 11, 41, 53, 64, 263
പാലനിലം 46
പാലാഴി 101
പാലാർ 143, 53, 81, 2
പിണ്ഡിപാലം 84
പുണ്ഡരീകം 18
പുലികേശി 112
പുരാണം 125
പുഷ്പദന്തം 18
പുറനാനൂറ് 101, 4, 10
പെരിയാർ 265
പെരുഞ്ചേരലാതൻ 106
പെരുമ്പടപ്പ് 109
പെരുനാരാററുപ്പടൈ 108
പെരുനർകിള്ളി I 106
പൊതിയിൽമല 55
പൊറൻമുകരി 181, 2
പൊരുനൈ 265
പൊന്നമ്പലം 153
പൊയ്കൈആഴ്വാർ 105, 6, 8
പ്രതാപരുദ്രൻ 107
പൃഥുലാക്ഷൻ 101

ബ

ബംഗാറം ഉറംക്കടൽ 181
ബാണാസുരൻ 248
ബുദ്ധമിത്രൻ 113
ബുദ്ധർ 219
ബ്രഹ്മാവ് 57, 70, 155
ബൃഹതീശ്വരക്ഷേത്രം 110
ബ്രാഹ്മണപ്പിശാച് 255

ഭ

ഭദ്രകാളി 46, 85
ഭരണിനാറം 249, 50, 59

ഭാഗവതം 125
ഭാരതകഥ 93, 95
ഭാരതവെൺപാ 95
ഭാരതയുദ്ധം 104, 221
ഭൈരവി 226

മ

മകരതോരണം 60
മക്കം 109
മത്തിയമാകാണം 9
(മദ്ധ്യപ്രദേശം)
മന്നാർ ഉറക്കടൽ 55
മന്ദരപർവ്വതം 67
മധുര 61, 80, 2, 109, 18
മധുരാന്തിക 10, 112
മനുനീതികണ്ടചോഴൻ 99
മനുവൈവസ്വതൻ
99, 113, 30, 5
മണിമേഖല 104, 11, 25
മണലൂർ 111, 255
മണികുട്ടവൻ 108
മണ്ണാർ 182
മരീചി 98
മഹാഭാരതം 96
മഹാഭിത്തി 104
മഹാമേരു 160
മഹിപാലൻ 111
മഹേശ്വരി 21
മയിലാപ്പൂർ 245
മാനാഭരണൻ 111
മത്സ്യാവതാരം 125
മഹാവിഷ്ണു 130
മഹാലക്ഷ്മി 130
മാവേലിനാടം 110
മാല്യവാൻ 73
മാന്ധാതാവ് 100
മിഥില 58
മുചുകുന്ദൻ 100, 2
മുതർസോമേശ്വരൻ 113
മുതർകുലോത്തുംഗൻ 9, 23,
29, 55, 82, 113, 29,
30, 5
മുടത്താമക്കണ്ണിയാർ 108
മുനിരായൻമാപാരതം 95
മുരുകൻ 70
മുത്തരൈയൻ 180
മുടികൊണ്ടചോഴൻ 180
മുചിരി 265
മുവ്വരുലാ 105
മൃത്യുജിത് 102
മൈസൂർഗംഗൻ
165, 81, 88, 266
മേരുമല 93, 96

യ

യമൻ 19, 49, 85, 102, 25
യാഴ് 162
യാഴ്പ്പി 161
യോഗിനി 64, 91
യോഗവിദ്യ 125

ര

രട്ടപാടി 113
രാജമഹേന്ദ്രൻ 113
രാജമഹേന്ദ്രത്തെരുവ് 113
രാജർഷിതപം 108
രാജനാരായണൻ 11
രാജേന്ദ്രചോഴൻ 9, 11, 111

രാജകേസരി 101
രാജരാജനുലാ 104
രാജരാജൻ 105
രാജാദിത്യൻ 109
രാജാധിരാജൻ I 111, 12
രാജേന്ദ്രദേവൻ 111, 12, 13
രാജസിംഹപാണ്ഡ്യൻ iii 109
രാജേന്ദ്രമൃത്യുജിത് 102
രാമരാവണയുദ്ധം 221
രാഷ്ട്രകൂടർ 109
രുദ്രയോഗിനി 93, 115

ല

ലങ്ക 42

വ

വഞ്ചി 106, 265
വടനാട്ട് 111
വടമല 45
വടകലിങ്കം 123, 85
വടപെണ്ണ 181
വഞ്ചിനഗരം
11, 164, 70, 80, 81, 220
വണ്ടാഴഞ്ചേരി 165
വനദുർഗ്ഗ 46
വടക്കിരിക്കൽ 106
വരതരാചൻ 103
വരാഹാവതാരം 125
വരരുചി 108
വള്ളപ്പാട്ട് 156
വസുദേവൻ 129
വരാഹി 21
വാസുകി 67
വാളപയൻ 129
വത്സനാട്ട്
വാണകോവരയൻ
വാമനൻ
വായുദേവൻ
വിക്രമചോഴഉലാ 101,
വിക്രമചോഴൻ 11.
വിക്രമാദിത്യൻ 59, 108,
വികുക്ഷി
വിജയാദിത്യൻ
വിജയാലയൻ
വിജയധരൻ 11,
വിദൽസംഘം
വിമലാദിത്യൻ
വിരുതരാജഭയങ്കരൻ 11
വില്ലവൻ 129,
വിന്ധ്യാചലം 1
വില്ലിപ്പുത്തൂർ 95, 1
വിനായകൻ
വിമാനം
വിഷ്ണു 70, 95, 7, 126
27, 48,
വിഷ്ണുവർദ്ധനൻ
വിഴിഞ്ഞം 10,
വീരകേരളചക്രവർത്തി
വീരചോളൻ
വീരചോഴിയം 1
വീരനാരായണൻ
വീരരാജേന്ദ്രൻ 9, 113,
വെണ്ണിമല
വെള്ളാർ
വെള്ളിമല 140
വേങ്കിനാട്ട്
വേങ്കിടം
വേളം

ഭാ... 127, 267
ഭ...ൻ 95
ഭ...ൃകേതു 103
...വരാകരം 135
...വണ്ണവർ 108

ശ

...തപഥബ്രാഹ്മണം 125
...ിവൻ 158
...ിബി 101
ശിശുപാലൻ 265
ശ്വേതകൂടം 73
...ദ്രവർഗ്ഗ 105
ശ്രീകൃഷ്ണൻ 96
ശ്രീരംഗം 113
ശ്രീനിവാസയ്യർ 82
ശ്രീപാർവ്വതി 158
ശൃംഗകൂടം 73

സ

സഗരർ 192

സംജ്ഞ 49
സംഗ്രാമവിജയോത്തുംഗൻ 81
സംഗ്രാമരാഘവൻ 109
സപ്തകലിംഗം 215
സപ്തമാതാ 21
സപ്തദ്വീപുകൾ 102
സമുദ്രജിത് 103
സിലോൺ 109, 10
സിദ്ധി 125
സ്വർഗ്ഗം 231
സുന്ദരപാണ്ഡ്യൻ II 111
സുരഗുരു 85, 92
സേതുബന്ധനം 56

ഹ

ഹരിശ്ചന്ദ്രപുരാണം 69
ഹിമകൂടം 73
ഹിമാചലം 93, 4, 107, 14, 16, 20, 42

കുറിപ്പ്: 329 മുതൽ 332 വരെയുള്ള 4 പാട്ടുകളിലായി പ്രതിപാദിക്കപ്പെട്ടിട്ടുള്ള 48 ദേശപ്പേരുകൾ 'അകാരാദി'യിൽ ചേർത്തിട്ടില്ല.

—പരിഭാഷകൻ

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M900 NAR-K Acc. No. 61893

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M 900
NAR-K

61893

നാരായണൻകുട്ടി

കലിങ്കത്തുപ്പരണി

KOTTAYAM PUBLIC LIBRARY

Call No M900 NAR-K Acc. No 61893

Author നാരായണൻകുട്ടി

Title കലിങ്കത്തുപ്പരണി

Indic Digital Archive Foundation
gpura.org